# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം

ജനുവരി 2015 വാല്യം 41 ലക്കം 9 ചീഫ് എഡിറ്റർ : സി. കെ. ലൂക്കോസ് പേജ് 20 വില 5.00 രൂപ


# കേരളത്തെ മദ്യമാഫിയയ്ക്ക് തീറെഴുതരുത്

**ജനകീയ സമരത്തെത്തുടർന്ന് പ്രഖ്യാപിക്കപ്പെട്ട മദ്യനയത്തിൽ നിന്നും സർക്കാർ പിന്നാക്കം പോയതോടെ മുൻകൂട്ടി തയ്യാറാക്കിയ തിരക്കഥയ്ക്കനുസരിച്ച നാടകമാണ് കഴിഞ്ഞ ഏതാനും മാസങ്ങളായി അരങ്ങേറിക്കൊണ്ടിരുന്നത് എന്നത് കൂടുതൽ വ്യക്തമായിരിക്കുന്നു. ഉമ്മൻ ചാണ്ടിയും സംഘവും കേരളത്തെ സമ്പൂർണ്ണമായും മദ്യമാഫിയയ്ക്ക് അടിയറവച്ചിരിക്കുന്നു.**

ലോക്സഭാ തെരഞ്ഞെടുപ്പിന്റെ സമയത്താണ് അപ്രതീക്ഷിതമായി ബാർ ലൈസൻസ് ഒരു പ്രശ്നമായി ഉയർന്നുവന്നത്. നിർദ്ദിഷ്ട നിലവാരം പുലർത്താത്തതിന്റെ പേരിൽ 418 ബാറുകൾ അടച്ചുപൂട്ടണം എന്ന പരാമർശം വന്നത് സുപ്രീംകോടതിയിൽനിന്ന്. സുപ്രീംകോടതി പരാമർശത്തിന്റെ പശ്ചാത്തലത്തിൽ സിഎജി റിപ്പോർട്ട് പ്രകാരം 418 ബാറുകൾ തൽക്കാലം അടഞ്ഞുതന്നെ കിടക്കട്ടെ എന്ന് സർക്കാർ തീരുമാനിച്ചു. ഇത് ജനങ്ങളിൽ വലിയ പ്രതീക്ഷ ഉണ്ടാക്കി. ഇരുമുന്നണികളിലും ആഭ്യന്തര പ്രശ്നങ്ങൾക്ക് ഇത് കാരണമായി എങ്കിലും തെരഞ്ഞെടുപ്പുകഴിയും വരെ ബാറുകൾ അടഞ്ഞുകിടന്നു. തെരഞ്ഞെടുപ്പിന് ശേഷവും ലൈസൻസ് പുതുക്കി നൽകുന്ന കാര്യം സർക്കാരിന് അത്ര എളുപ്പത്തിൽ കൈകാര്യം ചെയ്യാനായില്ല. എന്തായാലും 418 ബാറുകൾ ഏതാനും മാസങ്ങൾ അടഞ്ഞുകിടന്നത് കേരളത്തിന്റെ സാമൂഹ്യ അന്തരീക്ഷത്തിൽ ഗുണപരമായി വലിയ വ്യതിയാനങ്ങൾ ഉണ്ടാക്കിയ പശ്ചാത്തലത്തിൽ ഘട്ടം ഘട്ടമായ മദ്യനിരോധനം എന്ന ആവശ്യം ജനങ്ങളുടെയും മദ്യവിരുദ്ധ പ്രസ്ഥാനങ്ങളുടെയും ഭാഗത്തുനിന്ന് ശക്തമായി ഉയർന്നു. കെപിസിസി പ്രസിഡന്റും ഈ ആവശ്യത്തിനുവേണ്ടി നിലകൊണ്ടു. ക്രമേണ ബാറുകൾ അടച്ചുപൂട്ടുന്നതുമായി ബന്ധപ്പെട്ട ചർച്ചകളിൽ യുഡിഎഫ് മുറുകിയപ്പോൾ ഒരു ട്രപ്പീസു കളിക്കാരന്റെ മെയ്‌വഴക്കത്തോടെ മുഖ്യമന്ത്രി ഏവരെയും ഞെട്ടിച്ചുകൊണ്ട് അവശേഷിക്കുന്ന 312 ബാറുകളും പൂട്ടുകയാണ് എന്ന് പ്രഖ്യാപിച്ചു. ഹെറിറ്റേജ്, 5 സ്റ്റാർ ബാറുകൾക്കുമാത്രമേ പ്രവർത്തിക്കാൻ അനുമതി നിൽകൂ. പത്തുശതമാനം ബിവറേജസ് ഔട്ട്‌ലെറ്റുകൾ പൂട്ടും, ഞായറാഴ്ച ഡ്രൈ ഡേ. മുഖ്യമന്ത്രിയുടെ മദ്യനയം ഹർഷാരവത്തോടെ സ്വീകരിക്കപ്പെട്ടു.

എക്കാലത്തേയ്ക്കും ബാറുകൾ അടച്ചുപൂട്ടപ്പെട്ടേക്കും എന്ന സാഹചര്യം വന്നേക്കുമോ എന്ന് സന്ദേഹിച്ച ബാറുടമകൾ സർക്കാരിനെതിരെ പരസ്യമായി രംഗത്തുവന്നു. യുഡിഎഫിനും വിശിഷ്യ കെ.എം. മാണിക്കും കൈമാറിയ കോടികളെക്കുറിച്ചുള്ള രഹസ്യം അങ്ങനെ പരസ്യമായി. ബാറുടമകൾ ഹൈക്കോട

(ശേഷം 2-ാം പേജിൽ)

## പാലസ്തീനുള്ള പിന്തുണ അവസാനിപ്പിക്കാനുള്ള മോദി സർക്കാരിന്റെ തീരുമാനത്തിൽ പ്രതിഷേധിക്കുക

**– എസ്‌യുസിഐ(സി) കേന്ദ്രകമ്മിറ്റി**

ഐക്യരാഷ്ട്രസഭയിൽ ഇന്ത്യ പാലസ്തീന് നൽകിയിരുന്ന പിന്തുണ അവസാനിപ്പിക്കാനുള്ള ബിജെപി ഗവൺമെന്റിന്റെ തീരുമാനത്തെ എസ്‌യുസിഐ(സി) ശക്തമായ ഭാഷയിൽ അപലപിച്ചു. ഇന്ത്യൻ ജനതയുടെ ശക്തമായ സാമ്രാജ്യത്വ വിരുദ്ധ, പാലസ്തീൻ അനുകൂല വികാരം മൂലം സ്വതന്ത്ര ഇന്ത്യയിൽ നിലവിൽ വന്ന ഗവൺമെന്റുകളെല്ലാം പാലസ്തീന് പിന്തുണ നൽകിവന്നിരുന്നു. എന്നാൽ ഇന്ന്, സാമ്രാജത്വ അഭിനിവേശത്തോടെ ഇന്ത്യയിലെ മുതലാളിത്ത ഭരണകൂടം അമേരിക്കയുമായി എന്നത്തെയുംകാൾ അടുപ്പം പുലർത്തുകയും അമേരിക്കയുമായും സഖ്യകക്ഷികളുമായും രാഷ്ട്രീയവും സൈനികവും നയതന്ത്രപരവുമായ ബന്ധങ്ങൾ സ്ഥാപിക്കുകയുമാണ്. ഇതിന്റെ ഭാഗമായി അമേരിക്കയുടെ ഉറ്റചങ്ങാതിയായ ഇസ്രായേലുമായി അടുത്ത സൗഹൃദവും സൈനികസഖ്യവുമൊക്കെ സ്ഥാപിച്ചെടുക്കാനുള്ള വഴികൾ തേടുകയും ചെയ്യുന്നു. പാലസ്തീൻ ജനതയുടെ അവകാശങ്ങൾ ചവിട്ടിമെതിച്ച്, അവരെ നിരന്തരം കൊന്നുകൊണ്ടിരിക്കുന്നവരാണ് ഇസ്രായേൽ. പാലസ്തീന് നൽകിവന്ന പിന്തുണ പിൻവലിക്കാനുള്ള തീരുമാനത്തിലും പ്രതിഫലിക്കുന്നത് ഈ സാമ്രാജത്വാനുകൂല നിലപാടുതന്നെയാണ്. ജനാഭിലാഷത്തിനെതിരായ ഈ തീരുമാനത്തെ നമ്മുടെ പാർട്ടി ശക്തമായി അപലപിക്കുന്നതോടൊപ്പം ഈ തീരുമാനം പിൻവലിക്കണമെന്ന് ശക്തമായി ആവശ്യപ്പെടാൻ ഇന്ത്യൻ ജനതയോടും അഭ്യർത്ഥിക്കുന്നു. ■

### ഉൾപ്പേജുകളിൽ


| | |
|---|---|
| പേജ് 3 | ജസ്റ്റിസ് കൃഷ്ണയ്യർ അനുസ്മരണം |
| പേജ് 8 | ചുംബനസമരത്തെപ്പറ്റി വീണ്ടും |
| പേജ് 10 | നിർഭയ പാക്ഷികാചരണം<br>സ്ത്രീ സുരക്ഷാ സമ്മേളനങ്ങൾ |
| പേജ് 11 | പേഷവാർ വിദ്യാർത്ഥിക്കൂട്ടക്കുരുതിയ്ക്കെതിരെ<br>നിർമ്മാണത്തൊഴിലാളി ആലപ്പുഴ ജില്ലാ സമ്മേളനം |
| പേജ് 12 | സൈദ്ധാന്തിക പാഠങ്ങൾ- സോഷ്യലിസം സാങ്കൽപ്പികവും ശാസ്ത്രീയവും- ഫ്രെഡറിക് എംഗൽസ് |
| പേജ് 13 | കള്ളപ്പണമെന്ന കൊടിയവിപത്തും<br>ബിജെപിയുടെ വാചക കസർത്തും |
| പേജ് 16 | ബാരാക്ക് ഒബാമയുടെ സന്ദർശനത്തിനെതിരെ |
| പേജ് 17 | അന്ധവിശ്വാസപ്രചാരണത്തിനെതിരെ സെമിനാർ |
| പേജ് 18 | കെഎസ്ആർടിസിയെ തകർക്കരുത്<br>ഡോ.മീനാകുമാരി കമ്മീഷൻ റിപ്പോർട്ടിനെതിരെ |
| പേജ് 19 | നവോത്ഥാനശക്തി ചരിത്രപ്രദർശനങ്ങൾ |
| പേജ് 20 | ഇടതുപക്ഷ ഐക്യമുന്നണി വാർത്തകൾ<br>എഐഡിഎസ്ഒ സംസ്ഥാന പഠന ക്യാമ്പ് |


# കേന്ദ്രീയവിദ്യാലയങ്ങളിൽ സംസ്കൃത പഠനം: അപകടകരമായ സൂചന എന്ത്?

ഇന്ത്യയിൽ ഒരു യഥാർത്ഥ ശാസ്ത്രീയ-മതേതര-സാർവ്വത്രിക വിദ്യാഭ്യാസത്തിന്റെ ഭാവിയെക്കുറിച്ച് ഉത്കണ്ഠയുള്ളവരെയെല്ലാം ആശങ്കാകുലരാക്കുന്ന, അനുചിതമായ ചില നടപടികളാണ്, കേന്ദ്രം ഭരിക്കുന്ന ബിജെപി സർക്കാർ രാജ്യത്തെ വിദ്യാഭ്യാസമേഖലയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ആർഎസ്എസ്-ബിജെപി കൂട്ടുകെട്ടിന്റെ ഹിന്ദുത്വ അജണ്ട വിദ്യാഭ്യാസമേഖലയിൽ നടപ്പാക്കുവാൻ വേണ്ടി, കേന്ദ്രത്തിലെ ബിജെപി സർക്കാർ വർദ്ധിതവീര്യത്തോടെ നടത്തുന്ന പ്രയത്നത്തിൽ നിന്നും രൂപം കൊള്ളുന്നതാണ് ഇത്തരം നടപടികളെന്ന്, സംശയരഹിതമായി നമുക്കു പറയാൻ കഴിയും. ഇത്തവണ അധികാരത്തിലേറിയപ്പോൾ മുതൽതന്നെ, 'ഭാരതീയമഹത്വത്തെ' പുനരുജ്ജീവിപ്പിക്കുവാനും, വിദ്യാഭ്യാസത്തെ 'പാശ്ചാത്യവൽക്കരണത്തിന്റെ മായാവലയത്തിൽ' നിന്നും മോചിപ്പിച്ച് 'ഭാരതീയവൽക്കരിക്കുവാനും', ഒക്കെയുള്ള തങ്ങളുടെ ശ്രമങ്ങൾ അവർ പുനരാരംഭിച്ചിരുന്നു. രാജ്യത്തെ വിദ്യാഭ്യാസമേഖലയെ സമ്പൂർണ്ണനാശത്തിലേക്ക് തള്ളിവി

(ശേഷം 4-ാം പേജിൽ)

# ഇടതുപാർട്ടികളുടെ യോജിച്ച ദേശീയ പ്രതിഷേധവാരാചരണം

വിലക്കയറ്റം, കള്ളപ്പണം, ഇൻഷുറൻസ് മേഖലയിലെ വർദ്ധിച്ച പ്രത്യക്ഷ വിദേശനിക്ഷേപം, വിദ്യാഭ്യാസത്തിന്റെ വർഗ്ഗീയവൽക്കരണം തുടങ്ങിയ, ബിജെപി നേതൃത്വത്തിലുള്ള കേന്ദ്ര എൻഡിഎ സർക്കാരിന്റെ നയങ്ങൾക്കും, വർഗ്ഗീയതയ്ക്കുമെതിരെ ഇടതുപക്ഷപ്പാർട്ടികളുടെ ഐക്യവേദിയുടെ ആഹ്വാനപ്രകാരം 2014 ഡിസംബർ 8 മുതൽ 14 വരെ അഖിലേന്ത്യാ പ്രതിഷേധ വാരാചരണം നടന്നു. സിപിഐ, സിപിഐ(എം), എസ്‌യുസിഐ(സി), സിപിഐ(എംഎൽ) ലിബറേഷൻ, ആർഎസ്‌പി, ഫോർവേർഡ് ബ്ലോക്ക്, എംസിപിഐ(യു), സിപിഐ-എംഎൽ (ന്യൂഡെമോക്രസി) എന്നീ പാർട്ടികളാണ് സമരത്തിനാഹ്വാനം ചെയ്തത്. ഓരോ സംസ്ഥാനത്തും ഈ പാർട്ടികളുടെ കൂട്ടത്തിൽ നിന്ന് അതാത് സംസ്ഥാനത്ത് സംഘടനയുള്ള പാർട്ടികൾ ഒന്നിച്ചുചേർന്ന് നടത്തിയ പ്രതിഷേധവാരാചരണം ജനങ്ങൾക്ക് പ്രത്യാശ നൽകുന്നതായിരുന്നു.

ഡൽഹിയിൽ മണ്ഡിഹൗസിൽ നിന്ന് ജന്തർമന്ദറിലേയ്ക്ക് പ്രതിഷേധമാർച്ചും പാർലമെന്റ് സ്ട്രീറ്റിൽ പ്രതിഷേധ പ്രകടനവും നടന്നു.

തെലുങ്കാനയിൽ പ്രതിഷേധവാരത്തിന് സമാപനം കുറിച്ചുകൊണ്ട് ഡിസംബർ 14-ന് ഹൈദരാബാദിൽ ഇടതുപക്ഷ പാർട്ടികൾ ഒന്നിച്ച് പ്രകടനവും പൊതുസമ്മേളനവും നടത്തി. ആന്ധ്രപ്രദേശിൽ അനന്തപൂരിലും വിശാഖപട്ടണത്തും പൊതുസമ്മേളനങ്ങൾ നടന്നു. വിജയവാഡ, തിരുപ്പതി, കിഴക്കൻ ഗോദാവരി, കടപ്പ, പ്രകാശം ജില്ലകളിൽ ജില്ലാതല പരിപാടികളും നടന്നു. കൂടാതെ തെലുങ്കാനയിൽ നിരവധി കർഷകർ ആത്മഹത്യ

(ശേഷം 15-ാം പേജിൽ)






ഇടതുപക്ഷപ്പാർട്ടികളുടെ ഐക്യവേദി ഡൽഹിയിൽ നടത്തിയ പ്രതിഷേധമാർച്ചിൽ എസ്‌യുസിഐ(സി) ഡൽഹി സംസ്ഥാന സെക്രട്ടറി സഖാവ് പ്രതാപ് സമൽ പ്രസംഗിക്കുന്നു

# മദ്യലോബിക്ക് കീഴടങ്ങിയ അഴിമതി ഭരണം

(ഒന്നാം പേജിൽ നിന്ന്)

തിയെ സമീപിച്ചു. ഒക്ടോബർ 31ന് സിംഗിൾ ബഞ്ച് സർക്കാർ നടപടി ശരിവയ്ക്കുന്നു. പിറ്റേന്ന് ഡിവിഷൻ ബഞ്ച് വിവേചനം അനുവദിക്കില്ല എന്ന ന്യായത്തിൽ 3,4 സ്റ്റാറുകൾക്കും മദ്യക്കച്ചവടത്തിന് അനുമതി നൽകുവാൻ ആവശ്യപ്പെട്ടു. അതിന്റെ മറപിടിച്ച് അടച്ചുപൂട്ടപ്പെട്ട ബാറുകൾക്ക് ബിയർ, വൈൻ പാർലറുകളായി തുടർന്നു പ്രവർത്തിക്കാനുള്ള അനുമതി നൽകിക്കൊണ്ടും ഞായറാഴ്ചത്തെ ഡ്രൈ ഡേ നിർത്തലാക്കിക്കൊണ്ടും പ്രഖ്യാപിത മദ്യനയത്തിൽനിന്നും സർക്കാർ പിന്നോട്ടുപോയി. അങ്ങനെ കേരളം വീണ്ടും മദ്യമാഫിയയുടെ കൈകളിലായി. ഇതെല്ലാം കേരളത്തെ മദ്യവിപത്തിൽനിന്നും മോചിപ്പിക്കാനാണ് എന്ന് മുഖ്യമന്ത്രി അസന്ദിഗ്ദ്ധമായി പ്രസ്താവിച്ചു. ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ വിധിക്കെതിരെ അപ്പീൽ നൽകാൻ സംസ്ഥാന സർക്കാർ യാതൊരു ഉത്സാഹവും കാണിച്ചില്ല.

ഈ വിഷയത്തെ സംബന്ധിച്ച് മാസങ്ങൾ നീണ്ടുനിന്ന ചർച്ചകളാണ് ചാനലുകളിലും പത്രങ്ങളിലുമുണ്ടായത്. കോടതിപോലും അവസരത്തിനൊത്ത് ഉയർന്നു. അൽപംപോലും അമാന്തം കാണിച്ചില്ല. തലേന്നു പൂട്ടി, പിറ്റേന്നു തുറന്നു. എല്ലാവർക്കും എന്തൊരു ഉത്തരവാദിത്തബോധം. 418 ബാറുകൾ പൂട്ടുന്ന സമയത്തുതന്നെ അടച്ചുപൂട്ടപ്പെട്ടേക്കും എന്ന് ഭീഷണിയുയർന്ന മറ്റൊരു പ്രസ്ഥാനമുണ്ട് നമ്മുടെ നാട്ടിൽ. അത് സർക്കാർ പള്ളിക്കൂടങ്ങളാണ്. ഏതാണ്ട് നാലായിരത്തോളം സ്കൂളുകൾ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നു എന്ന വാർത്ത ഇതേ സമയത്തുതന്നെയാണ് വന്നത്. ഒരു ദിവസത്തെ ആയുസ്സിനപ്പുറമുണ്ടായില്ല പ്രസ്തുത വാർത്തയ്ക്ക്. മുഖ്യമന്ത്രിക്കോ വകുപ്പുമന്ത്രിയടക്കമുള്ള മറ്റ് മന്ത്രിമാർക്കോ ചാനലുകളിലെ ചർച്ചാ വിദഗ്ദ്ധർക്കോ ഒന്നും യാതൊരു മനഃക്ലേശവും ഉണ്ടായതായി കാണപ്പെട്ടില്ല. സ്കൂൾ അടച്ചുപൂട്ടണം എന്തെന്നാൽ അതിൽ ആദായമില്ല, ബാറു തുറക്കണം എന്തെന്നാൽ വമ്പിച്ച ആദായമാണ്. കാലം മാറിയപ്പോൾ കാഴ്ചപ്പാടുകൾ ഈ വിധമായി. ഒരു നൂറ്റാണ്ടു മുമ്പ് കേരളത്തിൽ മുഴങ്ങിയ മുദ്രാവാക്യം വിദ്യാലയങ്ങൾക്കുവേണ്ടിയും മദ്യത്തിനെതിരെയും ആയിരുന്നു. എന്നാൽ ജനാധിപത്യ കേരളത്തിന് അരനൂറ്റാണ്ടായപ്പോൾ മുറവിളി മദ്യത്തിനുവേണ്ടിയായി. കേരളം ഭരിക്കുന്നത് മദ്യരാജാക്കന്മാർ എന്ന നിലയിലെത്തി.

ഏതുന്യായത്തിന്റെ പുറത്തായാലും കേരളത്തിൽ വീണ്ടും മദ്യം കുത്തിയൊഴുക്കാനുള്ള നീക്കം നടത്തുമ്പോൾ ശ്രദ്ധയിൽ പെടേണ്ട ചില കാര്യങ്ങളുണ്ട്. അതിൽ ഒന്ന് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല ഉദ്ധരിച്ച ചില കണക്കുകളാണ്. മദ്യംമൂലമുള്ള സംഘട്ടനങ്ങളിൽ 36 ശതമാനം കുറവുവന്നിരിക്കുന്നു എന്നതും ഗാർഹിക പീഡനങ്ങളിൽ 31 ശതമാനം കുറവുവന്നിരിക്കുന്നുവെന്നതും വാഹനാപകടങ്ങളിൽ 27 ശതമാനം കുറവുവന്നിരിക്കുന്നുവെന്നതും അദ്ദേഹം പറഞ്ഞത് നിയമസഭയിലാണ്. ഇത് നിസ്സാരമായ കാര്യമാണോ? കേരളത്തെ സംബന്ധിച്ചിടത്തോളം ഒരു മദ്യശാല പൂട്ടപ്പെട്ടാൽത്തന്നെ അതിന്റെ വ്യത്യാസം പ്രകടമാണ് എന്നതാണ് യാഥാർത്ഥ്യം. തെരുവുകളിലും ബസ്സുകളിലും മദ്യപന്മാരുടെ ശല്യം കുറഞ്ഞിരിക്കുന്നു. മദ്യപന്മാരുടെ വീടുകളിൽ പ്രതീക്ഷയുടെ നാമ്പുകൾ കിളിർത്തിരിക്കുന്നു, അങ്ങനെ ഗുണപരമായ ഒട്ടേറെ വ്യതിയാനങ്ങൾ വന്നിരിക്കുന്നു. കേവലം 418 ബാറുകൾ പൂട്ടിയപ്പോഴാണ് ഈ സ്ഥിതി എന്നത് ഓർക്കണം. കോടതിയുൾപ്പെടെ മദ്യത്തിന് വേണ്ടി വാദിക്കുന്നവർ ഈ കണക്കുകൾ എന്താണ് കാണാതെ പോകുന്നത്?

ബിവറേജസ് കോർപ്പറേഷനും എക്സൈസ് വകുപ്പും 8 മാസമായി ഓരോ ദിവസവും ഓരോ കണക്കാണ് പുറത്തുവിട്ടുകൊണ്ടിരുന്നത്. അതിന്റെയെല്ലാം സാരം ബാറുകൾ അടച്ചതുകൊണ്ട് യാതൊരു കാര്യവുമില്ല മദ്യവിൽപ്പന പൂർവ്വാധികം ശക്തിപ്പെട്ടിരിക്കുന്നു എന്നാണ്. എന്നാൽ യാഥാർത്ഥ്യമതല്ല. കഴിഞ്ഞ 8 മാസത്തിനുള്ളിൽ ആകെ മദ്യവിൽപ്പന 9ശതമാനം കുറഞ്ഞിരിക്കുന്നു എന്ന കണക്ക് സൂചിപ്പിക്കുന്നത്.

സ്ഥിരം മദ്യപാനികളിൽ 30ശതമാനം കുടി നിർത്താൻ പ്രസ്തുത സാഹചര്യം ഇടവരുത്തി എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ട റിപ്പോർട്ടാണ്. മദ്യത്തിന്റെ ലഭ്യത മദ്യപാനശീലം വളർത്തുന്നതിൽ നിർണ്ണായകമായ ഘടകമാണ് എന്നത് വീണ്ടും തെളിയിക്കപ്പെടുകയാണ് ഈ റിപ്പോർട്ടിലൂടെ. കുട്ടികളിൽ വളർന്നുവരുന്ന മദ്യപാനശീലം പരിശോധിച്ചാൽ, ലഭ്യതയും, മദ്യത്തിനനുകൂലമായ പ്രചാരണവുമാണ് അവരെ ഈ ശീലത്തിലേയക്ക് നയിക്കുന്നത് എന്ന് കാണാനാകും. മദ്യശാലകളുടെ എണ്ണം കുറച്ചുകൊണ്ടല്ലാതെ മദ്യവർജ്ജനത്തെക്കുറിച്ച് പറയുന്നതിൽ എന്താണ് അർത്ഥം. മദ്യശാലകളുടെ എണ്ണം കുറച്ചുകൊണ്ട് ബോധവൽക്കരണം നടത്തുന്നതുകൊണ്ടേ പ്രയോജനമുള്ളൂ.

3,4 സ്റ്റാറുകൾ തുറന്നു പ്രവർത്തിപ്പിക്കാൻ കോടതി കണ്ടെത്തിയ ന്യായം മദ്യക്കച്ചവടത്തിന് ചില സ്റ്റാറുകളെ മാത്രം അനുവദിക്കുന്നത് വിവേചനമാണ് എന്നായിരുന്നു. കോടതി നോക്കിയിട്ട് മദ്യപിക്കാനും മദ്യം വിൽക്കാനുമൊഴിച്ചുള്ള രംഗങ്ങളിലൊന്നും വിവേചനം കാണാനായില്ല. മദ്യപാനവും മദ്യവിൽപ്പനയുമല്ല ഒരാളുടെ മൗലികാവകാശം. വിദ്യാഭ്യാസത്തിനും ആരോഗ്യപരിപാലനത്തിനും തൊഴിലെടുക്കാനും വസ്ത്രം പാർപ്പിടം തുടങ്ങിയവയ്ക്കുള്ള അവകാശങ്ങളും സ്വപ്നം മാത്രമായിരിക്കുന്ന ഒരു നാട്ടിൽ, ചൂടുകൊണ്ടും തണുപ്പുകൊണ്ടും ജനങ്ങൾ പിടഞ്ഞുമരിക്കുന്ന ഒരു നാട്ടിൽ സ്റ്റാറു നോക്കി ബാറുകൾ അടച്ചുപൂട്ടുന്നതിലെയും സമ്പന്നനൊപ്പം പാവപ്പെട്ടവനും മദ്യപിക്കാനാകുന്നില്ല എന്നതിലെയും വിവേചനം ചൂണ്ടിക്കാണിക്കുന്ന കോടതി ജനങ്ങളിൽനിന്നും ബഹുകാതം അകലെയാണ് എന്നു പറയാതെ വയ്യ. അതുകൊണ്ടാണല്ലോ ജനതാൽപര്യം മാനിച്ചാണ് ബാറുകൾ അടച്ചുപൂട്ടുന്നത് എന്ന് വൈഷമ്യത്തോടെ സർക്കാർ വക്കീൽ പറയുമ്പോൾ ജനതാൽപര്യം മാനിച്ചാണ് നയങ്ങൾ രൂപീകരിക്കുന്നതെങ്കിൽ പിന്നെ കോടതി എന്തിനാണ് എന്നു കോടതി ചോദിക്കുന്നത്? ജനങ്ങളുടെ താൽപര്യം മുൻനിർത്തി ഒരു നയം രൂപീകരിക്കാനുള്ള അവകാശം ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട ഒരു സർക്കാരിന് ഇല്ലേ? കോടതി അതിൽ ഇടപെടുന്നതും നിക്ഷിപ്തതാൽപര്യക്കാരുടെ പക്ഷം ചേരുന്നതും ശരിയാണോ? മദ്യനിരോധനം തന്നെ ഭരണഘടനാനുസൃതമാണ് എന്നും കോടതിക്ക് അറിയാത്തതാണോ? ജനാധിപത്യക്രമത്തിൽ സർക്കാരുകൾ മാത്രമല്ല കോടതിയും പരിഗണിക്കേണ്ടത് ജനങ്ങളുടെ താൽപര്യമാണ്, അല്ലാതെ കോടികൾ എറിയുന്ന മുതലാളിമാർക്കുവേണ്ടി നിയമവ്യാഖ്യാനം നടത്തുകയല്ല ചെയ്യേണ്ടത്. കോടതി അൽപ്പം ജനാധിപത്യബോധവും ജനതാൽപര്യവും പ്രകടിപ്പിച്ചിരുന്നുവെങ്കിൽ കേരളത്തിലെ ജനങ്ങളെ മദ്യമുതലാളിമാർക്ക് എറിഞ്ഞുകൊടുക്കുന്ന നടപടിക്ക് തടയിടാൻ സാധിച്ചേനെ.

അടച്ചുപൂട്ടപ്പെട്ട ബാറുകൾ ബിയർ വൈൻ പാർലറുകളായി തുറക്കുവാൻ മുഖ്യമന്ത്രി പറഞ്ഞ ന്യായങ്ങളിൽ ഒന്ന് ഈ മേഖലയിൽ പണിയെടുത്തിരുന്ന തൊഴിലാളികളുടെ ദൈന്യാവസ്ഥയും കുടുംബങ്ങളുടെ നിലവിളികളുമാണ്. ബാറുകൾ അടച്ചുപൂട്ടപ്പെട്ടതുവഴി തൊഴിൽ രഹിതരായവരെ പുനരധിവസിപ്പിക്കുകയാണ് ലക്ഷ്യമെങ്കിൽ അവർക്ക് വേറെ ഏതെങ്കിലും മേഖലകളിൽ തൊഴിൽ ഉറപ്പാക്കുകയാണ് വേണ്ടത്.

കേരളത്തിലെ പ്രധാനപ്പെട്ട പൊതുസംരംഭങ്ങളിലൊന്നായ കെഎസ്ആർടിസി-ൽ പെൻഷൻ മുടങ്ങിയതുമൂലം ആത്മഹത്യചെയ്യുന്ന പെൻഷൻകാരുടെ എണ്ണം 19 ആയി. മക്കളെ പഠിപ്പിക്കാൻ എടുത്ത ബാങ്ക്വായ്പ തിരിച്ചടയ്ക്കാനാകാതെ കേരളത്തിൽ ഇതിനകം ആത്മഹത്യചെയ്തത് 16 രക്ഷകർത്താക്കളാണ്. ആറ് വിദ്യാർത്ഥികൾ വേറെയും. വയനാട്ടിൽ കർഷക ആത്മഹത്യ 400-ൽ ഏറെയായി. ഇതിലൊന്നും മനഃപ്രയാസപ്പെടാത്ത മുഖ്യമന്ത്രിക്ക് ബാർത്തൊഴിലാളികളുടെ കാര്യത്തിൽ എന്തൊരു ഉത്ക്കണ്ഠ.

. ബാറുകൾ അടച്ചുപൂട്ടിക്കൊണ്ട് തൊഴിലാളികളെ മാന്യമായ മറ്റുതൊഴിലിൽ പുനരധിവസിപ്പിക്കുകയാണ് ആത്മാർത്ഥതയുണ്ടെങ്കിൽ മുഖ്യമന്ത്രി ചെയ്യേണ്ടത്. തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളുടെ കുടുംബങ്ങൾ തകർച്ചയുടെ വക്കിലാണ് എന്ന് വിലപിക്കുന്ന മുഖ്യമന്ത്രി മദ്യംമൂലം തകർന്നടിഞ്ഞ ലക്ഷക്കണക്കിന് കുടുംബങ്ങളെ എന്തുകൊണ്ട് പരിഗണിക്കുന്നില്ല, കുഞ്ഞുങ്ങളുടെ നിലവിളികൾക്കുമുന്നിൽ എന്തുകൊണ്ട് ചെവികൊട്ടി അടച്ചിരിക്കുന്നു. മദ്യപാനംമൂലം കരൾരോഗികളായവർതന്നെ പത്തുലക്ഷം പേർ. താങ്ങാനാവാത്ത ഭീമമായ ചികിത്സാ ചെലവുമൂലം ആത്മഹത്യ ചെയ്തവർ എത്ര പേർ? ബാറിലെ തൊഴിൽ നഷ്ടപ്പെട്ടതുവഴി ഉയരുന്ന കുടുംബങ്ങളുടെ നിലവിളിക്ക് മുഖ്യമന്ത്രി കാതോർക്കുമ്പോൾ എല്ലാ നിലവിളികളും കേൾക്കുകയും വേണ്ടതു ചെയ്യുകയും ചെയ്യണം.

സർക്കാരിന്റെ മദ്യനയം ടൂറിസം മേഖലയെ പ്രതികൂലമായി ബാധിച്ചു കഴിഞ്ഞു എന്നാണ് കണക്കുകൾ ഉദ്ധരിച്ച് മുഖ്യമന്ത്രി സമർത്ഥിക്കുവാൻ ശ്രമിക്കുന്നത്. ബാറുകൾ അടച്ചുപൂട്ടിയതുകൊണ്ട് ബുക്കിംഗ് പലരും റദ്ദാക്കിപോലും. അതുവഴി കോടികളുടെ നഷ്ടം സംസ്ഥാന സർക്കാരിനുണ്ടായിരിക്കുന്നുവത്രേ! ആ കണക്കുകൾ ശരിയാണെങ്കിൽ കേരളത്തിലെത്തുന്ന ടൂറിസ്റ്റുകൾ മദ്യം ഉൾപ്പെടെയുള്ള സുഖസൗകര്യങ്ങൾക്കുവേണ്ടി മാത്രം എത്തുന്നവരാണ് എന്നു സ്പഷ്ടം. മദ്യവും മദിരാക്ഷിയുമാണ് ദൈവത്തിന്റെ സ്വന്തം നാട്ടിലെ ടൂറിസത്തിന്റെ ആകർഷണമെങ്കിൽ ആ ടൂറിസവും അതിലൂടെയുള്ള വരുമാനവും കേരളത്തിനുവേണ്ട എന്നു പറയാനുള്ള സാംസ്കാരിക നിലവാരവും ഇച്ഛാശക്തിയുമാണ് ഒരു സർക്കാർ കാണിക്കേണ്ടത്. നിർഭയ സംഭവം 'ഊതിപ്പെരുപ്പിച്ച്' വാർത്തയാക്കുകവഴി ടൂറിസം മേഖലയിൽ തിരിച്ചടിയുണ്ടായി എന്ന കേന്ദ്രമന്ത്രിയുടെ പ്രസ്താവനയിൽനിന്ന് എന്തുവ്യത്യാസമാണ് മുഖ്യമന്ത്രിയുടെ പ്രസ്താവനയ്ക്കുള്ളത്?

ബാറുകൾ അടച്ചുപൂട്ടുന്നതുവഴിയുള്ള സാമ്പത്തിക പ്രതിസന്ധിയെന്നതും ഒരു കള്ളക്കണക്കാണ്. കോടതി വിറ്റുവരവിന്റെ കണക്കു ചോദിക്കുന്നു. വിറ്റുവരവ് നോക്കിയിട്ടാണോ മദ്യനയം തീരുമാനിക്കേണ്ടത്. ബാറിൽ വിൽക്കുന്നതിന്റെ യഥാർത്ഥ കണക്ക് ബാറുമുതലാളിക്കെങ്കിലും അറിയാമോ? ലൈസൻസ്ഡ് മദ്യത്തെക്കാൾ സെക്കന്റ്സുകൾ വിൽക്കപ്പെടുന്ന ബാറിൽ സെക്കന്റ്സിന്റെ വിൽപ്പനയ്ക്ക് ചോദ്യവും പറച്ചിലുമില്ല എന്നത് ആർക്കാണ് അറിഞ്ഞുകൂടാത്തത്? ബാറുകൾ ബിയർ വൈൻ പാർലറുകളാകുമ്പോൾ മദ്യപാനം കുറച്ചുകൂടെ ലളിതവത്ക്കരിക്കപ്പെടുകയും സ്ത്രീകളും കുട്ടികളുമടക്കം കൂടുതൽ പേർ അതിലേയ്ക്ക് ആകർഷിക്കപ്പെടുകയും ചെയ്തേക്കാം. ഇങ്ങനെ വലിയ അപകടങ്ങൾ അകമ്പടിയായിട്ടുണ്ട് എന്നും നമുക്ക് കാണാതിരിക്കാനാവില്ല.

മദ്യത്തിന്റെ കാര്യത്തിൽ യുഡിഎഫും എൽഡിഎഫും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. ഒരുപക്ഷേ മദ്യമുതലാളിമാരുമായി ഏറ്റവും നല്ല സൗഹൃദത്തിൽപോയ സർക്കാരാണ് വി.എസ്.അച്യുതാനന്ദന്റേത്. ഏറ്റവുമൊടുവിൽ സോഫ്റ്റ് ഡ്രിങ്ക്സിലും ആൽക്കഹോളാകാം എന്ന നയം വരെ കാര്യങ്ങൾ എത്തിയിരുന്നു. ബിക്കാർഡി മർട്ടീനി എന്ന കമ്പനിയുമായി ഇടതുമന്ത്രി സഭ ധാരണയെത്തുവോളം കാര്യങ്ങൾ നീങ്ങിക്കഴിഞ്ഞിരുന്നു. ശക്തമായ ജനകീയ പ്രതിഷേധത്തെത്തുടർന്ന് ഇടതുസർക്കാരിന് പ്രസ്തുത നീക്കത്തിൽനിന്ന് പിന്മാറേണ്ടിവന്നു എന്നതാണ് യാഥാർത്ഥ്യം. മദ്യത്തിനെതിരായ നിലപാടെടുക്കുക കക്ഷിഭേദമെന്യേ രാഷ്ട്രീയ പ്രസ്ഥാനങ്ങളെ സംബന്ധിച്ച് ബുദ്ധിമുട്ടുള്ള കാര്യമാണ്. അതുകൊണ്ടാണ് ജനങ്ങൾ കൈനീട്ടി സ്വീകരിച്ച മദ്യനയത്തിനെതിരെ യുഡിഎഫ് നേതാക്കളെപ്പോലെ ഇടതുനേതാക്കളും പരസ്യമായി രംഗത്തുവന്നത്. ഇത് ജനങ്ങളോടുള്ള വെല്ലുവിളിയാണ്. സംഘടിക്കുക, പ്രതിരോധിക്കുക എന്നതല്ലാതെ ജനങ്ങളുടെ മുന്നിൽ മറ്റുമാർഗ്ഗമില്ല. സ്വന്തം മക്കളുടെയും വരുംതലമുറയുടെയും ഭാവിയെക്കരുതി ആബാലവൃദ്ധം ജനങ്ങളും തെരുവിലിറങ്ങേണ്ട അടിയന്തര സന്ദർഭമാണിത്. ■

## സെക്രട്ടേറിയറ്റിനു മുന്നിൽ പ്രതിഷേധസംഗമം



പ്രൊഫ .സൂസൻ ജോൺ സംഗമം ഉദ്ഘാടനം ചെയ്യുന്നു

**അ**ടച്ചുപൂട്ടിയ 418 ബാറുകളടക്കം, മദ്യലോബിയുടെ സമ്മർദ്ദത്തിനു വഴങ്ങി തുറക്കാനുള്ള സർക്കാരിന്റെ നീക്കത്തിനെതിരെ മദ്യവിരുദ്ധ ജനകീയ സമരസമിതിയുടെ അഭിമുഖ്യത്തിൽ ഡിസം. 29 ന് സെക്രട്ടേറിയേറ്റിനു മുന്നിൽ പ്രതിഷേധ സംഗമം സംഘടിപ്പിച്ചു. മദ്യവിരുദ്ധ ജനകീയ സമരസമിതിയുടെ സംസ്ഥാന പ്രസിഡന്റ് പ്രൊഫ .സൂസൻ ജോൺ സംഗമം ഉദ്ഘാടനം ചെയ്തു.

ഘട്ടം ഘട്ടമായുള്ള മദ്യനിരോധനമെന്ന യുഡിഎഫ് തെരഞ്ഞെടുപ്പു വാഗ്ദാനം ജനങ്ങളുടെ വികാരം മുതലെടുക്കാനുള്ള വെറും തട്ടിപ്പുമാത്രമായിരുന്നു എന്ന് സംഗമം ഉദ്ഘാടനം ചെയ്ത് പ്രൊഫ. സൂസൻ ജോൺ അഭിപ്രായപ്പെട്ടു. 418 മദ്യശാലകൾ അടഞ്ഞുകിടന്നപ്പോൾ ഉണ്ടായ സാമൂഹ്യസാഹചര്യം തീരെ പരിഗണിക്കാത്ത സർക്കാർ മദ്യലോബിയുടെ മുമ്പിൽ സമ്പൂർണ്ണമായും കീഴടങ്ങിയെന്നും, കോഴ ആരോപണം പൂർണ്ണമായും ശരിവയ്ക്കുന്നതാണ് സർക്കാരിന്റെ ഇപ്പോഴത്തെ നിലപാടെന്നും അവർ പറഞ്ഞു. മദ്യവിരുദ്ധ ജനകീയ സമരസമിതി കൺവീനർ മിനി.കെ.ഫിലിപ്പിന്റെ അദ്ധ്യക്ഷതയിൽ നടന്ന സംഗമത്തിൽ കെ.കെ.ഗോപിനായർ, വൈ.റോബർട്ട്, എൽ.ഹരിറാം, ജി.എസ്.പത്മകുമാർ, പി.എസ്. ഗോപകുമാർ, പി.പി.പ്രശാന്ത്കുമാർ, കെ.ജി. അനിൽകുമാർ, എൻ.കെ.ശശികുമാർ, ഇ.വി.പ്രകാശ്, റ്റി.ആർ.ശശി തുടങ്ങിയവർ പ്രസംഗിച്ചു. മദ്യവിരുദ്ധജനകീയ സമരസമിതി കൂടുതൽ ശക്തമായ സമരപരിപാടികളുമായി മുന്നോട്ട് പോകുമെന്ന് മിനി.കെ.ഫിലിപ്പ് പ്രഖ്യാപിച്ചു. ■

# ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യർ അനുസ്മരണം




അനുസ്മരണയോഗത്തിൽ കേരള ഹൈക്കോടതി മുൻ ജഡ്ജി ജസ്റ്റിസ് പി.കെ.ഷംസുദ്ദീൻ പ്രസംഗിക്കുന്നു. വേദിയിൽ മുൻനിരയിൽ ഇടതുനിന്ന്: ജി.എസ്.പത്മകുമാർ, പ്രൊഫ.കെ.അരവിന്ദാക്ഷൻ, ഡോ.കെ.ജി.പൗലോസ്, ഡോ.വി.വേണുഗോപാൽ, അഡ്വ.മഞ്ചേരി സുന്ദർരാജ്, പ്രൊഫ.കെ.ബി.ഉണ്ണിത്താൻ, സി.കെ.ലൂക്കോസ്. പിൻനിര, എ.ജെയിംസ്, കുരുവിള മാത്യൂസ്, അഡ്വ.ബി.കെ.രാജഗോപാൽ, കെ.എസ്.ഹരിഹരൻ, ടി.ബി.വിശ്വനാഥൻ, ഡോ.ഡി.സുരേന്ദ്രനാഥ് എന്നിവർ.

**ജ**സ്റ്റിസ് വി.ആർ.കൃഷ്ണയ്യർ സ്ഥാപക പ്രസിഡന്റായുള്ള കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി, ആ മഹാനായ മനുഷ്യസ്നേഹിയുടെ വേർപാടിനെത്തുടർന്ന് 2014 ഡിസംബർ 10-ന് എറണാകുളം ആശിർഭവനിൽ വച്ച് സംഘടിപ്പിച്ച അനുസ്മരണയോഗം രാജ്യത്ത് വിവിധ തുറകളിൽ നീതിക്കുവേണ്ടി പൊരുതുന്നവരുടെ സംഗമമായി. ജസ്റ്റിസ് കൃഷ്ണയ്യരുടെ നേതൃത്വത്തിൻ കീഴിൽ കഴിഞ്ഞ ഇരുപത്തിരണ്ട് വർഷക്കാലത്തിനുള്ളിൽ ജനകീയ പ്രതിരോധസമിതി നിരവധി ജനകീയ പ്രശ്നങ്ങളുയർത്തിക്കൊണ്ടുള്ള ശ്രദ്ധേയമായ സമരങ്ങൾ നയിക്കുകയുണ്ടായി. റേഷൻ സമ്പ്രദായം നിലനിർത്താൻ വേണ്ടി, സർക്കാരാശുപത്രികളിലെ ചികിത്സാഫീസിനെതിരായി, ലോകബാങ്കിന്റെ വിദ്യാഭ്യാസ വിധ്വംസക പദ്ധതിയായ ഡിപിഇപിക്കെതിരെ വിദ്യാഭ്യാസ സംരക്ഷണപ്രസ്ഥാനം, മൂലമ്പിള്ളിയിലെ കുടിയൊഴിപ്പിക്കലിനെതിരെ, ആലപ്പുഴത്തീരത്തെ കരിമണൽ ഖനനത്തിനെതിരെ, വയനാട്ടിൽ കടക്കെണിയിൽപ്പെട്ട് കൂട്ട ആത്മഹത്യചെയ്തുകൊണ്ടിരുന്ന കർഷകർക്ക് ആത്മവീര്യം നൽകി അവരെ അതിജീവനസമരപാതയിൽ അണിനിരത്താൻ, സ്ത്രീകൾക്കും കുട്ടികൾക്കുനേരെയുള്ള അതിക്രമങ്ങൾക്കെതിരായ സ്ത്രീസുരക്ഷാപ്രസ്ഥാനത്തിനു വേണ്ടി, വർഗ്ഗീയസ്പർദ്ധ വളർത്തി ജനങ്ങളെ ഭിന്നിപ്പിക്കുന്നതിനെതിരെ, ജനവിരുദ്ധമായ മദ്യനയത്തിനെതിരെ ബഹുജനങ്ങളെ അണിനിരത്തിയ മദ്യവിരുദ്ധ ജനകീയ പ്രസ്ഥാനം, ചെങ്ങറയിൽ കൃഷിഭൂമിക്കുവേണ്ടി പൊരുതിയ സാധുജനങ്ങൾക്കുവേണ്ടിയുള്ള ഐക്യദാർഢ്യ പ്രസ്ഥാനം എന്നിങ്ങനെ അനവധി പ്രസ്ഥാനങ്ങൾ. മനുഷ്യനെന്ന നിലയിൽ അന്തസ്സോടെ നിലനിൽക്കാനുള്ള ഏകമാർഗ്ഗം ജനാധിപത്യസമരമായിരിക്കുന്ന വർത്തമാന കാലത്ത് ജസ്റ്റിസ് കൃഷ്ണയ്യർ കേരളത്തിലെ എന്നല്ല ഇൻഡ്യയിലെ തന്നെ ജനാധിപത്യ ബഹുജനപ്രക്ഷോഭങ്ങൾക്കെല്ലാം മാതൃകായോഗ്യമായ നേതൃത്വം നൽകുകയുണ്ടായി. അതോടൊപ്പം നീതിന്യായ വ്യവസ്ഥയെ സാധാരണക്കാരന് അനുകൂലമായി വ്യാഖ്യാനിക്കാൻ ശ്രമിച്ച നിയമജ്ഞനെന്ന നിലയിലും ലോകമെമ്പാടുമുള്ള മനുഷ്യാവകാശ സമരങ്ങളുടെ വക്താവെന്ന നിലയിലും സാമ്രാജ്യത്വത്തിനും യുദ്ധത്തിനുമെതിരായ വീറുറ്റ സമാധാനപ്രസ്ഥാനത്തിന്റെ വക്താവെന്ന നിലയിലും അദ്ദേഹം വഹിച്ച പങ്കും നിസ്തുലമാണ്. മേൽ സൂചിപ്പിക്കപ്പെട്ട വിവിധ മേഖലകളിൽ നിന്നുള്ള പ്രഗത്ഭമതികളുടെയും സമരനേതാക്കളുടെയും പ്രവർത്തകരുടെയും പ്രാതിനിധ്യമുള്ളതായിരുന്നു അനുസ്മരണസമ്മേളനം.

ജനകീയ പ്രതിരോധസമിതി ജനറൽസെക്രട്ടറി ഡോ.വി.വേണുഗോപാൽ തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ, ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യരുടെ നിര്യാണം കേരളത്തിലെ ജനാധിപത്യശക്തികൾക്ക് തീരാനഷ്ടമാണെന്ന് ചൂണ്ടിക്കാട്ടി. ജസ്റ്റിസ് കൃഷ്ണയ്യരുടെ നേതൃത്വത്തിൽ കേരള സംസ്ഥാന ജനകീയ പ്രതിരോധസമിതി സംഘടിപ്പിച്ച് വിജയിപ്പിച്ച നിരവധി സമരങ്ങളെ ഉദാഹരിച്ചുകൊണ്ട്, സമീപകാല കേരളത്തിന്റെ സാമൂഹ്യജീവിതത്തെ നിർണ്ണായകമായി സ്വാധീനിച്ചുകൊണ്ടിരുന്ന ചരിത്രപുരുഷനായിരുന്നു അദ്ദേഹമെന്ന് ഡോ.വേണുഗോപാൽ അഭിപ്രായപ്പെട്ടു.

ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യരുടെ ആജീവനാന്തസമരം ദരിദ്രരായ ജനങ്ങളുടെ വിമോചനത്തിനുള്ള മാർഗ്ഗം കാട്ടുന്ന ഒന്നായിരുന്നുവെന്നും, ഒരു ന്യായാധിപനെന്ന നിലയിലുള്ള അദ്ദേഹത്തിന്റെ പ്രവർത്തനം നമ്മുടെ നീതിന്യായവ്യവസ്ഥയ്ക്ക് ആത്മാവ് നൽകിയെന്നും കേരള ഹൈക്കോടതി മുൻ ജഡ്ജി ജസ്റ്റിസ് ഷംസുദ്ദീൻ പറഞ്ഞു. കൃഷ്ണയ്യർ സംസാരിച്ചപ്പോൾ ഇൻഡ്യ ഒന്നാകെ അതിന് ചെവികൊടുത്തുവെന്ന് കേരള കലാമണ്ഡലം മുൻ വൈസ് ചാൻസലർ ഡോ.കെ.ജി.പൗലോസ് പറഞ്ഞു. നിഷ്പക്ഷതയുടെ മൂടുപടമിട്ട് നടക്കുന്ന ഒരു സമൂഹത്തിൽ, തന്റെ ന്യായവിധികളിലൂടെ മനുഷ്യപക്ഷത്ത് ഉറച്ചുനിന്ന മഹാനായിരുന്നു കൃഷ്ണയ്യരെന്നും അദ്ദേഹം പറഞ്ഞു.

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കേന്ദ്രകമ്മിറ്റിയംഗവും സംസ്ഥാനസെക്രട്ടറിയുമായ സ.സി.കെ.ലൂക്കോസ്, എസ്‌യുസിഐ(സി) പ്രതിനിധാനം ചെയ്യുന്ന ജനകീയസമര രാഷ്ട്രീയത്തിന് ജസ്റ്റിസ് കൃഷ്ണയ്യർ നൽകിയ കലവറയില്ലാത്ത പിന്തുണയെ കൃതജ്ഞതാപൂർവ്വം അനുസ്മരിച്ചു. ജനങ്ങളെ കക്ഷിരാഷ്ട്രീയ പരിഗണനകൾക്കതീതമായി അവരുടേതായ സമരക്കമ്മിറ്റികളിൽ അണിനിരത്തിക്കൊണ്ട് ജനങ്ങളുടെ സ്വന്തം സമരോപകരണങ്ങൾ വളർത്തിയെടുക്കുകയെന്നത് എസ്‌യുസിഐ(സി) എക്കാലവും പിന്തുടർന്നുവരുന്ന നയമാണ്. ജസ്റ്റിസ് അയ്യർ സ്വന്തം നിലയിൽ ഈ നിലപാട് പുലർത്തിയിരുന്നയാളാണ്. അതുകൊണ്ട് കഴിഞ്ഞ കാൽ നൂറ്റാണ്ടോളം കാലമായി കാതലായ മിക്കവാറുമെല്ലാ ജനകീയ പ്രശ്നങ്ങളിലും എസ്‌യുസിഐ(സി)-യും ജസ്റ്റിസ് കൃഷ്ണയ്യരും ഒരേ നിലപാട് കൈക്കൊള്ളുകയുണ്ടായി. ജനങ്ങളുടെ സമരശക്തി വളർത്തിയെടുക്കാൻ എസ്‌യുസിഐ(സി) നടത്തിവരുന്ന പരിശ്രമങ്ങൾക്കെല്ലാം അദ്ദേഹം അകമഴിഞ്ഞ പിന്തുണ നൽകിയതും അതുകൊണ്ടായിരുന്നു - സ.സി.കെ.ലൂക്കോസ് ചൂണ്ടിക്കാട്ടി.

അഖിലേന്ത്യാ മഹിളാസാംസ്കാരിക സംഘടന ജനറൽസെക്രട്ടറി ഡോ.എച്ച് ജി ജയലക്ഷ്മി, സ്ത്രീകളുടെ അവകാശങ്ങൾക്ക് വേണ്ടി നടന്നിട്ടുള്ള നിരവധി പോരാട്ടങ്ങൾക്ക് ജസ്റ്റിസ് അയ്യർ നൽകിയിട്ടുള്ള വിലപ്പെട്ട സംഭാവനകൾ എടുത്തുപറഞ്ഞുകൊണ്ട്, ഇൻഡ്യയിലെ സ്ത്രീവിമോചനപ്രസ്ഥാനം എന്നെന്നും അദ്ദേഹത്തോട് കടപ്പെട്ടിരിക്കുന്നുവെന്ന് അഭിപ്രായപ്പെട്ടു. നമുക്ക് നിരവധി നിയമജ്ഞന്മാരുണ്ട് പക്ഷെ, ഒരൊറ്റ മഹാനായ ന്യായാധിപനേ ഉണ്ടായിരുന്നുള്ളു, അത് ജസ്റ്റിസ് വിആർ കൃഷ്ണയ്യരായിരുന്നു എന്ന് അഡ്വ.മഞ്ചേരി സുന്ദർ രാജ് പറഞ്ഞു.

പ്രൊഫ.കെ.അരവിന്ദാക്ഷൻ, പ്രൊഫ.കെ.ബി.ഉണ്ണിത്താൻ, ഇടതുപക്ഷ ഐക്യമുന്നണി ചെയർമാനും ആർഎംപി സംസ്ഥാനസെക്രട്ടേറിയറ്റംഗവുമായ സ.കെ.എസ്.ഹരിഹരൻ, ആൾ ഇൻഡ്യ ആന്റി ഇംപീരിയലിസ്റ്റ് ഫോറം കേരള ചാപ്റ്റർ ജനറൽസെക്രട്ടറി ഡോ.ഡി.സുരേന്ദ്രനാഥ്, സി.ആർ.നീലകണ്ഠൻ, ആൾ ഇൻഡ്യ സേവ് എഡ്യുക്കേഷൻ കമ്മിറ്റി എക്സിക്യൂട്ടീവ് കമ്മിറ്റിയംഗം അഡ്വ.ബി.കെ.രാജഗോപാൽ, ജി.എസ്.പത്മകുമാർ, ചെങ്ങറ സമരസമിതി നേതാവ് ടി.ശശി, എഐഡിവൈഒ സംസ്ഥാനപ്രസിഡന്റ് ടി.കെ.സുധീർകുമാർ, ഷൈല കെ.ജോൺ, ടി.ബി.വിശ്വനാഥൻ, സമദ്, മദ്യവിരുദ്ധ ജനകീയസമരസമിതി നേതാവ് ബി.ഗോപി, കുരുവിള മാത്യൂസ്, ദേശീയപാത സമരനേതാവ് സത്യൻ മാസ്റ്റർ തുടങ്ങിയവർ അവരവർ ബന്ധപ്പെട്ട വ്യത്യസ്ത ജനകീയ സമരമുഖങ്ങളിൽ ജസ്റ്റിസ് കൃഷ്ണയ്യർ നൽകിയ വിലപ്പെട്ട സംഭാവനകൾ പരാമർശിച്ചുകൊണ്ട് അദ്ദേഹത്തിന് ആദരാഞ്ജലികളർപ്പിച്ചു.

ജസ്റ്റിസ് കൃഷ്ണയ്യർ എന്ന മഹാനായ മനുഷ്യസ്നേഹിയുടെ സമരനിർഭരമായ ജീവിതത്തിലെ വ്യത്യസ്ത മുഹൂർത്തങ്ങൾ കുറിക്കുന്ന ഫോട്ടോകളും അദ്ദേഹത്തിന്റെ ഉദ്ധരണികളും ഒത്തിണക്കിക്കൊണ്ടുള്ള ഒരു പ്രദർശനവും അനുസ്മരണയോഗത്തോടൊപ്പം ഒരുക്കിയിരുന്നു. ■

## ജനാധിപത്യവിരുദ്ധമായ ഭൂമിയേറ്റെടുക്കൽ ഓർഡിനൻസിനെതിരെ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു

**ബി**ജെപി നയിക്കുന്ന കേന്ദ്രഗവണ്മെന്റ് കൊണ്ടുവന്ന ഭൂമിയേറ്റെടുക്കൽ ഓർഡിനൻസിനെ നിശിതമായി വിമർശിച്ചുകൊണ്ട് എസ്‌യുസിഐ(സി) ജനറൽസെക്രട്ടറി സ.പ്രൊവാഷ് ഘോഷ് ഡിസംബർ 30-ന് പുറപ്പെടുവിച്ച പ്രസ്താവനയിൽ ഇങ്ങനെ പറയുന്നു.

വികസനത്തിന്റെ പേരിൽ കൊണ്ടുവന്നിരിക്കുന്ന ഈ ഓർഡിനൻസ് യഥാർത്ഥത്തിൽ രാജ്യത്തിനകത്തും പുറത്തുമുള്ള ബഹുരാഷ്ട്ര കുത്തകകളുടെ, വിശിഷ്യ റിയൽഎസ്റ്റേറ്റ് രംഗത്ത് മുതൽ മുടക്കാൻ താല്പര്യപ്പെടുന്ന ബഹുരാഷ്ട്രക്കുത്തകകളുടെ താല്പര്യാർത്ഥം കർഷകരുടെ ഭൂമി പിടിച്ചെടുക്കാനുള്ള നീചമായ ഗൂഢാലോചനയല്ലാതെ മറ്റൊന്നുമല്ല. ഇതിന്റെ ഫലമായി ദരിദ്രരും ഇടത്തരക്കാരുമായ ദശലക്ഷക്കണക്കിന് കർഷകർ അവരുടെ ഭൂമിയിൽ നിന്ന് പിഴുതെറിയപ്പെടുകയും തെരുവുതെണ്ടികളായി മാറ്റപ്പെടുകയും ചെയ്യും. ഞങ്ങൾ മോദി ഗവണ്മെന്റിന്റെ ജനാധിപത്യവിരുദ്ധമായ ഈ ഓർഡിനൻസിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയും ഉടനടി ഇത് പിൻവലിക്കാനാവശ്യപ്പെടുകയും ചെയ്യുന്നു. ഇതിനെതിരെ ശബ്ദമുയർത്താൻ എല്ലാ ജനാധിപത്യവിശ്വാസികളോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ■

## താലിബാൻ പെഷവാറിൽ നടത്തിയ കൂട്ടക്കുരുതിയെ എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) കേന്ദ്രകമ്മിറ്റി അപലപിക്കുന്നു

*താലിബാൻ ഭീകരവാദികൾ പെഷവറിൽ നടത്തിയ കൂട്ടക്കുരുതിയെ അപലപിച്ചുകൊണ്ട് 2014 ഡിസംബർ 17-ന് എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) ജനറൽസെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് പുറപ്പെടുവിച്ച പ്രസ്താവന:*

പാകിസ്ഥാനിലെ പെഷവാറിൽ ആർമി പബ്ലിക് സ്കൂളിലെ നിരപരാധികളായ 140-ൽപ്പരം വിദ്യാർത്ഥികളെ അരുംകൊല ചെയ്ത മതമൗലികവാദികളുടെ ചെയ്തിയെ അപലപിക്കാൻ വാക്കുകളില്ല. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പൈശാചികമായ ഭീകരാക്രമണങ്ങളും നിർദ്ദയമായ കൊലപാതകങ്ങളും നടത്തിക്കൊണ്ടിരിക്കുന്ന തെഹ്രിക് ഇ താലിബാനിൽപ്പെടുന്ന ഭീകരവാദികളാണ് മാപ്പർഹിക്കാത്ത ഈ കൊടുംപാതകം ചെയ്തത്. താലിബാൻ ഉൾപ്പെടെ ലോകത്തെ എല്ലാ മതമൗലികവാദ സംഘടനകളെയും ഒരിക്കൽ സൃഷ്ടിച്ചതും പാലൂട്ടിവളർത്തിയതും സാമ്രാജ്യത്വശക്തികൾ, വിശേഷിച്ചും അമേരിക്കൻസാമ്രാജ്യത്വശക്തികൾ, ആയിരുന്നുവെന്നോർക്കണം. എല്ലാ പുരോഗമന ജനാധിപത്യശക്തികളെയും ജനങ്ങളുടെ യുക്തിചിന്തയെയും നശിപ്പിക്കാനായി അവർ ഈ ശക്തികളെ ഉപയോഗപ്പെടുത്തി. ലോകത്തെങ്ങും സ്വന്തം ആധിപത്യം സ്ഥാപിക്കുക, അന്തർദ്ദേശീയ ഗുണ്ടായിസം നടത്തുക എന്നീ സാമ്രാജ്യത്വദുഷ്ടപദ്ധതികളുടെ ഭാഗമായി അവർ വളർത്തിയ താലിബാനുൾപ്പെടെയുള്ള മതമൗലികവാദ ശക്തികൾ ഇന്ന് കൊടുംഭീകരവാദികളും മരണക്കച്ചവടക്കാരുമായി മാറിയിരിക്കുകയാണ്. അവർ മദ്ധ്യകാലഘട്ടത്തിലേതിനെ കടത്തിവെട്ടുന്ന കാട്ടാളത്തഅക്രമവും കാട്ടുന്നു. കൂട്ടക്കുരുതികൾ നടത്തുന്നു. നിരപരാധികളായ ജനങ്ങൾക്കും പിഞ്ചുകുഞ്ഞുങ്ങൾക്കുമെതിരെ പോലും ഭീരുത്വം നിറഞ്ഞ ആക്രമണങ്ങൾ അഴിച്ചുവിട്ട് സ്വന്തം ശക്തി കാണിക്കുന്നു. യഥാർത്ഥത്തിൽ ഈ മതമൗലികവാദികൾക്കും കൊലയാളികൾക്കും ഒരു മതവുമില്ല, ഒരു രാജ്യവുമില്ല, മനുഷ്യരെന്ന് വിളിക്കപ്പെടാനുള്ള യോഗ്യത പോലുമില്ല. സ്ഥാപിതതാല്പര്യക്കാരുടെ പിണിയാളന്മാരെന്ന നിലയിൽ മനുഷ്യരാശിയെ ബന്ദികളാക്കാനും കൂട്ടക്കുരുതി നടത്തി മദിക്കാനുമായി പ്രതിലോമശക്തികൾ പടച്ചുവിട്ടതാണിവരെ. ഈ ഹിംസ്രശക്തികളെ കർശനമായി കൈകാര്യം ചെയ്യുകയും ജനങ്ങളിൽ നിന്ന് പൂർണ്ണമായും ഒറ്റപ്പെടുത്തുകയും ചെയ്യേണ്ടത് അനിവാര്യമാണ്. എന്നാൽ, ഈ രക്തദാഹികളിൽ നിന്ന് ജനങ്ങൾക്ക് സംരക്ഷണം നൽകുന്നതിൽ മുതലാളിത്ത-സാമ്രാജ്യത്വ രാജ്യങ്ങളിലെ ഭരണാധികാരികൾ പരാജയപ്പെടുകയാണ്. പാകിസ്ഥാൻ ഗവണ്മെന്റും, ഈ കിരാതശക്തികളുടെ പിടിയിൽ നിന്ന് ജനങ്ങളെ മോചിപ്പിക്കുന്നതിന് പകരം ഈ ശക്തികളോട് നനുത്ത സമീപനം പുലർത്തുകയും, അങ്ങനെ ഫലത്തിൽ ഈ നിഷ്ഠുരമായ കൊലയ്ക്ക് അവസരമൊരുക്കുകയുമാണ് ചെയ്തതെന്ന് വ്യക്തമാണ്.

അത്യാഹിതത്തിനിരകളായ കുടുംബങ്ങളോട് ഞങ്ങൾ ഹൃദയപൂർവ്വമായ അനുശോചനം രേഖപ്പെടുത്തുന്നു. താലിബാനും അതുപോലുള്ള ഭീകരവാദിസംഘടനകളും ഏത് രാജ്യത്തുള്ളവരാണെങ്കിലും, ഏത് ഭാഷ സംസാരിക്കുന്നവരാണെങ്കിലും, ഏത് മതത്തിന്റെ വക്താക്കളാവിക്കുന്നവരാണെങ്കിലും ശരി, അവരുടെ കൊലപാതകങ്ങൾക്കും അക്രമങ്ങൾക്കും അറുതിവരുത്തിയേ തീരൂ. അതിന് സാമ്രാജ്യത്വത്തിനും വർഗ്ഗീയതയ്ക്കുമെതിരെയുള്ള സമരം ശക്തിപ്പെടുത്തണം. മതമൗലികവാദപരമായ ആശയങ്ങൾക്കെതിരെ തീവ്രമായ ഒരു പ്രത്യയശാസ്ത്രസമരം കെട്ടഴിച്ചുവിടണം. അതിനായി വംശം, മതം, പ്രദേശം തുടങ്ങിയ പരിഗണനകൾക്കെല്ലാം അതീതമായ ഐക്യം ഊട്ടിയുറപ്പിച്ചുകൊണ്ട് സമരരംഗത്തണിനിരക്കാൻ ലോകജനത മുന്നോട്ടുവരേണ്ട അവസരമാണിത്. ■

**ജർമ്മൻ –സംസ്കൃത വിവാദം**

# പ്രച്ഛന്നമായി ഹിന്ദി അടിച്ചേൽപ്പിക്കുവാൻ ത്രിഭാഷ പദ്ധതി വഴിയൊരുക്കി

*(ഒന്നാം പേജിൽ നിന്ന്)*

ടാനുദ്ദേശിച്ചുള്ള ഒരു ഫാസിസ്റ്റ് കരുനീക്കമാണിതെന്ന് ഞങ്ങൾ ഇതിനോടകം ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഇത്തരം പദാവലികളുടെ മുഖംമൂടിക്കു പിന്നിൽ അവർ ഉദ്ദേശിക്കുന്നത്, ആധുനികവും ശാസ്ത്രീയവും മതേതരവുമായ വിദ്യാഭ്യാസത്തെ പൂർണ്ണമായും നശിപ്പിച്ച്, അതിനെ അന്ധവിശ്വാസത്തിലും പിന്തിരിപ്പൻ ആശയങ്ങളിലും ഹിന്ദുമത പ്രമാണങ്ങളിലും അധിഷ്ഠിതമായ വിദ്യാഭ്യാസത്തെക്കൊണ്ട് പകരം വെക്കുകയെന്നതാണ്. അതിനെ വേദങ്ങളിലും വേദാന്തങ്ങളിലുമുള്ള നമ്മുടെ പാരമ്പര്യവിദ്യാഭ്യാസമെന്ന പേരിൽ അവതരിപ്പിക്കുന്നു. അതേസമയം തന്നെ, നിലനിൽക്കുന്ന മുതലാളിത്ത സംവിധാനത്തിന്റെ നിലനിൽപ്പിനായി, യുവാക്കളിലേയും ജനങ്ങളിലേയും പ്രബലവിഭാഗങ്ങളെ അന്താരാഷ്ട്ര കമ്പോളത്തിന്റെ ആവശ്യകതകൾക്ക് യോജിച്ച നൈപുണ്യസമ്പാദനത്തിന്റെ പേരിലുള്ള, നൂതനവും എന്നാൽ യാന്ത്രികവുമായ സാങ്കേതികവിദ്യാഭ്യാസം നൽകി പ്രലോഭിപ്പിച്ചു നിർത്താനും അവർ ആഗ്രഹിക്കുന്നു. ഇങ്ങനെ യഥാർത്ഥ ശാസ്ത്രീയ വിദ്യാസമ്പാദനത്തിനു പകരം, അന്ധവിശ്വാസവും സാങ്കേതികവിദ്യയിലൂന്നിയ യാന്ത്രികചിന്തയും കൂട്ടിക്കുഴച്ചു നൽകുന്നതിലൂടെ യുവാക്കളെ യന്ത്രമനുഷ്യരാക്കാം എന്നവർ കരുതുന്നു. സങ്കുചിതമായി ചിട്ടപ്പെടുത്തിയ ചിന്തയുള്ള, സത്യം അന്വേഷിക്കാനും അറിയാനുമുള്ള യുക്തിപരമായ നിർണ്ണയത്തിനു ശക്തിയില്ലാത്ത, അനീതിക്കും അക്രമത്തിനും ചൂഷണത്തിനുമെതിരേ ശബ്ദമുയർത്താൻ ധൈര്യമില്ലാത്ത, മനുഷ്യത്വം കെട്ട യന്ത്രമനുഷ്യർ. ഇത്, തങ്ങൾക്കു ഭരണാധികാരം ലഭിച്ച ഇപ്പോഴത്തെ വ്യവസ്ഥിതിയെ മുന്നോട്ടു കൊണ്ടുപോകാൻ സഹായിക്കുമെന്ന് അവർ ആഗ്രഹിക്കുന്നു.

ഈ ഹിന്ദുത്വവാദി പ്രചരണം അങ്ങനെ അവസാനിക്കുന്നില്ല. അത്, കേന്ദ്രീയ വിദ്യാലയങ്ങളിൽ ജർമ്മനാണോ സംസ്കൃതമാണോ പഠിപ്പിക്കേണ്ടത് എന്ന വിഷയത്തെ പ്രതി വീണ്ടും ഉയർന്നുവന്നിരിക്കുകയാണ്. എന്നാൽ സർക്കാരിന്റെ തന്നെ ഏറ്റുപറച്ചിലിലൂടെ വ്യക്തമാകുന്നത്, കേന്ദ്രീയ വിദ്യാലയ പ്രശ്നത്തിന്റെ അനന്തരഫലം, മറ്റു വിദ്യാലയങ്ങളിലേക്കു കൂടി വരുംദിനങ്ങളിൽ എത്തിച്ചേരുമെന്നാണ്. ഈ പ്രശ്നത്തിന്റെ പിന്നിലെന്താണെന്നു പരിശോധിച്ചറിയുന്നതിനായി ബന്ധപ്പെട്ട ചില പശ്ചാത്തലവിവരങ്ങൾ കൂടി നമുക്ക് ആവശ്യമുണ്ട്.

കേന്ദ്രീയ വിദ്യാലയങ്ങളെന്നത് രാജ്യത്തു പ്രവർത്തിക്കുന്ന നാലു പ്രധാന തരത്തിലുള്ള വിദ്യാലയങ്ങളിൽപ്പെട്ട ഒന്നാണ്. കേന്ദ്രീയ വിദ്യാലയങ്ങൾ, സിബിഎസ്ഇയുമായി പൊതുവിൽ സാമ്യമുള്ള ഒരു സിലബസ്, തങ്ങളുടേതായ ചില കൂട്ടിച്ചേർക്കലുകളോടും മാറ്റങ്ങളോടും കൂടി പിന്തുടരുന്നു. കേന്ദ്രീയവിദ്യാലയ സംഘാടകന്റെ നേതൃത്വം വഹിക്കുന്ന ബോർഡ് ഓഫ് ഡയറക്ടേർസിന്റെ തലപ്പത്ത്, കേന്ദ്ര മാനവവിഭവശേഷിവകുപ്പു മന്ത്രിയാണ്. അതുകൊണ്ടുതന്നെ, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണത്തിന്റേതായ ഈ കാലത്തും, കേന്ദ്രീയ വിദ്യാലയങ്ങൾ കേന്ദ്രസർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള വിദ്യാലയങ്ങളായി നിലനിൽക്കുന്നു. തങ്ങളുടെ നിയന്ത്രണത്തിലുള്ള ഈ സ്ഥാപനങ്ങളിൽ നിന്നു തന്നെ മാറ്റത്തിന്റെ തുടക്കം കുറിക്കാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു.

### ഭാഷാപഠനത്തിന്റെ കടയ്ക്കൽ കത്തി വെക്കുന്ന ത്രിഭാഷാ പദ്ധതി

ഇവിടെ പരിഗണിക്കുന്ന പ്രശ്നമായ ഭാഷാപഠനം, കഴിഞ്ഞ നൂറ്റാണ്ടിന്റെ അറുപതുകളിൽ കോൺഗ്രസിന്റെ കേന്ദ്രസർക്കാർ അവതരിപ്പിച്ച 'ത്രിഭാഷാ ഫോർമുല' പദ്ധതി പ്രകാരം നയിക്കപ്പെടുന്നതാണ്. പിന്നീട് അധികാരത്തിൽ വന്ന വിവിധ പാർട്ടികളുടെ സർക്കാരുകൾ, വിവിധ കാലങ്ങളിൽ ഇതേ നയം തന്നെ ഏറെക്കുറെ അംഗീകരിക്കുകയാണ് ഉണ്ടായത്. 1960–കളിൽ, കേന്ദ്രസർക്കാർ ഹിന്ദി അടിച്ചേൽപ്പിക്കുന്നതിനെതിരേ ഉയർന്ന വമ്പിച്ച, പലപ്പോഴും അക്രമാസക്തമായ, പ്രക്ഷോഭങ്ങളെ തണുപ്പിക്കാനായി കൊണ്ടുവന്ന ഈ പദ്ധതി, പ്രച്ഛന്നമായി ഹിന്ദി രാജ്യമൊട്ടാകെ അടിച്ചേൽപ്പിക്കാനുള്ള വഴിയായി മാറുകയാണുണ്ടായത്. വിദ്യാർത്ഥികൾക്ക് ഏറ്റവും അനുകൂലമായ, മാതൃഭാഷയിലുള്ള വിദ്യാഭ്യാസത്തെപ്പോലും ബലി കഴിച്ചാണ് ഇത് നടപ്പായത്. വിദ്യാർത്ഥികളുടെ ശ്രദ്ധ അങ്ങനെ മൂന്നു ഭാഷകളിലേക്കായി തിരിച്ചുവിടപ്പെട്ടു. ഇതുവഴി, ഇംഗ്ലീഷ് ഭാഷയിൽ അവശ്യമായ പ്രാവീണ്യം നേടുന്നതിലും, അതിലൂടെ ഏതൊരു വിജ്ഞാന–ശാസ്ത്രശാഖയിലും ഈ കാലത്തെ ഏറ്റവും നൂതനമായ അറിവിന്റെ ലോകത്തേക്ക് അവരെ കൈപിടിച്ച് നടത്തുന്നതിനുമുള്ള പ്രാധാന്യം വെട്ടിച്ചുരുക്കപ്പെട്ടു. ചുരുക്കിപ്പറഞ്ഞാൽ, സ്ക്കൂളുകളിലെ ഭാഷാപഠനത്തെ സംബന്ധിച്ചിടത്തോളം തികച്ചും വിനാശകാരിയായ നയമായിരുന്നു അത്. തത്വത്തിൽ ഈ നയം മൂന്നു ഭാഷകൾ പഠിക്കാൻ വിദ്യാർത്ഥികളെ നിർബന്ധിതരാക്കി. അതായത്: ഒന്നാം ഭാഷ (നിർബന്ധമായും പഠിക്കേണ്ടത്): മാതൃഭാഷ അല്ലെങ്കിൽ പ്രാദേശിക/സംസ്ഥാന ഭാഷ; രണ്ടാം ഭാഷ (തിരഞ്ഞെടുക്കാവുന്നതെന്ന കുറിപ്പോടെ): ഹിന്ദി സംസാരിക്കുന്ന സംസ്ഥാനങ്ങളിൽ – ഏതെങ്കിലും ആധുനിക ഇന്ത്യൻ ഭാഷ അല്ലെങ്കിൽ ഇംഗ്ലീഷ്, മറ്റിടങ്ങളിൽ – ഹിന്ദി അല്ലെങ്കിൽ ഇംഗ്ലീഷ്; മൂന്നാം ഭാഷ (വീണ്ടും, തിരഞ്ഞെടുക്കാവുന്നതെന്ന കുറിപ്പോടെ): ഹിന്ദി സംസാരിക്കുന്ന സംസ്ഥാനങ്ങളിലും മറ്റിടങ്ങളിലും – ഇംഗ്ലീഷ് അല്ലെങ്കിൽ രണ്ടാം ഭാഷയായി പഠിക്കുന്നതൊഴികെയുള്ള ഒരു ആധുനിക ഇന്ത്യൻ ഭാഷ. എൻ.പി.ഇ 1986 ന്റെ ഭാഗമായി അന്നത്തെ കോൺഗ്രസ് സർക്കാരാണ് ഈ നയപരിപാടി തുടരാൻ നിഷ്കർഷിച്ചത്.

1988–ൽ ത്രിഭാഷാ പദ്ധതി നടപ്പാക്കാൻ കേന്ദ്രീയ വിദ്യാലയങ്ങൾ തീരുമാനിച്ചപ്പോൾ, തുടക്കത്തിൽ പ്രാദേശികഭാഷകളെ മൂന്നാം ഭാഷാ ഐച്ഛികമായി കൊണ്ടുവരാനായിരുന്നു ഉദ്ദേശം. എന്നാൽ സാങ്കേതിക ബുദ്ധിമുട്ടുകൾ (ഓരോ വിദ്യാർത്ഥിയുടേയും ആവശ്യത്തിനനുസരിച്ചുള്ള അദ്ധ്യാപകർ, ക്ലാസുകൾ, മറ്റ് സൗകര്യങ്ങൾ എന്നിവ ഒരുക്കുക) ചൂണ്ടിക്കാട്ടി ഈ സംവിധാനം ഒരിക്കലും കാര്യക്ഷമമായി നടപ്പിൽ വന്നില്ല. ബിജെപി നേതൃത്വത്തിൽ എൻഡിഎ കേന്ദ്രത്തിൽ അധികാരത്തിൽ വന്നപ്പോൾ, വിദ്യാഭ്യാസത്തെ കാവിവൽക്കരിക്കുക എന്ന തങ്ങളുടെ അജണ്ട നടപ്പാക്കാൻ, നാഷണൽ കരിക്കുലം ഫ്രെയിംവർക്ക് ഫോർ സ്ക്കൂൾ എഡ്യൂക്കേഷൻ ദേശീയ സ്ക്കൂൾ വിദ്യാഭ്യാസ പാഠ്യപദ്ധതി ഘടന (എൻസിഎഫ്എസ്ഇ 2000) എന്ന ഒരു ഹിന്ദുത്വ–കാവിവൽക്കരണ രൂപരേഖ 2000–ൽ അവതരിപ്പിച്ചു. ഉടൻ തന്നെ 2001–ൽ, ഹിന്ദി, ഇംഗ്ലീഷ്, സംസ്കൃതം എന്നിവ നിർബന്ധിതമായ മൂന്നു ഭാഷകളാക്കിക്കൊണ്ട് കേന്ദ്രീയ വിദ്യാലയങ്ങൾ ഉത്തരവു പുറപ്പെടുവിച്ചു. പ്രാദേശികഭാഷയെ, 15 ഓ അതിൽ കൂടുതലോ വിദ്യാർത്ഥികൾ ആവശ്യപ്പെട്ടാൽ മാത്രം അനുവദിക്കാവുന്ന ഒരു അധികവിഷയമായി മാത്രം മാറ്റിത്തീർത്തു. അങ്ങനെ, വിദ്യാർത്ഥികൾ ഹിന്ദുവോ, മുസ്ലീമോ, ക്രിസ്ത്യാനിയോ മറ്റാരെങ്കിലുമോ ആയിക്കോട്ടെ, അതു പരിഗണിക്കാതെ, ഹിന്ദി സംസാരിക്കാത്തവർക്കു തങ്ങളുടെ മാതൃഭാഷയടക്കം മറ്റേതൊരു ആധുനിക ഇന്ത്യൻ ഭാഷയും പഠിക്കാനുള്ള അവസരം നിഷേധിക്കപ്പെട്ടു. ബിജെപി നേതൃത്വത്തിലുള്ള എൻഡിഎ സർക്കാരിന്റെ ഇത്തരം എല്ലാ നടപടികളേയും പൂർണ്ണമായും അംഗീകരിച്ച് സ്വീകരിച്ചുകൊണ്ട്, 2005–ൽ കോൺഗ്രസ് നേതൃത്വത്തിലുള്ള യുപിഎ സർക്കാർ ഇത് സ്ഥാപനവൽക്കരിച്ചു.

### ഇപ്പോഴത്തെ പ്രതിസന്ധി

ഈ സംവിധാനം 2009 വരെ അഭംഗുരം തുടർന്നു. പിന്നീട്, സംസ്കൃതം നിർബന്ധിതമാക്കാനുള്ള ബിജെപി സർക്കാരിന്റെ ശ്രമത്തെ തങ്ങൾ എതിർത്തു എന്നു കാണിക്കുവാൻ വേണ്ടി, കോൺഗ്രസ് നേതൃത്വത്തിലുള്ള യുപിഎ സർക്കാർ, ഫ്രഞ്ചോ ജർമ്മനോ പോലെയുള്ള ഒരു വിദേശഭാഷയെ മൂന്നാം ഭാഷയായി പഠിപ്പിക്കാൻ തീരുമാനിച്ചു. 2011–ൽ (സെപ്റ്റംബർ 23), രണ്ടാം യുപിഎ സർക്കാരിന്റെ കാലയളവിൽ, കേന്ദ്രീയ വിദ്യാലയ സംഘാടൻ, ഗോയ്ഥേ ഇൻസ്റ്റിറ്റ്യൂട്ട്, മാക്സ് മുള്ളർ ഭവൻ എന്നിവരുമായി ഒരു ധാരണാപത്രം ഒപ്പിട്ടു. ഇതുപ്രകാരം കേന്ദ്രീയ വിദ്യാലയങ്ങളിൽ ഇന്ത്യൻ പ്രാദേശികഭാഷകൾക്കു പകരം ജർമ്മൻ മൂന്നാം ഭാഷയായി മാറി. വിദ്യാലയങ്ങൾ തങ്ങളുടെ സംസ്കൃത അദ്ധ്യാപകരേയും മറ്റു പ്രൈമറി അദ്ധ്യാപകരേയും ജർമ്മൻ പഠിക്കാൻ നിർബന്ധിതരാക്കി. ഏതാണ്ട് 500 ഓളം കേന്ദ്രീയ വിദ്യാലയങ്ങളിൽ ജർമ്മൻ പഠിപ്പിക്കപ്പെടുന്നു.

ഈ ഉത്തരവിനെതിരേ ഒരു റിട്ട് പെറ്റീഷൻ നിലവിലുണ്ടായിരുന്നു. അപ്പോഴാണ്, ഏകപക്ഷീയമായ തിരക്കിട്ട നീക്കത്തിലൂടെ, കേന്ദ്ര മാനവവിഭവശേഷി വകുപ്പുമന്ത്രി തലവനായ, കേന്ദ്രീയവിദ്യാലയ സംഘാടന്റെ ബോർഡ് ഓഫ് ഗവർണ്ണേർസ്, 2014 ഒക്ടോബർ 27ന് യോഗം ചേരുന്നത്. ഇതിൽ മേലിൽ സംസ്കൃതത്തിനു പകരം ജർമ്മൻ ഭാഷ പഠിപ്പിക്കുന്നത് നിർത്തലാക്കുവാൻ തീരുമാനിക്കപ്പെട്ടു. ആറു മുതൽ എട്ടു വരെ ക്ലാസുകളിലുള്ള കുട്ടികൾക്ക് വിനോദപഠനത്തിന്റെ ഭാഗമായി, അവർക്കു താൽപ്പര്യമുണ്ടെങ്കിൽ, ഒരു അധികവിഷയമായി ജർമ്മൻ പഠിപ്പിക്കാമെന്നല്ലാതെ അത് മൂന്നാം ഭാഷയാക്കുന്നത് ത്രിഭാഷാ പദ്ധതിയുടെ ലംഘനമാകും. ദേശീയ വിദ്യാഭ്യാസ നയത്തിനോ, ദേശീയ പാഠ്യപദ്ധതിഘടനക്കോ, ത്രിഭാഷാ പദ്ധതിക്കോ യാതൊരു ലംഘനവും അനുവദനീയമല്ല. നവംബർ 27ന്, കേന്ദ്രസർക്കാർ സുപ്രീംകോടതിയിൽ ബോധിപ്പിച്ചതനുസരിച്ച്, സംസ്കൃതമായിരിക്കും 6 മുതൽ 8 വരെ ക്ലാസുകളിലെ മൂന്നാം ഭാഷ. കേന്ദ്രീയ വിദ്യാലയങ്ങളിൽ മൂന്നാം ഭാഷയായി സംസ്കൃതത്തിനു പകരം ജർമ്മൻ ഏർപ്പെടുത്തിയത് നിർത്തലാക്കും.

അദ്ധ്യയനവർഷത്തിന്റെ മദ്ധ്യത്തിൽ കേന്ദ്രസർക്കാരിന്റെയും കേന്ദ്രീയ വിദ്യാലയങ്ങളുടേയും ഈ തീരുമാനം വന്നത് വിദ്യാർത്ഥികളുടെ താൽപ്പര്യങ്ങളെ കാറ്റിൽപ്പറത്തി. അഞ്ഞൂറോളം കേന്ദ്രീയ വിദ്യാലയങ്ങളിലെ 70000ഓളം വിദ്യാർത്ഥികളുടെ വാർഷികപ്പരീക്ഷയാകട്ടെ അടുത്തെത്തിക്കഴിഞ്ഞു. വ്യക്തമായും ഇതൊരു കുഴപ്പം സൃഷ്ടിച്ചു. ജനങ്ങൾ, പ്രത്യേകിച്ചുംകേന്ദ്രീയ വിദ്യാലയങ്ങളിലെ 6 മുതൽ 8 വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികളുടെ രക്ഷിതാക്കൾ, ജർമ്മനു പകരം നിർബന്ധമായും പഠിക്കേണ്ട ഭാഷാവിഷയമായി സംസ്കൃതത്തെ കൊണ്ടുവരാനുള്ള നീക്കമായാണ് ഇതിനെ കാണുന്നത്. പൊതുജനാഭിപ്രായത്തിന്റെ സമ്മർദ്ദം മൂലവും, കേന്ദ്രീയ വിദ്യാലയ വിദ്യാർത്ഥികളുടെ രക്ഷിതാക്കൾ സമർപ്പിച്ച പരാതിയിലുള്ള സുപ്രീം കോടതി ഇടപെടലിനാലും, ഇക്കൊല്ലം ഈ നീക്കം നടപ്പാക്കുന്നതിൽ നിന്നും കേന്ദ്രസർക്കാർ പിന്നോട്ടു പോയി. പകരം അടുത്ത അദ്ധ്യയനവർഷം മുതൽ ഇത് നടപ്പാക്കപ്പെടും.

### ഈ നീക്കത്തിനു പിന്നിലെ യാഥാർത്ഥ്യം

ഈ നീക്കത്തെ പ്രതിരോധിക്കാനായി ഇപ്പോൾ പ്രചരിപ്പിക്കപ്പെടുന്നത്, ഈ തീരുമാനം താഴേത്തലങ്ങളിൽ – അതായത്, 6 മുതൽ 8 വരെയുള്ള അപ്പർ പ്രൈമറി ക്ലാസുകളിൽ, മാത്രമായി പരിമിതമാണ്, സെക്കൻഡറി തലത്തിലോ അതിനു മുകളിലേക്കോ ബാധകമല്ല എന്നാണ്. മാത്രവുമല്ല, കേന്ദ്രീയവിദ്യാലയങ്ങളിൽ ജർമ്മൻഭാഷ നിരോധിച്ചിട്ടുമില്ല. ഔദ്യോഗികമായി അതു മൂന്നാം ഭാഷയായി നിലനിൽക്കുന്നില്ലെന്നു മാത്രം. ഇതോടൊപ്പം, ജർമ്മൻ ഭാഷയ്ക്ക് അത് അർഹിക്കുന്ന പദവിയും അംഗീകാരവും നൽകുമെന്ന് ജർമ്മൻ അംബാസഡർ സ്റ്റെയ്നർക്കും ജർമ്മൻ ചാൻസലർ ഏഞ്ചലാ മെർക്കലിനും ഉറപ്പു നൽകുകയും ചെയ്തു. പ്രശ്നം മണത്തപ്പോൾ പ്രതിപക്ഷ സമ്മർദ്ദത്താൽ, മാനവവിഭവശേഷിമന്ത്രി കേന്ദ്രീയവിദ്യാലയ ബോർഡിനോട്, മൂന്നാം ഭാഷയുടെ മൂല്യനിർണ്ണയം പരമാവധി മയപ്പെടുത്താൻ നിർദ്ദേശം നൽകിയെന്നാണ് പറയപ്പെടുന്നത്. താൽക്കാലികാശ്വാസം നൽകി തീരുമാനം നടപ്പാക്കുന്നതു് ഉറപ്പാക്കാനാണ് അവർ ഉദ്ദേശിക്കുന്നത്. പ്രശ്നം ബാധിക്കുന്ന വിദ്യാർത്ഥികൾക്ക് കൗൺസലിംഗ് നൽകി, സംസ്കൃതത്തിനു പകരം ഏതെങ്കിലും ഇന്ത്യൻ ഭാഷ തെരഞ്ഞെടുക്കാനുള്ള അവസരം അവർക്കു നൽകുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ഈ നീക്കത്തെ എതിർക്കുന്നവർ വാദിക്കുന്നത് പ്രകാരം, ജർമ്മൻ മാത്രമാണ് മൂന്നാം ഭാഷയായി കേന്ദ്രീയ വിദ്യാലയ സംഘാടൻ നൽകിയത്. ധാരണാപത്രപ്രകാരം ജർമ്മൻ നിർബന്ധമാക്കാൻ ഉദ്ദേശിച്ചിരുന്നില്ല. പക്ഷേ 500 സ്ക്കൂളുകളിലായി 70000 ഓളം വിദ്യാർത്ഥികൾ ജർമ്മൻ തെരഞ്ഞെടുത്തതു തന്നെ, സംസ്കൃതത്തെ ഒഴിവാക്കി, പകരം ജോലി സാദ്ധ്യത വർദ്ധിപ്പിക്കുന്ന ഒരു വിദേശഭാഷ പഠിക്കാൻ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കുമുള്ള താൽപ്പര്യത്തെ പകൽപോലെ വെളിവാക്കുന്നതാണ്. വാസ്തവത്തിൽ, ഈ സർക്കാർ പ്രശ്നബാധിതരായ വിദ്യാർത്ഥികൾക്കുള്ള ആശ്വാസനടപടികൾ വിളമ്പുന്ന രീതി തന്നെ, സംസ്കൃതത്തെ പ്രോൽസാഹിപ്പിച്ച്, ഏതുവിധേനയും അതിനെ ഉൾപ്പെടുത്തുവാനുള്ള അവരുടെ ഔൽസുക്യത്തിന്റെ പ്രതീകം മാത്രമാണ്. എങ്കിൽത്തന്നെയും, ഇപ്പോൾ ജർമ്മൻ ഉപേക്ഷിക്കാൻ നിർബന്ധിതരായ വിദ്യാർത്ഥികളിൽ ഭൂരിഭാഗവും മറ്റു നിവൃത്തിയില്ലാതെ സംസ്കൃതം തന്നെ തെരഞ്ഞെടുക്കുമെന്ന കണക്കുകൂട്ടലിലാണ് മന്ത്രാലയവും കേന്ദ്രീയവിദ്യാലയ സംഘാടനും മുന്നോട്ടുപോകുന്നത്. ഏതെങ്കിലുമൊരു ആധുനിക ഇന്ത്യൻ ഭാഷയെ മൂന്നാംഭാഷയായി തെരഞ്ഞെടുക്കാനനുവദിക്കാമെന്ന് വിദ്യാർത്ഥികൾക്ക് മന്ത്രാലയം വാക്കു നൽകിയിട്ടുണ്ടാകാം. പക്ഷേ, മന്ത്രി വാഗ്ദാനം നൽകിയപോലെ, ഓരോ വിദ്യാർത്ഥിയുടെയും താൽപര്യാനുസരണമുള്ള അദ്ധ്യാപകരേയും മറ്റു സൗകര്യങ്ങളുമൊരുക്കുകയെന്നത്, ഇപ്പോഴത്തെ സാഹചര്യത്തിൽ വലിയ വെല്ലുവിളിയുയർത്തുമെന്നത് തീർച്ചയാണ്. അപ്പോൾ ഏതെങ്കിലും ഇന്ത്യൻ ഭാഷ മൂന്നാം ഭാഷയായി തെരഞ്ഞെടുക്കുകയെന്നത് കടലാസിലൊതുങ്ങും; വരുന്ന അക്കാദമിക് വർഷത്തിൽ ആറാം ക്ലാസിൽ പ്രവേശിക്കുന്ന ബാച്ചിന് ഹിന്ദിക്കും ഇംഗ്ലീഷിനും പുറമേ സംസ്കൃതവും പഠിക്കേണ്ടിവരും. അങ്ങനെ ഒരിക്കൽ അവതരിപ്പിക്കപ്പെട്ടാൽ, ആ സംവിധാനം പ്രവർത്തനക്ഷമമെന്ന് അവകാശപ്പെട്ട് വരുംകാല ബാച്ചുകൾക്കും, ഒരുപക്ഷേ മറ്റു സ്ക്കൂൾ ബോർഡുകൾക്കും ബാധകമാക്കുകയും ചെയ്യും.

### ഭാഷാപഠനത്തിന്റെ പ്രാധാന്യം

പക്ഷേ മേൽപ്പറഞ്ഞ പ്രശ്നങ്ങൾക്കുമപ്പുറത്ത് നിർണ്ണായകമായ പ്രശ്നങ്ങൾ വേറെയും ഇതുമായി ബന്ധപ്പെട്ടുണ്ട്. ഭാഷയെന്നത് ചിന്തയുടേയും അറിവിന്റെയും വാഹനമാണ്. അതുകൊണ്ട്, സ്ക്കൂൾതലത്തിലെ ഭാഷാശിക്ഷണത്തിന്റെ നയം നിർണ്ണായകപ്രാധാന്യമുള്ളതാണ്. ഇത് കേവലം കുറച്ചു ബാച്ചുകളിലെ ഏതാനും വിദ്യാർത്ഥികളുടെ മാത്രം പ്രശ്നമല്ല. രാജ്യത്തെ മൊത്തമായിത്തന്നെ ബാധിക്കുന്നതാണ് ഈ നയം. ഈ വീക്ഷണത്തിന് അർഹമായ പരിഗണന ലഭിക്കണം. കൃത്യമായി പറഞ്ഞാൽ, ശരിയായ ഭാഷാശിക്ഷണവും, സ്ക്കൂൾതലത്തിൽ നിർബന്ധമായും പഠിപ്പിക്കേണ്ട ഭാഷ അഥവാ ഭാഷകളുടെ തെരഞ്ഞെടുപ്പും മൂന്നു പരിഗണനകളാലാണ് നയിക്കപ്പെടേണ്ടത്.

ഒന്നാമതായി, കാലാനുസൃതമായ, ഉന്നതവും നൂതനവുമായ വിജ്ഞാനത്തിലേക്കു തുറക്കുന്ന വാതിലാകാൻ കെൽപ്പുള്ളതാകണം ഭാഷ. ഈ കാലത്ത്, അത്തരത്തിലുള്ള വിജ്ഞാനം ആർജ്ജിക്കുവാൻ ശാസ്ത്രം, സാഹിത്യം, സാമൂഹികശാസ്ത്രം തുടങ്ങി പ്രായോഗികശാസ്ത്രവും സാങ്കേതികവിദ്യയും

*(ശേഷം 5–ാം പേജിൽ)*

## ജർമ്മൻ – സംസ്കൃത വിവാദം

# പാരമ്പര്യത്തിന് മനുഷ്യന്റെ വർത്തമാന നിലനിൽപ്പിനേക്കാൾ പ്രാധാന്യമില്ല

(4-ാം പേജിൽ നിന്ന്)

പോലുള്ള വിവിധങ്ങളായ ആധുനിക വിഷയങ്ങൾ പഠിക്കേണ്ടതുണ്ട്. പ്രത്യേകിച്ചും, ശാസ്ത്ര-സാങ്കേതിക വിഷയങ്ങളുടെ ഉയർന്ന തലങ്ങളിൽ, കൂടുതൽ ഉന്നതവും വികസിതവുമായ ചിന്തയും വിജ്ഞാനവുമാണ് കൈമാറ്റം ചെയ്യപ്പെടുന്നത്.

രണ്ടാമതായി, ഭാഷയെന്നത് സൗകര്യപ്രദമായും സാർവത്രികമായി സ്വീകാര്യമായതുമായ ആശയവിനിമയോപാധിയും, എല്ലാ വിഭാഗം ജനങ്ങളുടേയും വ്യക്തി-സാമൂഹികജീവിതങ്ങളിലെ എല്ലാ തലങ്ങളിലേയും ചിന്തകൾ പ്രകാശിപ്പിക്കാനുള്ള മാർഗ്ഗവുമാകണം. വിവിധങ്ങളായ ഭാഷകൾ സംസാരിക്കുന്ന ജനസമൂഹങ്ങളുള്ള ഇന്ത്യയെ പോലൊരു രാജ്യത്ത് ഇത് പ്രത്യേകിച്ചും പ്രാധാന്യമർഹിക്കുന്നതാണ്. മൂന്നാമതായി, അത്തരമൊരു ഭാഷയിലെ പ്രാവീണ്യം, ഒരു വിദ്യാർത്ഥിക്ക് ഇന്നത്തെ ലോകത്ത് തന്റെ തുടർന്നുള്ള ഔദ്യോഗികജീവിതത്തിൽ സാമ്പത്തിക മെച്ചം നൽകാൻ തക്കവണ്ണം ഉപയോഗപ്രദമായ മൂല്യങ്ങളുള്ളതും, തന്റെ ജീവനോപാധിയുടെ സുരക്ഷിതമായ നിലനിൽപ്പിന് ഉറപ്പു നൽകാൻ പര്യാപ്തവുമാകണം.

ഭരണഘടനയുടെ എട്ടാം പട്ടിക മനസ്സിൽ സൂക്ഷിച്ചുകൊണ്ട്, സാമാന്യം ഉയർന്ന നിലവാരത്തിൽ വിദ്യാഭ്യാസം നൽകാൻ തക്കവണ്ണം വികസിതമായ മാതൃഭാഷയുടെ പഠനം, മേൽപ്പറഞ്ഞ മൂന്ന് ആവശ്യകതകളും നിറവേറ്റാൻ അത്യാവശ്യമാണ്. ഇതോടൊപ്പവും സമാന്തരവുമായി, ഇംഗ്ലീഷിന്റെ ശിക്ഷണവും തുല്യപ്രാധാന്യത്തോടെ നടത്തണം. എന്തെന്നാൽ ഇംഗ്ലീഷ് ഭാഷ ഇപ്പോഴും ഉന്നത വിജ്ഞാനം നേടാനുള്ള അവശ്യഉപകരണമാണ്. ഒപ്പം, നമ്മുടേതു പോലുള്ള ബഹുഭാഷാരാജ്യത്തിനകത്തും പൊതുവിൽ, ചുരുങ്ങി ചെറുതാകുന്ന ഇന്നത്തെ ലോകത്തിലും, ആശയവിനിമയം നടത്തുവാനുള്ള വിദഗ്ദമായ മാർഗ്ഗവും ഈ ഭാഷയാണ്. സ്കൂൾ തലത്തിലുള്ള ഒരു വിദ്യാർത്ഥിയെ വളർത്തിയെടുക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഈ രണ്ടു ഭാഷകളും തന്നെ അവശ്യവും അനുയോജ്യവുമാണ്.

പുറമേ, മറ്റേതെങ്കിലും ഭാഷ പഠിക്കണമെന്നാഗ്രഹിക്കുന്ന ഒരു വിദ്യാർത്ഥിക്ക്, ഐച്ഛികവിഷയമെന്ന നിലയിൽ, ഏതെങ്കിലും പ്രാദേശിക ഭാഷയോ (എട്ടാം പട്ടികയിൽ ഉൾപ്പെടുത്തിയത്), സംസ്കൃതമോ, അല്ലെങ്കിൽ ഒരു വിദേശഭാഷയോ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമുണ്ടാകണം.

### സംസ്കൃതം ഭാഷയെന്ന നിലയിൽ

സംസ്കൃതം ഒരു പുരാതനഭാഷയെന്ന നിലയിൽ നമ്മുടെ മഹത്തായ പൈതൃകങ്ങളിലൊന്നാണ് എന്നതിൽ സംശയമില്ല. പക്ഷേ, സംസ്കൃതം ഒരു നിർബന്ധിത ഭാഷാവിഷയമെന്ന നിലയിൽ അധ്യയനത്തിന് ഉപയുക്തമാണോ എന്ന് വിധി കൽപ്പിക്കേണ്ടത്, നിഷ്പക്ഷമായ യുക്തിയുടേയും വളച്ചൊടിക്കാത്ത ചരിത്രവസ്തുതകളുടേയും അടിസ്ഥാനത്തിലാകണം. പാരമ്പര്യമെന്ന കാരണം കൊണ്ടു മാത്രം അതിന്റെ മൂല്യം വിലയിരുത്താനാകില്ല. പാരമ്പര്യത്തെ സംബന്ധിച്ചിടത്തോളം ചർച്ചയാകേണ്ട വിഷയം, അത് ഏതെങ്കിലും കാലഘട്ടത്തിൽ മനുഷ്യരാശിക്ക് ഗുണപരമായി വന്നിട്ടുണ്ടോയെന്നതാകണം. മനുഷ്യന്റെ പാരമ്പര്യം മനുഷ്യനെക്കാൾ വലുതാകാൻ പാടില്ല. അത് നമ്മൾ മറന്നാൽ, അപ്പോൾ നമുക്ക് മനുഷ്യനെയും അവന്റെ പാരമ്പര്യത്തെയും ഒരുപോലെ നഷ്ടപ്പെടുന്നു. ഇവിടെ സംസ്കൃതം പോലെ, ഒരു ഭാഷയെ നമുക്ക് ഇഷ്ടമാണോ അല്ലയോ എന്നതു വെച്ചുമാകരുത് നമ്മുടെ വിധിനിർണ്ണയം. തീർച്ചയായും, ഒരു ഭാഷയിലുള്ള പ്രാവീണ്യം അഭികാമ്യമായ യോഗ്യതയാണ്. പ്രാചീന ചരിത്രത്തിലോ സാഹിത്യത്തിലോ താൽപ്പര്യമുള്ള, സംസ്കൃതം തെരഞ്ഞെടുത്ത ഏതൊരു വിദ്യാർത്ഥിക്കും, ഈ പുരാതനഭാഷ ഉയർന്ന തലത്തിൽ പഠിക്കുവാനും ഗവേഷണം നടത്തുവാനുമുള്ള സൗകര്യങ്ങൾ ഉണ്ടാകുകയും വേണം.

വാസ്തവത്തിൽ മനുഷ്യചരിത്രത്തിൽ, ഇന്ന് ശ്രേഷ്ഠഭാഷകളായി ഗണിക്കപ്പെടുന്ന നിരവധി ഭാഷകൾ ഉണ്ടായിട്ടുണ്ട്. അതിൽ പലതും തങ്ങളുടെ പുഷ്കലകാലഘട്ടത്തിൽ മനുഷ്യ വിജ്ഞാനത്തിന്റെയും സംസ്ക്കാരത്തിന്റയും വികാസത്തിൽ നിർണ്ണായകപങ്കും വഹിച്ചിട്ടുണ്ട്. എന്നാൽ തങ്ങളുടെ ചരിത്രപരമായ പങ്ക് അവസാനിക്കുമ്പോൾ, അവ മറ്റു ഭാഷകൾക്കായി – അവ ചിലപ്പോൾ ഇതേ പുരാതനഭാഷകളിൽ നിന്നു തന്നെ ഉദ്ഭവിച്ചതാകാം, വഴിമാറിക്കൊടുക്കുന്നു. ഇതേ രീതിയിൽത്തന്നെ, പുരാതന സംസ്കാരം, കല, സാഹിത്യം, ശിൽപ്പകല, വാസ്തുവിദ്യ അങ്ങനെയെല്ലാം, പിൽക്കാലത്ത് തന്താങ്ങളുടെ ആധുനികപ്രതിരൂപങ്ങളാൽ മാറ്റിവെക്കപ്പെട്ടിട്ടുണ്ട്. ഇന്ന്, മനുഷ്യസംസ്കാരത്തിന്റെ ആധുനികഘട്ടത്തിൽ ആളുകൾ അവയെ ശ്രദ്ധയോടും സമഗ്രതയോടും കൂടി പഠിക്കുന്നു. അതിലൂടെ മനുഷ്യസംസ്കാരത്തിന്റെ പുതിയ അദ്ധ്യായങ്ങൾ തുറക്കാൻ അവർ ഉദ്ദേശിക്കുന്നു – അതാണ് ഏറ്റവും ശാസ്ത്രീയമായ പ്രക്രിയയും. പ്രാചീനകാലത്തിന്റെ ഇത്തരം സംഭാവനകളെ പ്രാചീന വിഷയങ്ങളുടെ വിഭാഗത്തിലാണ് ഇപ്പോൾ പരിഗണിക്കുന്നത്. അത് ആ ഭാഷ, സംസ്കാരം തുടങ്ങിയവയുടെ പ്രാധാന്യത്തിന് ഒരു ഇടിവും സൃഷ്ടിക്കുന്നില്ല. മറിച്ച് ഇത്തരം പഠനങ്ങൾ, മനുഷ്യസംസ്കാരത്തിൽ അവയുടെ കൃത്യമായ പങ്ക് പുറത്തുകൊണ്ടുവരാൻ സഹായിച്ചിട്ടേയുള്ളു. ഈ മാനദണ്ഡമനുസരിച്ച് സംസ്കൃതം അതിന്റെ കാലഘട്ടത്തിന്റെ വിലയേറിയ ഒരു സംഭാവനയായി കണക്കാക്കപ്പെടണം. അപ്പോഴത്തെ ഏറ്റവും വികസിതമായ ചിന്തയും വിജ്ഞാനവും, ആ കാലത്ത് സാധ്യമായതിൽ ഏറ്റവും മികച്ച രീതിയിൽ പ്രകാശിപ്പിക്കാൻ സഹായിച്ച ഭാഷ. നമ്മുടെ ഏറ്റവും സമ്പന്നമായ ഒരു പൈതൃകം എന്ന വീക്ഷണത്തിൽ നിന്നു തന്നെ വേണം അതിനെ പഠിക്കേണ്ടത്.

പക്ഷേ അതേ സമയം തന്നെ, മുൻപു ചർച്ച ചെയ്ത മൂന്നു പരിഗണനകളിലെല്ലാം തന്നെ സംസ്കൃതം പരാജയപ്പെടുന്നു എന്നത് നിഷേധിക്കാനാകില്ല. സംസ്കൃതം (സംസ്ക്കരിക്കപ്പെട്ടത് എന്ന് അർത്ഥം), അദ്ധ്യയനത്തിന്റെ ഭാഷയായിരുന്നു. കൂടാതെ ശ്രേഷ്ഠതയുടേയും ആരാധനയുടേയും ഭാഷയായി അതുയർന്നു വന്നു. വ്യാകരണം, ശാസ്ത്രം, ആത്മീയത, തത്വശാസ്ത്രം തുടങ്ങിയവയെല്ലാം അതിൽ എഴുതപ്പെട്ടു. ഇതൊക്കെ ശരിയാണെങ്കിലും, ജനങ്ങളുടെ ദൈനംദിന ഭാഷ പ്രകൃത് (പ്രകൃതിയിൽ നിന്നുള്ളത്, സ്വാഭാവികമായുള്ളത് എന്ന് അർത്ഥം), അല്ലെങ്കിൽ അതിന്റെ വകഭേദങ്ങൾ ആയിരുന്നു. സംസ്കൃതം സമ്പന്നരും വിദ്യാഭ്യാസം നേടിയവരുമായ വർഗ്ഗങ്ങളുടേതു മാത്രമായി. ഉയർന്ന ജാതികളേയും, പിന്നീട് ബ്രാഹ്മണരേയും പൂജാരിമാരേയും മാത്രമായി അതു പഠിപ്പിച്ചു. താണ ജാതിക്കാരായ വിദ്യാർത്ഥികൾക്ക് സംസ്കൃതപഠനം നിഷേധിക്കുക പോലുമുണ്ടായി. അങ്ങനെ, ഉന്നതജാതിയുടെ, അതായത് ബ്രാഹ്മണരുടെ മാത്രം താൽപ്പര്യം സംരക്ഷിക്കുന്നതായി അതു മാറി. വാസ്തവത്തിൽ സംസ്കൃതമൊരിക്കലും ഈ നാട്ടിലെ ജനങ്ങളുടെ ഭാഷയായിരുന്നില്ല. മഹാനായ വേദാന്തി വിവേകാനന്ദന്റെ വാക്കുകളിൽ: ''നമ്മുടെ രാജ്യത്ത്, പുരാതനകാലം മുതൽക്കേ എല്ലാ പഠനവും സംസ്കൃതത്തിലായതിനാൽ, വമ്പിച്ച ഒരു വിടവാണ് അറിവുള്ളവരുടേയും സാധാരണക്കാരുടേയും ഇടയിൽ ഉയർന്നിട്ടുള്ളത്. ''(സമ്പൂർണ്ണ കൃതികൾ – വോളിയം 6)

സംസ്കൃതത്തിന് തന്റെ സ്ഥാനം നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ, അതിനു കാരണം, അത് കൂടുതൽ ചെറിയ ജനവിഭാഗങ്ങളിലേക്ക് പരിമിതപ്പെടുകയും അതിന്റെ ഉപയോഗം കൂടുതലും ദൈവികാരാധനയ്ക്ക് മാത്രമായി ചുരുക്കപ്പെടുകയും ചെയ്തു എന്നതിനാലാണ്. സന്യാസകവികളായ കബീർ, തുളസീദാസ് തുടങ്ങിയവരുടെ നേതൃത്വത്തിലുണ്ടായ ഭക്തിപ്രസ്ഥാനം, അന്നത്തെ ഹിന്ദുമതത്തിൽ നിലനിന്ന അനാചാരങ്ങൾക്കും ജാതിവ്യവസ്ഥക്കും എതിരേ മാത്രമല്ല, ഉന്നതജാതികളും, പൂജാരിമാരും ഇത്തരത്തിൽ സംസ്കൃതഭാഷ ഉപയോഗിക്കുന്നതിനെതിരേയുള്ള പ്രതികരണത്തിൽ നിന്ന് ഉൽഭവിച്ചതു കൂടിയായിരുന്നു. കബീർ തന്റെ *ദോഹെ* ബ്രജ് ഭാഷയിലെഴുതി, തുളസീദാസ് ബ്രജിലും അവധിയിലും, തുക്കാറാമും നാംദേവും മറാത്തിയിൽ, നാനാക് ഗുരുമുഖിയിൽ. സ്വന്തമായി ലിപിയില്ലാത്ത പല ഗോത്രഭാഷകൾ പോലും ആശയവിനിമയോപാധിയെന്ന നിലയിൽ നിലനിന്നപ്പോൾ സംസ്കൃതമാകട്ടെ, കൂടുതൽ ഇടുങ്ങിയ സ്ഥാനങ്ങളിലേക്ക് ചുരുങ്ങുകയായിരുന്നു. നിലവിൽ, രാജ്യത്തോ ലോകത്തെവിടെയുമോ, സംസ്കൃതഭാഷ ഒരു ജനസമൂഹത്തിന്റെയും സംസാരഭാഷയല്ല.

രണ്ടാമതായി, ചില വിദഗ്ദർ അവകാശപ്പെടുന്നതുപോലെ ഭാഷാശാസ്ത്രത്തിലും, കാവ്യങ്ങളിലും, ഗണിതത്തിലുമൊക്കെ ശ്രദ്ധേയമായ കൃതികൾ പുരാതനകാലത്ത് ഇവിടെ സംസ്കൃതത്തിൽ എഴുതപ്പെട്ടിരുന്നു എന്നത് വാസ്തവമാണ്. പക്ഷേ, അവ നിലനിന്ന ബന്ധപ്പെട്ട കാലയളവിലെ, അതായത് ഫ്യൂഡൽ സമൂഹത്തിലെ, ചിന്തയും വിജ്ഞാനവുമാണ് അതെല്ലാം പകരുന്നത്. കുറ്റമറ്റ വ്യാകരണം, മികച്ച കാവ്യകൃതികൾ സൃഷ്ടിക്കുവാനുള്ള പ്രാപ്തി, പര്യായപദങ്ങളുടേയും അലങ്കാരങ്ങളുടേയും സമ്പത്ത്, ഇതൊക്കെയുണ്ടായിട്ടും, കാലാനുസൃതമായി സാമൂഹികശാസ്ത്രവും തത്വചിന്തയുമുൾപ്പടെ ശാസ്ത്രം പോലുള്ള ആധുനികവിഷയങ്ങളിലെ വിജ്ഞാനം ആർജ്ജിക്കുവാനുള്ള യോജിച്ച മാദ്ധ്യമമായി മാറാൻ, സംസ്കൃതഭാഷക്കു കഴിയുന്നില്ല. അങ്ങനെ സംസ്കൃതത്തിന്റെ വിപുലമായ സംഭാവനകൾ അതിന്റെ പരിണാമത്തെക്കുറിച്ചുള്ള ഗവേഷണത്തിൽ താൽപ്പര്യമുണർത്താവുന്നതാണ്. തീർച്ചയായും പണ്ഡിതോചിതമായി സംരക്ഷിക്കപ്പെടാൻ ഏറ്റവും പരിഗണിക്കപ്പെടേണ്ട ഒന്നാണ് സംസ്കൃതം, അല്ലാതെ കുറച്ചു വർഷങ്ങൾക്കായി സ്കൂളുകളിൽ ഉൾക്കൊള്ളിക്കാനുള്ളതല്ല. ഇക്കാലത്തെ ഉൽപ്പാദനപ്രക്രിയകളെ, അത് ഭൗതികപരമാകട്ടെ അഥവാ ധിഷണാപരമാകട്ടെ, ഒരു രീതിയിലും വർദ്ധിപ്പിക്കാൻ അതിനു കഴിയില്ല. മാത്രവുമല്ല, സംസ്കൃതത്തിലുള്ള പ്രാവീണ്യം ഒരു വിദ്യാർത്ഥിക്ക് ഇന്നത്തെ വിശാലവും വൈവിധ്യപൂർണ്ണവുമായ തൊഴിൽക്കമ്പോളത്തിൽ യാതൊരു മെച്ചവും നൽകുന്നില്ല.

'സംസ്കൃതം ഗ്രീക്കിനേക്കാൾ കുറ്റമറ്റതാണ്', 'ലാറ്റിനേക്കാൾ ബഹുലമാണ്', 'ഈ രണ്ടു ഭാഷകളേക്കാളും വൈശിഷ്ട്യമാർന്ന തരത്തിൽ സംസ്കരിക്കപ്പെട്ടതാണ്' എന്നൊക്കെയുള്ള അവകാശങ്ങൾ സത്യമാണ്. സംസ്കൃതത്തെ ലോകത്തിലെ ഏറ്റവും സുദൃഢഘടനയോടു കൂടിയ ഭാഷയായിട്ടാണ് കണക്കാക്കുന്നത്. നിശ്ചിതമായ നിയമസമുച്ചയത്താൽ (പാണിനീയ സംസ്കൃത വ്യാകരണമനുസരിച്ച് 3959 നിയമങ്ങൾ വരെ), നിയന്ത്രിക്കപ്പെടുന്ന ഒരു ''പശ്ചാത്തല-സ്വതന്ത്ര വ്യാകരണം''(context free grammar) ആണ് ഈ ഭാഷയുടെ സവിശേഷത. ലോകത്തെതന്നെ ഏറ്റവും ആദ്യത്തെ ഭാഷാശാസ്ത്രപരവും സ്വരശാസ്ത്രപരവുമായ കൃതികളിലൊന്നായാണ് പാണിനിയുടെ രചനയെ അംഗീകരിക്കുന്നത്. അതിലെ വിപുലവും യുക്തിഭദ്രവുമായ വ്യാകരണം, മിക്ക ആധുനിക ഭാഷാശാസ്ത്രപഠനങ്ങൾക്കും അടിത്തറ നൽകുന്നു. എന്നിരുന്നാലും, കുറച്ചു വർഷങ്ങൾ സ്കൂളിൽ സംസ്കൃതം പഠിക്കുന്നത് വിദ്യാർത്ഥികൾക്ക് ചിലപ്പോൾ നല്ല മാർക്കു വാങ്ങാൻ സഹായിക്കാമെന്നല്ലാതെ, ഈ ഭാഷയുടെ വ്യാകരണത്തിന്റെ ബാഹുല്യത്തിലേക്ക് ഒരു എത്തിനോട്ടം പോലും നടത്താൻ അവർക്കു സാധിക്കണമെന്നില്ല. അതു ചെയ്യാതെ, അതിന്റെ സമ്പന്നമായ സാഹിത്യത്തെ ആസ്വദിക്കാനും സാധിക്കുകയില്ല.

രാജാ റാംമോഹൻ റോയിയേയും ഈശ്വർചന്ദ്രവിദ്യാസാഗറിനേയും പോലെ സംസ്കൃതത്തിൽ അഗാധപാണ്ഡിത്യമുള്ളവർ ഈ വിഷയത്തിൽ തങ്ങളുടെ കൃത്യമായ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടും, വീണ്ടും ചോദ്യങ്ങൾ ഉയർത്തുന്നത് തികച്ചും നിർഭാഗ്യകരമാണ്. ഏകദേശം 200 വർഷങ്ങൾക്കു മുമ്പേ റാം മോഹൻ (1823 ഡിസംബറിൽ), ആംഹേർസ്റ്റ് പ്രഭുവിനുള്ള എഴുത്തിൽ വ്യക്തമായി പ്രസ്താവിച്ചു: ''... ഹിന്ദു പണ്ഡിറ്റുകൾക്കു കീഴിലുള്ള സംസ്കൃതപാഠശാല... ഈ വൈദികപാഠശാല (ബേക്കൺ പ്രഭുവിന്റെ കാലത്തിനു മുമ്പ് യൂറോപ്പിൽ നിലനിന്നതിന്റെ സമാനസ്വഭാവത്തിലുള്ളത്) യുവമനസ്സുകളിൽ, വ്യാകരണഭംഗികളും സമൂഹത്തിനോ ഉടമസ്ഥർക്കോ പ്രായോഗിക ഉപയോഗങ്ങൾ ഒന്നും നൽകാത്ത അതിഭൗതികവിശേഷതകളും മാത്രം നിറക്കുമെന്നേ പ്രതീക്ഷിക്കാൻ കഴിയൂ. അവിടെയുള്ള കുട്ടികൾ രണ്ടായിരം വർഷങ്ങൾക്കു മുമ്പുള്ള കാര്യങ്ങൾ, അനുമാനതത്പരരായ മനുഷ്യർ നിർമ്മിക്കുന്ന, നിരർത്ഥകമായ സൂക്ഷ്മവിവേചനങ്ങളുടെ കൂട്ടിച്ചേർക്കലുകളോടെ നേടുന്നു. ഇങ്ങനെ തന്നെ പൊതുവിൽ ഇന്ത്യയുടെ എല്ലാഭാഗത്തും പഠിപ്പിക്കപ്പെടുന്നു.''

'സംസ്കൃതഭാഷ അതികഠിനമാണ്, കാരണം അതിന്റെ പൂർണ്ണമായ ആർജ്ജിച്ചെടുക്കലിന് ഏതാണ്ട് ഒരു മനുഷ്യായുസ്സു തന്നെ ആവശ്യമാണ്. കാലങ്ങളായി, അറിവിന്റെ വ്യാപനത്തിനു മേലുള്ള ഖേദകരമായ തടയണയായിരുന്നു അതെന്നത് പ്രസിദ്ധമാണ്. ഈ അഭേദ്യമായ ആവരണത്തിനുള്ളിൽ ഒളിപ്പിച്ചു വെച്ചിരിക്കുന്ന ജ്ഞാനം, അതു നേടിയെടുക്കാനുള്ള പ്രയത്നത്തെ സാധൂകരിക്കുന്നതല്ല.'

തന്റെ കാലത്ത്, മുൻനിരയിലുണ്ടായിരുന്ന മറ്റൊരു സംസ്കൃതപണ്ഡിതനും, കൽക്കത്ത സംസ്കൃതകോളേജിന്റെ പ്രിൻസിപ്പലുമായിരുന്ന വിദ്യാസാഗർ, അന്നത്തെ വിദ്യാഭ്യാസ കൗൺസിലിന്റെ സെക്രട്ടറിയായിരുന്ന ഡോക്ടർ മൗവത്തിനോട് (1853 ഒക്ടോബർ) തന്റെ പദ്ധതി വ്യക്തമായി വിശദീകരിച്ചുകൊണ്ട് എഴുതിയിരുന്നു: "നാട്ടുഭാഷയിൽ പൂർണ്ണമായ വൈദഗ്ദ്യം നേടുകയെന്ന മുഖ്യ ഉദ്ദേശത്തോടെ സംസ്കൃതം പഠിപ്പിക്കാൻ എനിക്കു വിട്ടുതരിക. ഇതോടൊപ്പം, ഇംഗ്ലീഷ് ഭാഷയുപയോഗിച്ച് ഉറച്ച വിജ്ഞാനം നേടുന്നത് ഞാൻ കൂട്ടിച്ചേർക്കട്ടെ. അങ്ങനെയെങ്കിൽ എനിക്ക് ഉറപ്പു തരാൻ കഴിയും, ഏതാനും വർഷങ്ങൾക്കുള്ളിൽത്തന്നെ, തങ്ങളുടെ രചനകളാലും അദ്ധ്യാപനത്താലും ജനങ്ങൾക്കിടയിൽ കൃത്യമായ വിവരങ്ങൾ പ്രചരിപ്പിക്കാൻ സാധിക്കുന്ന, യുവാക്കളുടെ ഒരു സംഘത്തെ സൃഷ്ടിക്കുവാൻ അതെന്നെ പ്രാപ്തനാക്കും.'' കൂടാതെ, അങ്ങനെയുള്ള സംസ്കൃത അദ്ധ്യാപനത്തിനായി, വിദ്യാർത്ഥികൾക്ക് കാഠിന്യം കുറഞ്ഞ പ്രയത്നത്തിലൂടെ, എളുപ്പത്തിൽ പഠിക്കുവാൻ സഹായിക്കുന്ന സംസ്കൃത വ്യാകരണം രചിക്കുവാൻ അദ്ദേഹം സ്വയം സന്നദ്ധനായി. ഇതിനു പുറമേ, സംസ്കൃതകോളേജിനായി അദ്ദേഹം ചിട്ടപ്പെടുത്തിയ പാഠ്യപദ്ധതിയിൽ ഇങ്ങനെ കൂട്ടിച്ചേർത്തു (സംസ്കൃതകോളേജിന്മേലുള്ള കുറിപ്പുകൾ: 1852) : ''ഗണിതശാസ്ത്രം സംസ്കൃതത്തിൽ പഠിപ്പിക്കുന്നത് അവസാനിപ്പിക്കണം... ആ പരിശ്രമം ഇംഗ്ലീഷ് ഭാഷയിലാകണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. കാരണം, ഇതിലൂടെ ഈ വിഷയത്തിൽ സംസ്കൃതഭാഷയിൽ ലഭ്യമായ അറിവിന്റെ ഇരട്ടിയിലുമധികം വിവരങ്ങൾ, ഒരു ബുദ്ധിമാനായ വിദ്യാർത്ഥിക്ക് പകുതിയിലും താഴെ സമയം കൊണ്ടു നേടാൻ സാധിക്കും.''

വിവേകാനന്ദൻ പോലും വ്യക്തമായി അഭിപ്രായപ്പെട്ടിട്ടുണ്ട്: ''സംസ്കൃതഭാഷ അതിഗഹനമാണ്. വേദങ്ങളിലെ സംസ്കൃതം അതിപ്രാചീനവും, സംസ്കൃതഭാഷാശാസ്ത്രം തികച്ചും സമ്പൂർണ്ണവുമാണ്. അതുകൊണ്ട്, ഒരു വാക്കിന്റെ അർത്ഥത്തെ സംബന്ധിച്ച് ഏതളവു വരെയും, എത്ര കാലം വരെ വേണമെങ്കിലും സംവാദം നടത്താൻ സാധിക്കും. ഒരു പണ്ഡിതനു വേണമെന്നു തോന്നിയാൽ, ആരുടെയെങ്കിലും ജൽപ്പനങ്ങൾ

(ശേഷം 6-ാം പേജിൽ)

# വിദ്യാഭ്യാസത്തിനുമേലുള്ള കടന്നാക്രമണങ്ങളെ ചെറുക്കുക

## ജർമ്മൻ –സംസ്കൃത വിവാദം

*(5-ാം പേജിൽ നിന്ന്)*

പോലും, വാദപ്രതിവാദങ്ങളുടെ ശക്തിയും മൂലഗ്രന്ഥങ്ങളുടെയും നിയമങ്ങളുടെയും ഉദ്ധരണികളും ഉപയോഗിച്ച്, ശരിയായ സംസ്കൃതമെന്ന് സ്ഥാപിക്കാൻ കഴിയും.'' (സമ്പൂർണ്ണ കൃതികൾ: വോളിയം 3)

പൊതുവിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള വസ്തുതയാണ്, ഒരു ഭാഷ മനുഷ്യചരിത്രത്തിൽ പ്രത്യക്ഷപ്പെടുന്നത് ജീവിതത്തിന്റെയും സമൂഹത്തിന്റെയും ആവശ്യകതകളിൽ നിന്നാണ്, ചിന്തകൾക്കുള്ള ഉപാധിയായി, ഏതൊരു കാലത്തേയും ചിന്തയും വിജ്ഞാനവും പ്രകാശിപ്പിക്കുവാനുള്ള വഴിയായി, അങ്ങനെ മറ്റുള്ളവരുമായി ആശയവിനിമയം നടത്തുവാൻ എന്നത്. വികാസത്തിന്റെ മാർഗ്ഗത്തിൽ, ആശയവിനിമയത്തിന്റെ ഉപാധിയും മാദ്ധ്യമവുമെന്ന നിലയിൽ, ഒരു ഭാഷ മറ്റു പല ഭാഷകളുമായിപ്പോലും പരസ്പരവ്യവഹാരങ്ങളിൽ ഏർപ്പെടാം. യഥാർത്ഥത്തിൽ ജീവത്തായ, ചലനാത്മകമായ, സൃഷ്ടിപരമായ ഭാഷ, ജീവിതത്തിന്റെയും വിജ്ഞാനത്തിന്റെയും വിജ്ഞാനശാസ്ത്രത്തിന്റെയും ആവശ്യകതകളെ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനായി, മറ്റു ഭാഷകളിൽ നിന്നു പോലും ഘടകങ്ങളും പ്രയോഗശൈലികളുമൊക്കെ സ്വീകരിക്കാൻ പറ്റുന്ന, കൂടുതൽ അയഞ്ഞ രൂപമാവും നേടിയെടുക്കുക. മറുവശത്ത്, ചരിത്രപരമായ കാരണങ്ങൾ കൊണ്ടുതന്നെ വലിയ വിഭാഗം ജനങ്ങൾക്കിടയിൽ കാര്യക്ഷമമായ ആശയവിനിമയത്തിനുള്ള ഉപാധിയായി നിലനിൽക്കാൻ സാധിക്കാത്ത ഭാഷ, കൂടുതൽ വഴക്കവും സ്വീകാര്യതയും നേടുന്നതിന് സ്വയം തടസ്സം സൃഷ്ടിക്കുകയും, അങ്ങനെ ക്രമേണ ക്ഷയിച്ച് നിഷ്ക്രിയമാകുകയും ചെയ്യുന്നു. നിരവധി ആധുനികഭാഷകൾക്കു ജന്മം നൽകിയ, വളരെ സമ്പന്നമായ ശ്രേഷ്ഠഭാഷകൾ പോലും ഈ വസ്തുതക്കുള്ള പ്രത്യക്ഷ ഉദാഹരണങ്ങൾ നൽകുന്നു. (ഉദാഹരണത്തിന് ലാറ്റിൻ)

ഇതിനുപുറമേ, പൊതുവേ അംഗീകരിക്കപ്പെട്ട മറ്റൊരു വസ്തുതയാണ്, ആധുനിക ജീവിതത്തിന്റെയും സംസ്ക്കാരത്തിന്റെയും വികാസത്തോടൊപ്പം മനുഷ്യരാശിയുടെ വിജ്ഞാനമണ്ഡലവും അനുഭവജ്ഞാനവും ആശ്ചര്യകരമാംവിധം വർദ്ധിച്ചു എന്നത്. പുതിയ പുതിയ ജീവിതപ്രശ്നങ്ങൾ പരിഹരിക്കുകയും, ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ കണ്ടെത്തുകയും ചെയ്യുന്നതിലൂടെ, മാനവരാശി നിരന്തരം പുതിയ പുതിയ സാഹചര്യങ്ങളെ മുഖാമുഖം കാണുകയാണ്. അപ്പോൾ നിലനിൽക്കുവാനും വികസിക്കുവാനും, ആധുനികഭാഷകൾ അങ്ങനെയുള്ള പുതിയ സാഹചര്യങ്ങളെ ശ്രദ്ധിക്കുകയും ഉൾക്കൊള്ളുകയും വേണം. നിശ്ചിതമായ നിയമസമുച്ചയത്തിന്റെ ചട്ടക്കൂടിനകത്ത്, ഒരു പശ്ചാത്തലസ്വതന്ത്ര വ്യാകരണം, യഥാർത്ഥത്തിൽ ഭാഷയെ ചങ്ങലയിൽ തളച്ചിട്ട്, സമകാലിക ലോകത്തിൽ അതിനെ ശ്രേഷ്ഠമാക്കുന്നതിനു പകരം ആത്യന്തികമായി നിർജ്ജീവമാക്കുകയാണ്. ഇവിടെ വീണ്ടും കാലത്തിന്റെയും യുക്തിയുടേയും പരീക്ഷയിൽ സംസ്കൃതം പരാജയപ്പെടുന്നു.

ആധുനികലോകത്തിലേക്ക് മുന്നോട്ടു നോക്കേണ്ടതിനു പകരം, വേദ-വേദാന്ത ഭൂതകാലത്തിലേക്ക് പിന്തിരിഞ്ഞു നടത്താനാണ് സംസ്കൃതവിദ്യാഭ്യാസം കൈപിടിച്ചു നീങ്ങുന്നത്. ഇത് റാംമോഹനേയും വിദ്യാസാഗറിനേയും പോലുള്ള വ്യക്തികൾക്ക്, അവർ സ്വന്തം നിലയിൽ അവരുടെ കാലത്ത് അംഗീകരിക്കപ്പെട്ട സംസ്കൃതപണ്ഡിതരാണെങ്കിൽ കൂടിയും, വ്യക്തമായിരുന്നു. അങ്ങനെ, ഈ ഇരുപത്തൊന്നാം നൂറ്റാണ്ടിൽ ബിജെപി-ആർഎസ്എസ് കൂട്ടുകെട്ട് വൈദിക സംസ്കൃതിയുടെ ഗതകാലപ്രതാപത്തിന്റെ പുനരുത്ഥാനമാണ് ഇന്നത്തെ ഏറ്റവും വലിയ പ്രശ്നമെന്നു സ്ഥാപിക്കാൻ വക്കാലത്തെടുക്കുമ്പോൾ, പത്തൊമ്പതാം നൂറ്റാണ്ടിൽ റാംമോഹൻ അഭിപ്രായപ്പെട്ടത് ഇങ്ങനെയായിരുന്നു: ''വൈദികസിദ്ധാന്തങ്ങളനുസരിച്ച് യുവാക്കൾ ഒരിക്കലും സമൂഹത്തിലെ മികച്ച അംഗങ്ങളാകില്ല. ആ സിദ്ധാന്തങ്ങൾ അവരെ പഠിപ്പിക്കുന്നത്, കണ്ണുകൊണ്ടു കാണാവുന്ന വസ്തുക്കൾക്കൊന്നും യഥാർത്ഥത്തിൽ നിലനിൽപ്പില്ല എന്നു വിശ്വസിക്കാനാണ്; പിതാവ്, സഹോദരൻ തുടങ്ങിയ ബന്ധങ്ങൾക്കൊന്നും യഥാർത്ഥത്തിൽ പൂർണ്ണതയില്ല, അതുകൊണ്ടു തന്നെ അവ യഥാർത്ഥ സ്നേഹവാൽസല്യങ്ങൾ അർഹിക്കുന്നില്ല. അതിനാൽ എത്രയുംവേഗം അതിൽ നിന്നെല്ലാം മുക്തിനേടി, ലോകത്തു നിന്നു രക്ഷനേടുന്നുവോ അത്രയും നല്ലത്... ഈ രാജ്യത്തെ അന്ധകാരത്തിൽ നിലനിർത്താനുള്ള ഏറ്റവും നല്ല മാർഗ്ഗമാണ് സംസ്കൃതവിദ്യാഭ്യാസ സംവിധാനം.'' ഉദാരവും ജ്ഞാനദീപ്തവുമായ പഠനവ്യവസ്ഥ, ഈ നാട്ടിലെ ജനങ്ങളുടെ അഭിവൃദ്ധിക്കായി സർക്കാർ പ്രോൽസാഹിപ്പിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ഇതിനായി, ''ഗണിതശാസ്ത്രം, തത്വചിന്ത, രസതന്ത്രം, അനാട്ടമി തുടങ്ങിയ ഉപകാരപ്രദമായ ശാസ്ത്രങ്ങൾ ഉൾക്കൊള്ളുന്ന...'' സംവിധാനം റാംമോഹൻ നിർദ്ദേശിച്ചു (1823 ഡിസംബർ). ഏതാനും ദശകങ്ങൾക്കു ശേഷം (സെപ്റ്റംബർ 1853), ഡോ. മൗവത്തിനുള്ള കത്തിൽ വിദ്യാസാഗറും കൂട്ടിച്ചേർത്തു. ''ചില പ്രത്യേക കാരണങ്ങളാൽ... വേദാന്തവും സാംഖ്യവും സംസ്കൃതകോളേജിൽ പഠിപ്പിക്കുന്നതു തുടരാൻ ഞങ്ങൾ കടപ്പെട്ടിരിക്കുന്നു. സാംഖ്യവും വേദാന്തവും തെറ്റായ തത്വചിന്താപദ്ധതികളാണെന്നതിൽ ഇന്ന് യാതൊരു തർക്കവുമില്ല. സംസ്കൃത പാഠ്യക്രമത്തിൽ ഇതു പഠിപ്പിക്കുമ്പോൾത്തന്നെ, ഇംഗ്ലീഷ് പാഠ്യക്രമത്തിൽ ശക്തമായ തത്വചിന്തകൾ അവതരിപ്പിച്ച് ഇത്തരം സ്വാധീനങ്ങൾക്കുള്ള പ്രതിപ്രവർത്തനം നടത്തണം.''

**സംസ്കൃതവും മതവും: ഇപ്പോളത്തെ നീക്കത്തിന്റെ ഏറ്റവും ഭീതിദമായ സൂചന**

ഇന്ന് സംസ്കൃതം പഠിപ്പിക്കുന്നതുമായി ബന്ധപ്പെട്ട ചോദ്യം ഉയരുകയും, അതും സ്ക്കൂളുകളിലെ നിർബന്ധിതവിഷയമായി ഉയർത്തിക്കൊണ്ടുവരുമ്പോൾ, മുകളിൽ പറഞ്ഞ വിഷയങ്ങൾക്കു പുറമേ, ഈ നീക്കവുമായി ബന്ധപ്പെട്ട ചില പ്രധാനപ്പെട്ട സംഗതികൾ കൂടി ശരിയായി കണക്കിലെടുക്കേണ്ടതുണ്ട്. സംസ്കൃതം, അതിന്റെ പ്രതാപകാലം മുതൽക്കുതന്നെ ഹിന്ദുമതവുമായും അതിന്റെ ആചാരങ്ങളുമായും അതിനോടു കൂടിച്ചേർന്ന, സങ്കുചിതചിന്തയിലേക്കു നയിക്കുന്ന പ്രതാപവുമെല്ലാമായും ചേർന്നായിരുന്നു തിരിച്ചറിയപ്പെട്ടത്. സ്വാഭാവികമായും, ഹിന്ദുമതവിശ്വാസികളല്ലാത്ത വിദ്യാർത്ഥികളെ സംസ്കൃതം പഠിക്കാൻ നിർബന്ധിതരാക്കിയാൽ, അത് തീർച്ചയായും അമർഷമുണ്ടാക്കുകയും, വിവിധ മതവിഭാഗങ്ങൾ തമ്മിൽ അനാവശ്യമായ സ്പർധകൾ വളർത്തുകയും ചെയ്യും. ഇതിനോടകം തന്നെ, സൂര്യപ്രണാമം - സൂര്യദേവനോടുള്ള പ്രാർത്ഥന, സ്ക്കൂളുകളിൽ നിർബന്ധിതമാക്കിയത് അവിടുത്തെ അന്തരീക്ഷത്തെ ദുഷിപ്പിച്ചിരിക്കുന്നു. മാത്രവുമല്ല, മതേതരവിദ്യാഭ്യാസം അർത്ഥശങ്കക്കിടയില്ലാതെ ആവശ്യപ്പെടുന്നത്, മതവുമായി ബന്ധപ്പെട്ട ഏതുതരത്തിലുള്ള ഉള്ളടക്കത്തിലും പ്രവൃത്തിയിലും നിന്നും പരിപൂർണ്ണമായും മുക്തമായിരിക്കണം വിദ്യാഭ്യാസം എന്നതാണ്. അതുകൊണ്ടുതന്നെ, ആധുനിക ഇന്ത്യൻ ഭാഷകൾക്കോ യൂറോപ്പ്യൻ ഭാഷകൾക്കോ പകരം സംസ്കൃതം അടിച്ചേൽപ്പിക്കുന്നത്, വിദ്യാഭ്യാസത്തിന്റെ താൽപ്പര്യങ്ങളെ ദോഷകരമായി ബാധിക്കുക മാത്രമല്ല ചെയ്യുക. സമൂഹത്തിലും ആപത്തുണ്ടാക്കുകയെന്നതാകും അതിന്റെ പരിണതഫലം.

ഈ നീക്കം, സ്ക്കൂളുകളിലെ നിർബന്ധിത ഭാഷാപഠനവുമായി ബന്ധപ്പെട്ട നിരുപദ്രവമായ ഒരു ഗതിമാറ്റനീക്കം മാത്രമായി ഒതുങ്ങില്ല. അതിലും എത്രയോ അപകടകരമായ സൂചനകളാണ് അതു നൽകുന്നത്. തങ്ങളുടെ അധാർമ്മികമായ കാവിവൽക്കരണ പരിപാടിയിലൂടെ, ഈ രാജ്യത്ത് ഏതെങ്കിലും അളവിൽ ഇന്ന് നിലനിൽക്കുന്ന ശാസ്ത്രീയ-മതേതര-ജനാധിപത്യ വിദ്യാഭ്യാസത്തിന്റെ അടിത്തറയിളക്കാനാണ് ബിജെപി-ആർഎസ്എസ് കൂട്ടുകെട്ട് ശ്രമിക്കുന്നതെന്ന് ഞങ്ങൾ ചൂണ്ടിക്കാട്ടിയിരുന്നു. സർവ്വസംഹാരിയായ തീക്കുണ്ഡത്തിലേക്ക് ഇന്ധനം പകരുകയാണ് ഈ സംസ്കൃത വിഷയം. പോരാത്തതിന്, ദേശീയ പാരമ്പര്യത്തിന്റെയും പൗരാണികപ്രതാപത്തിന്റെ പുനരുത്ഥാനത്തിന്റെയും പേരിൽ ബിജെപി-ആർഎസ്എസ് കൂട്ടുകെട്ട് എല്ലാ തരത്തിലുമുള്ള പഴഞ്ചൻ, പിന്തിരിപ്പൻ ആശയങ്ങളും പ്രചരിപ്പിക്കുകയാണ്. ഇതിലൂടെ, മനസ്സിന്റെ ശാസ്ത്രാഭിമുഖ്യവും ജനാധിപത്യമൂല്യങ്ങളും തകർത്ത്, സാംസ്കാരികരംഗത്ത് ഫാസിസ്റ്റ്വൽക്കരണം നടപ്പാക്കുകയെന്നതാണ് ഉദ്ദേശം. അതേ സമയം തന്നെ, അവർ ദേശീയ പാരമ്പര്യത്തേയും അഭിമാനബോധത്തെയും കുറിച്ചുള്ള വീക്ഷണത്തെ വളച്ചൊടിച്ച് അവതരിപ്പിച്ച്, അതു വഴി, ജീവിതത്തെക്കുറിച്ചുള്ള ആധുനിക ശാസ്ത്രീയ വീക്ഷണത്തേയും സമീപനത്തേയും എതിർക്കുകയും ചെയ്യുന്നു. പോരാത്തതിന്, കഴിഞ്ഞകാലത്തെ മഹദ്വ്യക്തിത്വങ്ങളായ റാംമോഹനേയും വിദ്യാസാഗറിനേയും പോലെ, തങ്ങളുടെ ജീവിതകാലത്ത്, ഇന്നത്തെ ആധുനിക ഇന്ത്യൻ രാഷ്ട്രം കെട്ടിപ്പടുക്കാനായി പൊരുതിയവരെ, ഇവിടുത്തെ സംസ്കൃതവിദ്യാഭ്യാസ സംവിധാനം തകർത്തതിന്റെ ഉത്തരവാദികളായി ചിത്രീകരിക്കുകയും ചെയ്യുന്നു. കൂസലില്ലാതെ, പകരം ധാർഷ്ട്യത്തോടെ, ഒന്നിനു പിറകേ ഒന്നായി പുതിയ നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നു. ഏറ്റവും ഒടുവിലത്തെ നിർദ്ദേശം ഭഗവദ് ഗീതയെ ദേശീയ ഗ്രന്ഥമാക്കണമെന്നാണ്. വിദ്യാർത്ഥികളെ, ജലവിഭവങ്ങൾ കൈകാര്യം ചെയ്യുന്നതിലെ പ്രശ്നങ്ങളെക്കുറിച്ചു ബോധവാന്മാരാക്കാനെന്ന പേരിൽ, വേദഗ്രന്ഥങ്ങൾ സ്ക്കൂൾ സിലബസിൽ ഉൾപ്പെടുത്തണമെന്നതാണ് മറ്റൊരു നിർദ്ദേശം. ഡിസംബർ 25 ക്രിസ്തുമസ് ദിനമായി ആചരിക്കുന്നതിനു പകരം, ഏ. ബി. വാജ്പേയിയുടേയും മദൻ മോഹൻ മാളവ്യയുടേയും ജന്മദിനമെന്ന നിലയിൽ സദ്ഭരണദിനമായി ആചരിക്കണമെന്ന് മാനവവിഭവശേഷി മന്ത്രാലയം സർക്കുലർ ഇറക്കുകയുമുണ്ടായി. ഇതെല്ലാം നീചമായ ഒരു പദ്ധതിയുടെ പ്രത്യക്ഷമായ ഉദാഹരണങ്ങളാണ്. അടുത്തിടെ അതീവശ്രദ്ധയോടെ ആസൂത്രണം ചെയ്യപ്പെട്ട, ആഗ്രയിലെ മുസ്ലീങ്ങളുടേയും ക്രിസ്ത്യാനികളുടേയും ബലം പ്രയോഗിച്ചുള്ള പുനഃമതപരിവർത്തനത്തിന്റെ പ്രവർത്തനം, മറ്റൊരു ഹീനമായ ഉദ്യമമായിരുന്നു. ഇതെല്ലാം കാണിക്കുന്നത്, എല്ലാം മറന്നുള്ള തീവ്രമായ ആക്രമണത്തിനായി കാവിപ്പട പുറത്തിറങ്ങിയിരിക്കുന്നു എന്നതാണ്. ഇതോടൊപ്പം ബിജെപി-ആർഎസ്എസ് കൂട്ടുകെട്ട് ഭൂരിപക്ഷ സമുദായത്തിന്റെ മതവികാരങ്ങളെ ആളിക്കത്തിക്കുകയാണ്. അതിലൂടെ വർഗ്ഗീയവികാരങ്ങൾ ഇളക്കിവിടുകയും സഹോദരസമുദായങ്ങൾക്കിടയിൽ കലഹം സൃഷ്ടിക്കുകയും ചെയ്യുന്നു. പക്ഷേ, ഇതവർ ഹിന്ദുമതത്തോടോ സംസ്കൃതഭാഷയോടോ ഉള്ള സ്നേഹം കൊണ്ടോ, മറ്റേതെങ്കിലും ആത്മാർത്ഥവും കുലീനവുമായ കാരണം കൊണ്ടോ അല്ല ചെയ്യുന്നത്. എല്ലാ ജനങ്ങൾക്കും മികച്ച വിദ്യാഭ്യാസം നൽകാനുള്ള ആഗ്രഹം കൊണ്ടുമല്ല. കോൺഗ്രസ് സർക്കാരുകൾ നിരന്തരം നടത്തിയ പരിഷ്കാരങ്ങളിലൂടെ, വിദ്യാഭ്യാസമേഖലയിൽ വിനാശകരമായ വെട്ടിച്ചുരുക്കലുകളും വിപുലമായ കച്ചവടവൽക്കരണവും നടത്തി, സാധാരണക്കാരനു ലഭിക്കേണ്ട ഏറ്റവും കുറഞ്ഞ മാന്യമായ വിദ്യാഭ്യാസം പോലും അവനിൽ നിന്നും തട്ടിയെടുത്തു. വിദ്യാഭ്യാസമേഖലയെ ബാധിച്ച ഇത്തരം രോഗങ്ങളിൽ നിന്നും മുക്തി നൽകുക എന്ന സദുദ്ദേശത്തോടെയുമല്ല ഇപ്പോഴത്തെ നിർദ്ദേശങ്ങൾ. ഭാരതീയ നവോത്ഥാനത്തിന്റെ മുന്നണിപ്പോരാളികൾ നടത്തിയ സുദീർഘവും കഠിനവുമായ സമരങ്ങൾക്കൊടുവിൽ, ഇവിടെ വികസിച്ചുവന്ന യഥാർത്ഥ ശാസ്ത്രീയ മതേതര വിദ്യാഭ്യാസമുണ്ട്. അതിനു മാത്രം നൽകാൻ സാധിക്കുന്ന, ഈ കാലത്തിന്റെ ഏറ്റവും ഉന്നതമായ വിജ്ഞാനം, അതു നീക്കം ചെയ്യപ്പെട്ട വിദ്യാഭ്യാസം മാത്രമാണ്, ഇന്ന് വിദ്യാഭ്യാസം നേടാൻ കഴിയുന്ന ഉന്നത വിഭാഗക്കാർക്കു പോലും നൽകാൻ കാവിപ്പട ശ്രമിക്കുന്നത്. ഈ കാവിവൽക്കരിക്കപ്പെട്ട വിദ്യാഭ്യാസം, നേരത്തേ പരാമർശിച്ചതുപോലെ, യുക്തി തൊട്ടുതീണ്ടിയിട്ടില്ലാത്ത, പിന്തിരിപ്പൻ അന്ധവിശ്വാസങ്ങളിൽ അധിഷ്ഠിതമാണ്. അങ്ങനെ രാജ്യത്തിലെ ഭാവിതലമുറയെ, പുരോഗതിയിലേക്കു നയിക്കുന്ന വിജ്ഞാനം കൊണ്ടു ശക്തരാക്കുന്നതിനു പകരം, നമ്മൾ പിന്നിലുപേക്ഷിച്ചു പോയതെന്തോ അതിലേക്ക് വലിച്ചുകൊണ്ടു പോകാൻ ശ്രമിക്കുകയാണവർ. ജനങ്ങൾക്കിടയിൽ വിനാശകരമായ പ്രഭാവം മാത്രം ഉളവാക്കുന്ന, പിന്തിരിപ്പൻ ചിന്തകൾ വിളമ്പുന്ന വിദ്യാഭ്യാസത്തിലേക്ക്. ഇത്തരം മതാധിഷ്ഠിത വിദ്യാഭ്യാസത്തിലൂടെ, ജനങ്ങൾക്കിടയിൽ നെടുകെ പിളർപ്പുണ്ടാക്കാനാണ് അവർ ശ്രമിക്കുന്നത്. ഹിന്ദുക്കളും അഹിന്ദുക്കളുമടങ്ങുന്ന അദ്ധ്വാനിച്ചു ജീവിക്കുന്ന സാധാരണജനങ്ങളുടെ ഐക്യം തകർക്കാനാണ് അവരുടെ ശ്രമം. നമ്മുടെ ജനസഞ്ചയത്തിലെ വിഭജിക്കാനാകാത്ത ഈ രണ്ടു പങ്കാളികളേയും, ഒരുപോലെ ദയയില്ലാതെ കൊള്ളയടിക്കുകയാണ്, ഈ രാജ്യത്തെ മരണാസന്നമായ, അങ്ങേയറ്റം പ്രതിസന്ധിഗ്രസ്തമായ മുതലാളിത്തസംവിധാനമെന്ന സത്യം നമുക്ക് അവഗണിക്കാൻ സാധിക്കുകയില്ല. തങ്ങളുടെ എല്ലാ അക്രമോൽസുകമായ പരിശ്രമങ്ങൾക്കുശേഷവും, ഭരിക്കുന്ന കുത്തകകൾ, തങ്ങൾ രാജ്യത്തെ കൊണ്ടുചെന്നെത്തിച്ച സർവ്വനാശകാരിയായ പ്രതിസന്ധിയിൽ നിന്നും പുറത്തുകടക്കുന്നതിൽ പരാജയപ്പെടുകയാണ്. സ്വാഭാവികമായും, ശക്തമായ പ്രതിഷേധമാണ് എല്ലാ വിഭാഗം ചൂഷിതജനങ്ങളിലും, മതം, വംശം, ഭാഷ തുടങ്ങി എല്ലാത്തരം വിഭജനങ്ങൾക്കും അതീതമായി ഉണ്ടാകുന്നത്. മുതലാളിത്തത്തിനെതിരേയുള്ള ശക്തമായ ജനകീയ വർഗ്ഗ പ്രക്ഷോഭങ്ങളായി വികസിച്ച്, അവസാനം വിപ്ലവപോരാട്ടങ്ങളിലേക്കു നയിക്കാനുള്ള പ്രവണതയുള്ളതാണ് ഈ പ്രതിഷേധം. ഭരണാധികാരികൾക്കാകട്ടെ, അടിച്ചമർത്തലിലൂടെ തങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കില്ലെന്ന് നല്ലതു പോലെ അറിയാം. പകരം താൽക്കാലിക ആശ്വാസമെന്ന നിലയിൽ, അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്കിടയിലെ ഐക്യം തകർക്കുന്നതിനുള്ള എല്ലാ നീചമാർഗ്ഗങ്ങളും അവർ കൈക്കൊള്ളുകയാണ്. അതുവഴി, ഭരണവർഗ്ഗത്തിനെതിരേ ശക്തമായ സംഘടിതപ്രക്ഷോഭങ്ങൾ വികസിപ്പിക്കാൻ സാധിക്കാതെ വരണം. വർഗ്ഗീയ ഭ്രാന്ത് ഊതിപ്പെരുപ്പിച്ചും അതിലൂടെ രാജ്യത്തെ മതേതരഘടനയെ – അത് ഏതെങ്കിലും അളവിൽ ഇപ്പോഴും നിലനിൽക്കുന്നുണ്ടെങ്കിൽ, തകർത്തും ഈ ദിശയിലേക്കു തന്നെയാണ് അവർ ലക്ഷ്യം വെക്കുന്നത്.

ഭരണവർഗ്ഗത്തിന്റെ ഏറ്റവും വിശ്വസ്തനായ സേവകനെന്ന വിശ്വാസം നേടിയെടുക്കാനായി കിണഞ്ഞു പരിശ്രമിക്കുന്ന ബിജെപി-ആർഎസ്എസ് കൂട്ടുകെട്ട്, ഇപ്പോൾ കുത്തകകളുടെ അരുമയായി മാറിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട്, ഭരിക്കുന്ന മുതലാളിവർഗ്ഗത്തിന്റെ താൽപ്പര്യങ്ങളെ സേവിക്കുവാൻ വേണ്ടി, തങ്ങളുടെ അക്രമസ്വഭാവത്തിലുള്ള കാവിവൽക്കരണ അജണ്ട പുറത്തെടുത്തിരിക്കുകയാണ് അവർ. ഒരു കൈ കൊണ്ടവർ ജനങ്ങളെ മനുഷ്യത്വം കെട്ട, യുക്തിഭദ്രമായ മനസ്സോ, ജീവിതത്തെ നേരിടാൻ ധൈര്യമോ ഇല്ലാത്ത, റോബോട്ടുകളാക്കി മാറ്റാൻ വിദ്യാഭ്യാസത്തെ ഉടച്ചുവാർക്കുന്നു. മറുകൈ കൊണ്ട്, ഭരണവർഗ്ഗത്തിന്റെ വിപ്ലവവിരുദ്ധനിലപാടിനെ മുൻനിർത്തി, മുതലാളിത്തവിരുദ്ധ വർഗ്ഗ ബഹുജന പ്രക്ഷോഭങ്ങളെ തടസ്സപ്പെടുത്താൻ നിരന്തരമായി സാമുദായിക സംഘർഷങ്ങൾ സൃഷ്ടിക്കുന്നു. ഇന്ത്യയിലെ ജനങ്ങളോട് ഞങ്ങൾ അഭ്യർത്ഥിക്കുന്നത്, വിഷം വമിക്കുന്ന ഫാസിസ്റ്റ് പ്രവണതകൾ നടത്തുന്ന ആക്രമണങ്ങളുടെ ഇത്തരം ആപത്തുകൾക്കെതിരേ ജാഗരൂകരാകുക. ഒപ്പം, ബിജെപിയുടേയും സംഘപരിവാറിന്റെയും വിഘടന വർഗ്ഗീയരാഷ്ട്രീയത്തിനെതിരെ നിശ്ചയദാർഢ്യത്തോടെ പോരാടുക. ■

# ക്രൂഡ് ഓയിലിന്റെ വിലയിടിവിന് ആനുപാതികമായി പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില ഉടൻ കുറയ്ക്കുക

**2013** ജൂലൈ മുതൽ ഇടിഞ്ഞുകൊണ്ടിരിക്കുന്ന ക്രൂഡ് ഓയിലിന്റെ വില ഒടുവിൽ ജനുവരി 8ന് ബാരലിന് 49 ഡോളറായി താഴ്ന്നിരിക്കുന്നു. കഴിഞ്ഞ 6 വർഷത്തിനിടയിലെ ഏറ്റവും കുറഞ്ഞ വിലയാണ് ക്രൂഡ് ഓയിലിന് ഇപ്പോൾ രേഖപ്പെടുത്തിയിട്ടുള്ളത്. ഇത്രയും വലിയ ഒരു വിലയിടിവ് ലോക വിപണിയിൽ ഉണ്ടായിട്ടും അതിന് ആനുപാതികമായി ഇൻഡ്യയിൽ പെട്രോളിന്റെയും ഡീസലിന്റെയും പാചകവാതകത്തിന്റെയും വില താഴ്ത്താൻ കേന്ദ്രത്തിലെ മോദി സർക്കാർ ഇനിയും തയ്യാറായിട്ടില്ല. പെട്രോളിന്റെ വില ഈ കാലയളവിൽ കുറഞ്ഞത് വെറും 8 രൂപ മാത്രമാണ്. അന്താരാഷ്ട്രവിപണിയിൽ നിന്നും വളരെ കുറഞ്ഞ വിലയ്ക്ക് ക്രൂഡ് ഓയിൽ വാങ്ങി കൊള്ളവിലയ്ക്ക് വിറ്റ് കമ്പനികളും സർക്കാരും കോടികൾ കുന്നുകൂട്ടുകയാണ്. പെട്രോളിന്റെ എക്സൈസ് നികുതി മൂന്ന് തവണ വർദ്ധിപ്പിച്ച്, കുറയുന്ന വിലയുടെ ആനുകൂല്യം ജനങ്ങൾക്ക് നൽകാതെ അതും അപഹരിക്കുകയാണ് കേന്ദ്രസർക്കാർ. സംസ്ഥാന സർക്കാരാകട്ടെ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ പെട്രോളിന്റെ വിൽപ്പന നികുതി വർദ്ധിപ്പിച്ചത് 4 തവണയാണ്.

ബാരലിന് 145 ഡോളറെന്ന ഏറ്റവും ഉയർന്ന വില ക്രൂഡ് ഓയിലിന് രേഖപ്പെടുത്തിയത് 2008 ജൂണിലായിരുന്നു. അന്ന് ഇൻഡ്യയിൽ പെട്രോളിന്റെ വില ലിറ്ററിന് 51 രൂപയായിരുന്നു. ഡീസലിന്റേത് 35 രൂപയുമായിരുന്നു. 145 ഡോളറിന്റെ സ്ഥാനത്തുനിന്ന് ഇടിഞ്ഞ് 49 ഡോളറായിട്ടും(മൂന്നിലൊന്നായി കുറഞ്ഞിട്ടും) പെട്രോളിന്റെവില 65 രൂപയും ഡീസലിന്റെ വില 56 രൂപയുമാണ്! ലോക വിപണിയിലെ വിലവർദ്ധനവ് ചൂണ്ടിക്കാട്ടി ഇക്കാലമത്രയും രാജ്യത്ത് വില വർദ്ധിപ്പിച്ചിട്ടുള്ള സർക്കാർ ഈ വിലയിടിവിനെ നാട്ടുകാരെ കൊള്ളയടിക്കാനുള്ള സന്ദർഭമായി കാണുകയാണ്. 49 ഡോളറായി ക്രൂഡ് ഓയിലിന്റെ വില താഴുമ്പോൾ ഇന്നത്തെ ഡോളർ വിനിമയനിരക്കനുസരിച്ച് ബാരലിന് (159 ലിറ്റർ) 3087 രൂപ വില നൽകിയാൽ മതി. ശുദ്ധീകരണച്ചെലവും കടത്തുകൂലിയും മറ്റെല്ലാ ചെലവും ചേർന്നാൽ ആകെ 4500 രൂപ മാത്രമേ ഒരു ബാരലിന് എണ്ണക്കമ്പിനികൾ ചെലവഴിക്കേണ്ടിവരുന്നുള്ളൂ. ഇന്നത്തെ വിപണിവില പ്രകാരം ഒരു ബാരൽ ക്രൂഡ് ഓയിൽ ശുദ്ധീകരിക്കുമ്പോൾ ലഭിക്കുന്ന 72 ലിറ്റർ പെട്രോളിന്റെയും 35 ലിറ്റർ ഡീസലിന്റെയും 61 ലിറ്റർ ബിറ്റുമിൻ അടക്കമുള്ള മറ്റ് ഘടകങ്ങളുടെയും ആകെ വില 13,000 രൂപയോളം ലഭിക്കും. അതായത് നികുതിയായും ലാഭമായും സർക്കാരും കമ്പനികളും ചേർന്ന് ഒരു ബാരൽ ക്രൂഡ് ഓയിൽ ശുദ്ധീകരിച്ച് വിൽക്കുമ്പോൾ ജനങ്ങളിൽ നിന്നും കവരുന്നത് 8500 രൂപയോളമാണ്.

| | 2002 ഏപ്രിൽ | ഇന്ന് |
|---|---|---|
| **ക്രൂഡ് ഓയിൽ**(ലോക വിപണി വില) – | 51 ഡോളർ | 49 ഡോളർ |
| **പെട്രോൾ**(ഇന്ത്യൻ വിപണി വില) | 28.27 രൂപ | 65 രൂപ |
| **ഡീസൽ**(ഇന്ത്യൻ വിപണി വില) | 18.35 രൂപ | 56 രൂപ |
| **പാചകവാതകം**(ഇന്ത്യൻ വിപണി വില) | 190.00 രൂപ | 450 രൂപ |

ഞെട്ടിപ്പിക്കുന്ന ഈ ചൂഷണത്തിന്റെ യഥാർത്ഥ മുഖം മറ്റൊരു കണക്കിലൂടെയും കാണാവുന്നതാണ്. ഒരു ബാരൽ ക്രൂഡിന്റെ വില 3087 രൂപയായി താഴ്ന്നതോടെ ഒരു ലിറ്റർ ക്രൂഡിന്റെ വാങ്ങൽ വില 19.40 രൂപയായിരിക്കുന്നു. ഒരു ലിറ്റർ പെട്രോളിന്റെ റിഫൈനിംഗ് ചെലവ് മൂലധനച്ചെലവടക്കം 4.63 രൂപയും കടത്തുകൂലിയും കമ്മീഷനും മൂന്ന് രൂപയുമായാൽ ആകെ വില 27 രൂപ. എന്നാൽ പെട്രോളിന്റെ ഇന്നത്തെ വിപണി വില ലിറ്ററിന് 65 രൂപയാണ്. അതായത് ലാഭവും നികുതിയും ചേർത്ത് എണ്ണക്കമ്പിനികളും സർക്കാരും ഒരുമിച്ച് ജനങ്ങളിൽ നിന്ന് തട്ടിയെടുക്കുന്നത് ഒരു ലിറ്ററിന് 38 രൂപ! ഈ കണക്കറ്റ ലാഭത്തിന്റെയും അതിഭീമമായ നികുതിയുടെയും സ്ഥാനത്ത് മിതമായ ലാഭവും താങ്ങാവുന്ന നികുതിയും ഏർപ്പെടുത്തിയാൽ പെട്രോളിന്റെ വില ലിറ്ററിന് 40 രൂപയും ഡീസലിന് 30 രൂപയും പാചകവാതകത്തിന് 240 രൂപയുമായി കുറയ്ക്കാൻ കഴിയും. സമസ്തരംഗത്തും വിലകൾ കുറയാൻ അത് ഇടയാക്കും. വിലക്കയറ്റത്തിൽ ശ്വാസം മുട്ടി പിടയുന്ന സാധാരണക്കാരന് അത് അളവറ്റ ആശ്വാസം നൽകും. എന്നാൽ അംബാനിക്കും അദാനിക്കും അച്ഛാ ദിൻ സമ്മാനിക്കാനായി പണിപ്പെടുന്ന മോദിക്കും കാവിസംഘത്തിനും രാജ്യത്തെ മൃഗീയഭൂരിപക്ഷം വരുന്ന ദരിദ്ര'ഹിന്ദു'വിന്റെ പട്ടിണിയും വറുതിയും കാണാൻ എങ്ങിനെ കഴിയും? ■

## പൊതുജനാരോഗ്യത്തിനു വേണ്ടിയുള്ള ബജറ്റ് വിഹിതം വെട്ടിക്കുറച്ചതിനെതിരെ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)

**പൊ**തുജനാരോഗ്യത്തിനു വേണ്ടിയുള്ള 2014-2015 വർഷത്തെ അംഗീകൃത വിഹിതത്തിന്റെ 20 ശതമാനം വെട്ടിക്കുറച്ചുകൊണ്ടുള്ള കേന്ദ്ര സർക്കാർ തീരുമാനത്തെ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജനറൽസെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് 2014 ഡിസംബർ 24-ന് പുറപ്പെടുവിച്ച പ്രസ്താവനയിൽ അപലപിക്കുകയുണ്ടായി. തികച്ചും ജനവിരുദ്ധമായ നടപടിയാണിതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. വൈദ്യശുശ്രൂഷയോ ജീവൻരക്ഷാ ഔഷധങ്ങളോ കിട്ടാതെ പട്ടിയെയും പൂച്ചയെയും പോലെ തെരുവിൽ കിടന്നുമരിക്കേണ്ടി വരുന്ന സാധാരണക്കാർക്കെതിരായ കൊടിയ കടന്നാക്രമണമാണിത്.

പ്രധാനപ്പെട്ട 108 അവശ്യമരുന്നുകളുടെ വിലനിയന്ത്രണം രണ്ടുമാസം മുമ്പ് എടുത്തുകളഞ്ഞതിന് തൊട്ടുപിന്നാലെയാണ് ഈ കടന്നാക്രമണമുണ്ടായിരിക്കുന്നത്. പൊതുജനാരോഗ്യത്തിന് വേണ്ടി ഖജനാവിൽ നിന്ന് ഏറ്റവും കുറച്ച് പണം ചെലവിടുന്ന രാജ്യങ്ങളിലൊന്നാണ് ഇൻഡ്യ. മൊത്തം ദേശീയവരുമാനത്തിന്റെ ഒരു ശതമാനത്തിൽ താഴെയാണ് ആ തുക. തന്മൂലം ഇവിടെ ആരോഗ്യപരിപാലന സംവിധാനം വളരെ പരിതാപകരമായ അവസ്ഥയിലാണ്. അവശ്യ ജീവൻരക്ഷാ മരുന്നുകൾ പോലും ജനങ്ങൾക്ക് നൽകുന്നതിൽ വീഴ്ച യുണ്ടാകുന്നു. അർദ്ധപട്ടിണിക്കാരും ദരിദ്രരുമായ രാജ്യത്തെ സാധാരണ ജനങ്ങളാണ് ഇതിന്റെ ആഘാതം അനുഭവിക്കേണ്ടി വരുന്നത്. പ്രതിരോധിക്കാൻ കഴിയുന്ന സാംക്രമിക രോഗങ്ങൾക്ക് അവർ എളുപ്പം ഇരകളായിത്തീരുന്നത് അതുകൊണ്ടാണ്. അങ്ങനെയുള്ള ജനങ്ങളെ സംബന്ധിച്ചിടത്തോളം ഈ സർക്കാർ തീരുമാനത്തിന്റെ ഭവിഷ്യത്ത് അതീവ ഗുരുതരമായിരിക്കും.

അസ്വാഭാവികമാം വിധം ഉയർന്ന പ്രതിരോധബജറ്റാണ് രാജ്യത്തിനുള്ളത്. വർഷം തോറും അത് ഉയർന്നുകൊണ്ടിരിക്കുകയുമാണ്. സൈന്യത്തിനുവേണ്ട അത്യാധുനികങ്ങളായ ആയുധങ്ങൾക്കും മന്ത്രിമാരുടെയും എംപിമാരുടെയും ഉദ്യോഗസ്ഥപ്രമാണിമാരുടെയും ധൂർത്തിനും വേണ്ടിയുള്ള ചെലവുകളും നിരന്തരം ഉയർന്നുകൊണ്ടിരിക്കുന്നു. അതേ സമയം ആരോഗ്യവും വിദ്യാഭ്യാസവും ഭക്ഷണവും ഇന്ധനവും പോലുള്ള അവശ്യമേഖലകൾക്കുള്ള വിഹിതം വൻതോതിൽ വെട്ടിക്കുറച്ച് ജനങ്ങൾക്കുമേൽ കടുത്ത ആഘാതമേല്പിക്കുകയും ചെയ്യുന്നു. കേന്ദ്രത്തിൽ അധികാരത്തിലിരുന്ന ഗവൺമെന്റുകൾ തുടർച്ചയായി ഇതാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഇപ്പോൾ മോദി ഗവൺമെന്റും അതുതന്നെ ചെയ്ത് സ്വന്തം തനിനിറം വ്യക്തമാക്കിയിരിക്കുന്നു.

ശക്തമായ ബഹുജനപ്രക്ഷോഭത്തിലൂടെ ഈ ഹീനമായ പ്രവണതയെ ചെറുത്തുതോല്പിക്കാൻ ജനങ്ങൾ മുന്നോട്ടുവരണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ■

## മെഡിക്കൽ വിദ്യാർത്ഥികളുടെ സമരത്തിന് എ.ഐ.ഡി.എസ്.ഒ പിന്തുണ പ്രഖ്യാപിച്ചു.

**കോ**ട്ടയം: 2014 ഡിസംബർ 12, ബോണ്ടിംഗ് സമ്പ്രദായം അവസാനിപ്പിക്കുക, പി എസ് സി വഴി ഡോക്ടർമാർക്ക് സ്ഥിരനിയമനം നടപ്പിലാക്കുക, പി ജി സൂപ്പർസ്പെഷ്യാലിറ്റി സീറ്റുകളുടെ നഷ്ടപ്പെട്ട എം.സി.ഐ അംഗീകാരം പുനഃസ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക, സർക്കാർ മെഡിക്കൽ കോളജുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക തുടങ്ങിയ ഡിമാന്റുകൾ ഉന്നയിച്ചുകൊണ്ട് മെഡിക്കൽ വിദ്യാർത്ഥികൾ നടത്തുന്ന സമരത്തിന് എഐഡിഎസ്ഒ സംസ്ഥാന കമ്മിറ്റി പിന്തുണ പ്രഖ്യാപിച്ചു.

പൊതുജനാരോഗ്യമേഖലയിൽ നിന്നും സർക്കാർ പിൻവാങ്ങുന്നതിന്റെ ഭാഗമായാണ് ഇത്തരം പരിഷ്ക്കാരങ്ങൾ നടപ്പിലാക്കുന്നത്. സ്വകാര്യവൽക്കരണനയങ്ങൾ നടപ്പിലാക്കി ആരോഗ്യമേഖലയെ തകർക്കാനുള്ള സർക്കാറിന്റെ ഗൂഢനീക്കങ്ങളെ ശക്തമായ സമരത്തിലൂടെ ചെറുത്തുപരാജയപ്പെടുത്തണമെന്ന് കമ്മിററി വിലയിരുത്തി.

യോഗത്തിൽ എ.ഐ.ഡി.എസ്.ഒ സംസ്ഥാന പ്രസിഡന്റ് ഇ.എൻ.ശാന്തിരാജ് അധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറി ബിനുബേബി, പി.കെ.പ്രഭാഷ്(കോഴിക്കോട്), എം.കെ.ഷഹസാദ്(കോട്ടയം), കെ.ബിമൽജി(ആലപ്പുഴ), കെ.പി.സാൽവിൻ(തൃശ്ശൂർ), എ.ഷൈജു (തിരുവനന്തപുരം) എന്നിവർ യോഗത്തിൽ പങ്കെടുത്തു. ■

## ഔഷധരംഗം കുത്തകകൾക്ക് തീറെഴുതരുത് പത്തനംതിട്ട ബഹുജന കൺവൻഷൻ




കെ.പി.അനീഷ്കുമാർ വിഷയാവതരണം നടത്തുന്നു

**ആ**ഗോളവൽക്കരണ നയങ്ങൾ മറ്റേതൊരു രംഗത്തെക്കാളും പ്രത്യാഘാതം സൃഷ്ടിച്ചത് ഔഷധമേഖലയിലാണെന്നും ലോകത്ത് ഏറ്റവും ചെലവുകുറച്ച് മരുന്ന് ഉൽപ്പാദിപ്പിച്ചിരുന്ന നമ്മുടെ രാജ്യത്ത് ഈ നയങ്ങൾ നടപ്പിലായതോടെ മരുന്ന് വില കുതിച്ചുയരുകയാണെന്നും ജനകീയ പ്രതിരോധ സമിതി പത്തനംതിട്ടയിൽ സംഘടിപ്പിച്ച ബഹുജന കൺവൻഷൻ അഭിപ്രായപ്പെട്ടു. 2005-ൽ പേറ്റന്റ് നിയമം ഭേദഗതിചെയ്തതോടെ 1970-ലെ പേറ്റന്റ് നിയമവും 1979-ലെ വിലനിയന്ത്രണ നിയമവും ഇല്ലാതായി. ബഹുരാഷ്ട്രകുത്തക കമ്പനികൾ വൻ വിലക്ക് വിൽക്കുന്ന മരുന്നുകൾ, വ്യത്യസ്തമായ പ്രക്രിയയിലൂടെ ചുരുങ്ങിയ ചെലവിൽ ഉൽപ്പാദിപ്പിച്ച് കുറഞ്ഞ വിലയ്ക്ക് വില്പന നടത്തുവാനുള്ള സാധ്യതയാണ് ഇതിലൂടെ ഇല്ലാതായത്. പേറ്റന്റ് കാലാവധി 7 ൽ നിന്നും 20 വർഷമായി ഉയർത്തുകയും ചെയ്തു.

ഔഷധ രംഗം കുത്തകകൾക്ക് തീറെഴുതുന്നതിന് മാറിമാറിവന്ന സർക്കാരുകൾ മത്സരിക്കുകയായിരുന്നു. നരേന്ദ്രമോദിയുടെ അമേരിക്കൻ സന്ദർശനത്തിന് മുന്നോടിയായി ഔഷധ വിലനിയന്ത്രണം നീക്കിയത് ജീവൻരക്ഷാ മരുന്നുകളുടെയെല്ലാം വില കുതിച്ചുയരാൻ ഇടയാക്കി. പേറ്റന്റ് നിയമത്തിലെ അവശേഷിക്കുന്ന ഗുണവശങ്ങൾ ഇല്ലായ്മ ചെയ്യാൻ അമേരിക്കയുമായി ധാരണയുണ്ടാക്കുകയും ഒരു ഉന്നതതല സംയുക്ത പ്രവർത്തക സമിതിക്ക് രൂപം കൊടുക്കുകയും ചെയ്തിരിക്കുകയാണ് മോദി സർക്കാർ. രാജ്യത്തെ ജനങ്ങളുടെ താൽപ്പര്യം അവഗണിക്കാനും ഭരണഘടനയുടെ അന്തഃസത്തയെ നിരാകരിക്കാനും മോദി സർക്കാരിന് ഒരു മടിയുമില്ലെന്ന് ഇത് കാണിച്ചുതരുന്നു.

സി.ജെ.സാജന്റെ അദ്ധ്യക്ഷതയിൽ ചേർന്ന കൺവൻഷനിൽ കെഎംഎസ്ആർഎ ജില്ലാ സെക്രട്ടറി കെ.പി.അനീഷ്കുമാർ വിഷയാവതരണം നടത്തി. ശാസ്ത്രസാഹിത്യ പരിഷത്ത് ജില്ലാ പ്രസിഡന്റ് എ.കെ.ഗോപാലൻ, ഐഎൻപിഎ ജില്ലാ പ്രസിഡന്റ് എം.വി.ചെറിയാൻ. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി എസ്.രാജീവൻ, മദ്യ വിരുദ്ധ ജനകീയ സമരസമിതി ജില്ലാ കമ്മിറ്റിയംഗം രാജൻ പടിയറ, സൊസൈറ്റി ഓഫ് കിഡ്നി പേഷ്യന്റ്സ് ജില്ലാ കമ്മിറ്റിയംഗം വി.റ്റി. രാജൻ, ജനകീയ പ്രതിരോധ സമിതി ജില്ലാ സെക്രട്ടറി കെ.ജി. അനിൽകുമാർ, ബിനുബേബി എന്നിവർ പ്രസംഗിച്ചു. ■

## ഗവേഷണം നേരിടുന്ന പ്രതിസന്ധികൾ –പൊതുചർച്ച നടന്നു

**ഗ**വേഷണം നേരിടുന്ന പ്രതിസന്ധികൾ എന്ന വിഷയത്തിൽ ഡെമോക്രാറ്റിക് റിസർച്ച് സ്കോളേഴ്സ് ഓർഗനൈസേഷന്റെ ആഭിമുഖ്യത്തിൽ കോഴിക്കോട് സർവ്വകലാശാല ക്യാമ്പസ്സിൽ 2015 ജനുവരി 7 ന് പൊതുചർച്ച നടന്നു. ആൾ ഇന്ത്യ സേവ് എജ്യൂക്കേഷൻ കമ്മിറ്റി സംസ്ഥാന കൺവീനർ എം.ഷാജർഖാൻ വിഷയാവതരണം നടത്തി. യൂണിവേഴ്സിറ്റിയിലെ ജനാധിപത്യാന്തരീക്ഷം തകർക്കുന്നതും റൂസ പ്രോജക്ടിലൂടെ ഉന്നതവിദ്യാഭ്യാസം കച്ചവടവൽക്കരിക്കുന്നതുമാണ് ആരോഗ്യകരമായ ഗവേഷണപ്രവർത്തനങ്ങൾ അസാദ്ധ്യമാക്കുന്നത്. സ്കൂൾ തലം മുതൽ ആരംഭിച്ച പരിഷ്ക്കാരങ്ങൾ റൂസ പദ്ധതിയിലൂടെ ഉന്നതവിദ്യാഭ്യാസ രംഗത്തേയ്ക്ക് കടന്നുവരുന്നതാണ് ഇന്ന് ഗവേഷണം നേരിടുന്ന പ്രതിസന്ധി- എം. ഷാജർഖാൻ പറഞ്ഞു. സ്റ്റുഡന്റ്സ് ട്രാപ്പിൽ നടന്ന ചർച്ചയിൽ ഡിആർഎസ്ഒ സംസ്ഥാന കൺവീനർ എം.പ്രദീപൻ അദ്ധ്യക്ഷത വഹിച്ചു. ഡിആർഎസ്ഒ കാലിക്കറ്റ് യൂണിവേഴ്സിറ്റി യൂണിറ്റ് കൺവീനർ സോഫീന.സി, അലീന.എസ് തുടങ്ങിവർ പ്രസംഗിച്ചു. ■

## ചുംബന സമരത്തെപ്പറ്റി വീണ്ടും:

# ആഴംവെയ്ക്കുന്ന ഫാസിസ്റ്റ് വിപത്തിനെ നിസ്സാരവൽക്കരിക്കരുത്

**ഫാസിസം നമ്മുടെ നാട്ടിൽ ഒരു പ്രവണത എന്ന നില വിട്ട് സർവ്വരംഗത്തും അഴിഞ്ഞാടുന്ന സായുധ ഗുണ്ടാസംഘത്തിന്റെ ആകൃതിയിലേയ്ക്ക് വളർന്നുകഴിഞ്ഞു. ആക്രമണോത്സുക ഭാവത്തോടെ വാളുകളുമേന്തി ആർ.എസ്.എസ് നടത്തിയ പദസഞ്ചലനത്തിന്റെ ചിത്രം അടുത്തയിടെ പത്രങ്ങളിൽ പ്രത്യക്ഷപ്പെടുകയുണ്ടായി. ധാർഷ്ഠ്യത്തിന്റെയും അന്ധതയുടെയും അധികാര പ്രമത്തതയുടെയും പ്രകടനങ്ങൾ വർദ്ധിച്ചുവരുന്നു.**

കൃത്യമായും ജർമ്മനിയിൽ ഫാസിസ്റ്റ് ബീഭത്സത വളർന്നതിന്റെ വികാസപരിണതികൾ നമുക്കിവിടെയും ദർശിക്കാനാവും. വംശീയ വികാര വിജൃംഭണത്തിലൂടെയും ആസൂത്രിതമായ കരുനീക്കങ്ങളിലൂടെയും വിവിധ വിഭാഗം ജനങ്ങൾക്കിടയിൽ വിദ്വേഷവും സ്പർദ്ധയും വ്യാപകമായി വളർത്തിവിടുക, കൃത്രിമമായ ദേശാഭിമാനബോധമുണർത്തി ദേശീയ ഭ്രാന്തിലേയ്ക്ക് ജനങ്ങളെയാകമാനം ആവാഹിക്കുക, ഗസ്റ്റപ്പോ, എസ്.എസ്. തുടങ്ങിയുള്ള അക്രമിസേനകളെ കയറൂരിവിടുക, വംശീയ കൂട്ടക്കുരുതിയും ഉന്മൂലനവും അരങ്ങേറുക, രാജ്യത്തിന്റെ രക്ഷകനായി അതിമാനുഷ പരിവേഷത്തോടെ ഒരു നേതാവിനെ ഉയർത്തിക്കാട്ടുക, സാംസ്കാരിക-ചിന്താലോകമാകെ അയുക്തികമായ, ചരിത്രാഭാസകരവും, ശാസ്ത്രനിഷേധിയുമായ കേവലസാങ്കേതിക ജടിലതകൾകൊണ്ട് നിറയ്ക്കുക എന്നിവയെല്ലാം ദേശീയ-പ്രാദേശിക വ്യത്യസ്തതകളോടെ ഇവിടെയും ആവിഷ്കൃതമായികൊണ്ടിരിക്കുന്നു. വംശീയതയുടെ സ്ഥാനത്ത് ഇവിടെ വർഗ്ഗീയതയാണ് ആളിക്കത്തിക്കുന്നത്. ഗുജാറത്തിൽ നരേന്ദ്രമോദിയുടെ കാർമ്മികത്വത്തിൽ നടന്ന ന്യൂനപക്ഷ കൂട്ടക്കുരുതി ജർമ്മനിയിലെ യഹൂദഹത്യയ്ക്ക് സമാനമാണ്. ഉത്തർപ്രദേശിലും ബിഹാറിലും നാടിന്റെ നാനാഭാഗങ്ങളിലും അതാവർത്തിച്ചുകൊണ്ടിരിക്കുന്നു. മോദി സർക്കാർ അധികാരത്തിൽ വന്നതിൽപ്പിന്നീട് ഈ ആറ് മാസത്തിനകം 140 ൽ പ്പരം വർഗ്ഗീയ കലാപങ്ങൾ രാജ്യത്തങ്ങോളമിങ്ങോളമുണ്ടായി. ഹിന്ദുമത ഗ്രന്ഥമായ ഭഗവത് ഗീത ദേശീയ ഗ്രന്ഥമായി പ്രഖ്യാപിക്കാനും സംസ്കൃതം നിർബ്ബന്ധപൂർവ്വം പാഠ്യപദ്ധതിയിൽ അടിച്ചേൽപ്പിക്കാനും വിദ്യാഭ്യാസരംഗത്തെയാകമാനം വർഗ്ഗീയവൽക്കരിക്കാനും നടക്കുന്ന തീവ്രശ്രമങ്ങൾ മോദി സർക്കാരിന്റെ അധികാരാരോഹണത്തോടെ ഫാസിസം എത്രകണ്ട് ഭീഷണരൂപം ആർജ്ജിച്ചിരിക്കുന്നു എന്നതിന് തെളിവാണ്. ഗാന്ധിജിയുടെ ഘാതകൻ ഗോഡ്സേയെ ധീരദേശാഭിമാനിയായി പ്രകീർത്തിക്കുന്നതോടൊപ്പം ഗാന്ധിജിയെ ഹൈന്ദവ ദ്രോഹിയായും ചിത്രീകരിക്കുന്നു. മോദിയെത്തന്നെ ഗാന്ധിജിയെക്കാളും മാർക്സിനെക്കാളും മഹാൻ എന്ന് വിശേഷിപ്പിക്കുന്നു. പൗരാണിക ഇന്ത്യയിൽ പ്ലാസ്റ്റിക്ക് സർജറിയും മൂലകോശചികിത്സയും നിലവിലുണ്ടായിരുന്നെന്ന പ്രധാനമന്ത്രി മോദിയുടെ വീൺവാക്കുകൾ ഇതിനോട് ചേർത്ത് വായിക്കണം. മിഥ്യാദേശാഭിമാന ബോധം വളർത്താനുള്ള ശ്രമത്തിന്റെ ഭാഗമല്ലാതെ മറ്റെന്താണിത്?

ഫാസിസം ആവിഷ്കൃതമായിരിക്കുന്നതുതന്നെ രൂക്ഷമായ പ്രതിസന്ധിയിലകപ്പെട്ടിരിക്കുന്ന കുത്തകമൂലധനശക്തികളുടെ ആയുസ്സ് ദീർഘിപ്പിച്ചെടുക്കുന്നതിനുവേണ്ടിയാണ് എന്നത് പകൽ പോലെ വ്യക്തമാണ്. ജനങ്ങളുടെ അവകാശങ്ങൾ പരിപൂർണ്ണമായി കവർന്നെടുത്തുകൊണ്ട് കോർപ്പറേറ്റുകൾക്ക് വേണ്ടി എല്ലാ ക്രൗര്യത്തോടെയും നിലകൊള്ളുകയാണ് ഫാസിസം. തൊഴിലാളികളെ നിഷ്ഠുരം ചൂഷണം ചെയ്യുന്നതിനുവേണ്ടി, നിലവിലുള്ള തൊഴിൽ നിയമങ്ങളുടെ രംഗത്തുവരുത്തുന്ന ഭേദഗതികൾ ഒന്നുമാത്രം മതി ഇതിനുദാഹരണം. കഠിനസമരങ്ങളിലൂടെ നേടിയെടുത്ത മിനിമം അവകാശങ്ങൾ പോലും തിരിച്ചുപിടിക്കുന്നു.

ജനങ്ങളുടെ ഐക്യം തകർക്കാനായി വിഭാഗീയതകളും ഭിന്നതകളും ചേരിതിരിവുകളും രൂക്ഷമാക്കാനും ബോധപൂർവ്വമായ ശ്രമങ്ങൾ അരങ്ങേറപ്പെടുന്നു. ജനങ്ങളെ രാമന്റെ സന്തതികളെന്നും ജാരസന്തതികളെന്നും വിളിച്ച് ആഭാസകരമാം വിധം വർഗ്ഗീയ പ്രകോപനങ്ങൾ മൂർച്ഛിപ്പിക്കുന്നു. എല്ലാറ്റിനും പുറമേ 'ഘർ വാപസി' എന്ന പേരിൽ ഹിന്ദുമതത്തിലേയ്ക്കുള്ള പരിവർത്തന പ്രക്രിയയും ആരംഭിച്ചിരിക്കുന്നു. ആർ.എസ്.എസ് അദ്ധ്യക്ഷൻ മോഹൻ ഭഗവതും വി.എച്ച്.പി.നേതാവ് പ്രവീൺ തൊഗാഡിയയും ഇൻഡ്യയെ 100% ഹിന്ദുരാഷ്ട്രമാക്കും എന്ന് ആണയിട്ടുകൊണ്ടേയിരിക്കുന്നു. മതന്യൂനപക്ഷങ്ങൾക്ക് പൗരാവകാശത്തിനവകാശമില്ല എന്ന അവരുടെ താത്വികാചാര്യൻ ഗോൾവൾക്കറുടെ ശാസന പ്രാവർത്തികമാക്കാൻ തന്നെയാണവർ കച്ചമുറുക്കുന്നത് എന്ന് വ്യക്തം. ഈയൊരു പാശ്ചാത്തലത്തിൽ വേണം മതമൗലികവാദികളുടെ നേതൃത്വത്തിലുള്ള സദാചാര പോലീസിന്റെ വിളയാട്ടങ്ങളെയും വീക്ഷിക്കാൻ. കാര്യങ്ങളെ അതിന്റെ സമഗ്രതയിൽ പരിശോധിക്കണം.പല പേരുകളിൽ അവതരിച്ചിട്ടുള്ള ഈ കിരാതശക്തികളുടെ കായിക ഇടപെടലുകളെ അതിന്റേതായ പൂർണ്ണ ഗൗരവത്തിൽതന്നെ കണക്കിലെടുക്കണം.

ഇക്കഴിഞ്ഞ ഒക്ടോബർ 23 ന് ഒരു സംഘം യുവമോർച്ച പ്രവർത്തകർ കോഴിക്കോട്ടെ ഡൗൺ ടൗൺ റസ്റ്റോറന്റ് തല്ലിത്തകർത്തു. അവിടെ സദാചാരവിരുദ്ധപ്രവർത്തനം നടക്കുന്നുവെന്ന് ആരോപിച്ചുകൊണ്ടായിരുന്നു അത്. ഇതിനെതിരെ ഫെയ്സ് ബുക്ക് കൂട്ടായ്മയിലൂടെ പ്രതിഷേധം ഉയർന്നുവന്നു.സദാചാര പോലീസുകാരുടെ ആക്രമണത്തിന് നിരന്തരം ഇരയാക്കപ്പെട്ടവരും അല്ലാത്തവരുമായ ഒരു കൂട്ടം ആളുകൾ യുവമോർച്ചയുടെ ഫാസിസ്റ്റ് ആക്രമണങ്ങളെ ചെറുക്കണമെന്ന അഭിപ്രായത്തിൽ ഒത്തുചേർന്നു. 'കിസ്സ് ഓഫ് ലൗ' എന്ന പേരിൽ പ്രതിഷേധ സമരത്തിന് കൊച്ചി മറൈൻ ഡ്രൈവിൽ നവംബർ 2 ന് അവർ ഒത്തൊരുമിച്ചത് ഇങ്ങനെയാണ്. ഇവിടെയും സദാചാരസംരക്ഷകരുടെ അക്രമം അരങ്ങേറി. എന്നാൽ ചുംബനം ഒരു സമരമാർഗ്ഗമായി സ്വീകരിച്ചവർ പിൻവാങ്ങിയില്ല. കേരളത്തിന്റെ നാനാഭാഗങ്ങളിൽ ഈ പരിപാടി തുടരാനാണ് അവരുടെ ഉദ്ദേശ്യം. അവിടെയെല്ലാം സംഘർഷങ്ങളും ഉളവായിക്കൊണ്ടിരിക്കുന്നു.

ശ്രദ്ധേയമായ സംഗതി കേരളത്തിലെ സാംസ്കാരിക രംഗത്തെ പ്രമുഖരായ പലരും ചുംബനസമരത്തെ സ്വാഗതം ചെയ്യുന്നു എന്നുള്ളതാണ്. ഫാസിസത്തോടുള്ള എളുതെങ്കിൽ എളിയ തോതിലുള്ള ഒരു പ്രതിഷേധപ്രകടനം എന്ന നിലയിലും വ്യക്തി സ്വാതന്ത്ര്യത്തിന്റെ, വിശേഷിച്ചും സ്ത്രീ സ്വാതന്ത്ര്യത്തിന്റെ ധീരമായ ഒരു പ്രഖ്യാപനം എന്ന നിലയിലുമാണ് അവരിതിനെ ശ്ലാഘിക്കുന്നത്. ലൈംഗികമായ ലക്ഷ്യങ്ങളല്ല തങ്ങൾക്കുള്ളതെന്നും റൗഡിസത്തിനെതിരായ ജനാധിപത്യ പ്രതിരോധത്തിന്റെ ഒരു നല്ല മാതൃക അവതരിപ്പിക്കാനാണ് തങ്ങൾ ഉദ്ദേശിക്കുന്നതെന്നും പ്രഖ്യാപിച്ചുകൊണ്ട് ചുംബന സമരത്തിനിറങ്ങുന്ന വ്യക്തികളുടെ ഉദ്ദേശശുദ്ധിയെയും തന്റേടത്തെയും ചോദ്യം ചെയ്യേണ്ടതില്ല — അരാജകവാദികളും സാഹസികതാവാദികളും അൾട്രാ ലിബറലിസ്റ്റുകളും എല്ലാം അക്കൂട്ടത്തിലുണ്ടെങ്കിൽക്കൂടിയും.

അതുപോലെതന്നെ എതിർക്കുന്നവരെയെല്ലാം അക്രമികളായ ഫാസിസ്റ്റുകളുടെ ഗണത്തിൽപ്പെടുത്താനുമാവില്ല. യഥാസ്ഥിതിക മനോഭാവക്കാരെയും പാരമ്പര്യവാദികളെയും വേറിട്ട് കാണേണ്ടതുണ്ട്. നാടിന്റെ സംസ്കാരത്തിന്റെയും നിയമവാഴ്ചയുടെയുമെല്ലാം പേരിൽ അവരും ചുംബനസമരത്തെ കണ്ണുമടച്ച് എതിർക്കുന്നവരുടെ പക്ഷത്ത് അണിനിരന്നിട്ടുണ്ടെന്നത് വാസ്തവം. ഒരു സമരരൂപമെന്ന നിലയിൽ ചുംബനസമരത്തിനുള്ള അപര്യാപ്തകളെയും ദൗർബ്ബല്യങ്ങളെയും ചൂണ്ടിക്കാണിച്ച് വിയോജിക്കുന്നവരുമുണ്ട്. കേവലമായ മുഷ്കിന്റെയും പേശീബലത്തിന്റെയും ഭാഷയെയും ആശയരംഗത്തെ വീക്ഷണവൈജാത്യങ്ങളെയും രണ്ടും രണ്ടായി കാണണം, വേറിട്ട് സമീപിക്കണം.

യുക്തിക്ക് യാതൊരു സ്ഥാനവുമില്ലാത്ത, അന്ധവികാരങ്ങൾക്ക് മാത്രം അടിപ്പെട്ട ഫാസിസ്റ്റ് കാപാലിക ശക്തികളെ എതിരിടാൻ യുക്തിബോധം നഷ്ടപ്പെട്ടിട്ടില്ലാത്ത, മൂല്യബോധവും ആദർശശുദ്ധിയും കൈമുതലായ ജനങ്ങളുടെ വിശാലമായ ഐക്യനിര പടുത്തുയുർത്തികൊണ്ടേ സാദ്ധ്യമാകുകയുള്ളു. അതിന് ക്ഷമാപൂർവ്വം, തികഞ്ഞ അവധാനതയോടും ലക്ഷ്യബോധത്തോടെയുമുള്ള പക്വതയാർന്ന പ്രവർത്തനം ആവശ്യമാണ്. എല്ലാറ്റിനെയും പാടേ ധിക്കരിച്ചുകൊണ്ടും സാമൂഹ്യ മനഃസാക്ഷിയെ കണ്ണുംപൂട്ടി വെല്ലുവിളിച്ചുകൊണ്ടും അത് സാദ്ധ്യമാവുകയില്ല. ശരിയാണ്, പാരമ്പര്യങ്ങളും ചട്ടങ്ങളും മാറ്റത്തിന് വിധേയമാണ്. പക്ഷേ മാറേണ്ടത് എങ്ങനെ? കൂടുതലുയർന്ന സാംസ്കാരിക-നൈതിക-സദാചാര-സൗന്ദര്യാത്മക ധാരണകളാൽ പകരം വെയ്ക്കപ്പെടുന്ന മാറ്റമാണ് സമൂഹം ആവശ്യപ്പെടുന്നത്. ആരോഗ്യകരമായ മാറ്റത്തിന് വേണ്ടി നിലകൊള്ളുന്നവർ അപ്പോൾ സമൂഹത്തിന്റെ പിന്നാലേ നടക്കുന്നവരാവില്ല എന്നതുപോലെ തന്നെ ബഹുദൂരം മുമ്പേ ഓടുന്നവരുമാവില്ല. മറിച്ച് സമൂഹത്തിനൊപ്പം സഞ്ചരിച്ച് തൊട്ടുമുമ്പിൽ അഗ്രഗാമികളായി വർത്തിക്കുന്നവരാകും അവർ. കൂടാതെ, സമൂഹം സ്ഥാപിച്ച എല്ലാ മൂല്യങ്ങളും മര്യാദകളും കാലഹരണപ്പെട്ടവയും നിരാകരിക്കപ്പെടേണ്ടവയുമാണെന്ന് വരുന്നില്ല. ജീവിത വികാസത്തിൽ പഴഞ്ചനും പിന്തിരിപ്പനുമായി മാറിത്തീർന്നവയുണ്ട്. അവ വലിച്ചെറിയപ്പെടുക തന്നെ വേണം. എന്നാൽ സമൂഹത്തിന്റെ ഈടുറ്റ നിലനിൽപ്പിനും താളഭദ്രതയ്ക്കും ഭാവിവളർച്ചയ്ക്കും അനുപേക്ഷണിയങ്ങളായ മൂല്യങ്ങളും കീഴ്വഴക്കങ്ങളും പരിപാലിക്കുക മാത്രമല്ല മുറുകെപ്പിടിക്കുകയും വേണം. അവയുടെ അർത്ഥതലങ്ങളും അനുഭവവേദ്യതയും വികസിതമായികൊണ്ടിരിക്കുമെന്നുമാത്രം.

ഉദാഹരണത്തിന് ഏക പത്നി-ഭർതൃ ബന്ധത്തിന്റെ (monogamy) കാര്യമെടുക്കുക. സ്ത്രീ വിമോചനം പൂർത്തികരിക്കപ്പെടുകയും സ്ത്രീ-പുരുഷ ബന്ധത്തിൽ യഥാർത്ഥത്തിൽ തുല്യത കൈവരിക്കപ്പെടുകയും ചെയ്യുന്നതോടെ മോണോഗമി ശിഥിലമാവുകയല്ല മറിച്ച്, പരസ്പര ബഹുമാനത്തിന്റെയും അംഗീകാരത്തിന്റെയും അടിസ്ഥാനത്തിൽ ഒന്നുകൂടി ഗാഢമായിത്തീരുകയാണുണ്ടാവുക. 'ഫ്രീ സെക്സ്' എന്ന അവസ്ഥയിലേക്കല്ല അത് ഒരു കാരണവശാലും നയിക്കുക. സ്ത്രീ-പുരുഷ ദാമ്പത്യബന്ധത്തിന് അർത്ഥവും ആഴവും വർദ്ധിക്കുകയായിരിക്കും അതിലൂടെ ഭവിക്കുക. കാരണം, സ്നേഹം ഒന്നുമാത്രമായിരിക്കും അവരെ ബന്ധിപ്പിക്കുന്ന ഘടകം. പുരുഷന്റെയും സ്വാതന്ത്ര്യം പൂർണ്ണമാകുന്നത് സ്ത്രീ യഥാർത്ഥത്തിൽ സ്വാതന്ത്ര്യം പ്രാപിക്കുകയും അവരുടെ വ്യക്തിത്വം സമൂഹത്തിൽ സർവ്വഥാ അംഗീകരിക്കപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിലാണ്. തികച്ചും സ്വതന്ത്രരായ വ്യക്തികൾ എന്ന നിലയിൽ പരസ്പരവിശ്വാസത്തിന്റെയും അംഗീകാരത്തിന്റെയും പ്രേമത്തിന്റെയും അടിസ്ഥാനത്തിൽ സ്ഥാപിക്കുന്ന ബന്ധം വൈകാരിക ദൃഢത ഉള്ളതായിരിക്കും എന്നത് സ്വാഭാവികം മാത്രം.

ആഴത്തിലും സമഗ്രതയിലുമുള്ള ഒരു പരിശോധനയിൽ ചുംബനസമരത്തിന്റെ പരിമിതികളും ദൗർബ്ബല്യങ്ങളും എന്തൊക്കെയാണ്? ഒന്നാമതായി ചുംബനം എന്നത് കേവലം ഒരു മുത്തം കൊടുക്കലോ ആശ്ലേഷണമോ ആലിംഗനമോ അല്ല. ചുംബനം അതിന്റെ അർത്ഥത്തിലും പ്രയോഗത്തിലും പ്രണയിക്കുന്നവർ തമ്മിൽ ഉളവാകുന്ന ഈടുറ്റ പ്രേമബന്ധത്തിന്റെ ഒരു ആവിഷ്ക്കാരമാണ്. ആർക്കും ആരെയും എവിടെവച്ചും ചുംബിക്കാനാവുമോ? രണ്ട് വ്യക്തികൾ തമ്മിലുള്ള സൗഹാർദ്ദത്തിന്റെയോ സ്നേഹവാത്സല്യത്തിന്റെയോ പ്രകടനമായി ചുണ്ട് ചുണ്ടോട് ചേർത്തുള്ള ചുംബനം ഉണ്ടാവുകയില്ല. മറിച്ച് ഗാഢമായ പ്രണയത്തിന്റെ സന്ദേശമാണത് പകരുന്നത്. വെറും 'പ്ലേറ്റോണിക് ലൗ'വിന്റെയല്ല. മാംസനിബന്ധമായ സ്നേഹപ്രകടനം തന്നെയാണത്. അതിന്റെ വിശുദ്ധിയും സൗന്ദര്യവും ആസ്വാദ്യതയും കുടികൊള്ളുന്നത് സ്വകാര്യതയിലാണ്. കമ്പോളത്തിലോ തെരുവോരത്തോ വച്ച് വിലകെടുത്തപ്പെടാൻ കഴിയാത്ത അനുഭൂതിവിശേഷമാണത്. വൈലോപ്പള്ളിയുടെ 'ചുംബനം' എന്ന കവിത നോക്കുക:

> ചൂഴവും കരിമ്പാറക്കുന്നുകൾ മദ്ധ്യാഹ്നത്തിൽ
> ചൂളയിൽ പോലെ കട്ട ചുവന്നു ചിന്നും പാടം
> നമ്മളാവഴി പോയി പട്ടണത്തിലേയ്ക്കോരോ
> നർമ്മമോതിയും മിണ്ടാതകമേ സംസാരിച്ചും
> കുടയുംകൂടി തട്ടിപ്പറിക്കും കാറ്റാലുണ്ടോ
> കുറവിച്ചൂടിന് ഞാനോമലേ നിന്നോടോതി
> പോരുമ്പോളുരുമ്മ നീ തന്നിരുന്നെങ്കിലി-
> ന്നേരം ഞാനിത്തിരി കുളിർത്തേനെ.
> വേലയാണടുത്തുള്ള കാവിലെമ്പാടും
> കുരുത്തോല തൂക്കുന്നുചില,
>                 രാനയുണ്ടാലിൻ ചോട്ടിൽ
> വറ്റിയ കൈതത്തോട് കടക്കെ
>                 കുട ചരിച്ചിത്തിരി
> മറ തീർത്തൊരുമ്മ നീയെനിക്കേകി
> ആരുമേ കണ്ടിലല്ലി, മനസ്സിൽ
>                 കുളിർ കോരിയോ
> വെയിൽ കുരുത്തോല തൂക്കിയ പോലെയായ്.

ഭാര്യാഭർത്താക്കന്മാർ പകരുന്ന ചുംബനത്തിന്റെ കുളിർകോരുന്ന ധന്യത, കുട മറച്ച് ആരും കണ്ടില്ലല്ലൊ എന്ന് സമാധാനിച്ച് സ്വകാര്യമായി അനുഷ്ഠിക്കപ്പെടുന്നിടത്താണ്. ശ്രീ. എൻ.എസ്.മാധവനെപ്പോലെ അറിയപ്പെടുന്ന ഒരു സാഹിത്യകാരൻ, പ്രൊഫ. എം. ലീലാവതിയെ വിമർശിച്ചുകൊണ്ട് ചോദിക്കുന്നു: "പരസ്യമായി നടുറോഡിൽ കാമുകിയെ ചുംബിക്കുന്ന രംഗമുള്ള വൈലോപ്പള്ളിയുടെ *ചുംബനം* എന്ന കവിത പഠിപ്പിക്കാൻ പ്രൊഫസർ അറച്ചുകാണുമോ" എന്ന്. വൈലോപ്പള്ളി കവിതയുടെ ഭാവുകത്വത്തെ എത്ര വികൃതമായി ചിത്രീകരിച്ചിരിക്കുന്നു! വാസ്തവത്തിൽ ചുംബനമിവിടെ പ്രതീകാത്മകമാണ്. കഠിനമായ ജീവിതപ്രയാണമദ്ധ്യേ ഉഷ്ണവാതങ്ങളെ മുറിച്ച് കടക്കവേ സ്വന്തം പ്രണയിനി സ്വകാര്യമായി പകർന്നുനൽകിയ പ്രേമാതിരേകത്തിന്റെ കൈവല്യത പ്രകടിപ്പിക്കുകയാണ് കവി ഇവിടെ. തുടക്കത്തിൽ അതുണ്ടായില്ലല്ലൊ എന്ന പരിഭവും. അതെ, ചുംബനം ഒരു പ്രതീകമാണ്. ചുംബനസമര വക്താക്കൾ പറയുന്നതുപോലെ സ്ത്രീസ്വാതന്ത്ര്യത്തിന്റെ പ്രതീകമല്ല അത്. ആത്മശുദ്ധിയോടെ സ്വകാര്യമായി നുകരുന്ന ദൃഢവും പരസ്പരപൂരകവുമായ പ്രണയത്തിന്റെ ശക്തിസൗന്ദര്യത്തെയാണത് പ്രതിനിധാനം

(ശേഷം 9-ാം പേജിൽ)

# സമൂഹത്തിന്റെ നിലനിൽപ്പിനും ഭാവി വളർച്ചയ്ക്കും അനുപേക്ഷണീയങ്ങളായ മൂല്യങ്ങളെ പരിപാലിക്കണം, വികസിപ്പിക്കണം

(8-ാം പേജിൽ നിന്ന്)

ചെയ്യുന്നത്. “അതുപോലെ, രണ്ടുപേർ ചുംബിക്കുമ്പോൾ ലോകം മാറുന്നു” എന്ന ഓക്ടോവിയോ പാസിന്റെ കവിതാഭാഗം ഉദ്ധരിച്ചുകൊണ്ടാണ് സച്ചിദാനന്ദൻ ചുംബനസമരത്തെ ന്യായീകരിക്കുന്നത്. ഓക്ടോവിയോ പാസ് തെരുവിൽ പരസ്യമായി നടക്കുന്ന ചുംബനത്തെയാണ് അർത്ഥമാക്കുന്നതെന്ന് വ്യാഖ്യാനിക്കപ്പെടുന്നതെങ്ങനെ? മറിച്ച് സാന്ദ്രമായ സ്നേഹവായ്പ്പിന്റെ സാർവ്വലൗകികപ്രവാഹത്തിൽ ജീവിതം സുന്ദരസുരഭിലമാകട്ടെ എന്നാണ് കവി ഉദ്ദേശിക്കുന്നത് എന്നു കരുതുന്നതല്ലേ ഉചിതം.

രണ്ടാമതായി, ഒരു സമരരൂപമെന്ന നിലയിൽ ചുംബനസമരത്തിന്റെ പോരായ്ക എന്തെന്ന് പരിശോധിക്കണം. ഏതൊരു സമരവും, വ്യക്തിഗത ആവശ്യത്തിന്റെ അംഗീകരണത്തിന് വേണ്ടിയാണെങ്കിൽക്കൂടിയും, സാമൂഹികമായ ഉള്ളടക്കം പേറുന്നതാണ്. ആരെങ്കിലും ഒറ്റപ്പെട്ട് എവിടെയെങ്കിലും വികാരതീവ്രതയാൽ ആലിംഗനബദ്ധരായി ചുംബനത്തിലേർപ്പെട്ടുവെന്നുവച്ച് ആകാശം ഇടിഞ്ഞുവീഴുകയൊന്നുമില്ല. കമിതാക്കളുടെ ഒറ്റപ്പെട്ട പ്രവൃത്തി എന്ന നിലയിൽ സമൂഹം അതിനെ അവഗണിക്കുകയേ ഉള്ളൂ. എന്നാൽ, സമൂഹത്തിലൊട്ടാകെ വ്യാപകമായ ഒരു ആചാരവും അനുഷ്ഠാനവും എന്ന നിലയിൽ ചുംബനം മാറിയാലോ? പൊതുസ്ഥലങ്ങളിലും തെരുവോരങ്ങളിലും കെട്ടിപ്പുണർന്ന് നിൽക്കുന്ന യുവമിഥുനങ്ങളെക്കൊണ്ട് നിറയുന്ന കാഴ്ച എത്ര അലോസരപ്പെടുത്തുന്നതായിരിക്കും. ചുംബന പ്രക്രിയ ഒരു സമര രൂപമാക്കിമാറ്റുന്നതിലൂടെ അനുകരണീയമായ മാതൃകയായി കണ്ടുകൊണ്ട് കൗമാരം കടക്കാത്ത സ്കൂൾ കുട്ടികളും ക്യാമ്പസ്സുകളിൽ കോളേജ് കുമാരീകുമാരന്മാരും സർവ്വത്ര ആലിംഗനബദ്ധരായി നിൽക്കുന്ന കാഴ്ച ഒന്നാലോചിച്ചു നോക്കൂ. പക്വത വന്നിട്ടില്ലാത്തവർ ഇതനുകരിക്കുമ്പോൾ അതിരുകൾ ലംഘിക്കപ്പെട്ടുപോകുമെന്ന സാധ്യത തള്ളിക്കളയാനാകുമോ? ഇത് കേവലം ഒരു ആശങ്കയുടെ വിഷയമല്ല. പടിഞ്ഞാറൻ നാടുകളിൽ സ്കൂളുകൾക്ക് സമീപം കോണ്ടം ഷോപ്പുകൾ വ്യാപകമായി തുറക്കാൻ ഔദ്യോഗിക തലത്തിൽ തന്നെ തീരുമാനിക്കപ്പെട്ടിരിക്കുന്നതായി വാർത്തയുണ്ട്. വിവാഹ പൂർവ്വ ബന്ധത്തിലൂടെയുള്ള ഗർഭധാരണം, വിശേഷിച്ചും കൗമാരക്കാരായ സ്കൂൾ കുട്ടികളുടെയിടയിൽ വ്യാപകമായ പ്രശ്നം സൃഷ്ടിച്ചപ്പോഴാണ്, വ്യക്തിസ്വാതന്ത്ര്യത്തെക്കുറിച്ചുള്ള വികല ധാരണ പ്രചാരത്തിലുള്ള പടിഞ്ഞാറൻ നാടുകളിൽ അധികൃതർക്ക് ഇങ്ങനെയൊരു തീരുമാനം കൈക്കൊള്ളേണ്ടിവന്നത്. നമ്മുടെ നാട്ടിലും ഐ.ടി മേഖലകൾ പോലുള്ള സ്ഥാപനങ്ങളിൽ നിന്നും വരുന്ന വാർത്തകൾ ഞെട്ടലുളവാക്കുന്നതാണ്. കുത്തഴിഞ്ഞ ലൈംഗിക അതിപ്രസരത്തിലേക്ക് കാര്യങ്ങൾ വഴുതിപോകുന്നുവെന്നതിന്റെ സൂചനകളാണ് വന്നുകൊണ്ടിരിക്കുന്നത്. വ്യക്തി സ്വാതന്ത്ര്യത്തിന്റെ പേരിലുള്ള, ആവശ്യത്തിൽക്കവിഞ്ഞ ശാരീരിക ഇടപെടലുകളാണ് ഇതിന് വഴിയൊരുക്കുന്നത്.

വിവേകമതികളായ മാതാപിതാക്കൾ സ്വന്തം കുട്ടികൾക്ക് നൽകുന്ന ഉപദേശം എന്തായിരിക്കും? “സ്ത്രീ എന്നും പുരുഷനെന്നുമുള്ള വ്യത്യാസം കൂടാതെ നിങ്ങൾ സ്വതന്ത്രമായി പെരുമാറുക. ആത്മാഭിമാനത്തിനും അന്തസ്സിനും കോട്ടംവരുത്തുന്ന ഒരു പ്രവൃത്തിയിലും ഏർപ്പെടാതിരിക്കുക. ഊഷ്മളമായ സൗഹൃദബന്ധം സ്ഥാപിക്കുമ്പോഴും ആവശ്യമായ അകലം പാലിക്കുക. തെറ്റായ മാതൃകകൾ അനുകരിക്കുകയോ സൃഷ്ടിക്കുകയോ ചെയ്യാതിരിക്കുക. പുരുഷന്റെ മേധാവിത്വ സമീപനവും സ്ത്രീയുടെ ആശ്രിതത്വ ഭാവവും — ഇവ രണ്ടും പഴഞ്ചൻ ഫ്യൂഡലിസ്റ്റ് സംസ്കാരത്തിന്റെ അവശിഷ്ടങ്ങളാണ്. തുല്യതയിലും പരസ്പരാദരവിലും അധിഷ്ഠിതമായ സ്നേഹത്തിനേ യഥാർത്ഥ നിലനിൽപ്പും ആസ്വാദ്യതയുമുള്ളൂ. സമൂഹത്തിൽ അന്തർധാരയായി വർത്തിക്കുന്ന പുരോഗമന മാറ്റങ്ങളുടെ ദൂതവാഹകരായി മാറുക നിങ്ങൾ. ഭാവി നിങ്ങളുടേതാണ്.” ഇങ്ങനെയായിരിക്കില്ലേ നാം നൽകുന്ന മാർഗ്ഗനിർദ്ദേശം?

പരമ പ്രധാനമായ സംഗതി അപ്പോൾ സ്വാതന്ത്ര്യമെന്നതിന്റെ അർത്ഥവും സാക്ഷാത്ക്കാരവും എന്ത് എന്നതാണ്. വസ്തുനിഷ്ഠ ആവശ്യകതയുടെ അംഗീകാരമാണ് സ്വാതന്ത്ര്യം. ആവശ്യകത എന്നതിനെ ഇവിടെ പ്രകൃതി നിയമങ്ങളുടെയും സാമൂഹ്യ നിയമങ്ങളുടെയും അനിവാര്യതയെ സംബന്ധിച്ച വ്യക്തമായ ധാരണയെന്ന് വായിക്കണം. സമൂഹത്തിന്റെ കെട്ടുറപ്പോടെയുള്ള നിലനിൽപ്പിന്റെ മാത്രമല്ല വികാസത്തിന്റെയും വളർച്ചയുടെയും കൂടി പരിപ്രേക്ഷ്യത്തിലേ വ്യക്തിയുടെ സ്വാതന്ത്ര്യത്തിന് അർത്ഥവും നിലനിൽപ്പുമുള്ളൂ.

സമൂഹ വികാസ പരിണാമ നിയമങ്ങൾ കൂടുതൽ ആഴത്തിൽ മനസ്സിലാക്കുകയും അതിനനുരോധമായി വർത്തിക്കുകയും ചെയ്യുമ്പോഴാണ് സ്വാതന്ത്ര്യം അർത്ഥവ്യാപ്തി കൈവരിക്കുന്നത്, ഒന്നുകൂടി സമ്പുഷ്ടമാകുന്നത്. പിന്നാക്ക അവസ്ഥകളെ മറികടക്കുന്നതിനുള്ള സാമൂഹികമായ പോരാട്ടത്തിൽ നിന്നാണ് സ്വാതന്ത്ര്യബോധം തന്നെ ഉദിച്ചത്. സാമൂഹികവും സാംസ്കാരികവും ചിന്താപരവുമായ മുന്നോട്ടുള്ള കുതിപ്പിന്റെ പ്രതീകമായ സ്വാതന്ത്ര്യബോധം അപ്പോൾ സാമൂഹ്യ ഉള്ളടക്കത്തോടുകുടിയതാണ്. കേവലം വ്യക്തിനിഷ്ഠമായ ഒന്നല്ല അത്. നവോത്ഥാനമെന്ന മഹത്തായ ചരിത്ര മുന്നേറ്റമാണ് ‘സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം’ എന്ന മുദ്രാവാക്യമുയർത്തിയത്. അവിടെയെങ്ങും സ്ത്രീ-പുരുഷ സമത്വം എന്നതല്ലാതെ, അനിയന്ത്രിതമായ ചുംബന സ്വാതന്ത്ര്യം എന്നൊരാവശ്യം ഉയർത്തപ്പെട്ടിരുന്നില്ല. സമൂഹത്തിന്റെ ആകമാന താൽപര്യങ്ങളിൽ നിന്നും വേർപ്പെടുത്തി വ്യക്തിസ്വാതന്ത്ര്യത്തെ നിർവ്വചിക്കാനാവില്ല എന്നു ചുരുക്കം.

ദുസ്സ്വാതന്ത്ര്യത്തിന്റെ പ്രഖ്യാപനം അപ്പോൾ സാമൂഹ്യ മനസ്സാക്ഷിക്കുമേൽ ക്ഷതമേൽപ്പിക്കുന്നതുമാത്രമല്ല, അത് ഫാസിസ്റ്റുകളുടെ കൈയിൽ ആയുധമായി തീരും എന്നതുകൂടിയാണ് അപകടം. ഫാസിസ്റ്റുകൾ കേവലം അടിച്ചമർത്തലും മർദ്ദനവും മാത്രമല്ല അഴിച്ചുവിടുന്നത്. മനുഷ്യന്റെ മനസ്സിനെയും ചിന്തയെയും വക്രീകരിച്ചും വശീകരിച്ചും ആശയക്കുഴപ്പം സൃഷ്ടിക്കാൻ കൗശലപൂർവ്വം തക്കംപാർത്തിരിക്കുകയാണ് അവർ. കേവലം ഗുണ്ടാസംഘങ്ങളെ ഉപയോഗിച്ചുകൊണ്ടല്ല, ആവേശബാധിതരായ ബഹുജനങ്ങളെക്കൂടി അണിനിരത്തിക്കൊണ്ടാണ് ഫാസിസ്റ്റ് വാഴ്ച സാധിതമാക്കുന്നത്. ആശയരംഗത്തെയും സാംസ്കാരിക രംഗത്തെയും ഓരോ പാളിച്ചയും അപ്പോൾ അവരുടെ കരങ്ങളിലെ ആയുധങ്ങളായി മാറും.

നവഉദാരീകരണ നയങ്ങൾക്ക് നാന്ദികുറിച്ച ബ്രിട്ടീഷ് പ്രധാനമന്ത്രി മാർഗരറ്റ് താച്ചറുടെ കുപ്രസിദ്ധമായ ഒരു ഭാഷണം ഈ സന്ദർഭത്തിൽ ഓർമ്മിക്കുന്നത് നന്നായിരിക്കും. “സമൂഹമെന്നൊന്നില്ല, വ്യക്തികളെയുള്ളൂ” എന്നാണവർ നിർലജ്ജം ഉദ്ഘോഷിച്ചത്. ആഗോളവൽക്കരണ നയങ്ങളും സിദ്ധാന്തങ്ങളും തിമിർത്താടുന്നത് ഈ കാഴ്ചപ്പാടിൽ നിന്നുകൊണ്ടാണ്.

വിപ്ലവമുന്നേറ്റങ്ങൾക്ക് കൂടുതൽ ഉയർന്ന സാംസ്കാരിക-നൈതിക-സദാചാര-സൗന്ദര്യാത്മക ധാരണകൾ അനിവാര്യമാണ്. പഴഞ്ചൻ ഫ്യൂഡലിസ്റ്റ് മൂല്യങ്ങളുടെ സ്ഥാനത്ത് ആധുനിക ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടാണ് മാറുമറയ്ക്കൽ സമരവും മാന്യമായ വസ്ത്രധാരണ അവകാശത്തിനുവേണ്ടിയുള്ള സമരവും ഉയർന്നുവന്നത്. ആവരണം ചെയ്യപ്പെടേണ്ടുന്നവ ആവരണം ചെയ്യുകയും സമൂഹത്തിൽ മാന്യവും അന്തസ്സുറ്റതുമായ രീതിമര്യാദകൾ സ്ഥാപിച്ചെടുക്കുകയും ചെയ്യുക എന്നത് ഉയർന്ന സൗന്ദര്യബോധത്തിന്റെ കൂടി പ്രതിഫലനമാണ്. എന്നാലിന്ന് ആവരണം ചെയ്യപ്പെടേണ്ടതിനെക്കൂടി അനാവരണം ചെയ്യാനും സമൂഹമധ്യത്തിൽ പുലർത്തപ്പെടേണ്ട ഡക്കോറത്തെ ധിക്കരിക്കാനുമുള്ള നീക്കം പുരോഗമനാത്മകമല്ല, സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള വികല സങ്കൽപ്പത്തിന്റെ പ്രകടനമാണ്.

സ്ത്രീ-പുരുഷ സമത്വത്തിനും സ്ത്രീ സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള സമരത്തെ ശരിയായ അടിത്തറയിൽ പ്രതിഷ്ഠിക്കുകയാണ് വേണ്ടത്. ഹൃദയൈക്യവും സ്നേഹബഹുമാനങ്ങളും മാത്രമായിരിക്കണം പരസ്പരം ബന്ധിപ്പിക്കുന്ന ഘടകം. സാമൂഹ്യ നിർമ്മാണ പ്രവർത്തനങ്ങളിൽ പരിപൂർണ്ണ സമത്വത്തോടെയും സ്വാതന്ത്ര്യത്തോടെയും തങ്ങളുടെ പങ്ക് നിറവേറ്റാൻ സ്ത്രീകൾക്ക് സാധ്യമാകണം. സ്ത്രീധന സമ്പ്രദായമെന്ന തിന്മ പാടേ തുടച്ചുനീക്കപ്പെടണം.

ആഴത്തിൽ വേരോടിയിരിക്കുന്ന പ്രശ്നങ്ങളെ അതിന്റെ സമഗ്രതയിൽക്കണ്ട് ചിട്ടയാർന്നതും നീണ്ടുനിൽക്കുന്നതുമായ ഒരു സാംസ്കാരിക മുന്നേറ്റം പടുത്തുയർത്തിക്കൊണ്ടേ നിർദ്ധാരണം ചെയ്യാനാവൂ. ഭാഗികമോ വിഭാഗീയമോ ആയ പരിശ്രമങ്ങൾ ലക്ഷ്യപ്രാപ്തിക്കുതകുന്നതാവില്ലെന്നതോ പോകട്ടെ, മാർഗ്ഗതടസ്സങ്ങൾ സൃഷ്ടിക്കുന്നവയായിരിക്കുകയും ചെയ്യും. വിശേഷിച്ചും, ഫാസിസ്റ്റ് വിപത്ത് അത്യന്തം ഭീഷണമായ രൂപമാർജ്ജിച്ചിരിക്കുന്ന വേളയിൽ.

അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടന (എഐഎംഎസ്എസ്), ഉയർന്ന നൈതികതയിലും ധാർമ്മിക-സദാചാര നിലവാരത്തിലുമൂന്നി രാജ്യമെമ്പാടും വളർത്തിക്കൊണ്ടുവരുന്ന ജനാധിപത്യ പ്രക്ഷോഭണം ഈ ശരിയായ ദിശയിലുള്ള പ്രസ്ഥാനത്തിന് മാതൃകയാണ്. മാർക്സിസം-ലെനിനിസത്തിന്റെ ധാരണയെ വികസിപ്പിച്ച് ഏറ്റവും കാലികമാക്കിത്തീർത്ത മഹാനായ ദാർശനികൻ സഖാവ് ശിബ്ദാസ് ഘോഷിന്റെ മാർഗ്ഗനിർദ്ദേശത്തിൻകീഴിൽ രൂപീകരിക്കപ്പെട്ട സംഘടനയാണ് എഐഎംഎസ്എസ്. സഖാവ് ശിബ്ദാസ്ഘോഷ് പഠിപ്പിക്കുന്നു:

“തുല്യ അവകാശങ്ങൾക്കുവേണ്ടിയും, സ്ത്രീത്വത്തിന്റെ അന്തസ്സിലും ആത്മാഭിമാനത്തിലും അധിഷ്ഠിതമായ തുല്യതയുള്ള സ്നേഹത്തിനുവേണ്ടിയും സമരം ചെയ്യുന്നവർ, പുരുഷ മേധാവിത്വത്തിൽനിന്നും പിതൃമേധാവിത്വ മനോഘടനയിൽനിന്നും മുക്തമാക്കപ്പെട്ട സ്നേഹത്തിനുവേണ്ടി ഉൽക്കടമായി അഭിലഷിക്കുന്നവർ, തങ്ങളുടെ സമരം കാലഘട്ടത്തിന്റെ സമഗ്രവീക്ഷണത്തിൽ സോഷ്യലിസത്തിനും തുടർന്ന് കമ്മ്യൂണിസത്തിനും വേണ്ടിയുള്ള തൊഴിലാളിവർഗ്ഗ വിപ്ലവവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന വസ്തുത മനസ്സിലാക്കിയേ തീരൂ. പിന്നാക്കം നിൽക്കുകയോ ഓടിയൊളിക്കുകയോ ചെയ്യുന്നവർ വനിതാ വിമോചനത്തെ കേവലം പ്രഹസനമാക്കുകയാണ്. ഇതുവഴി അവർക്ക് അമിതസ്വാതന്ത്ര്യമോ തലതിരിഞ്ഞ ചില വിശേഷാവകാശങ്ങളോ നേടാൻ മോഹിക്കാമെന്നല്ലാതെ സ്ത്രീകളുടെ യഥാർത്ഥ മോചനം എന്ന അഭിലഷണീയ ലക്ഷ്യത്തിൽ ഒരിക്കലും എത്തിച്ചേരാനാവില്ല.” ■

## ലോകജനതയുടെ മുഖ്യശത്രുവായ അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ അമരക്കാരൻ

# ബരാക് ഒബാമ ഗോ ബാക്ക്

## റിപ്പബ്ലിക്ദിന വിശിഷ്ടാതിഥിയായി ഒബാമയ്ക്ക് മോദിഗവണ്മെന്റ് നൽകിയ ക്ഷണം പിൻവലിക്കുക

## ആൾ ഇൻഡ്യ ആന്റി ഇംപീരിയലിസ്റ്റ് ഫോറം (AIAIF)

ഇൻഡ്യാഗവണ്മെന്റ് 2015 ജനുവരി 26-ാം തിയ്യതിയിലെ റിപ്പബ്ലിക് ദിനാഘോഷപരിപാടിയിലെ വിശിഷ്ടാതിഥിയായി അമേരിക്കൻ പ്രസിഡന്റ് ബരാക് ഒബാമയെ ക്ഷണിച്ചിരിക്കുകയാണല്ലോ. മനുഷ്യരാശിയുടെ ഏറ്റവും വെറുക്കപ്പെട്ട ശത്രുവായ അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ തലവനാണ് ഒബാമ. കഴിഞ്ഞ ഏതാനും ദശാബ്ദങ്ങളായി അമേരിക്കൻ സാമ്രാജ്യത്വം ലോകത്തെ വിവിധ രാജ്യങ്ങളുടെ പരമാധികാരത്തിലും സ്വാതന്ത്ര്യത്തിലും നഗ്നമായി കൈകടത്തിക്കൊണ്ടിരിക്കുകയാണ്. അതിന് വേണ്ടി അവർ യുദ്ധങ്ങൾ അഴിച്ചുവിടുന്നു. ഉപജാപങ്ങളിലും ഗൂഢാലോചനകളിലും ഏർപ്പെടുന്നു. രാജ്യങ്ങൾക്കിടയിൽ യുദ്ധം കുത്തിപ്പൊക്കുന്നു. മതമൗലികവാദവും വംശീയസംഘർഷങ്ങളും വളർത്തുന്നു. അങ്ങനെയെല്ലാം, പിഞ്ചുകുഞ്ഞുങ്ങളും വൃദ്ധജനങ്ങളുമുൾപ്പെടെയുള്ള ലക്ഷോപലക്ഷം ജനങ്ങളെ കൊന്നൊടുക്കുന്നു. സ്ത്രീകളുടെ മാനം കവരുന്നു. നഗരങ്ങളെയും ഗ്രാമങ്ങളെയും നശിപ്പിച്ച് തവിടുപൊടിയാക്കുന്നു. വിവിധ രാജ്യങ്ങളുടെ വിഭവങ്ങൾ കൊള്ളയടിക്കുന്നു. ഇങ്ങനെ മനുഷ്യരാശിയുടെ കൊടിയശത്രുവായിരിക്കുന്ന അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ മേധാവിയെയാണ് നരേന്ദ്രമോദി ഗവണ്മെന്റ് ക്ഷണിച്ചിരിക്കുന്നത്. ഈ നടപടിയിലൂടെ മോദി ഗവണ്മെന്റ് നമ്മുടെ രാജ്യത്തിന്റെ ഉജ്ജ്വലമായ സാമ്രാജ്യത്വവിരുദ്ധ സമരപാരമ്പര്യത്തെ കളങ്കപ്പെടുത്തുകയാണ്; നേതാജി സുഭാഷ്ചന്ദ്രബോസിനെയും ശഹീദ് ഭഗത്സിംഗിനെയും പോലുള്ള നമ്മുടെ സ്വാതന്ത്ര്യസമരത്തിലെ മഹാന്മാരായ ധീരയോദ്ധാക്കളെയും മറ്റ് രക്തസാക്ഷികളെയും അപമാനിക്കുകയാണ്.

അടുത്തകാലത്തായി കേന്ദ്രഗവണ്മെന്റ് അമേരിക്കയോട് കൂടുതൽ കൂടുതൽ അടുപ്പം സ്ഥാപിക്കുകയും, സാമ്പത്തികവും വാണിജ്യപരവും നയതന്ത്രപരവും സൈനികവുമായ മണ്ഡലങ്ങളിൽ കൂടുതൽ അടുത്ത സഹകരണം സ്ഥാപിച്ചുകൊണ്ടിരിക്കുകയുമാണെന്നത് ആശങ്കാജനകമാണ്. കോൺഗ്രസ്സ് നയിച്ചിരുന്ന ഗവണ്മെന്റ് ചെയ്തതും, ബിജെപി നയിക്കുന്ന ഗവണ്മെന്റ് ചെയ്യുന്നതും അതാണ്. ഇപ്പോൾ പ്രസിഡന്റ് ഒബാമയെ ക്ഷണിച്ചിരിക്കുന്നത് ഈ പ്രവണതയുടെ തുടർച്ചയായിട്ടാണ്. യുദ്ധവിരുദ്ധ-സാമ്രാജ്യത്വവിരുദ്ധ ജനകീയ പ്രസ്ഥാനങ്ങളെ സാർവ്വദേശീയതലത്തിൽ ഏകോപിപ്പിച്ചുകൊണ്ടിരിക്കുന്ന ഇന്റർനാഷണൽ ആന്റി ഇംപീരിയലിസ്റ്റ് കോ ഓർഡിനേറ്റിംഗ് കമ്മിറ്റി(IACC)യുടെ ഇൻഡ്യൻ ഘടകമായ ആൾ ഇൻഡ്യ ആന്റി ഇംപീരിയലിസ്റ്റ് ഫോറം (AIAIF) ഈ നടപടിയിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു. ഒബാമയ്ക്ക് നൽകിയിരിക്കുന്ന ക്ഷണം പിൻവലിക്കാൻ ഞങ്ങൾ കേന്ദ്രഗവണ്മെന്റിനോടാവശ്യപ്പെടുന്നു. ഈ ആവശ്യമുയർത്തിക്കൊണ്ട് രാജ്യവ്യാപകമായി പ്രചാരണം നടത്തി ബഹുജനാഭിപ്രായം സ്വരൂപിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഈ സാമ്രാജ്യത്വവിരുദ്ധ പ്രസ്ഥാനവുമായി സഹകരിക്കാൻ പുരോഗമനകാംക്ഷികളും ജനാധിപത്യവിശ്വാസികളുമായ മുഴുവൻ ജനങ്ങളോടും അഭ്യർത്ഥിക്കുന്നു. ■

# നിർഭയ: സ്ത്രീപീഡനവിരുദ്ധപാക്ഷികാചരണം




നിർഭയ ദിനത്തിൽ എഐഎംഎസ്എസ് നടത്തിയ സെക്രട്ടേറിയറ്റ് മാർച്ച് സഖാവ് ഷൈല കെ.ജോൺ ഉദ്ഘാടനം ചെയ്യുന്നു

**അ**ഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടനയുടെ ആഭിമുഖ്യത്തിൽ ഡിസം 16–29 വരെ സ്ത്രീപീഡന വിരുദ്ധപാക്ഷികാചരണം നടത്തി.

ഡൽഹിയിൽ നടന്ന 'നിർഭയ' സംഭവത്തിന്റെ രണ്ടാം വാർഷികത്തിൽ ഡിസംബർ 16 മുതൽ 29 വരെ എഐഎംഎസ്എസിന്റെ ആഭിമുഖ്യത്തിൽ സ്ത്രീപീഡനങ്ങൾക്കെതിരെ പാക്ഷികാചരണം നടത്തി. സ്ത്രീകൾക്കും കുട്ടികൾക്കും നേരെ വർദ്ധിച്ചു വരുന്ന അതിക്രമങ്ങൾ തടയുക, ജസ്റ്റിസ് വർമ്മ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുക, അശ്ലീലത, മയക്കുമരുന്ന് ഇവ തടയുക, മദ്യലോബിക്ക് കീഴടങ്ങി മദ്യനയം അട്ടിമറിക്കാനുള്ള സർക്കാർ തീരുമാനം പിൻവലിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് വിവിധ ജില്ലകളിൽ പരിപാടികൾ സംഘടിപ്പിച്ചു. പാക്ഷികാചരണത്തിന്റെ സമാപനം കുറിച്ചുകൊണ്ട്, സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ വനിതകളുടെ സെക്രട്ടേറിയറ്റ് മാർച്ച് നടത്തി.

പാളയം രക്തസാക്ഷി മണ്ഡപത്തിൽ നിന്നും ആരംഭിച്ച മാർച്ച് സെക്രട്ടേറിയറ്റിനു മുന്നിൽ എത്തിയതിനെത്തുടർന്ന് നടന്ന യോഗം എഐഎംഎസ്എസ് സംസ്ഥാന സെക്രട്ടറി ഷൈല കെ. ജോൺ ഉദ്ഘാടനം ചെയ്തു. സംസ്ഥാന ട്രഷറർ അഡ്വ.എം.എ. ബിന്ദു അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന നേതാക്കളായ മിനി കെ.ഫിലിപ്പ്, ഷീല കെ.ജെ, എസ്.രാധാമണി, സൗഭാഗ്യകുമാരി, കെ.കെ.ശോഭ, എം.കെ. ഉഷ, എം.എ.സൂസി, എ.സബൂറ തുടങ്ങിയവർ നേതൃത്വം നൽകി.

**ആലപ്പുഴ:** ഡിസം–16 ന് എഐഎംഎസ്എസ് ആലപ്പുഴ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ആലപ്പുഴ ടൗണിൽ പ്രകടനവും സമ്മേളനവും നടത്തി. ജില്ലാ സെക്രട്ടറി കെ.ജെ.ഷീല സമ്മേളനം ഉദ്ഘാടനം ചെയ്തു. അഡ്വ.എം.എ ബിന്ദു , മദ്യവിരുദ്ധജനകീയ സമരസമിതി ജില്ലാ സെക്രട്ടറി സി.വി.പീതാംബരൻ തുടങ്ങിയവർ പ്രസംഗിച്ചു. പി.ആർ. രാജിമോൾ അദ്ധ്യക്ഷത വഹിച്ചു. വി.ഉഷാകുമാരി, തത്തഗോപിനാഥ്, മൈനഗോപിനാഥ്, ടെസ്സി ബേബി, ആശ, വൽസല, ഉഷാദേവി തുടങ്ങിയവർ നേതൃത്വം നൽകി.

അമ്പലപ്പുഴ, ഹരിപ്പാട്, ചെങ്ങന്നൂർ, കായംകുളം എന്നിവിടങ്ങളിൽ ഒപ്പു ശേഖരണവും സമ്മേളനങ്ങളും നടന്നു. ജില്ലയിലുടനീളം വാഹനപ്രചരണജാഥയും നടത്തി.

**തൃശ്ശൂർ:** എഐഎംഎസ്എസ് തൃശ്ശൂർ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ചാവക്കാട് പ്രതിഷേധ പ്രകടനവും യോഗവും നടന്നു. എഐഎംഎസ്എസ് സംസ്ഥാന ജോയിന്റ് സെക്രട്ടറി എം.എ.പുഷ്പ ഉദ്ഘാടനം ചെയ്തു. എസ്‌യുസിഐ(സി)ജില്ലാ സെക്രട്ടറി ഡോ.പി.എസ്.ബാബു, എം.പ്രദീപൻ, സി.കെ.ശിവദാസൻ, സുജ ആന്റണി, ബേബി വൽസലൻ തുടങ്ങിയവർ പ്രസംഗിച്ചു. ജില്ലാ പ്രസിഡന്റ് ആർ.സുനിത അദ്ധ്യക്ഷത വഹിച്ചു. പ്രകടനത്തിന് സിസിലി ഏലിയാസ്, മായ സജീവൻ, രമ്യാവിനോദ്, ശ്രീജ എന്നിവർ നേതൃത്വം നൽകി.

**കോട്ടയം** : ഡിസംബർ 24ന് കാഞ്ഞിരപ്പള്ളിയിൽ എഐഎംഎസ്എസിന്റെ ആഭിമുഖ്യത്തിൽ പ്രതിഷേധയോഗവും പ്രകടനവും നടന്നു. കെ.എസ്.ശശികല, ആശാരാജ് യുജെ, കെ.എസ്.ചെല്ലമ്മ, കൊച്ചുമോൻ വി.പി തുടങ്ങിയവർ പ്രസംഗിച്ചു. ലീലാമ്മ രാജു, അംബിക വി.ആർ, ബിനില ബാബു, മായാമോൾ കെ.പി. തുടങ്ങിയവർ നേതൃത്വം നൽകി.

നിർഭയ ദിനത്തോടനുബന്ധിച്ച് ഡിസംബർ 13ന് കോട്ടയത്ത് നടന്ന സ്ത്രീസുരക്ഷാ സംഗമം ഡോ.കൊച്ചുറാണി എബ്രഹാം ഉദ്ഘാടനം ചെയ്തു. എഐഎംഎസ്എസ് ജില്ലാ സെക്രട്ടറി ആശാരാജ് അദ്ധ്യക്ഷതവഹിച്ച സംഗമത്തിൽ സ്ത്രീസുരക്ഷാ സമിതി സംസ്ഥാന ജനറൽ സെക്രട്ടറി മിനി കെ.ഫിലിപ്പ്, പ്രൊഫ.പി.എൻ.തങ്കച്ചൻ, ആനിക്കാട് ഗോപിനാഥൻ, ജന്നി എസ്, മേധ സുരേന്ദ്രനാഥ്, സിസ്റ്റർ വൽസ, എം.കെ.ഷെഹസാദ്, സലീമ ജോസഫ് തുടങ്ങിയവർ പ്രസംഗി ച്ചു.

ഡിസംബർ 17 ന് ചങ്ങനാശ്ശേരിയിൽ നടന്ന സ്ത്രീ സുരക്ഷാ സംഗമം മിനി കെ.ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. എം.എം.സന്തോഷ്, അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടന ജില്ലാ പ്രസിഡന്റ് കെ.എസ്.ശശികല, ആശാരാജ്, കെ.എൻ.രാജൻ തുടങ്ങിയവർ പ്രസംഗിച്ചു. പാകിസ്ഥാനിലെ പെഷാവറിൽ നടന്ന കുട്ടികളുടെ കൂട്ടക്കുരുതിയിൽ പ്രതിഷേധിച്ചുകൊണ്ടുള്ള പ്രമേയം എഐഡിഎസ്ഒ ജില്ലാ ട്രഷറർ മീനാക്ഷി ആർ. അവതരിപ്പിച്ചു. കെ.എസ്.ചെല്ലമ്മ സ്വാഗതവും ആലീസ് ജോസഫ് കൃതജ്ഞതയും രേഖപ്പെടുത്തി.

**കോഴിക്കോട്:** സ്ത്രീ സുരക്ഷാസമിതി കോഴിക്കോട് ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഡിസം 29 ന് രാവിലെ 9 മണിക്ക് എൽ.ഐ.സി കോർണറിൽ'നിർഭയ'സ്മൃതി മണ്ഡപത്തിൽ പുഷ്പാർച്ചന നടത്തി. തുടർന്ന് മാനാഞ്ചിറക്കു സമീപം സംഘചിത്രരചന സംഘടിപ്പിച്ചു. സംഘചിത്രരചന കോഴിക്കോട് ഫൈൻ ആർട്സ് കോളേജ് മുൻ പ്രിൻസിപ്പൽ ലക്ഷ്മണൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. യൂണിവേഴ്സൽ ആർട്സ് പ്രിൻസിപ്പൽ കെ.എ.സെബാസ്റ്റ്യൻ, സുമിത്ര തുടങ്ങി 25 ചിത്രകാരൻമാർ പങ്കെടുത്തു.



ആലപ്പുഴ ടൗണിൽ പ്രകടനത്തോടനുബന്ധിച്ചുനടന്ന യോഗം എഐഎംഎസ്എസ് ജില്ലാ സെക്രട്ടറി സഖാവ് കെ.ജെ.ഷീല ഉദ്ഘാടനം ചെയ്യുന്നു

തുടർന്ന് സ്പോർട്സ് കൗൺസിൽ ഹാളിൽ നടന്ന സമ്മേളനം പ്രശസ്ത മാന്ത്രികൻ ആർ.കെ.മലയത്ത് ഉദ്ഘാടനം ചെയ്തു. സ്ത്രീസുരക്ഷാ സമിതി ജില്ലാ പ്രസിഡന്റ് അഡ്വ.വിക്ടർ ആന്റണി നൂൺ അദ്ധ്യക്ഷത വഹിച്ചു. അഡ്വ.മഞ്ചേരിസുന്ദർരാജ്, വിമല ടീച്ചർ, എ.ശേഖർ, മൊയ്തു കണ്ണങ്കോടൻ, എരവട്ടൂർ ബാലകൃഷ്ണൻ, സി.എൻ. കുട്ടപ്പൻ, സി.ഷീബ, ആശാദേവി തുടങ്ങിയവർ പ്രസംഗിച്ചു. കെ.പി.സുബൈദ സ്വാഗതവും യമുനാദേവി നന്ദിയും രേഖപ്പെടുത്തി. ■

# കൊല്ലം, പത്തനംതിട്ട ജില്ലകളിൽ സ്ത്രീ സുരക്ഷാ സമ്മേളനങ്ങൾ

### കൊല്ലം ജില്ലാ സമ്മേളനം

**സ്**ത്രീകൾക്കും കുട്ടികൾക്കും നേരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ തടയുക, ജസ്റ്റിസ് ജെ.എസ്.വർമ്മ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് സ്ത്രീ സുരക്ഷാ സമിതിയുടെ ആഭിമുഖ്യത്തിൽ കൊല്ലം ജില്ലാ കൺവൻഷൻ നടത്തി. കൺവൻഷൻ പ്രശസ്ത സാമൂഹ്യ പ്രവർത്തക ദയാബായി ഉദ്ഘാടനം ചെയ്തു. മദ്യവ്യാപനത്തിന്റെ കെടുതികൾ വലിയതോതിൽ അനുഭവിക്കുന്ന കേരളത്തിൽ അടച്ചിട്ട ബാറുകൾ തുറന്നു കൊടുക്കാൻ സർക്കാർ തീരുമാനിച്ചത് ഏറെ ഖേദകരമാണെന്ന് ദയാബായി അഭിപ്രായപ്പെട്ടു. സ്ത്രീകൾ സുരക്ഷിതരായി കഴിയുന്ന ഒരു സമൂഹം സൃഷ്ടിക്കാൻ അതിക്രമങ്ങൾക്കെതിരായ പോരാട്ടത്തിൽ സ്ത്രീകളും പുരുഷൻമാരും ഒന്നിച്ചണിനിരക്കണമെന്നവർ ആഹ്വാനം ചെയ്തു. കൺവൻഷനിൽ സ്ത്രീ സുരക്ഷാ സമിതി സംസ്ഥാനസെക്രട്ടറി മിനി.കെ. ഫിലിപ്പ് വിഷയാവതരണം നടത്തി. ഡോ.ബി.എ.രാജാകൃഷ്ണൻ എസ്.എൻ.വിമൻസ് കോളേജ് പ്രിൻസിപ്പൽ ഡോ.ഷേർളി പി.ആനന്ദ്, എം.ജയിംസ്, അഡ്വ.എൻ.അശോകൻ, ടിങ്കിൾ പ്രഭാകരൻ, എസ്.ഷൈലജ, എസ്. ശ്രീജയ എന്നിവർ പ്രസംഗിച്ചു. ഷൈല കെ. ജോൺ അദ്ധ്യക്ഷത വഹിച്ചു. അഡ്വ.എൻ. അശോകൻ പ്രസിഡന്റും എസ്. ശ്രീജയ സെക്രട്ടറിയുമായി ജില്ലാ സമിതി രൂപീകരിച്ചു.

### പത്തനംതിട്ട ജില്ലാ സമ്മേളനം

ഡിസം.16 ന് പത്തനംതിട്ട ടൗൺ ഹാളിൽ നടന്ന സ്ത്രീ സുരക്ഷാസമ്മേളനം ബിഷപ്പ് ഡോ.ഗീവർഗ്ഗീസ് മാർ കുറിലോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. എസ്. രാമചന്ദ്രൻ നായർ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ മിനി കെ. ഫിലിപ്പ് മുഖ്യപ്രഭാഷണം നടത്തി. റ്റി.ആർ.ശശി, അഡ്വ.റ്റി.എച്ച്.സിറാജ്ജുദ്ദീൻ, റ്റി.എ.ജോർജ്ജ്, എസ്.രാജീവൻ, എസ്.രാധാമണി, സനിലാ ജോർജ്ജ്, കെ.ജി. അനിൽകുമാർ, ലക്ഷ്മി ആർ. ശേഖർ തുടങ്ങിയവർ പ്രസംഗിച്ചു. ആർ.രാമചന്ദ്രൻ നായർ പ്രസിഡന്റും, എസ്.രാധാമണി സെക്രട്ടറിയുമായി ജില്ലാ സമിതി രൂപീകരിച്ചു. ■




കൊല്ലം ജില്ലാ സമ്മേളനം പ്രശസ്ത സാമൂഹ്യ പ്രവർത്തക ദയാബായി ഉദ്ഘാടനം ചെയ്യുന്നു ഷൈല കെ.ജോൺ, മിനി.കെ. ഫിലിപ്പ്, ഡോ.ബി.എ.രാജാകൃഷ്ണൻ, ഡോ.ഷേർളി പി.ആനന്ദ്, എം.ജയിംസ്, ജ്യോതികൃഷ്ണൻ, അഡ്വ.എൻ.അശോകൻ, ടിങ്കിൾ പ്രഭാകരൻ, എസ്.ഷൈലജ, എന്നിവർ വേദിയിൽ




പത്തനംതിട്ട ജില്ലാ സമ്മേളനം ബിഷപ്പ് ഡോ.ഗീവർഗ്ഗീസ് മാർ കുറിലോസ് ഉദ്ഘാടനം ചെയ്യുന്നു. എസ്.രാമചന്ദ്രൻ നായർ, മിനി.കെ.ഫിലിപ്പ്, റ്റി.ആർ.ശശി, അഡ്വ.റ്റി.എച്ച്. സിറാജ്ജുദ്ദീൻ, റ്റി.എ.ജോർജ്ജ്, എസ്.രാജീവൻ, എസ്.രാധാമണി, സനിലാ ജോർജ്ജ്, കെ.ജി.അനിൽകുമാർ, ലക്ഷ്മി ആർ.ശേഖർ എന്നിവർ വേദിയിൽ.

# പെഷവാർ വിദ്യാർത്ഥി കൂട്ടക്കൊലക്കെതിരെ പ്രതിഷേധിച്ചു

## ഇടതുപക്ഷ ഐക്യമുന്നണി(എൽ.യു.എഫ്) പ്രതിഷേധ സംഗമം സംഘടിപ്പിച്ചു



ഇടതുപക്ഷ ഐക്യമുന്നണി എറണാകുളം ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച പ്രതിഷേധ സംഗമം എംസിപിഐ(യു) കേന്ദ്രകമ്മിറ്റിയംഗം സഖാവ് ടി.എസ്.നാരായണൻമാസ്റ്റർ ഉദ്ഘാടനം ചെയ്യുന്നു

എറണാകുളം, 2014 ഡിസംബർ 19, പാകിസ്ഥാനിലെ പെഷവാറിൽ സ്കൂൾ വിദ്യാർത്ഥികൾക്കുനേരെ താലിബാൻ തീവ്രവാദികൾ നടത്തിയ കൊടിയ അക്രമണത്തിൽ പ്രതിഷേധിച്ച് ഇടതുപക്ഷ ഐക്യമുന്നണി എറണാകുളം ജില്ലാ കമ്മിറ്റി പ്രതിഷേധ സംഗമം സംഘടിപ്പിച്ചു. മേനക ജംഗ്ഷനിൽ സംഘടിപ്പിച്ച സംഗമം എൽയുഎഫ് സംസ്ഥാന നേതാക്കളിലൊരാളും എംസിപിഐ(യു) കേന്ദ്രകമ്മിറ്റിയംഗവുമായ ടി.എസ്.നാരായണൻമാസ്റ്റർ ഉദ്ഘാടനം ചെയ്തു.

ലോകമെമ്പാടും പുരോഗമന ആശയങ്ങളെയും പ്രസ്ഥാനങ്ങളെയും ഇല്ലാതാക്കാൻ സമ്രാജ്യത്വം ഊട്ടി വളർത്തിയ മത-വംശീയ തീവ്രവാദപ്രസ്ഥാനങ്ങൾ മാനവരാശിക്കുതന്നെ ഭീഷണി ഉയർത്തുന്നതിന്റെ പ്രത്യക്ഷ ഉദാഹരണമാണ് പെഷവാറിലെ കുഞ്ഞുങ്ങൾക്കു നേരെ നടന്ന കൂട്ടക്കുരുതിയെന്ന് അദ്ദേഹം പറഞ്ഞു. തീവ്രവാദികൾക്ക് മതവുമില്ല, ദേശാതിർത്തികളുമില്ല. അവർ മാനവരാശിയുടെ ശത്രുക്കളാണ്. ലോകമെമ്പാടും മത-വംശീയ തീവ്രവാദത്തിനെതിരെ ശക്തമായ സമാധാനപ്രസ്ഥാനം രൂപപ്പെടുത്തിയെടുക്കുകയെന്നതാണ് ഇതിനെ നേരിടുന്നതിനുള്ള ഒരേയൊരു പോംവഴി- അദ്ദേഹം തുടർന്നുപറഞ്ഞു.

എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടേറിയറ്റംഗം പി.എം.ദിനേശൻ അദ്ധ്യക്ഷത വഹിച്ചു. എൽയുഎഫ് ജില്ലാകൺവീനർ ഇ.കെ.മുരളി, നേതാക്കളായ പി.പി.അഗസ്റ്റിൻ, പി.എ.അബ്ദുൾ സമദ്, കെ.കെ.ശോഭ, കെ.പി.സാൽവിൻ, പി.പി.സാജു തുടങ്ങിയവർ പ്രസംഗിച്ചു. ■

## എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പ്രകടനം നടത്തി

താലിബാൻ പെഷവാറിൽ നടത്തിയ കൂട്ടക്കുരുതിയെ അപലപിച്ച് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)ന്റെ നേതൃത്വത്തിൽ നടന്ന പ്രതിഷേധ പരിപാടികളുടെ ഭാഗമായി ഡിസംബർ 18ന് പാലക്കാട് ടൗണിൽ പ്രകടനം നടത്തി.

പ്രകടനം വൈകിട്ട് മുനിസിപ്പൽ ബസ്സ്റ്റാന്റിൽ നിന്നാരംഭിച്ച് സ്റ്റേഡിയം ബസ്സ്റ്റാന്റിൽ അവസാനിച്ചു. തുടർന്ന് നടന്ന പ്രതിഷേധ യോഗം എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റംഗം ജി.എസ്.പത്മകുമാർ ഉദ്ഘാടനം ചെയ്തു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാലക്കാട് ജില്ലാസെക്രട്ടറി കെ.അബ്ദുൾ അസീസ് അദ്ധ്യക്ഷത വഹിച്ചു. ആർഎംപി ജില്ലാസെക്രട്ടറി രാധാകൃഷ്ണൻ മണ്ണാർക്കാട്, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ കമ്മിററിയംഗം കെ.എം.ബീവി എന്നിവർ പ്രസംഗിച്ചു. എ.റെജീന, കെ.പ്രദീപ്, സി.രാജൻ, കെ.കേശവൻകുട്ടി, കെ.പ്രസാദ് എന്നിവർ പ്രകടനത്തിന് നേതൃത്വം നൽകി.




പാലക്കാട് നഗരത്തിൽ നടത്തിയ പ്രതിഷേധ പ്രകടനം



പത്തനംതിട്ട നഗരത്തിൽ നടത്തിയ പ്രതിഷേധ പ്രകടനം

പത്തനംതിട്ടയിൽ പ്രതിഷേധ പ്രകടനവും യോഗവും നടന്നു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറി സഖാവ് എസ്.രാജീവൻ ഉദ്ഘാടനം ചെയ്തു. റജി മലയാലപ്പുഴ, എസ്.രാധാമണി, ബിനുബേബി, വി.ഡി.സന്തോഷ്, അനീഷ് തുടങ്ങിയവർ പ്രസംഗിച്ചു. സഖാവ് കെ.ജി.അനിൽകുമാർ അദ്ധ്യക്ഷത വഹിച്ചു. ■

## പെഷവാറിലെ കൂട്ടക്കുരുതിയെ അപലപിച്ചുകൊണ്ട് പാകിസ്ഥാൻ കമ്മ്യൂണിസ്റ്റ് പാർട്ടി പോളിറ്റ്ബ്യൂറോ

പെഷവാറിലെ ആർമി സ്കൂളിൽ നടന്ന ധിക്കാരപൂർവ്വമായ ആക്രമണം പാകിസ്ഥാൻ രാഷ്ട്രത്തിന്റെ അകക്കാമ്പിന് തന്നെ എതിരായ ആക്രമണമാണ്. മൃഗീയമായ ആ കൂട്ടക്കുരുതിയിൽ 142 ജീവനുകളാണ് പൊലിഞ്ഞത്. അതിൽ 132 പേർ നിഷ്കളങ്കരായ പിഞ്ചുകുഞ്ഞുങ്ങളായിരുന്നു. പാകിസ്ഥാൻ ഭരണകൂടം നിരന്തരം അനുവർത്തിച്ചുവരുന്ന നയങ്ങളുടെ പരിണതിയാണിത്. കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് പാകിസ്താൻ, കാട്ടാളത്തം നിറഞ്ഞ ഈ കൂട്ടക്കൊലയെ ശക്തിയുക്തം അപലപിക്കുന്നു. ആ ശക്തികളും സ്ഥാപനങ്ങളുമെല്ലാം ഭീരുത്വം നിറഞ്ഞ ഈ ചെയ്തിക്ക് ഉത്തരവാദികളാണ്. അമേരിക്കൻ സാമ്രാജ്യത്വചേരിയുടെ ഭാഗത്തുനിൽക്കുന്ന ശക്തികളാണവർ. അയൽരാജ്യമായ അഫ്ഘാനിസ്ഥാനിലെ അദ്ധ്വാനിക്കുന്ന ജനങ്ങളെ കൂട്ടക്കുരുതിക്കിരയാക്കാനായി സൗദി അറേബ്യയുടെ ആജ്ഞാനുവർത്തികളായി പ്രവർത്തിക്കുന്നവരാണവർ. ദീർഘകാലമായി അവർ ലോകത്തെങ്ങും വ്യത്തികെട്ട ഭീകരവാദികളെയും ഭീകരവാദത്തെയും കയറ്റിയയച്ചുകൊണ്ടിരിക്കുകയാണ്. താലിബാനെ പ്രവിശ്യാ തലസ്ഥാനത്ത് ഓഫീസുകൾ സ്ഥാപിക്കാനായി ക്ഷണിക്കണമെന്ന് തുറന്ന് വാദിച്ചവർക്കും, താലിബാന് അവരുടെ ഫ്രണ്ട്ഓഫീസുകൾ സ്ഥാപിക്കാൻ തങ്ങൾ നടത്തുന്ന മതപാഠശാലകൾ നൽകാമെന്ന് വാഗ്ദാനം ചെയ്തുകൊണ്ട്, താലിബാനോടുള്ള ഹൃദയപൂർവ്വമായ അനുഭാവം പ്രഖ്യാപിക്കുകയും ചെയ്ത എല്ലാവർക്കുമെതിരെ ശക്തമായ നടപടി സ്വീകരിക്കണം.

പാകിസ്ഥാനിൽ സൈന്യം നടത്തുന്ന 128 പബ്ലിക് സ്കൂളുകളാണ് ആകെയുള്ളത്. സൈനികരുടെയും സമൂഹത്തിലെ ഉന്നതരുടെയും കുട്ടികളാണ് മുഖ്യമായും അവിടെ പഠിക്കുന്നത്. ഇപ്പോൾ ഈ സ്കൂളുകളെല്ലാം താലിബാന്റെ ആക്രമണ ഭീഷണി നേരിടുകയാണ്. പെഷവാറിൽ ഈ കിരാതത്വത്തിനിരയായ കുട്ടികൾ ഏവരും നമ്മുടെ സ്വന്തം കുട്ടികളെന്ന നിലയിൽ, രാജ്യം ഒന്നാകെ അവർക്ക് വേണ്ടി വിലപിക്കുന്നു.

പാകിസ്ഥാൻ കമ്മ്യൂണിസ്റ്റ് പാർട്ടി ഭരണകൂടാധികാരികളോട് ഈ ഭ്രാന്തമായ അവസ്ഥ പരിഹരിക്കാനും, മതമൗലികവാദത്തിനും ഭീകരവാദത്തിനുമെതിരെ ആത്മാർത്ഥമായ നയങ്ങൾ കൈക്കൊള്ളാനും വീണ്ടും ആവശ്യപ്പെടുന്നു.

പാകിസ്ഥാന് അതിന്റെ മുൻ അടിത്തറയുടെ മേലുള്ള നിലനില്പ് ഇനിയും പ്രായോഗികമായി അസാദ്ധ്യമായിരിക്കുന്നുവെന്നതാണ് പാകിസ്ഥാൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നിരീക്ഷണം. നിലനിൽക്കണമെങ്കിൽ രാഷ്ട്രം മതരാഷ്ട്രവാദപരമായ ആദർശങ്ങളെ പോറ്റിവളർത്തുന്നത് അവസാനിപ്പിക്കണം. അതിന് വേണ്ടി, മതമേധാവിത്വത്തെ രാഷ്ട്രകാര്യങ്ങളിൽ നിന്ന് എന്നെന്നേയ്ക്കുമായി വേർപെടുത്തുകയും, രാജ്യത്ത് ഇപ്പോൾ നിലനിൽക്കുന്ന മതപരവും വിഭാഗീയവുമായ എല്ലാ മൗലികവാദ പ്രവണതകൾക്കുമെതിരെ നിർണ്ണായകമായ നടപടികൾ കൈക്കൊള്ളുകയും വേണം.

പാകിസ്ഥാനിലെ അദ്ധ്വാനിക്കുന്ന ജനങ്ങളുടെ വിശാല താല്പര്യാർത്ഥവും, മേഖലയിലും അതിനപ്പുറവും സ്ഥായിയായ സമാധാനവും പുരോഗതിയും ഉറപ്പുവരുത്തുന്നതിന് വേണ്ടിയും, സ്വമേധയാ ഒരു ഫെഡറേഷനായി യോജിച്ച് നിൽക്കാൻ തയ്യാറായിട്ടുള്ള ദേശീയതകളുടെ മതേതര ജനാധിപത്യ രാഷ്ട്രം സ്ഥാപിക്കുകയാണ് വേണ്ടത്. ■

## മതാധിഷ്ഠിത രാഷ്ട്രീയം ജനാധിപത്യത്തിനും സംസ്കാരത്തിനും വിരുദ്ധം – സോഷ്യലിസ്റ്റ് പാർട്ടി ഓഫ് ബംഗ്ലാദേശ് (മാർക്സിസ്റ്റ്)

ബംഗ്ലാദേശ് സോഷ്യലിസ്റ്റ് പാർട്ടി (മാർക്സിസ്റ്റ്) ജനറൽസെക്രട്ടറി സഖാവ് മൊബിനുൾ ഹൈദർ ചൗധരി, ഡിസംബർ 16 ന് പാകിസ്താനിലെ കൊടും വർഗ്ഗീയവാദി ഗ്രൂപ്പ് ഒരു സ്കൂളിൽ നടത്തിയ കിരാതമായ കൂട്ടക്കുരുതിയെ ശക്തിയുക്തം അപലപിച്ചു. ജനാധിപത്യത്തിനും നാഗരികതയ്ക്കും തികച്ചും വിരുദ്ധമായ നടപടിയാണതെന്ന് അദ്ദേഹം പറഞ്ഞു. മുതലാളിത്ത-സാമ്രാജ്യത്വ ഭരണാധികാരികൾ പോറ്റിവളർത്തിയതുമൂലം ഇന്നത്തെ അവസ്ഥയിലേയ്ക്ക് വളർന്നിരിക്കുന്ന പ്രതിലോമകാരികളായ നികൃഷ്ട ശക്തികളാണ് ഇത്തരം ചെയ്തികളിലേർപ്പെടുന്നത്. ഈ ശക്തികൾക്കെതിരെ ശക്തമായ സമരം വളർത്തിയെടുക്കുകയെന്നതാണ് ഇന്നത്തെ അടിയന്തിര കർത്തവ്യം - അദ്ദേഹം പറഞ്ഞു. ■

# കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയൻ ആലപ്പുഴ ജില്ലാ സമ്മേളനം

എഐയുടിയുസിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കേരള കൺസ്ട്രക്ഷൻ യൂണിയന്റെ പ്രഥമ ആലപ്പുഴ ജില്ലാ സമ്മേളനം ജനുവരി 4 ന് ആലപ്പുഴ നരസിംഹം ആഡിറ്റോറിയത്തിൽ നടന്നു. സമ്മേളനം എഐയുടിയുസി സംസ്ഥാന സെക്രട്ടറി സഖാവ് വി.കെ.സദാനന്ദൻ ഉദ്ഘാടനം ചെയ്തു. യൂണിയൻ ജില്ലാ പ്രസിഡന്റ് സഖാവ് എസ്.സീതിലാൽ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന വൈസ്പ്രസിഡന്റ് സ.ഡി.സുന്ദരേശൻ മുഖ്യപ്രഭാഷണം നടത്തി. കെഎസ്ആർടിസി വർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ജി.മധുസൂദനൻപിള്ള, കേരള മത്സ്യബന്ധനത്തൊഴിലാളി യൂണിയൻ ജില്ലാ വൈസ്പ്രസിഡന്റ് കെ.കെ.വിക്രമൻ, കശുവണ്ടിത്തൊഴിലാളി സെന്റർ ജില്ലാസെക്രട്ടറി കെ.ആർ.ഓമനക്കുട്ടൻ, കയർ വർക്കേഴ്സ് ഓർഗനൈസേഷൻ ജില്ലാ സെക്രട്ടറി കെ.പി.മനോഹരൻ, കേരള മത്സ്യ സംസ്കരണ ത്തൊഴിലാളി യൂണിയൻ ജില്ലാ ജോയിന്റ് സെക്രട്ടറി കെ.പി.സുബൈദ, ഹെഡ്‌ലോഡ് വർക്കേഴ്സ് സെന്റർ ജില്ലാ സെക്രട്ടറി വി.ആർ.അനിൽ എന്നിവർ ആശംസാ പ്രസംഗം നടത്തി. പ്രവർത്തന റിപ്പോർട്ട് യൂണിയൻ ജില്ലാ സെക്രട്ടറി സ.പി.ആർ.സതീശൻ അവതരിപ്പിച്ചു. ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യരുടെയും സഖാക്കൾ കെ.പി.കോസലരാമദാസ്, എ.ജലാലുദ്ദീൻ, പെരുങ്ങുഴി തങ്കപ്പൻ എന്നിവരുടെയും യൂണിയൻ അംഗങ്ങളായിരുന്ന എ.റ്റി.രാജു തലവടി, സീശാന്ത് കാവാലം, സണ്ണി കൊടുപ്പുന്ന, ദാസൻകുട്ടൻ രാമങ്കരി, രാജമ്മ മാവേലിക്കര, മോഹൻദാസ് മുതുകുളം എന്നിവരുടെ നിര്യാണത്തിൽ സമ്മേളനം അനുശോചനം രേഖപ്പെടുത്തി.

എസ്.സീതിലാൽ(പ്രസിഡന്റ്), എം.എ.ബിന്ദു, എ.മുഹമ്മദ്, കെ.ആർ.ഓമനക്കുട്ടൻ, റ്റി.മധു പള്ളിപ്പാട് (വൈസ്പ്രസിഡന്റുമാർ), പി.ആർ.സതീശൻ(സെക്രട്ടറി), കെ.പി.മനോഹരൻ, മധു ചെങ്ങന്നൂർ, അനിൽപ്രസാദ്, ബിനുമോൻ ബി., റ്റി.ശശി കാവാലം(ജോ.സെക്രട്ടറിമാർ), കെ.പി.സുബൈദ (ട്രഷറർ) എന്നിവർ ഭാരവാഹികളായി 43 അംഗ ജില്ലാ കമ്മിറ്റിയെ സമ്മേളനം തെരഞ്ഞെടുത്തു. ■




സഖാവ് വി.കെ.സദാനന്ദൻ സമ്മേളനം ഉദ്ഘാടനം ചെയ്യുന്നു.

**സൈദ്ധാന്തിക പാഠങ്ങൾ**

# ‘സോഷ്യലിസം – സാങ്കല്പികവും ശാസ്ത്രീയവും’

## ഫ്രെഡറിക് എംഗൽസിന്റെ കൃതിയിൽനിന്ന്

സജീവസാമൂഹ്യശക്തികൾ പ്രകൃതിശക്തികളെപ്പോലെതന്നെയാണ് പ്രവർത്തിക്കുന്നത്. നാം അവയെ മനസ്സിലാക്കുകയും കണക്കിലെടുക്കുകയും ചെയ്യാത്ത കാലത്തോളം അവ അന്ധമായും ബലാൽക്കാരമായും വിനാശകരമായും പ്രവർത്തിക്കുന്നു. എന്നാൽ നാം അവയെ മനസ്സിലാക്കിക്കഴിഞ്ഞാൽ, അവയുടെ പ്രവർത്തനവും ഗതിയും അനന്തരഫലങ്ങളും ഗ്രഹിച്ചുകഴിഞ്ഞാൽ, അവയെ അധികമധികം നമ്മുടെ വരുതിയിലാക്കാനും അവയെ ഉപയോഗപ്പെടുത്തിക്കൊണ്ട് നമ്മുടെ ലക്ഷ്യത്തിലെത്താനും നാം തീരുമാനിച്ചാൽ കഴിയുന്നതേയുള്ളൂ. ഇന്നത്തെ പ്രബലമായ ഉൽപ്പാദനശക്തികളെ സംബന്ധിച്ചിടത്തോളം ഇതുവിശേഷിച്ചും വാസ്തവമാണ്. ഈ സാമൂഹ്യപ്രവർത്തനോപാധികളുടെ പ്രകൃതത്തേയും സ്വഭാവത്തേയും നാം മനഃപൂർവ്വം മനസ്സിലാക്കാൻ കൂട്ടാക്കാതിരിക്കുന്ന കാലത്തോളം—മുതലാളിത്ത ഉൽപ്പാദനരീതിയുടെയും അതിന്റെ സംരക്ഷകരുടേയും താൽപ്പര്യങ്ങൾക്കെതിരാണ് നാം കാര്യങ്ങൾ മനസ്സിലാക്കുന്നത്—ഈ ശക്തികൾ നമ്മെ വകവയ്ക്കാതെയും നമുക്കെതിരായും പ്രവർത്തിച്ചുകൊണ്ടിരിക്കും. അവ നമ്മെ അടക്കിഭരിച്ചുകൊണ്ടിരിക്കും.

എന്നാൽ അവയുടെ സ്വഭാവം മനസ്സിലാക്കിക്കഴിഞ്ഞാൽ ഒന്നിച്ചുപണിയെടുക്കുന്ന ഉൽപ്പാദകരുടെ കൈയിൽ അവയെ, പൈശാചികമേധാവികളെന്ന നിലയിൽനിന്ന് അനുസരണയുള്ള ഭൃത്യന്മാരാക്കി, മാറ്റാൻ കഴിയും. ഇടിമിന്നലിലെ വിദ്യുച്ഛക്തിയും നമ്മുടെ ഇച്ഛയ്ക്കനുസൃതമായി കമ്പിത്തപാലിലും വോൾട്ടായിക് ആർക്കിലും പ്രവർത്തിക്കുന്ന വിദ്യുച്ഛക്തിയും തമ്മിലുള്ളതുപോലുള്ള വ്യത്യാസമാണ്, ഒരു തീപിടുത്തവും മനുഷ്യന്റെ സഹായത്തിനായി പ്രവർത്തിക്കുന്ന തീയുംതമ്മിലുള്ള വ്യത്യാസമാണ്, ഇവിടെയുമുള്ളത്. ഇങ്ങനെ ആത്യന്തികമായി ഇന്നത്തെ ഉൽപ്പാദനശക്തികളുടെ യഥാർത്ഥ സ്വഭാവം അംഗീകരിക്കപ്പെടുന്നതോടുകൂടി, ഉൽപ്പാദനത്തിലുള്ള സാമൂഹ്യ അരാജകത്വത്തിന്റെ സ്ഥാനത്ത് വ്യക്തമായ ആസൂത്രണത്തിന്റെ അടിസ്ഥാനത്തിലും, സമൂഹത്തിന്റെ പൊതുവെയും ഓരോ വ്യക്തിയുടേയും ആവശ്യങ്ങൾക്കനുസൃതമായും, ഉൽപ്പാദനത്തിന് സാമൂഹ്യമായ ഒരു ക്രമീകരണം കൈവരുന്നു. ഉൽപ്പന്നം ആദ്യം ഉൽപ്പാദകനേയും പിന്നീട് അതിനെ സ്വന്തം ഉടമസ്ഥതയിലാക്കുന്നയാളേയും അടിമപ്പെടുത്തിവയ്ക്കുന്ന മുതലാളിത്തപരമായ സ്വായത്തമാക്കലിന്റെ സ്ഥാനത്ത് ആധുനിക ഉൽപ്പാദനോപാധികളുടെ സ്വഭാവത്തെ അടിസ്ഥാനപ്പെടുത്തി ഉൽപ്പന്നങ്ങളുടെ വിനിമയത്തിന്റെ ഒരു രീതി നിലവിൽ വരുന്നു. ഒരു വശത്ത്, ഉൽപ്പാദനം നിലനിർത്താനും വികസിപ്പിക്കാനുംവേണ്ടി സമൂഹം നേരിട്ട് ഉൽപ്പന്നങ്ങൾ സ്വായത്തമാക്കുന്നു, മറുവശത്ത്, ഉപജീവനത്തിനും സന്തുഷ്ടിക്കുംവേണ്ടി വ്യക്തികൾ നേരിട്ട് ഉൽപ്പന്നങ്ങൾ സ്വായത്തമാക്കുന്നു.

മുതലാളിത്ത ഉൽപ്പാദനരീതി ബഹുഭൂരിപക്ഷം ജനങ്ങളേയും കൂടുതൽ കൂടുതൽ പൂർണ്ണമായി നിസ്വരായ തൊഴിലാളികളാക്കി മാറ്റുമ്പോൾ നിലനിൽപ്പിനുവേണ്ടിത്തന്നെ വിപ്ലവം നടത്താൻ നിർബന്ധിതമായ ഒരു ശക്തിയെ സൃഷ്ടിക്കുകയാണ് അതു ചെയ്യുന്നത്. ഇതിനകംതന്നെ സമൂഹ്യവൽക്കരിക്കപ്പെട്ടുകഴിഞ്ഞ വമ്പിച്ച ഉൽപ്പാദനോപാധികളെ അധികമധികം സ്റ്റേറ്റിന്റെ സ്വത്താക്കി മാറ്റുമ്പോൾ, ഈ വിപ്ലവം നടത്താനുള്ള വഴി ചൂണ്ടിക്കാട്ടുകയാണ് അത് ചെയ്യുന്നത്. തൊഴിലാളിവർഗ്ഗം രാഷ്ട്രീയാധികാരം പിടിച്ചെടുത്തുകൊണ്ട് ഉൽപ്പാദനോപാധികളെയാകെ സ്റ്റേറ്റിന്റെ സ്വത്താക്കി മാറ്റുന്നു.

എന്നാൽ ഇങ്ങനെ ചെയ്യുന്നതോടെ തൊഴിലാളിവർഗ്ഗം തൊഴിലാളിവർഗ്ഗമല്ലാതായിത്തീരുന്നു. അത് എല്ലാ വർഗ്ഗവ്യത്യാസങ്ങളും വർഗ്ഗവൈരുദ്ധ്യങ്ങളും അവസാനിപ്പിക്കുന്നു. സ്റ്റേറ്റിനെ, അഥവാ ഭരണകൂടത്തെത്തന്നെ ഭരണകൂടമല്ലാതാക്കിത്തീർക്കുന്നു. ഇതേവരെ വർഗ്ഗവൈരുദ്ധ്യങ്ങളിൽ അധിഷ്ഠിതമായിരുന്ന സമൂഹത്തിന് ഭരണകൂടം ആവശ്യമായിരുന്നു. അതായത്, അതാതുകാലത്തെ ചൂഷകവർഗ്ഗമായി വർത്തിക്കുന്ന പ്രത്യേക വർഗ്ഗത്തിന്റെ ഒരു സംഘടന — നിലവിലുള്ള ഉൽപ്പാദന സാഹചര്യങ്ങളിൽ വെളിയിൽനിന്നും ഇടപെടലുണ്ടാകാതെ സൂക്ഷിക്കുന്നതിനും വിശേഷിച്ച് നിലവിലുള്ള ഉൽപ്പാദനരീതിക്കനുരൂപമായി (അടിമത്തം, അടിയായ്മ, കൂലിവേല) ചൂഷിതവർഗ്ഗങ്ങളെ അടിച്ചമർത്തി നിർത്തുന്നതിനുംവേണ്ടിയുള്ള ഒരു സംഘടന — ആവശ്യമായിരുന്നു. സമൂഹത്തിന്റെയൊട്ടാകെ ഔദ്യോഗികപ്രതിനിധിയായിരുന്നു, പ്രത്യക്ഷമായ മൂർത്തീകരണമായിരുന്നു, ഭരണകൂടം. എന്നാൽ അതാത് കാലത്തേക്ക് മാത്രം സമൂഹത്തെയാകെ പ്രതിനിധീകരിച്ചിരുന്ന വർഗ്ഗത്തിന്റെ ഭരണകൂടമെന്ന അർത്ഥത്തിൽ മാത്രമാണിത്. അത് പ്രാചീന കാലത്ത് അടിമയുടമയുടേയും മദ്ധ്യകാലങ്ങളിൽ നാടുവാഴിപ്രഭുക്കളുടേയും ഭരണകൂടമായിരുന്നു. ഇക്കാലത്താവട്ടെ, അത് ബൂർഷ്വാസിയുടെ ഭരണകൂടമാണ്. അവസാനം അത് സമൂഹത്തിന്റെയാകെ യഥാർത്ഥ പ്രതിനിധിയായിത്തീരുമ്പോൾ അതിന്റെ ആവശ്യംതന്നെ ഇല്ലാതാകുന്നു. അടിച്ചമർത്തിവയ്ക്കപ്പെടേണ്ട ഒരു സാമൂഹ്യവർഗ്ഗം ഇല്ലാതാകുന്നയുടനെ, വർഗ്ഗഭരണവും ഉൽപ്പാദനത്തിൽ ഇന്നുള്ള അരാജകത്വത്തിന്റെ അടിസ്ഥാനത്തിൽ ഓരോരുത്തരും ജീവിക്കാൻവേണ്ടി നടത്തുന്ന സമരവും അവയിൽനിന്നുളവാകുന്ന സംഘട്ടനങ്ങളും അതിക്രമങ്ങളും അവസാനിക്കുന്നയുടനെ, അടിച്ചമർത്തപ്പെടാൻ ആരും അവശേഷിക്കാതാവുന്നു. അങ്ങിനെ ഒരു പ്രത്യേക മർദ്ദകശക്തിയുടെ, അതായത് ഭരണകൂടത്തിന്റെ, ആവശ്യം ഇല്ലാതാകുന്നു. യഥാർത്ഥത്തിൽ സമൂഹത്തിന്റെ മുഴുവൻ പ്രതിനിധിയായിക്കൊണ്ട് ഭരണകൂടം എടുക്കുന്ന ആദ്യത്തെ നടപടി, അതായത് സമൂഹത്തിന്റെ പേരിൽ ഉൽപ്പാനോപാധികളെ ഏറ്റെടുക്കുന്നത് അതേസമയംതന്നെ ഒരു ഭരണകൂടമെന്ന നിലയ്ക്കുള്ള അതിന്റെ സ്വതന്ത്രമായ അവസാനത്തെ നടപടിയാണ്. സാമൂഹ്യബന്ധങ്ങളിലുള്ള ഭരണകൂടത്തിന്റെ ഇടപെടൽ ഓരോരോ രംഗങ്ങളിലായി അധികപ്പറ്റായിത്തീരുന്നു. അവസാനം അത് തനിയേ നിലയ്ക്കുന്നു. ആളുകളെ ഭരിക്കുക എന്നതിന്റെ സ്ഥാനത്ത് കാര്യങ്ങളുടെ നിർവ്വഹണവും ഉൽപ്പാദനപ്രക്രിയയുടെ നടത്തിപ്പും സാമൂഹ്യപ്രക്രിയ എന്ന നിലയിൽ നിലവിൽവരുന്നു. ഭരണകൂടത്തെ ആരും “ഇല്ലാതാക്കുന്നില്ല”. അത് തനിയെ ഇല്ലാതാകുകയാണ്. ഒരു ‘സ്വതന്ത്രജനകീയ ഭരണകൂടം’ എന്ന പ്രയോഗത്തിന് എത്രമാത്രം വിലകൽപ്പിക്കാമെന്ന് ഇതിൽനിന്നും മനസ്സിലാക്കാം. പ്രക്ഷോഭകാരികൾ ചിലപ്പോൾ ഉപയോഗിക്കാറുള്ളതും, ശാസ്ത്രീയമായി നോക്കിയാൽ അവസാന വിശകലനത്തിൽ അപര്യാപ്തമായിട്ടുള്ളതുമായ ഒരു പ്രയോഗമാണിത്. ഭരണകൂടത്തെ ഉടനടി അവസാനിപ്പിക്കണമെന്ന് അരാജകവാദികളെന്ന് വിളിക്കപ്പെടുന്നവർ ആവശ്യപ്പെടുന്നതിന്റെ പൊള്ളത്തരവും ഇതിൽനിന്ന് വ്യക്തമാണ്.

മുതലാളിത്ത ഉൽപ്പാദനരീതിയുടെ ചരിത്രപരമായ ആവിർഭാവത്തിനുശേഷം ഭാവിയിലെ ആദർശമായി വ്യക്തികളും ചെറുചെറുവിഭാഗങ്ങളും ഏറെക്കുറെ അവ്യക്തമായി പലപ്പോഴും സ്വപ്നംകണ്ടിട്ടുള്ള ഒന്നാണ് സമൂഹം ഉൽപ്പാദനോപാധികളെ മുഴുവൻ സ്വായത്തമാക്കുകയെന്നത്. എന്നാൽ അതിന്റെ സാക്ഷാൽക്കാരത്തിനുള്ള സാഹചര്യങ്ങൾ യഥാർത്ഥത്തിൽ നിലവിലുണ്ടാകുമ്പോൾ മാത്രമേ അത് സാദ്ധ്യമായിത്തീരുന്നുള്ളു, ചരിത്രപരമായ ആവശ്യകതായിത്തീരുന്നുള്ളൂ. മറ്റേതൊരു സാമൂഹ്യപുരോഗതിയുമെന്നപോലെ, വർഗ്ഗങ്ങളുടെ നിലനിൽപ്പ് നീതിക്കും സമത്വത്തിനും മറ്റും എതിരാണെന്ന് ആളുകൾ വിശ്വസിച്ചതുകൊണ്ടോ ഈ വർഗ്ഗങ്ങളെ ഇല്ലാതാക്കാനുള്ള ആഗ്രഹം പ്രകടിപ്പിച്ചതുകൊണ്ടോ മാത്രം ഇതു പ്രായോഗികമായിത്തീരുന്നില്ല. പുതുതായ ചില സാമ്പത്തിക സാഹചര്യങ്ങളുണ്ടെങ്കിൽ മാത്രമേ ഇതു നടപ്പിൽ വരൂ. മുൻകാലങ്ങളിലെ ഉൽപ്പാദനത്തിന്റെ മുരടിച്ചതും സങ്കുചിതവുമായ വളർച്ചയുടെ അവശ്യ പരിണതഫലമെന്ന നിലയ്ക്കാണ് സമൂഹം ചൂഷകവർഗ്ഗവും ചൂഷിതവർഗ്ഗവുമായി, ഭരണാധികാരിവർഗ്ഗവും മർദ്ദിതവർഗ്ഗവുമായി വേർതിരിഞ്ഞ്, എല്ലാവരുടേയും നിലനിൽപ്പിന് കഷ്ടിച്ചുവേണ്ടിവരുന്നതിനേക്കാൾ അൽപ്പം കൂടുതൽ മാത്രം മൊത്തം സാമൂഹ്യാദ്ധ്വാനത്തിൽനിന്ന് ലഭിക്കുന്ന കാലത്തോളം, മുഴുവൻ സമയവും, അല്ലെങ്കിൽ ഏതാണ്ട് മുഴുവൻ സമയവും, സമൂഹത്തിലെ ബഹുഭൂരിപക്ഷം പേരും അദ്ധ്വാനത്തിൽ ഏർപ്പെട്ടിരിക്കുന്ന കാലത്തോളം, ഈ സമൂഹം അവശ്യമായും വർഗ്ഗങ്ങളായി വിഭജിക്കപ്പെട്ടിരിക്കും. അദ്ധ്വാനത്തിനുതികച്ചും അടിമകളായിത്തീരുന്ന ബഹുഭൂരിപക്ഷത്തോടൊപ്പം നേരിട്ട് ഉൽപ്പാദനക്ഷമമായ അദ്ധ്വാനത്തിൽനിന്നും വിടുതി കിട്ടിയ ഒരു വർഗ്ഗം ഉയർന്നുവരുന്നു. അദ്ധ്വാനത്തിന്റെ മേൽനോട്ടം, ഭരണകാര്യങ്ങൾ, നിയമനിർവ്വഹണം, ശാസ്ത്രം, കല എന്നു തുടങ്ങി സമൂഹത്തിന്റെ പൊതുക്കാര്യങ്ങളിലാണ് ഈ വർഗ്ഗത്തിന്റെ ശ്രദ്ധ. അതുകൊണ്ട് തൊഴിൽവിഭജന നിയമമാണ് വർഗ്ഗവിഭജനത്തിന്റെ അടിയിൽക്കിടക്കുന്നത്. ഈ വിഭജനം അക്രമത്തിലൂടെയും കൊള്ളയിലൂടെയും തട്ടിപ്പിലൂടെയും ചതിയിലൂടെയും നിലനിർത്തപ്പെടുന്ന വർഗ്ഗവിഭജനത്തെ തടയുന്നില്ല. ഭരണാധികാരിവർഗ്ഗം അധികാരം കൈയിൽ കിട്ടിക്കഴിഞ്ഞാൽ ആ അധികാരത്തെ അദ്ധ്വാനിക്കുന്ന വർഗ്ഗങ്ങളുടെ ചെലവിൽ ഉറപ്പിക്കുന്നതിനും സമൂഹത്തിലുള്ള തങ്ങളുടെ നേതൃത്വത്തെ ബഹുജനങ്ങളുടെ മേലുള്ള തീവ്രമായ ചൂഷണമായി മാറ്റുന്നതിനും ഇതൊരു തടസ്സമല്ല.

എന്നാൽ മുകളിൽ വിവരിച്ചതുപോലെ വർഗ്ഗവിഭജനത്തിന് ചരിത്രപരമായ ഒരു ന്യായീകരണമുണ്ടെങ്കിൽ നിശ്ചിത കാലഘട്ടത്തേക്കും നിശ്ചിത സാമൂഹ്യപരിസ്ഥിതികളിലും മാത്രമാണത്. ഉൽപ്പാദനത്തിന്റെ അപര്യാപ്തതയായിരുന്നു അതിന്റെ അടിസ്ഥാനം. ആധുനിക ഉൽപ്പാനദനശക്തികൾ പൂർണ്ണവികാസം പ്രാപിക്കുന്നതോടെ അത് തുടച്ചുമാറ്റപ്പെടുന്നതാണ്. വാസ്തവത്തിൽ, ഒരു പ്രത്യേക ഭരണാധികാരിവർഗ്ഗത്തിന്റെ മാത്രമല്ല ഏതൊരു ഭരണാധികാരിവർഗ്ഗത്തിന്റെ നിലനിൽപ്പും, അങ്ങിനെ വർഗ്ഗവ്യത്യാസങ്ങളുടെ നിലനിൽപ്പുതന്നെയും, കാലഹരണപ്പെട്ടതായിത്തീരുന്ന ഒരവസ്ഥയിലേക്ക് ചരിത്രപരമായ പരിണാമപ്രക്രിയ വളർന്നുകഴിയുമ്പോൾ മാത്രമേ സമൂഹത്തിൽ വർഗ്ഗങ്ങൾ ഇല്ലാതാവുകയുള്ളൂ. ഉൽപ്പാദനോപാധികളും ഉൽപ്പന്നങ്ങളും അതോടൊപ്പം രാഷ്ട്രീയമേധാവിത്വവും സംസ്കാരത്തിന്റെമേലുള്ള കുത്തകയും ബൗദ്ധികനേതൃത്വവും സമൂഹത്തിലെ ഒരു പ്രത്യേകവർഗ്ഗം സ്വായത്തമാക്കുന്നത് അധികപ്പറ്റാവുക മാത്രമല്ല സാമ്പത്തികമായും രാഷ്ട്രീയമായും ബുദ്ധിപരമായും വളർച്ചയ്ക്കൊരു പ്രതിബന്ധമാവുകൂടി ചെയ്യുന്ന തരത്തിൽ ഉൽപ്പാദനം വളർന്നിട്ടുള്ള ഒരു ഘട്ടമായിരിക്കുമത്.

ആ ഘട്ടം ഇപ്പോൾ സമാഗതമായിരിക്കുന്നു. തങ്ങളുടെ രാഷ്ട്രീയവും ബുദ്ധിപരവുമായ പാപ്പരത്തം ബൂർഷ്വാസിതന്നെ മനസ്സിലാക്കിയിരിക്കുന്നു. അവരുടെ സാമ്പത്തിക പാപ്പരത്തമാകട്ടെ, മുറയ്ക്ക് പത്തുവർഷം കൂടുമ്പോൾ ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഓരോ സാമ്പത്തിക പ്രതിസന്ധിയുണ്ടാകുമ്പോഴും സമൂഹം അതിന്റെതന്നെ ഉൽപ്പാദനശക്തികളുടെയും ഉൽപ്പന്നങ്ങളുടെയും ഭാരത്തിനടിയിൽ വീർപ്പുമുട്ടുന്നു. അവയെ ഉപയോഗപ്പെടുത്താൻ അതിനു കഴിയുന്നില്ല. ഉപഭോക്താക്കൾ ഇല്ലാത്തതിനാൽ ഉൽപ്പാദകർക്ക് ഉൽപ്പാദനം സുഗമമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയാതെവരുന്ന ബുദ്ധിശൂന്യമായ ഒരു വൈരുദ്ധ്യത്തെ അഭിമുഖീകരിച്ചുകൊണ്ട് സമൂഹം നിസ്സഹായമായി നിൽക്കുന്നു. ഉൽപ്പാദനോപാധികളുടെ വികസനശക്തി അവയുടെമേൽ മുതലാളിത്ത ഉൽപ്പാദനരീതി വരിഞ്ഞുകെട്ടിയിട്ടുള്ള ചങ്ങലകളെ ഭേദിക്കുന്നു. ഈ ചങ്ങലക്കെട്ടിൽനിന്നുമുള്ള അവയുടെ വിമോചനമാണ് ഉൽപ്പാദനശക്തികളുടെ അനുസ്യൂതവും അധികമധികം ദ്രുതഗതിയിലുള്ളതുമായ വളർച്ചയ്ക്കും അതോടൊപ്പം ഉൽപ്പാദനത്തിന്റെ നിസ്സീമമായ വർദ്ധനവിനും ആവശ്യമായ ഒരേയൊരു മുന്നുപാധി. ഇതു മാത്രവുമല്ല. ഉൽപ്പാദനോപാധികളെ സമൂഹം സ്വായത്തമാക്കുന്നതുകൊണ്ട് ഉൽപ്പാദനത്തിന്മേൽ ഇന്നുള്ള കൃത്രിമനിയന്ത്രണങ്ങൾ മാത്രമല്ല ഉൽപ്പാദനശക്തികളേയും പാഴാക്കിക്കളയുകയും നശിപ്പിച്ചുകളയുകയും ചെയ്യുന്ന സ്ഥിതിയും ദൂരീകരിക്കപ്പെടുന്നതാണ്. ഇന്ന് ഉൽപ്പാദനത്തിന്റെ അനിവാര്യമായ ഒരു ഭാഗമായിട്ടുള്ളതും സാമ്പത്തിക പ്രതിസന്ധിയുടെ ഘട്ടങ്ങളിൽ മൂർദ്ധന്യത്തിലെത്തുന്നതുമായ സ്ഥിതിവിശേഷമാണത്. അതിനുംപുറമെ, ഇന്നത്തെ ഭരണാധികാരിവർഗ്ഗങ്ങളുടേയും അവരുടെ രാഷ്ട്രീയപ്രതിനിധികളുടേയും അനാശാസ്യമായ ധൂർത്തിന് വിരാമമിട്ടുകൊണ്ട് അത് സമൂഹത്തിനാകെവേണ്ടി ഉൽപ്പാദനോപാധികളുടെയും ഉൽപ്പന്നങ്ങളുടെയും വലിയൊരു ശേഖരത്തെ കെട്ടഴിച്ചുവിടുന്നു. ഭൗതികമായി തികച്ചും പര്യാപ്തവും അനുദിനം കൂടുതൽ പൂർണ്ണമായിക്കൊണ്ടിരിക്കുന്നതുമായ ഒരു ജീവിതം, സമൂഹവൽകൃത ഉൽപ്പാദനത്തിലൂടെ ഓരോ അംഗത്തിനും ലഭ്യമാക്കാനുള്ള സാദ്ധ്യത ഇദംപ്രഥമമായി അപ്പോൾ കരഗതമാകുന്നു. അതെ, ആ സാദ്ധ്യത നമ്മുടെ മുന്നിൽത്തന്നെയുണ്ട്.

സമൂഹം ഉൽപ്പാദനോപാധികളെ പിടിച്ചെടുക്കുന്നതോടെ ചരക്കുൽപ്പാദനവും, അതോടൊപ്പം ഉൽപ്പന്നത്തിന് ഉൽപ്പാദകന്റെ മേലുള്ള അധീശത്വവും, അവസാനിക്കുന്നു. സാമൂഹ്യോൽപ്പാദനത്തിന് അരാജകത്വത്തിന്റെ സ്ഥാനത്ത് ചിട്ടയായ, വ്യക്തമായ സംഘടിത സ്വഭാവം കൈവരുന്നു. ഓരോരുത്തരും ജീവിക്കാൻവേണ്ടി നടത്തുന്ന സമരം അപ്രത്യക്ഷമാകുന്നു. അങ്ങനെ ഒരർത്ഥത്തിൽ മനുഷ്യന്, അവസാനം, ശേഷിച്ച ജന്തുലോകത്തിൽനിന്നും ഒരു വ്യതിരിക്തത ആദ്യമായി കൈവരുന്നു. മൃഗങ്ങളുടെ ജീവിത സാഹചര്യങ്ങളിൽനിന്നും അവൻ യഥാർത്ഥത്തിൽ മനുഷ്യോചിതമായ ജീവിത സാഹചര്യങ്ങളിലേക്ക് പ്രവേശിക്കുന്നു. ഇതേവരെ മനുഷ്യനെ അടക്കിഭരിച്ചിരുന്ന ചുറ്റുമുള്ള ജീവിത സാഹചര്യങ്ങളുടെ മണ്ഡലമാകെത്തന്നെ ഇപ്പോൾ അവന്റെ അധീനതയിലും നിയന്ത്രണത്തിലും വരുന്നു. മനുഷ്യൻ ആദ്യമായി, യഥാർത്ഥമായും ബോധപൂർവ്വമായും, പ്രകൃതിയെ സ്വന്തം വരുതിയിൽ നിർത്തുന്നു. കാരണം ഇപ്പോൾ അവന്റെ സ്വന്തം സാമൂഹ്യസംഘടന അവന്റെ വരുതിയിലാണ്. ഇതേവരെ മനുഷ്യന്റെ സ്വന്തം സാമൂഹ്യപ്രവർത്തനത്തിന്റെ നിയമങ്ങൾ പ്രകൃതിനിയമങ്ങളേപ്പോലെ അന്യമായും മേധാവിത്വപരമായും അവനെ അഭിമുഖീകരിച്ചുനിൽക്കുകയായിരുന്നു. എന്നാലിപ്പോൾ മനുഷ്യൻ ആ നിയമങ്ങളെ തികച്ചും മനസ്സിലാക്കിക്കൊണ്ട് ഉപയോഗപ്പെടുത്തുകയും അങ്ങനെ അവയെ തന്റെ ചൊൽപ്പടിയിൽകൊണ്ടുവരികയും ചെയ്യുന്നു. ഇതേവരെ പ്രകൃതിയും ചരിത്രവും അടിച്ചേൽപ്പിച്ച ഒരാവശ്യമെന്ന നിലയ്ക്ക് മനുഷ്യനെ നേരിട്ടിരുന്ന അവന്റെ സ്വന്തം സാമൂഹ്യസംഘടന ഇപ്പോൾ അവന്റെതന്നെ സ്വതന്ത്രമായ പ്രവർത്തനത്തിന്റെ ഫലമായിത്തീരുന്നു. ഇതേവരെ ചരിത്രത്തെ നിയന്ത്രിച്ചുകൊണ്ടിരുന്ന വസ്തുനിഷ്ഠമായ ബാഹ്യശക്തികൾ മനുഷ്യന്റെതന്നെ നിയന്ത്രണത്തിലാകുന്നു. ഇപ്പോൾത്തൊട്ടുമാത്രമേ മനുഷ്യൻ കൂടുതൽ കൂടുതൽ ബോധപൂർവ്വം അവന്റെ സ്വന്തം ചരിത്രം രചിച്ചുതുടങ്ങുകയുള്ളൂ. ഇപ്പോൾത്തൊട്ടുമാത്രമേ മനുഷ്യൻ ഇളക്കിവിട്ടിട്ടുള്ള സാമൂഹ്യഹേതുക്കൾ പ്രധാനമായും അധികമധികം വർദ്ധിച്ച തോതിലും അവനുദ്ദേശിച്ച ഫലപ്രാപ്തിയിലെത്തുകയുള്ളൂ. ആവശ്യത്തിന്റെ മണ്ഡ ലത്തിൽനിന്നും സ്വാതന്ത്ര്യത്തിന്റെ മണ്ഡലത്തിലേക്കുള്ള മനുഷ്യന്റെ ആരോഹണമായിരിക്കുമത്. ■

# കള്ളപ്പണമെന്ന കൊടിയ വിപത്തും ബി.ജെ.പിയുടെ വാചകക്കസർത്തും

**തെരഞ്ഞെടുപ്പിന് മുമ്പ് ബി.ജെ.പി ജനങ്ങൾക്കുമുമ്പിൽ വച്ച കണ്ണഞ്ചിപ്പിക്കുന്ന വാഗ്ദാനങ്ങളിൽ ഒന്ന് ഇങ്ങനെയായിരുന്നു: തെരഞ്ഞെടുക്കപ്പെട്ടാൽ നൂറ് ദിവസത്തിനുള്ളിൽ വിദേശത്തുള്ള കള്ളപ്പണമെല്ലാം തിരിച്ചുപിടിക്കും. അതിൽ നിന്ന് ഓരോ ഇന്ത്യൻ പൗരനും 15 ലക്ഷം രൂപ വീതം നൽകാനും സാധിക്കും. എന്നാൽ, വിദേശത്ത് പണം ഒളിപ്പിച്ചിട്ടുള്ളവരുടെ 15 പേരുകൾ പോലും സ്വന്തമായി ജനങ്ങൾക്ക് മുമ്പിൽ വെക്കാൻ അധികാരക്കസേരയിൽ ഇരുന്നശേഷം മോദി സർക്കാരിന് സാധിച്ചിട്ടില്ല. അവസാനം, സുപ്രീം കോടതിയുടെ നിർബന്ധത്തിന് വഴങ്ങി, ജനീവയിലെ എച്ച്.എസ്.ബി.സി ബാങ്ക് നൽകിയ 627 പേരുകളുള്ള ലഘുവായ ഒരു ലിസ്റ്റ് സർക്കാർ സമർപ്പിച്ചു. അത് ഒരു തുറന്ന പട്ടികയൊന്നുമല്ല. പരമോന്നത കോടതിക്ക് കൈമാറിയ മുദ്രവെച്ച ഒരു കവറിനുള്ളിൽ അത് ലജ്ജയോടെ ഒളിച്ചിരിക്കുകയാണ്. അതിലുള്ള അറുനൂറിൽപരം പേരുകൾ പ്രമുഖരായ രാഷ്ട്രീയനേതാക്കളെയോ വ്യവസായികളെയോ റിയൽ എസ്റ്റേറ്റ് ഭീമന്മാരെയോ സ്പർശിക്കുന്നില്ല എന്നാണറിയുന്നത്. അതുകൊണ്ട്, ലിസ്റ്റിൽപ്പെടുന്ന വ്യക്തികളുടെ കള്ളപ്പണത്തേക്കാൾ കറുത്ത് കരുവാളിച്ച കൊള്ളയുടെ പണം ലിസ്റ്റിന് പുറത്താണ് എന്ന് കരുതേണ്ടിവരും.**

**നി**യമവിരുദ്ധമായ സമ്പാദ്യം കണ്ടുപിടിക്കാനും, വിദേശത്ത് ഒളിപ്പിച്ച കള്ളപ്പണം തിരിച്ചുപിടിക്കാനുമുള്ള സർക്കാരിന്റെ മുറവിളി ഗൗരവത്തോടെയുള്ളതാണോ അതോ, അത് വെറും സൂത്രവേലയാണോ എന്ന് ഇതിനകം ചോദ്യമുയർന്നു. ഇത് മനസ്സിലാക്കിയ പ്രധാനമന്ത്രി മോദി, മാധ്യമങ്ങളിലൂടെ ജനവികാരത്തെ തണുപ്പിക്കാൻ തീരുമാനിച്ചു. "കള്ളപ്പണം തിരിച്ചുപിടിക്കുന്ന കാര്യത്തിൽ നിങ്ങളുടെ പ്രധാന സേവകനായ എന്നെ ദയവുചെയ്ത് വിശ്വസിക്കുക, ഈ പണം തിരികെയെത്തിക്കുക എന്നത്, എന്റെ മതവിശ്വാസം പോലെയാണെനിക്ക്," മൻകി ബാത്ത് എന്ന പേരിൽ താൻ നടത്തിയ രണ്ടാമത്തെ റേഡിയോ സംഭാഷണത്തിൽ മോദി പറഞ്ഞു. "രാജ്യത്തിന് പുറത്തുപോയ, പാവപ്പെട്ടവനവകാശപ്പെട്ട ഓരോ പൈസയും തിരിച്ചുവരണം. ഇതെന്റെ വാഗ്ദാനമാണ്. ഈ പണം തിരികെയെത്തിക്കാനായുള്ള എന്റെ പരിശ്രമത്തിൽ ഒരു വീഴ്ചയുമുണ്ടാകില്ല എന്ന് ഞാൻ നിങ്ങൾക്കുറപ്പുനൽകുന്നു". കേൾക്കാൻ ഇമ്പമുള്ള, വിശ്വസനീയമായ വാക്കുകൾ, പക്ഷേ യാഥാർത്ഥ്യം തീർത്തും വ്യത്യസ്തമാണ്. കള്ളപ്പണത്തെക്കുറിച്ചുള്ള വിവാദം, പ്രശ്നത്തിലേക്ക് വെളിച്ചം വീശുകയല്ല, പുകമറ സൃഷ്ടിക്കുകയാണ് ചെയ്തിരിക്കുന്നത്. നമുക്കിതിന്റെ നെല്ലും പതിരും തിരിക്കേണ്ടതുണ്ട്. ചില മിഥ്യാധാരണകൾ മാറ്റേണ്ടതുണ്ട്.

### സുപ്രീം കോടതിയുടെ ഇടപെടൽ

ആദ്യം ഓർമ്മ പുതുക്കാനായി ഈ വിഷയത്തിലെ വസ്തുതകൾ ഒന്ന് സംഗ്രഹിക്കാം. വിദേശ നികുതി രഹിത സങ്കേതങ്ങളിലെ ബാങ്കുകളിൽ നിക്ഷേപിച്ചിരിക്കുന്ന കള്ളപ്പണം കണ്ടെത്താനും വീണ്ടെടുക്കാനുമായി സുപ്രീം കോടതിയിൽ ഒരു പൊതുതാല്പര്യഹർജി ഉണ്ടായിരുന്നു. പൊതു ജനാഭിപ്രായത്തിന്റെ സമ്മർദ്ദം മൂലം, ഈ കേസിൽ പ്രതികരിക്കുന്ന വേളയിൽ, സ്വിസ് ബാങ്കുകളിലും വിദേശനികുതി രഹിത കേന്ദ്രങ്ങളിലും ഒളിച്ചുവെച്ചിരിക്കുന്ന ഭീമമായ കള്ളപ്പണം പുറത്തുകൊണ്ടുവരാനും കള്ളപ്പണ സമ്പാദ്യമുള്ളവരെ പിടികൂടാനും സർക്കാർ മുൻകൈ എടുക്കാത്തതിനെ സുപ്രീം കോടതി വിമർശിച്ചു. ഇക്കാര്യത്തിൽ ആവശ്യമായ നടപടികളെടുക്കാൻ സർക്കാരിന് കോടതി നിർദ്ദേശം നൽകി. പക്ഷേ അന്നത്തെ കോൺഗ്രസ് സർക്കാർ, ഇന്ത്യയും ചില രാജ്യങ്ങളും തമ്മിലുള്ള നികുതി കരാറുകളിലെ നിക്ഷേപങ്ങളുടെ സ്വകാര്യത സൂക്ഷിക്കാനുള്ള വകുപ്പ് ഉദ്ധരിച്ചുകൊണ്ട്, തങ്ങൾക്ക് അത് ചെയ്യാനാവില്ല എന്ന് അറിയിച്ചു. പണം തിരിച്ചുപിടിക്കുന്നതുപോകട്ടെ, പേരുകൾ വെളിപ്പെടുത്താൻ പോലും, ഈ വകുപ്പ് തങ്ങളെ അനുവദിക്കുന്നില്ല എന്ന് കോൺഗ്രസ് സർക്കാർ വാദിച്ചു. തുടർന്ന്, വിദേശത്തുള്ള കള്ളപ്പണ നിക്ഷേപത്തെക്കുറിച്ചന്വേഷിക്കാൻ, ജസ്റ്റിസ് എം. ബി.ഷാ ചെയർമാനായി ഒരു പ്രത്യേക അന്വേഷണസംഘത്തെ (Special Investigation Team - എസ്.ഐ.റ്റി) 2011 ജൂലൈയിൽ സുപ്രീം കോടതി നിയോഗിച്ചു. എങ്കിലും, ക്രമേണ പ്രശ്നം വിസ്മരിക്കപ്പെട്ടു. വിദേശത്തുള്ള കള്ളപ്പണം തിരിച്ചുപിടിക്കുമെന്ന നരേന്ദ്രമോദിയുടെ തെരഞ്ഞെടുപ്പ് വാഗ്ദാനം മൂലം ബി.ജെ.പി അധികാരത്തിൽ വന്നശേഷം വിഷയം വീണ്ടും സജീവമായി. അതിസമ്പന്നരും അഴിമതിക്കാരുമായ ഇന്ത്യക്കാർക്ക് സ്വിസ് ബാങ്കുകൾ എന്ന് പൊതുവിൽ അറിയപ്പെടുന്ന വിദേശ ബാങ്കുകളിലുള്ള നിയമവിരുദ്ധ സമ്പാദ്യത്തെക്കുറിച്ച് പൊതുജനങ്ങൾക്കുള്ള കൗതുകം, മോദി നയിച്ച ബി.ജെ.പിയുടെ തെരഞ്ഞെടുപ്പ് പ്രചരണം മുതൽ ഏറിവരികയാണ്. പക്ഷേ, ഇരട്ടനികുതി ഒഴിവാക്കാനുള്ള കരാറിലെ (ഡി.റ്റി.എ.എ) സ്വകാര്യത സൂക്ഷിക്കാനുള്ള ഏതു വകുപ്പ് ഉദ്ധരിച്ചാണോ പേരുകൾ സമർപ്പിക്കാനുള്ള തങ്ങളുടെ കഴിവില്ലായ്മ മുൻകോൺഗ്രസ് സർക്കാർ കോടതിയിൽ വാദിച്ചത്, അതേ വകുപ്പ് ഉദ്ധരിച്ചുകൊണ്ട്, ബി.ജെ.പി ഗവൺമെന്റും തങ്ങൾക്കതിനാവില്ല എന്ന് വാദിച്ചു. മാത്രമല്ല, വിദേശസർക്കാരുകളിൽ നിന്ന് ലഭിക്കുന്ന വിവരങ്ങൾ സമ്പൂർണ്ണമായി വെളിപ്പെടുത്തണമെന്ന 2011-ലെ സുപ്രീം കോടതി ഉത്തരവിൽ ഭേദഗതി വേണമെന്നും ബി.ജെ.പി ഗവണ്മെന്റ് കോടതിയോടഭ്യർത്ഥിച്ചു. ഈ ഉത്തരവ് ഉഭയകക്ഷി കരാറുകളിലെ സ്വകാര്യത സൂക്ഷിക്കാനുള്ള വകുപ്പുമായി പൊരുത്തപ്പെടുന്നതല്ലെന്നും കേന്ദ്രഗവണ്മെന്റ് ഈ ഉത്തരവനുസരിച്ചാൽ കള്ളപ്പണം പിടികൂടുന്നതിൽ ഇന്ന് ലഭിക്കുന്ന സഹകരണം നഷ്ടപ്പെടുമെന്നുമാണ് ബി.ജെ.പി ഗവണ്മെന്റ് വാദിച്ചത്. ഇന്ത്യയുമായി ഡി.റ്റി.എ.എ കരാറുള്ള രാജ്യങ്ങളിൽ നിന്ന് വിവരങ്ങൾ ലഭിക്കുന്നതിന് തടസ്സമാകുന്ന യാതൊന്നും ചെയ്തുകൂടെന്നായിരുന്നു വാദം. "നികുതി കരാറുകൾ ലംഘിച്ചുകൊണ്ട് എന്തെങ്കിലും വെളിപ്പെടുത്തിയാൽ അത് ബന്ധപ്പെട്ട അക്കൗണ്ട് ഉടമക്ക് സഹായകരമാകും എന്നുവരെ കേന്ദ്ര ധനകാര്യമന്ത്രി പറഞ്ഞു". മറുപക്ഷത്തുള്ള രാജ്യം അത് നികുതി കരാറിന്റെ ലംഘനമായി കരുതി അനധികൃത അക്കൗണ്ട് ഉടമയുമായി ബന്ധപ്പെട്ട ഒരു തെളിവും നൽകാൻ തയ്യാറാവാതെ വരും. തെളിവും ബന്ധപ്പെട്ട രാജ്യത്തുനിന്നുള്ള സ്ഥിരീകരണവുമില്ലെങ്കിൽ ഏതന്വേഷണത്തിലും അക്കൗണ്ട് ഉടമക്ക് ആനുകൂല്യം ലഭിക്കും. തുടർന്ന് തന്റെ നിരപരാധിത്വം തെളിയിക്കപ്പെട്ടതായി അയാൾക്ക് അവകാശപ്പെടാനുമാകും. യഥാർത്ഥത്തിൽ ആ സമയത്തുള്ള വെളിപ്പെടുത്തൽ അക്കൗണ്ട് ഉടമക്ക് ആവശ്യമായ രേഖകൾ നിർമ്മിക്കാനും വ്യാജ എതിർവാദങ്ങൾ തയ്യാറാക്കാനും സമയം നൽകും. തെളിവ് നശിപ്പിക്കാൻ വരെയുള്ള അവസരം അയാൾക്കത് നൽകിയേക്കാം. ഇങ്ങനെയാണ് കേന്ദ്രധനകാര്യമന്ത്രിയുടെ വാദങ്ങൾ പോയത്.

പക്ഷേ, സുപ്രീം കോടതി ഈ വാദം അംഗീകരിച്ചില്ല. 2011 ലെ കോടതി ഉത്തരവിൽ ഭേദഗതി വേണമെന്ന് അറ്റോർണി ജനറൽ വാദിച്ചപ്പോൾ കോടതി ശക്തമായ നീരസം പ്രകടിപ്പിച്ചു. താങ്കൾ ഈ പ്രശ്നത്തിൽ ഒരു പുനർവിഭാഗത്തിനാണ് ശ്രമിക്കുന്നത്. അത് അനുവദനീയമല്ലെന്നാണ് ഞങ്ങളുടെ അഭിപ്രായം. ഉത്തരവിന്റെ ഒരു വാക്കുപോലും ഞങ്ങൾ മാറ്റില്ല. തുറന്ന കോടതിയിൽ പുറപ്പെടുവിക്കപ്പെട്ട ഒരു ഉത്തരവ്, അന്നത്തെ സർക്കാർ അംഗീകരിക്കുകയും ചെയ്തിരിക്കെ, മാസങ്ങൾക്കുശേഷം ഒരു പുതിയ കേന്ദ്രസർക്കാരിന് മാറ്റിയെഴുതാൻ ആവശ്യപ്പെടാനാവില്ല എന്നാണ് കോടതി പറഞ്ഞത്. തുടർന്ന് വിദേശബാങ്കുകളിൽ അക്കൗണ്ടുള്ള മുഴുവൻ ഇന്ത്യക്കാരുടെയും പേരുകൾ ഒരു മുദ്ര വെച്ച കവറിലാക്കി കോടതിക്ക് നൽകാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടു. വിദേശത്തേക്ക് കള്ളപ്പണം കടത്തി, നികുതി വെട്ടിപ്പിന് കോടതിയിൽ കേസുള്ള ഏഴ് വ്യക്തികളുടെയും ഒരു ഖനനകമ്പനിയുടെയും പേരുകൾ നൽകിക്കൊണ്ട് സർക്കാർ ഒരു അഫിഡവിറ്റ് ഫയൽ ചെയ്ത് അടുത്ത ദിവസമാണ് കോടതിയുടെ ഈ നിർദ്ദേശം വന്നത്. ഏറെ കാത്തിരിപ്പിന് ശേഷം വന്ന ആദ്യത്തെ ലിസ്റ്റിൽ രാഷ്ട്രീയക്കാരുടെ ആരുടെയും പേരുണ്ടായിരുന്നില്ല. വിദേശ രാജ്യങ്ങളിൽ ബാങ്ക് അക്കൗണ്ടുള്ളവരെ എന്തിനാണ് സംരക്ഷിക്കാൻ ശ്രമിക്കുന്നത്? നിങ്ങൾ എന്തിനാണ് ഇത്തരം ആളുകൾക്ക് ഒരു സംരക്ഷണകവചം നൽകുന്നത്? കോടതി സർക്കാരിനോട് ചോദിച്ചു. "ഒന്നോ രണ്ടോ പേരുകളല്ല, എല്ലാ പേരുകളും വെളിപ്പെടുത്തുക. ജർമ്മനി, ഫ്രാൻസ്, സ്വിറ്റ്സർലന്റ് എന്നീ രാജ്യങ്ങളിൽ നിന്ന് ലഭിച്ചത് പൂർണ്ണമായി നൽകുക. നിങ്ങൾ വെളിപ്പെടുത്തിയത് ഒരു മഞ്ഞുമലയുടെ അഗ്രമായിരിക്കാം. അതിനാൽ ഇവിടെ തുടങ്ങുക - മുഴുവൻ വെളിപ്പെടുത്തുക", കോടതി ഉത്തരവിട്ടു. ഗവണ്മെന്റിനെ പരോക്ഷമായി കളിയാക്കിക്കൊണ്ട് സുപ്രീം കോടതി ചീഫ് ജസ്റ്റിസ് തുടർന്ന് പറഞ്ഞു, "എന്തിനാണ് നിങ്ങൾ അന്വേഷണഭാരം ഏറ്റെടുക്കുന്നത്? കള്ളപ്പണം വീണ്ടെടുക്കുവാനുള്ള ഉത്തരവാദിത്വം ഞങ്ങൾ ഏറ്റെടുത്തിരിക്കുകയാണ്. തുടർനടപടികൾ ഞങ്ങൾ തീരുമാനിക്കും. ഇക്കാര്യം പൂർണ്ണമായി നിങ്ങൾക്ക് വിട്ടുതരാനാവില്ല. ഞങ്ങളുടെ ആയുസ്സിൽ അത് നടന്നു എന്ന് വരില്ല". ഇങ്ങനെയാണ് സുപ്രീം കോടതി നിരീക്ഷിച്ചത്. വലിയ വാഗ്ദാനങ്ങൾ നൽകുന്ന സർക്കാരിനെ, കള്ളപ്പണനിക്ഷേപകരുടെ പേരുകൾ വെളിപ്പെടുത്തുന്ന കാര്യത്തിൽ കോടതിക്ക് വിശ്വാസമില്ലെന്നാണ് ഇത് വ്യക്തമാക്കുന്നത്.

അവസാനം, ജനീവയിലെ എച്ച്.എസ്.ബി.സി ബാങ്കിൽ അക്കൗണ്ടുള്ള 627 ഇന്ത്യക്കാരുടെ പേരുകൾ, കോടതിയുടെ ശകാരം കേട്ടശേഷം സർക്കാർ സമർപ്പിച്ചു. സുപ്രീം കോടതി, ആ കവർ തുറക്കാതെ കള്ളപ്പണ കേസ് അന്വേഷിക്കുന്ന എസ്.ഐ.ടിക്ക് കൈമാറി. എസ്.ഐ.ടി ചെയർമാനും വൈസ് ചെയർമാനും മാത്രമേ മുദ്രവെച്ച കവർ തുറക്കാൻ പാടുള്ളൂ. കോടതി പറഞ്ഞു. പക്ഷേ ചില പേരുകൾ മാത്രം ബോധപൂർവ്വം മാധ്യമങ്ങൾക്ക് ചോർന്ന് കിട്ടുന്നുണ്ട്. രാഷ്ട്രീയ പാർട്ടികളുമായും വ്യവസായ കുടുംബങ്ങളുമായും ബന്ധപ്പെട്ട വലിയ പേരുകൾ ഒന്നും ലിസ്റ്റിൽ ഇല്ലെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. നികുതി വെട്ടിപ്പിന് കേന്ദ്ര സർക്കാർ നോട്ടീസ് നൽകിയിട്ടുള്ള 350 ൽപ്പരം ഇന്ത്യക്കാർ ലിസ്റ്റിൽ ഉണ്ട്. അവരിൽ നിന്ന് ഭീമമായ തുകകൾ പിടിച്ചെടുക്കുന്ന കാര്യത്തിൽ സർക്കാരിൽ ഉത്തരവാദപ്പെട്ടവർ തന്നെ സംശയാലുക്കളാണ്. ഇവരിൽ ചിലർ പരിധിയിലേറെ തുക തങ്ങളുടെ അക്കൗണ്ടിലുണ്ടെന്നും നികുതിയും പിഴയും അടച്ചുകൊള്ളാമെന്നും സമ്മതിച്ചിട്ടുണ്ട്. മറ്റുള്ളവരുടെ കാര്യത്തിൽ നടപടികൾ മുന്നോട്ടുപോകുന്നു. അവശേഷിക്കുന്ന 270 ൽ പരം വ്യക്തികൾ വിദേശത്ത് സ്ഥിരതാമസമാക്കിയ ഇന്ത്യക്കാരാണ് (എൻ.ആർ.ഐ). അതിനാലവർക്കെതിരെ നടപടിയെടുക്കാനാവില്ല. ബാങ്ക് അക്കൗണ്ട് വിവരങ്ങൾ 2006 ന് വളരെ മുമ്പ് ഉള്ളവയാണെന്നും പൊതുവേ 1999 നും 2004 നും ഇടക്ക് രേഖപ്പെടുത്തപ്പെട്ടവയാണെന്നും അറിവായിട്ടുണ്ട്. ഈ അക്കൗണ്ടുകളിൽ, 5 കോടിമുതൽ 10 കോടിവരെയുള്ള ചെറിയ തുകകളാണുള്ളതെന്നും പറയപ്പെടുന്നു. അപ്പോൾ വളരെ ചർച്ച ചെയ്യപ്പെട്ട ലിസ്റ്റിൽ നിന്ന് എന്താണ് ഉണ്ടാവുക?

### എന്താണ് കള്ളപ്പണം?

ഇനിയങ്ങോട്ടുള്ള ചർച്ചക്ക് മുൻപായി കള്ളപ്പണത്തിന്റെ നിർവ്വചനത്തെക്കുറിച്ച് ചിലത് പറയേണ്ടിയിരിക്കുന്നു. കള്ളപ്പണം ഉടലെടുക്കുന്നത് പ്രധാനമായി വരുമാനം മറച്ചുവെയ്ക്കപ്പെടുമ്പോഴാണ്. സാധാരണ നികുതി വെട്ടിക്കാനായി, ചിലപ്പോൾ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട വരുമാനമായതിനാൽ; ഒരു പരിധിക്കപ്പുറമുള്ള വരുമാനത്തിന് നികുതി അടക്കേണ്ടതാണെന്ന്, എല്ലാവർക്കുമറിയാം. നമ്മുടേതുപോലെ ഒരു മുതലാളിത്തക്രമത്തിൽ, അധ്വാനം സൃഷ്ടിക്കുന്ന അധികമൂല്യം മുതലാളിയുടെ ലാഭത്തിനായി നീക്കിവെക്കപ്പെട്ട ശേഷമാണ് വരുമാനം അല്ലെങ്കിൽ വേതനം കണക്കാക്കപ്പെടുന്നത് എന്നും ഏവർക്കുമറിയാം. അതിനാൽ ലാഭം, എപ്പോഴും ചൂഷണത്തിലൂടെ ഉണ്ടാകുന്ന ഒന്നാണ്. അതിനുപരിയായിട്ടാണ് ജനക്ഷേമത്തിന് വേണ്ടിയും ഭരണ ചെലവുകൾക്കുവേണ്ടിയുമെന്ന പേരിൽ പ്രത്യക്ഷവും പരോക്ഷവുമായ നികുതികൾ സർക്കാർ നിശ്ചയിക്കുന്നത്. പ്രത്യക്ഷ നികുതി, നേരിട്ട് വരുമാനത്തിൽ നിന്ന് ഈടാക്കുന്നു. എന്നാൽ പരോക്ഷനികുതിയാകട്ടെ, എക്സൈസ് ഡ്യൂട്ടിയായും ഇറക്കുമതി ചുങ്കമായും സ്വത്ത് നികുതിയായും ലാഭത്തിൻ മേലുള്ള കോർപ്പറേറ്റ് നികുതിയായും സമ്പന്നവിഭാഗം നേരിട്ട് ഖജനാവിലേക്കടക്കുന്നു. പിന്നീടവർ വിൽപ്പനചരക്കുകളുടെയും സേവനങ്ങളുടെയും വിലയിൽ അത് ചുമത്തിക്കൊണ്ട്, അന്തിമ ഉപഭോക്താക്കളിൽ നിന്ന് അത് ശേഖരിക്കുന്നു. വിൽപ്പന നടത്തുന്ന സ്ഥാപനം/സംഘടന വഹിക്കേണ്ടതായ മൂല്യവർദ്ധിത നികുതി (വാറ്റ്) പോലും സാധനങ്ങളുടെ വിലയോടൊപ്പം നികുതി എന്ന നിലയിൽ ചേർത്ത് ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുന്നു. അതിനാൽ പരോക്ഷ നികുതിയുടെ ഭാരം ജനങ്ങളാണ് വഹിക്കുന്നത്. ഖജനാവിലേക്ക് നിശ്ചിതമായ നികുതിവരുമാനം എത്താതിരുന്നാൽ വീണ്ടും ജനങ്ങൾക്ക് സർക്കാർ നടപ്പാക്കുന്ന ക്ഷേമപ്രവർത്തനങ്ങൾ നിഷേധിക്കപ്പെടുന്നു. ഖജനാവിന് നഷ്ടം വരുന്ന വിധത്തിൽ പ്രത്യക്ഷ നികുതി വെട്ടിക്കാൻ വൻവ്യവസായികളും ഉദ്യോഗസ്ഥരും അഴിമതിക്കാരായ രാഷ്ട്രീയക്കാരും സിനിമാലോകത്ത് പണം കൊയ്യുന്നവരും അവരുടെ യഥാർത്ഥ വരുമാനം മറച്ചുവെയ്ക്കുന്നു. ഏതൊരു വരുമാനത്തിന്റെയും സാമ്പത്തിക ക്രയവിക്രയത്തിന്റെയും മേലുള്ള പ്രത്യക്ഷ നികുതി വെട്ടിക്കപ്പെടുമ്പോൾ, അത് കണക്കിൽ പെടാത്ത വരുമാനമായി മാറുന്നു. ലളിതമായി പറഞ്ഞാൽ, നികുതി നൽകാത്ത, വെളിപ്പെടുത്താത്ത വരുമാനമാണ് കള്ളപ്പണം. മയക്കുമരുന്നിന്റെയും ആയുധങ്ങളുടെയും കള്ളക്കടത്ത്, തട്ടിക്കൊണ്ടുപോയി ഈടാക്കുന്ന മോചനദ്രവ്യം, അഴിമതി, രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥരും വാങ്ങുന്ന വിഹിതങ്ങൾ തുടങ്ങിയ കുറ്റകൃ

(ശേഷം 13-ാം പേജിൽ)

# മുതലാളിത്ത രാഷ്ട്രീയനേതാക്കളും ഭരണാധികാരികളും വൻകിട വ്യവസായികളും നിയമവിരുദ്ധ സംഘങ്ങളും ഒത്തുചേരുന്നതാണ് കള്ളപ്പണ മാഫിയ

(13-ാം പേജിൽ നിന്ന്)

ത്യങ്ങളിലൂടെയും കണക്കിൽപെടാത്ത, നിയമവിരുദ്ധമായ കള്ളപ്പണം കുന്നുകൂടുന്നു.

**കള്ളപ്പണം ഒളിച്ചുസൂക്ഷിക്കുന്നതെങ്ങനെ?**

വമ്പൻ കള്ളപ്പണ ഉടമകളും ഇടപാടുകാരും അവരുടെ കള്ളപ്പണം, വിദേശരാജ്യങ്ങളിൽ, പ്രത്യേകിച്ചും ചിലതരം നികുതികൾ ഈടാക്കാത്ത, നികുതിനിരക്കുകൾ തീരെ കുറവായ നികുതിരഹിത സങ്കേതങ്ങളിൽ സൂക്ഷിക്കാനാണ് ഇഷ്ടപ്പെടുന്നത്. കള്ളപ്പണം പുറത്തേക്ക് കടത്തുന്നതിന് രണ്ട് മാർഗ്ഗങ്ങളുണ്ട് — ആഭ്യന്തര മാർഗ്ഗവും രാജ്യാന്തര മാർഗ്ഗവും. ആഭ്യന്തരമാർഗ്ഗത്തിൽ, ആദ്യം ഒരു വ്യവസായി നികുതി വെട്ടിച്ച് കള്ളപ്പണം സ്വരൂപിക്കുന്നു. അതിനുശേഷം, അയാളത് ചെറിയ തുകകളായി വീതിച്ച്, ഇക്കാര്യത്തിന് വേണ്ടി അയാൾ തന്നെ സ്ഥാപിച്ച ചെറിയ കമ്പനികളുടെ (ഷെൽ കമ്പനികൾ എന്നറിയപ്പെടുന്നു) അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്നു. അതിനുശേഷം ഈ പണം, നികുതിരഹിത സങ്കേതത്തിലേക്ക് ഇലക്ട്രോണിക് മാധ്യമത്തിലൂടെ അയക്കുന്നു. നിരവധി ചെറിയ തുകകളായിട്ടാണ് ഈ പണക്കൈമാറ്റം എന്നതിനാൽ നിയന്ത്രണ നിരീക്ഷണങ്ങൾക്ക് ഇത് കണ്ടുപിടിക്കാൻ കഴിയില്ല. രാജ്യാന്തരമാർഗ്ഗം, കുപ്രസിദ്ധമായ ഹവാലയാണ്. ഇതിൽ പണം വിവിധ രാജ്യങ്ങളിൽ നിലയുറപ്പിച്ചിട്ടുള്ള നിരവധി ഇടപാടുകാരിലൂടെ നിയമവിരുദ്ധമായി കൈമാറുകയാണ് ചെയ്യുന്നത്.

**ഇരട്ടനികുതി ഒഴിവാക്കൽ കരാർ(ഡിറ്റിഎഎ)**

ഇവിടെ ഇരട്ടനികുതി ഒഴിവാക്കൽ കരാർ എന്താണെന്നും, നികുതി രഹിത സങ്കേതങ്ങൾ എന്താണെന്നും അറിയേണ്ടതാവശ്യമാണ്. നികുതിരഹിത സങ്കേതങ്ങൾ എന്നറിയപ്പെടുന്ന ചില രാജ്യങ്ങളുമായി ഇന്ത്യക്ക് ഇരട്ടനികുതി ഒഴിവാക്കൽ കരാർ (Double Taxation Avoidance Agreement - ഡി.റ്റി.എ.എ) ഉണ്ട്. നികുതിയില്ലാത്ത സ്ഥലങ്ങളെയാണ് നികുതി രഹിത സങ്കേതം എന്ന് വിളിക്കുന്നത്. ഡിറ്റിഎഎ കരാറിലെ വ്യവസ്ഥ പ്രകാരം ഒരു രാജ്യത്ത് ഉണ്ടാകുന്ന വരുമാനം മറ്റൊരു രാജ്യത്തേക്ക് മാറ്റുകയാണെങ്കിൽ, ഏതെങ്കിലും ഒരു രാജ്യത്ത് മാത്രമേ നികുതി അടക്കേണ്ട ബാധ്യതയുള്ളൂ, ഒന്നുകിൽ പണത്തിന്റെ ഉറവിടരാജ്യം, അതല്ലെങ്കിൽ ലക്ഷ്യരാജ്യം. ഉദാഹരണത്തിന് മൗറിഷ്യസ് ഒരു നികുതി രഹിത കേന്ദ്രമാണ്. അതിനാൽ മൗറീഷ്യസിൽ രജിസ്റ്റർ ചെയ്ത ഒരു കമ്പനിയോ സ്ഥാപനമോ ഇന്ത്യയിൽ പണം നിക്ഷേപിച്ച്, ലാഭം ഉണ്ടാക്കിയാൽ, ലാഭത്തുകക്ക് ഒന്നുകിൽ ഇന്ത്യയിൽ നികുതി നൽകണം, അല്ലെങ്കിൽ മൗറീഷ്യസിൽ നികുതി നൽകണം. മൗറീഷ്യസിലെ നികുതി നാമമാത്രമാണ് എന്നതിനാൽ, ഇന്ത്യയിൽ ഉത്ഭവിക്കുന്ന ലാഭത്തെ ഇന്ത്യൻ നിരക്കിലുള്ള നികുതിയിൽ നിന്ന് രക്ഷപ്പെടുത്തി, സുരക്ഷിതമായി മൗറീഷ്യസിൽ തിരിച്ചെത്തിക്കാൻ കഴിയുന്നു. ഇത്തരം നികുതി രഹിത സങ്കേതങ്ങൾക്ക് ഭൂരിപക്ഷത്തിനും ഇന്ത്യയുമായി ഡി.റ്റി.എ.എ ഉണ്ടെന്നതിനാൽ, ഇന്ത്യയിൽ നികുതി വെട്ടിപ്പ് എളുപ്പമാകുന്നു. പക്ഷേ, കള്ളപ്പണത്തെക്കുറിച്ചുള്ള ചർച്ചയിൽ ഡി.റ്റി.എ.എ ഇത്രക്ക് പ്രസക്തമാകുന്നത് എന്തുകൊണ്ടാണ്? കാരണം, ഇന്ത്യയിലെ കള്ളപ്പണക്കാർ ഹവാല മാർഗ്ഗത്തിലും മറ്റും അവരുടെ കള്ളപ്പണം നികുതി രഹിത സങ്കേതങ്ങളിൽ എത്തിക്കുന്നു. എന്നിട്ട് ഇത്തരത്തിൽ കണക്കിൽ പെടാത്ത പണം വിദേശത്ത് നിലനിർത്തുന്ന വലിയ വ്യവസായികളും കോർപ്പറേറ്റുകളും അഴിമതിക്കാരായ രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥരും വിദേശനിക്ഷേപ കമ്പനികൾ (Foreign Institutional Investors - എഫ്.ഐ.ഐ) എന്നറിയപ്പെടുന്ന തരം ഒരു കമ്പനി അല്ലെങ്കിൽ സ്ഥാപനം ആരംഭിച്ചിട്ട്, ഇതേ കള്ളപ്പണം ആ കമ്പനി വഴി ഇന്ത്യയിലേക്കയച്ച് ഷെയർ മാർക്കറ്റിലും മറ്റ് നിക്ഷേപിച്ച് വൻ ലാഭമുണ്ടാക്കുന്നു. അങ്ങനെ, അവർ രണ്ടുതവണ നികുതി വെട്ടിക്കുന്നു. ആദ്യം ഇന്ത്യയിൽ നികുതി അടക്കേണ്ടിവരുമായിരുന്ന വരുമാനം ഒളിപ്പിച്ചുകൊണ്ട് രണ്ടാമത്, ഈ പണം നികുതിരഹിത കേന്ദ്രങ്ങൾ വഴി രാജ്യത്ത് പുനഃപ്രവേശിച്ച് വെള്ളപ്പണമാകുമ്പോൾ, വീണ്ടും ഇന്ത്യയിൽ നികുതി അടവ് മറി കടക്കുന്നു. ഇതൊരുവശം, രണ്ടാമത്, ഡി.റ്റി.എ.എ യിൽ സ്വകാര്യത സൂക്ഷിക്കാനുള്ള ഒരു വകുപ്പുണ്ടെന്നും, അതിനാൽ ആ രാജ്യങ്ങളിലെ ബാങ്കുകളിൽ അക്കൗണ്ടുള്ളവരുടെ പേരുകൾ വെളിപ്പെടുത്താനാവില്ല എന്നും പറയുന്നു. വിദേശബാങ്ക് അക്കൗണ്ടുകളുടെ വിവരങ്ങൾ വെളിപ്പെടുത്താനാവില്ല എന്ന് വാദിച്ചപ്പോൾ, ബി.ജെ.പി സർക്കാർ ഈ വകുപ്പാണ് ഉദ്ധരിച്ചത്. വിവരങ്ങൾ വെളിപ്പെടുത്തിയാൽ, അത് വ്യക്തികളുടെ സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റമാകും എന്നും സർക്കാർ വാദിച്ചു. എന്നാൽ കരാറിൽ തന്നെ, ഇതുകൂടി പറയുന്നുണ്ട്: അക്കൗണ്ട് ഉടമകളെ സംബന്ധിച്ച എന്ത് വിവരവും വെളിപ്പെടുത്തുന്നത്, നികുതി കണക്കാക്കലും ഈടാക്കലും, ബന്ധപ്പെട്ട നിയമനടത്തിപ്പും , വിചാരണയും അപ്പീലുകൾ തീർപ്പാക്കലും ഇവയുടെയൊക്കെ മേൽനോട്ടവുമായി ബന്ധപ്പെട്ട വ്യക്തികളോടോ, കോടതിയും ഭരണസ്ഥാപനങ്ങളുമുൾപ്പെടെ അധികാരികളോടോ മാത്രമേ പാടുള്ളൂ. ചുരുക്കത്തിൽ അക്കൗണ്ട് ഉടമക്കെതിരെ കോടതിയിൽ കേസോ, നികുതി സംബന്ധമായ അന്വേഷണമോ ഉണ്ടെങ്കിൽ, വിവരങ്ങൾ വെളിപ്പെടുത്താം. അതുകൊണ്ട് ഈ വിവരങ്ങൾ ഡി.റ്റി.എ.എ പ്രകാരം നിയമാനുസൃതമായി തന്നെ നൽകാവുന്നതാണ്; കാരണം, ഈ വകുപ്പിന് കീഴിൽ കോടതികളുമായി വിവരങ്ങൾ പങ്കുവെക്കുന്നതിന് അനുവാദമുണ്ട്. രഹസ്യസ്വഭാവം ഒരു പരമരഹസ്യമല്ല എന്നുസാരം.

കൂടാതെ, കള്ളപ്പണത്തെക്കുറിച്ചന്വേഷിക്കാനായി, എസ്.ഐ.റ്റി-ക്ക് ഈ വിവരങ്ങൾ കോടതി കൈമാറിയാൽ, അതും നിയമാനുസൃതമായിരിക്കും. അങ്ങനെ ചെയ്താൽ ബന്ധപ്പെട്ട രാജ്യങ്ങളിൽ നിന്ന് വിവരങ്ങൾ ലഭിക്കാതാകും എന്ന സർക്കാരിന്റെ വാദം അതിനാൽ നിലനിൽക്കുന്നില്ല. മാത്രമല്ല, ഓരോ വർഷവും ആയിരക്കണക്കിന് ഇന്ത്യക്കാർ പഠനത്തിനും ജോലിക്കുമായി വിദേശങ്ങളിൽ പോകുന്നുണ്ട്. അവരെല്ലാവരും വിദേശത്ത് ഒരു ബാങ്ക് അക്കൗണ്ട് തുറക്കുന്നുമുണ്ട്. അതുകൊണ്ട്, വിദേശത്ത് ഒരു ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കുക എന്നത്, നിയമവിരുദ്ധമോ, നികുതി വെട്ടിപ്പിന്റെ സൂചനയോ അല്ല. ഇന്ത്യക്കാർക്ക് വിദേശത്ത് അക്കൗണ്ടുകൾ നിലനിർത്താൻ മാത്രമല്ല, അവയിലേക്ക് ഇന്ത്യയിൽ നിന്ന് പണം അയയ്ക്കാനും സാധ്യമാകുന്ന തരത്തിൽ റിസർവ്വ് ബാങ്കിന്റെ പൊതുമാർഗ്ഗനിർദ്ദേശങ്ങൾ 2004 ൽ ഭേദഗതി ചെയ്തിരുന്നു. ഇപ്പോൾ അതിന്റെ പരിധി, ഒരാൾക്ക് ഒരു വർഷം പരമാവധി 1,25,000 ഡോളർ ആണ്. അതുകൊണ്ട്, കള്ളപ്പണക്കാരെ തിരിച്ചറിയാനാവുന്നില്ലെങ്കിൽ വിദേശ അക്കൗണ്ടുള്ളവരുടെ എല്ലാവരുടെയും പേര് വെളിപ്പെടുത്തി അവർക്ക് ചീത്തപ്പേരും നാണക്കേടുമുണ്ടാക്കുന്ന പരിപാടി കുറഞ്ഞപക്ഷം ബാലിശമാണ്, തുറന്നുപറഞ്ഞാൽ വിഡ്ഢിത്തരവും.

കൂടാതെ, വികസിത രാജ്യങ്ങളിൽ നിക്ഷേപിച്ചിട്ടുള്ള കള്ളപ്പണം കണ്ടെത്താനായി വികസ്വരരാജ്യങ്ങളെ സഹായിക്കാനായി ഡി.റ്റി.എ.എകൾക്ക് മാതൃകാ ചട്ടക്കൂട് നൽകാനുള്ള ഐക്യരാഷ്ട്ര കൺവൻഷൻ ഒരു പടി കൂടി മുന്നോട്ട് പോകുന്നുണ്ട്. സ്വകാര്യത സൂക്ഷിക്കാനുള്ള വകുപ്പ്, വിവരങ്ങൾ ലഭ്യമാകുന്നതിന് തടസ്സമായി വരാതിരിക്കാനും, സ്വന്തം ദേശീയതാത്പര്യങ്ങൾ സംരക്ഷിക്കാനും, ആ രാജ്യങ്ങൾ ദേശീയമായി നിയമം നിർമ്മിക്കണം എന്നാണ് കൺവൻഷൻ നിർദ്ദേശിച്ചത്. അതിനർത്ഥം തദ്ദേശീയ നിയമങ്ങൾക്കും, പേരുകൾ വെളിപ്പെടുത്താനുള്ള പ്രക്രിയക്കും അനുരോധമായി ഡി.റ്റി.എ.എ പുനഃസംവിധാനം ചെയ്യണം എന്നാണ്, ഐക്യരാഷ്ട്ര കൺവൻഷൻ നിർദ്ദേശിക്കുന്നത്. പക്ഷേ എന്തുകൊണ്ടോ ഈ കൺവൻഷനിൽ ഇന്ത്യ ഒപ്പുവെച്ചിട്ടില്ല. അതിന്റെ കാരണം ഇന്ത്യൻ ഗവണ്മെന്റിനും നയരൂപീകരണവിദഗ്ദ്ധർക്കുമാണ് പറയാൻ കഴിയുക. പക്ഷേ ചോദ്യമിതാണ്: ആരുടെ താല്പര്യ പ്രകാരം? ഇതാണ് ചുരുക്കത്തിൽ ഡി.റ്റി.എ.എ-യുടെ കഥ.

**പ്രത്യേക അന്വേഷണസംഘം (എസ്.ഐ.റ്റി)**

അടുത്തത്, വിദേശബാങ്കുകൾ നൽകിയ ലിസ്റ്റിലുള്ള കള്ളപ്പണ ഉടമകളെക്കുറിച്ചന്വേഷിക്കാൻ സുപ്രീം കോടതി നിയോഗിച്ച എസ്.ഐ.റ്റിയുടെ കാര്യമാണ്. സംഘാംഗങ്ങൾ, കള്ളപ്പണക്കാരെ തുറന്നുകാട്ടുന്നതിനെപ്പറ്റിയും അവർക്ക് ഉചിതമായ ശിക്ഷ നൽകുന്നതിനെപ്പറ്റിയും ഉറക്കെ സംസാരിക്കുന്നുണ്ട്. “ഞങ്ങളുടെ മുമ്പിൽ ആരും വലുതല്ല, ആരും ചെറുതല്ല. എല്ലാവരും തുല്യരാണ്. ഈ രാജ്യത്തെ കൊള്ളയടിച്ചവരെ പിടികൂടും, ശിക്ഷിക്കും, സാമ്പത്തികമായും മറ്റ് രീതിയിലും. ഇത് ഞങ്ങൾ ഉറപ്പുനൽകുന്നു”. എസ്.ഐ.റ്റി വൈസ് ചെയർമാൻ പറയുന്നു. അന്വേഷണത്തിന് പുറമേ, നിരവധി നിർദ്ദേശങ്ങളും എസ്.ഐ.റ്റി നൽകിയിട്ടുണ്ട്. ഡി.റ്റി.എ.എ പരിഷ്കരിക്കുക, സംശയകരമായ കയറ്റുമതികൾ സി.എ.ജി ഓഡിറ്റ് ചെയ്യുക, ഏറ്റവും വലിയ 15 നികുതി വെട്ടിപ്പുകേസുകളിലെ അന്വേഷണം പൂർത്തിയാക്കാൻ ഉദ്യോഗസ്ഥരെ നിയമിക്കുക, കള്ളപ്പണം വെളുപ്പിക്കുന്നതിനെതിരെയുള്ള ആക്ട് (Prevention of Money Laundering Act - PMLA), വിദേശനാണ്യ വിനിമയ നിയന്ത്രണ നിയമം (Foreign Exchange Management Act - FEMA) എന്നിവ ഭേദഗതി ചെയ്തുകൊണ്ട് വിദേശത്ത് ഒളിപ്പിച്ച ആസ്തിക്ക് തുല്യമായ തുക കണ്ടുകെട്ടുവാൻ വ്യവസ്ഥയുണ്ടാക്കുക, കള്ളപ്പണം വെളുപ്പിക്കുന്നതിനെതിരെയുള്ള ആക്ടിലെ നിർവചനത്തിൽ, നികുതി വെട്ടിപ്പ്, കടുത്ത ശിക്ഷ ലഭിക്കുന്ന മൂലകുറ്റകൃത്യമായി ഉൾപ്പെടുത്തുക തുടങ്ങിയവയാണ് ആ നിർദ്ദേശങ്ങൾ.

നിർദ്ദേശങ്ങൾ കൊള്ളാം. പക്ഷെ, ആരാണവ നടപ്പിലാക്കുക? കള്ളപ്പണം വെളുപ്പിക്കൽ, നികുതിവെട്ടിപ്പ് തുടങ്ങിയ സാമ്പത്തിക കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷാവിധികൾക്ക് നിയമപുസ്തകങ്ങളിൽ എന്തെങ്കിലും കുറവുണ്ടോ? പിന്നെന്തുകൊണ്ടാണ് ഈ രംഗത്ത് സ്ഥിതിഗതികൾ ഇത്രയ്ക്ക് നിരാശാജനകവും മലീമസവും ആയിരിക്കുന്നത്? കാരണം, വ്യവസ്ഥ തന്നെ അഴിമതിഗ്രസ്തമാണ്. നിയമമുണ്ട്, പക്ഷെ, നിയമനിർവ്വഹണ സംവിധാനമില്ല. കോടതികൾ വിധി പ്രസ്താവിക്കും; പക്ഷെ, ആരാണത് നടപ്പിലാക്കാനുള്ളത്? തങ്ങളുടെ വിധികൾ നടപ്പിലാക്കാത്തതിനെക്കുറിച്ചോ നടപ്പിലാക്കുന്നതിലെ പാളിച്ചകളെക്കുറിച്ചോ കോടതി തന്നെ രോഷം പ്രകടിപ്പിച്ച അസംഖ്യം ഉദാഹരണങ്ങൾ അടുത്ത കാലത്തുണ്ടായി. നിയമത്തിന്റെ കണ്ണിൽ എല്ലാവരും തുല്യരെന്ന് എസ്.ഐ.റ്റി പ്രഖ്യാപിച്ചേക്കാം; പക്ഷെ, യാഥാർത്ഥ്യം അതിൽനിന്ന് വളരെ ദൂരെയാണ്. അടുത്ത കാലത്ത് എത്രയോ ഭീമൻ സാമ്പത്തിക കുംഭകോണങ്ങൾ വാർത്തയായി. ഒറ്റയാൾക്കെങ്കിലും മാതൃകാപരമായ ശിക്ഷ നൽകാൻ കഴിഞ്ഞോ? രാഷ്ട്രീയ പ്രമാണിമാരും വ്യവസായരംഗത്തെ വൻതോക്കുകളും എന്തിനും കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥരും പങ്കാളികളെന്ന് സൂചനയുള്ള കേസുകൾ സി.എ.ജിയുടെയും മറ്റും അന്വേഷണങ്ങൾ പുറത്തുകൊണ്ടുവന്നു. ഇവരിൽ ആരെയെങ്കിലും നിയമത്തിന് മുമ്പിൽ കൊണ്ടുവന്ന് വിചാരണ ചെയ്തോ? ചിലപ്പോഴൊക്കെ ജനങ്ങളുടെ കയ്യടി വാങ്ങാൻ നാമമാത്രമായ ചില അറസ്റ്റുകൾ നടത്തി, നിസ്സാരന്മാരായ ചിലരെ ജയിലിൽ അയയ്ക്കുന്നുണ്ട്. പക്ഷെ, വമ്പന്മാർ അനായാസം നിയമനടപടികളെ വെട്ടിച്ചുനിൽക്കുന്നു. മാത്രമല്ല, ഇന്ത്യയിൽ കേസുകൾ വളരെയേറെ നീണ്ടുപോവുകയും ദുർബ്ബലമാവുകയും തൽഫലമായി വിചാരണയിലെത്താതെ പോവുകയും പതിവാണ്. കള്ളപ്പണക്കാരുടെ പേരുകൾ വെളിപ്പെടുത്താനുള്ള ഇപ്പോഴത്തെ കേസിൽപ്പോലും 2009-ൽ സുപ്രീംകോടതിക്കുമുന്നിൽ ഈ കേസ് വന്ന ശേഷം വലിയ പുരോഗതി ഉണ്ടായിട്ടില്ല. മറ്റ് മുതലാളിത്ത രാജ്യങ്ങളിൽപ്പോലും ഇത്തരത്തിലല്ല കാര്യങ്ങൾ നടക്കുന്നത്. ഉദാഹരണത്തിന്, യു.എസ്.എയിൽ ബിർക്കെൻഫെൽഡ് യു.ബി.എസ് കേസിൽ യു.ബി.എസ് ബാങ്കിന്റെ നിസ്സഹകരണവും സ്വിറ്റ്സർലന്റ് ഗവണ്മെന്റിന്റെ ഭീഷണികളും ഉണ്ടായിട്ടും, വിവരങ്ങളുടെ സ്വകാര്യത സൂക്ഷിക്കണം എന്ന വാദത്തെ അവഗണിച്ചുകൊണ്ട് യു.എസിലെ കോടതികൾ കേസുമായി മുന്നോട്ടുപോയി. യു.ബി.എസിന് കുറ്റം സമ്മതിക്കേണ്ടിവന്നു. മാത്രമല്ല, 78 കോടി ഡോളർ പിഴയടയ്ക്കുകയും യു.ബി.എസ് ബാങ്കിൽ അക്കൗണ്ട് ഉടമകളായ 4500 യു.എസ് പൗരന്മാരുടെ ലിസ്റ്റ് നൽകുകയും ചെയ്യേണ്ടിവന്നു.

അടുത്തയിടെ, ക്രഡിറ്റ് സുയിസ്സിനും ഇത്തരത്തിലുള്ള തട്ടിപ്പിന്റെ പേരിൽ 250 കോടി ഡോളർ പിഴ അടയ്ക്കേണ്ടിവന്നു. പക്ഷെ, ഇൻഡ്യൻ യാഥാർത്ഥ്യം ഇതിൽനിന്നൊക്കെ വളരെ ദൂരെയാണ്. അതുകൊണ്ട്, ഇപ്പോഴത്തെ ശബ്ദഘോഷത്തിന് നിരക്കുന്ന പ്രവൃത്തി തുടർന്നുണ്ടാവണമെന്നില്ല. ജനീവയിലെ എച്ച്.എസ്.ബി.സി ബാങ്ക് നൽകിയ 627 പേരുകളിൽ 289 എണ്ണത്തിൽ ബാങ്കിലെ നിക്ഷേപത്തുക കാണിച്ചിട്ടില്ലെന്നും 122 പേരുകൾ അതേ ലിസ്റ്റിൽ രണ്ട് തവണ ആവർത്തിച്ചിരിക്കുന്നു എന്നും കണ്ടുപിടിച്ചു എന്ന് എസ്.ഐ.റ്റി പറഞ്ഞിരിക്കെ, അവർക്ക് കുഴപ്പത്തിന്റെ ആഴം മനസ്സിലായിട്ടുണ്ടാവും. ഈ അക്കൗണ്ടുകളിലെ ഇടപാടുകളെക്കുറിച്ച് ഒരു വിശദാംശവും നൽകിയിട്ടില്ല. എപ്പോൾ അക്കൗണ്ട് തുറന്നു, തുടർന്ന് നടന്ന ഇടപാടുകളുടെ ചരിത്രം തുടങ്ങിയ കാര്യങ്ങളൊന്നും ലിസ്റ്റിലില്ല. അവർക്കെതിരെ നടപടികൾ എടുക്കാൻ തീർച്ചയായും ഇത് തടസ്സമുണ്ടാക്കും.

**കള്ളപ്പണം നാശംവിതയ്ക്കുന്നു**

പെരുകുന്ന കള്ളപ്പണം, നമ്മുടെ സമ്പദ്വ്യവസ്ഥയെത്തന്നെ തടവിലാക്കി വിലപേശുകയാണെന്ന് ഏവർക്കുമറിയാം. വിലക്കയറ്റത്തെ അത് മാനംമുട്ടെ ഉയർത്തുന്നു, രാജ്യത്തെ പണത്തിന്റെ ചംക്രമണത്തെ അത് ദോഷകരമായി ബാധിക്കുന്നു, എല്ലാ സാമ്പത്തിക സൂചകങ്ങളെയും അത് വികലമാക്കുന്നു, എല്ലാ പ്രായോഗിക നടപടികളെയും അത് വക്രീകരിക്കുന്നു, ചുരുക്കത്തിൽ ഒരു സമാന്തര സമ്പദ്വ്യവസ്ഥ തന്നെ രാജ്യത്ത് നടത്തുകയാണത്. കള്ളപ്പണം പിടിച്ചെടുത്ത് ഓരോ പൗരനും 15 ലക്ഷം രൂപ വീതം നൽകുന്നതിനെക്കുറിച്ച് മോദി പറഞ്ഞപ്പോൾ അദ്ദേഹം സൂചിപ്പിച്ചത് രാജ്യത്ത് പ്രചാരത്തിലുള്ള കള്ളപ്പണത്തിന്റെ അളവ് എത്ര ഭീമാകാരമാണ് എന്ന വസ്തുതയാണ്. പിന്നീട് ഈ പ്രസ്താവനയിൽനിന്ന് പിന്മാറിക്കൊണ്ട്, രാജ്യത്തെ കള്ളപ്പണം എത്രയെന്ന് തനിക്കറിയില്ലെന്ന് അദ്ദേഹം പറഞ്ഞു. ഇൻഡ്യയിൽനിന്നുള്ള നിയമവിരുദ്ധമായ പണമൊഴുക്ക് കഴിഞ്ഞ ദശകത്തിൽ സ്ഥിരമായി വർദ്ധിച്ചുകൊണ്ടേയിരിക്കുകയായിരുന്നു. പ്രത്യേകിച്ചും 2009-നും 2011-നും ഇടയ്ക്ക് അത് ഭീമമായി 196 ശതമാനം വർദ്ധിച്ചു. ഗ്ലോബൽ ഫിനാൻഷ്യൽ ഇന്റഗ്രിറ്റി (ജി.എഫ്.ഐ) എന്ന വാഷിംഗ്ടണിലെ വിദഗ്ദ്ധ ഗ്രൂപ്പ് കണക്കാക്കിയത് 1948-നും 2008-നുമിടയ്ക്ക് ഇൻഡ്യക്കാർ 46,200 കോടി ഡോളർ (ഇന്നത്തെ വിനിമയ നിരക്കിൽ 28 ലക്ഷം കോടി രൂപ) വിദേശ നികുതിരഹിത സങ്കേതങ്ങളിൽ ഒളിപ്പിച്ചിട്ടുണ്ട് എന്നാണ്. പക്ഷെ ജി.എഫ്.ഐ സേവനങ്ങളുടെ വിലയിലെ കള്ളക്കണക്ക്, ഹവാലപ്പണം, മയക്കുമരുന്നുകടത്തും മനുഷ്യക്കടത്തും നടത്തിയുണ്ടാക്കുന്ന കള്ള

(ശേഷം 15-ാം പേജിൽ)

# മുതലാളിത്തവാഴ്ച കള്ളപ്പണത്തിന് ജന്മം നൽകുന്നു

(12-ാം പേജിൽ നിന്ന്)

പ്പണം — എന്നിവ കണക്കിലെടുത്തിട്ടില്ല. സി.ബി.ഐ ഡയറക്ടർ ഇവകൂടി ഉൾപ്പെടുത്തിക്കൊണ്ട് 50,000 കോടി ഡോളർ (31 ലക്ഷം കോടി രൂപ) എന്ന കണക്ക് 2010-ൽ പറയുകയുണ്ടായി. ഇത് ഇൻഡ്യയുടെ മൊത്തം ആഭ്യന്തര ഉൽപ്പാദനമായ 108 ലക്ഷം കോടി ഡോളറിന്റെ 30 ശതമാനം വരുന്ന തുകയാണ്.

പക്ഷെ, യഥാർത്ഥ തുക ഇതിനെയും കവച്ചുവയ്ക്കുന്നതാകും എന്നാണ് സൂചനകൾ. മറ്റൊരു റിപ്പോർട്ട് പറയുന്നത്, വിട്ടുപോയ കള്ളപ്പണത്തിന്റെ മറ്റ് ഘടകങ്ങളും കൂടി ചേർത്താൽ 1948 മുതൽ 2012 വരെയുള്ള കാലത്തെ കള്ളപ്പണം 1.2 ലക്ഷം കോടി ഡോളർ വരുമെന്നാണ്. സ്വിസ് ബാങ്ക് അധികൃതർ പറയുന്നതനുസരിച്ച് 1.4 ലക്ഷം കോടി ഡോളർ (72 ലക്ഷം കോടി രൂപ), അതായത് ഇൻഡ്യയുടെ ആഭ്യന്തര ഉൽപ്പാദനത്തിന്റെ 70 ശതമാനം വരുന്ന തുക ഇൻഡ്യൻ വ്യവസായികളും രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥ മേധാവികളും മറ്റും സൂക്ഷിക്കുന്ന വ്യക്തിപരമായ അക്കൗണ്ടുകളിൽ കിടപ്പുണ്ട്. ഇത് ലോകത്തിൽ ഏറ്റവും വലുതാണ്. കണക്കുകൾ കാണിക്കുന്നത്, ഈ ഭീമമായ കള്ളപ്പണം ഇൻഡ്യയിലേക്ക് തിരികെ കൊണ്ടുവന്നാൽ, ഇൻഡ്യയുടെ മൊത്തം വിദേശകടം 24 മണിക്കൂറിനുള്ളിൽ വീട്ടാൻ കഴിയുമെന്നാണ്. വിദേശ കടം വീട്ടിയ ശേഷം വിദേശകടത്തിന്റെ 12 മടങ്ങ് പണം ബാക്കിയുണ്ടാകും. അത് നിക്ഷേപിച്ചാൽ കേന്ദ്ര സർക്കാരിന്റെ വാർഷിക ബജറ്റിനേക്കാൾ വലിയ തുക പലിശയായി ലഭിക്കും. അതിനാൽ, എല്ലാ നികുതിയും നിർത്തിയാൽപ്പോലും കേന്ദ്രഗവണ്മെന്റിന് അനായാസം രാജ്യത്തെ നിലനിർത്താൻ കഴിയും. രാജ്യത്തെ ദരിദ്രകോടികൾക്ക് ഒരു ലക്ഷം രൂപ വീതം നൽകാൻ കഴിയും. ഈ തുകയുടെ ഒരു ചെറിയ അംശംകൊണ്ട്, ഇൻഡ്യയിലെ ജലശുദ്ധീകരണം, ശുചിത്വം, മാലിന്യ നിർമ്മാർജ്ജനം, പുനരുൽപ്പാദനക്ഷമമായ ഊർജ്ജം, ആരോഗ്യം, വിദ്യാഭ്യാസം, നഗരങ്ങളുടെ അടിസ്ഥാന ഘടന തുടങ്ങിയ രംഗങ്ങളിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്ന് വിശ്വസിക്കപ്പെടുന്നു. ഒപ്പംതന്നെ, പൊതുവിതരണ സംവിധാനം സാർവ്വത്രികമാക്കിക്കൊണ്ട്, എല്ലാ ഇൻഡ്യക്കാരെയും പട്ടിണിയുടെ കയത്തിൽനിന്ന് രക്ഷിക്കാനും, ഉന്നതവിദ്യാഭ്യാസം, ശാസ്ത്രീയ സാമൂഹിക ഗവേഷണസ്ഥാപനങ്ങൾ, സവിശേഷമായ ശാസ്ത്ര പദ്ധതികൾ എന്നിവയ്ക്ക് പണം കണ്ടെത്താനും ഇവയെല്ലാം ഒന്നിച്ച്, ഒരേസമയം ചെയ്യാനും കഴിയും.

**മുതലാളിത്തമാണ് കള്ളപ്പണം സൃഷ്ടിക്കുന്നത്; അതിനുള്ള പ്രേരണ നൽകുന്നത്**

പക്ഷെ, എന്തുകൊണ്ടാണ് കള്ളപ്പണമെന്ന ശാപം ഉണ്ടാകുന്നത്? എങ്ങനെയും പണമുണ്ടാക്കാനാഗ്രഹിക്കുന്ന കുറച്ചുപേർ അവരുടെ വരുമാനം മറച്ചുവയ്ക്കുകയും, സമ്പദ്‌വ്യവസ്ഥയെ ഈ വ്യാധിയിൽനിന്ന് മോചിപ്പിക്കാനാഗ്രഹിക്കുന്ന സർക്കാരിനെ കബളിപ്പിക്കുകയും ചെയ്യുന്നു എന്നതാണോ കാരണം? ദൗർഭാഗ്യവശാൽ, അതല്ല കാരണം. കാലഹരണപ്പെട്ട മുതലാളിത്ത വ്യവസ്ഥ, അതിന്റെ ആയുസ്സ് ദീർഘിപ്പിക്കാനായി അഴിമതിയും കുറ്റകൃത്യങ്ങളും അപഭ്രംശങ്ങളും ഉപയോഗിക്കുമ്പോൾ, ആ വ്യവസ്ഥ സൃഷ്ടിക്കുന്നതാണ് കള്ളപ്പണം. കള്ളപ്പണവും മുതലാളിത്തവും പരസ്പരം കെട്ടുപിണഞ്ഞുകിടക്കുന്നു. കള്ളപ്പണത്തിന്റെ വളർച്ചയ്ക്ക് തടയിടുന്ന കാര്യത്തിൽ സർക്കാരിന് ഗൗരവബുദ്ധി ഉണ്ടായിരുന്നുവെങ്കിൽ, ഭരണസംവിധാനത്തിന് കുറ്റംചെയ്തവരെ പിടികൂടാനുള്ള ഇച്ഛാശക്തിയുണ്ടായിരുന്നെങ്കിൽ, ഒരു പരിധിവരെ, ഈ പ്രശ്നത്തിന്റെ രൂക്ഷത കുറയ്ക്കാമായിരുന്നു. പക്ഷെ, നമ്മുടെ നാട്ടുകാരുടെ അനുഭവത്തിലുള്ള യാഥാർത്ഥ്യം വ്യത്യസ്തമാണ്. കള്ളപ്പണം, മുതലാളിവർഗ്ഗം, മുതലാളിത്ത സർക്കാർ, കരിഞ്ചന്തക്കാർ, പൂഴ്ത്തിവയ്പ്പുകാർ, നിയമവിരുദ്ധ ഇടപാടുകാർ ഇവയെല്ലാം യോജിച്ച് ഒരു അസ്തിത്വമായി മാറിയിരിക്കുന്നു. കള്ളപ്പണത്തിനെതിരെ ആക്രോശിക്കുകയും കള്ളപ്പണം പിടിച്ചെടുക്കുന്ന നടപടികൾ നടന്നുകാണണമെന്ന് ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്യുന്ന സർക്കാരിലും പ്രതിപക്ഷത്തുമുള്ള മുതലാളിത്തപാർട്ടികൾ അത് യഥാർത്ഥത്തിൽ ഉദ്ദേശിക്കുന്നില്ല, അവർ ഇത്തരം പ്രവൃത്തികളിലുള്ള പങ്കാളിത്തത്തിൽനിന്ന് മുക്തരുമല്ല. ഇക്കാര്യത്തിൽ ഗൗരവബുദ്ധി ഉണ്ടായിരുന്നുവെങ്കിൽ, ഗവണ്മെന്റിന് അനായാസം, രഹസ്യാന്വേഷണ വിഭാഗത്തിലൂടെ കുറ്റവാളികളെ തിരിച്ചറിയാനും അവരെ കസ്റ്റഡിയിൽ എടുക്കാനും ഇത്തരം ക്രിമിനൽ കുറ്റത്തിന് അർഹിക്കുന്ന കടുത്ത ശിക്ഷ നൽകാനും കഴിയുമായിരുന്നു. അങ്ങനെയെങ്കിൽ അഴിമതിക്കാരായ കോർപ്പറേറ്റുകളും രാഷ്ട്രീയക്കാരും പോലീസുകാരും ഉദ്യോഗസ്ഥരും കള്ളക്കടത്തുകാരുമടങ്ങുന്ന അവിശുദ്ധ സഖ്യത്തിന് അതൊരു ശക്തമായ പ്രഹരം നൽകിയേനെ. കറൻസി നോട്ടുകളുടെ ഡീമോണറ്റൈസേഷൻ (ചില പ്രത്യേക കറൻസികൾ നിർമ്മിക്കുന്നതും ഉപയോഗിക്കുന്നതും നിർത്തലാക്കുന്ന പ്രക്രിയ) പോലുള്ള ഭരണപരമായ നടപടികളും സർക്കാരിന് സ്വീകരിക്കാമായിരുന്നു. പക്ഷെ, സർക്കാരിന് അത് ചെയ്യാനാവില്ല. അത് ചെയ്യുമെന്ന് ഒരു താക്കീത് പോലും നൽകാനാവില്ല, കാരണം, സർക്കാർ തന്നെ കുത്തകകളുടെയും വ്യവസായികളുടെയും കള്ളപ്പണ ഉടമകളുടെയുമാണ്. അധികാരം പങ്കിടുകയോ, അധികാരത്തിന്റെ ഇടനാഴികളിൽ കാണപ്പെടുകയോ ചെയ്യുന്ന, തെരഞ്ഞെടുപ്പിനെ ആധാരമാക്കി പ്രവർത്തിക്കുന്ന എല്ലാ ബൂർഷ്വാപാർട്ടികൾക്കും ഫണ്ട് വരുന്നത് കള്ളപ്പണത്തിൽനിന്നാണ്. അതിനാൽ, അവർക്ക് ചില ചെപ്പടിവിദ്യകൾ മാത്രമേ മുന്നോട്ടുവയ്ക്കാനാവൂ. അതിന്റെ ഭാഗമായി പൊതുജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ ഇടയ്ക്കൊക്കെ ചില രോഷപ്രകടനങ്ങൾ ഉണ്ടാവും — ബി.ജെ.പി ഇപ്പോൾ ചെയ്യുന്നതുപോലെ. കുറച്ചുവർഷം മുമ്പ്, ജനങ്ങളുടെ കണ്ണിൽ പൊടിയിടാനായി, കള്ളപ്പണം സ്വമേധയാ വെളിപ്പെടുത്താനുള്ള ആഹ്വാനം സർക്കാർ മുന്നോട്ടുവച്ചു. അങ്ങനെ ചെയ്യുന്നവരെ പിഴ അടയ്ക്കുന്നതിൽനിന്ന് ഒഴിവാക്കി എന്നുമാത്രമല്ല, അനുമോദിക്കുകയും ചെയ്തു. എത്ര അവിശ്വസനീയമായ നടപടി! ജനങ്ങളുടെ പണം നിയമവിരുദ്ധമായ മാർഗ്ഗങ്ങളിലൂടെ തട്ടിയെടുത്ത് സ്വന്തം സമ്പാദ്യത്തിലേക്ക് മുതൽകൂട്ടിയ ഒരു കൂട്ടം കൊള്ളക്കാരും കള്ളന്മാരും. അവരോട് കണക്കിൽപ്പെടാത്ത സ്വത്ത് സ്വമേധയാ വെളിപ്പെടുത്താൻ വികാരതീക്ഷ്ണതയോടെ അഭ്യർത്ഥിക്കുകയും ശേഷം അഭ്യർത്ഥന മാനിച്ചതിന്റെ പേരിൽ പരോക്ഷമായി അംഗീകരിക്കുകയും.

അതിനാൽ, കോടതിയുടെ ഇടപെടലിലൂടെ, എസ്.ഐ.റ്റിയെ സജീവമാക്കുന്നതിലൂടെ, അതല്ലെങ്കിൽ മോദിയും സർക്കാരും നടത്തുന്ന വാചകക്കസർത്തിലൂടെ എന്തെങ്കിലും യഥാർത്ഥത്തിൽ സംഭവിക്കുമെന്ന് കരുതുന്നത് മൗഢ്യത്തിന്റെ പരകോടിയായിരിക്കും. ജുഡീഷ്യൽ ആക്ടിവിസം എന്നറിയപ്പെടുന്ന, ജനങ്ങളോട് പ്രതിബദ്ധതയുള്ള ജഡ്ജിമാർ മുൻകൈയെടുത്ത് സാമൂഹ്യപ്രശ്നങ്ങളിൽ കോടതി സജീവമായി ഇടപെടുന്ന പ്രവണതയിലും അധികം പ്രതീക്ഷ വയ്ക്കാൻ ന്യായമില്ല. കാരണം, ഈ അഴിമതി നിറഞ്ഞ മുതലാളിത്ത വ്യവസ്ഥയുടെ അവിഭാജ്യഭാഗമെന്ന നിലയിൽ നീതിന്യായ വ്യവസ്ഥയ്ക്ക് അതിന്റെ പഴയ അന്തസ്സുറ്റ പദവി കൈമോശംവന്നിരിക്കുന്നു. എന്നുമാത്രമല്ല, അഴിമതിയിൽനിന്ന് സ്വയരക്ഷിക്കാൻ അതിന് കഴിയുന്നുമില്ല. കോടതിയിലും എസ്.ഐ.റ്റിയിലും ചില സത്യസന്ധരായ വ്യക്തികൾ ഉണ്ടെങ്കിലും അവർക്ക് ഒരു പരിധിയ്ക്കപ്പുറം പോകാനാവില്ല, കാരണം, വ്യവസ്ഥിതിക്ക് അത് താങ്ങാനാവാത്ത പ്രഹരമേൽപ്പിക്കും. കുറച്ച് ബഹളങ്ങൾക്കുശേഷം എല്ലാം കെട്ടടങ്ങും, നിലവിലുള്ള സ്ഥിതി തുടരും.

**ജനങ്ങൾ നിർണ്ണായകമായി പ്രവർത്തിക്കണം**

ഈ സ്ഥിതി വിധിയെന്ന പോലെ മാറ്റാനാവാത്ത ഒന്നാണോ എന്നതാണ് ചോദ്യം. അല്ല എന്നാണുത്തരം. മുതലാളിത്തം നിലനിൽക്കുവോളം കള്ളപ്പണത്തിന്റെ മേധാവിത്വം തുടരും. മുതലാളിത്തത്തെ വിപ്ലവത്തിലൂടെ തകർത്തെറിഞ്ഞ്, ഒരു സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥയും ഭരണസംവിധാനവുമുള്ള സോഷ്യലിസ്റ്റ് സമൂഹം സ്ഥാപിതമാവുമ്പോഴേ, കള്ളപ്പണത്തെ ഉച്ചാടനം ചെയ്യാനാവൂ. അത് സംഭവിക്കാത്തിടത്തോളം കാലം ജനങ്ങൾ ആവശ്യമായ ബോധത്തോടെ ഒറ്റക്കെട്ടായിനിന്ന് ഇത്തരം തിന്മകൾക്കും മുതലാളിത്തഭരണത്തിന്റെ മർദ്ദനത്തിനും എതിരെ ശരിയായ നേതൃത്വത്തിൻകീഴിൽ രാജ്യവ്യാപകമായ സംഘടിത ജനാധിപത്യ പ്രക്ഷോഭണം വളർത്തിയെടുക്കുമെങ്കിൽ, കടിഞ്ഞാണില്ലാതെ പെരുകുന്ന കള്ളപ്പണത്തിനും അത് വിതയ്ക്കുന്ന നാശത്തിനും മേൽ കുറച്ച് നിയന്ത്രണമെങ്കിലും ചെലുത്താൻ സാധിച്ചേക്കും. അത്തരം പ്രക്ഷോഭണത്തിന്റെ സമ്മർദ്ദത്തിനുമാത്രമേ കള്ളപ്പണത്തിന്റെ ഉൽപ്പാദകർക്കും അത് കൈകാര്യം ചെയ്യുന്നവർക്കും അതിന്റെ ഗുണഭോക്താക്കൾക്കും മേൽ എന്തെങ്കിലും കടിഞ്ഞാണിടാൻ കഴിയൂ. ഈ പ്രക്ഷോഭണത്തെ അതിന്റെ ഉച്ചസ്ഥായിയിലേക്ക് നയിച്ചാലേ കള്ളപ്പണത്തിന്റെ കൊടുംവിപത്തിൽനിന്ന് എന്തെങ്കിലും ആശ്വാസം ജനങ്ങൾക്ക് പ്രതീക്ഷിക്കാനാവൂ. ഇന്നത്തെ ഇൻഡ്യയിൽ വിശാലമായ മുതലാളിത്തവിരുദ്ധ പ്രക്ഷോഭണത്തിന്റെ ഭാഗമായി ഒരു ശക്തമായ കള്ളപ്പണവിരുദ്ധ പ്രസ്ഥാനം വളർത്തിയെടുക്കേണ്ടത് അത്യാവശ്യമാണ്. മറ്റേതൊരു മാർഗ്ഗവും, കോടതിയുടെ വമ്പിച്ച പ്രവർത്തനങ്ങൾ ഉൾപ്പെടെ, ലക്ഷ്യത്തിലെത്താതെ പോകും. അതുകൊണ്ടാണ് ഉടനടി അത്തരമൊരു പ്രക്ഷോഭണം വളർത്തിയെടുക്കേണ്ടത് അടിയന്തിരാവശ്യകതയാകുന്നത്. അതിനെ തീവ്രമാക്കിക്കൊണ്ട് പിന്തിരിപ്പത്തത്തിന്റെ പാളയത്തെ സ്തംഭിപ്പിക്കേണ്ടതുമുണ്ട്. ■

## ഇടതുപക്ഷ പാർട്ടികളുടെ യോജിച്ച പ്രക്ഷോഭം

(1-ാം പേജിൽ നിന്ന്)

ചെയ്ത ജില്ലകൾ സന്ദർശിക്കുന്നതിനു വേണ്ടി 10 പാർട്ടികൾ ഒന്നിച്ചുചേർന്ന് ഒരു ബസ് ജാഥയും സംഘടിപ്പിക്കുകയുണ്ടായി. ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് പര്യാപ്തമായ നഷ്ടപരിഹാരം നൽകണമെന്നും, കർഷക ആത്മഹത്യകൾ തടയാൻ ഫലപ്രദമായ നടപടികൾ കൈക്കൊള്ളണമെന്നും സർക്കാരിനോടാവശ്യപ്പെട്ടുകൊണ്ട് ഡിസംബർ 11-ന് ഹൈദരാബാദിൽ നടത്തിയ ഒരു ധർണ്ണയിലാണ് ഈ പരിപാടി സമാപിച്ചത്.

ഭുവനേശ്വരിൽ ഇടതുപക്ഷ പാർട്ടികളുടെ യോജിച്ച യോഗം ഡിസംബർ 10-ന് നടന്നു. തമിഴ്നാട്ടിൽ ചെന്നൈയുടെ വിവിധ കേന്ദ്രങ്ങളിലും, വില്ലുപുരം ജില്ലയിലെ കല്ലക്കുറുച്ചിയിലും, സേലം, വിരുദുനഗർ, മധുര, കടലൂർ, കരൂർ, തേനി, ദിണ്ഡുഗൽ, പുതുക്കോട്ട എന്നീ ജില്ലകളിലും സംയുക്ത പരിപാടികൾ നടന്നു.

പശ്ചിമബംഗാളിൽ ഇടതുപാർട്ടികൾ സംയുക്തമായി ഡിസംബർ 11-ന് കൊൽക്കത്തയിൽ ലെനിൻ പ്രതിമയ്ക്കു മുന്നിൽ വമ്പിച്ച റാലി സംഘടിപ്പിച്ചു. ആർഎസ്എസ്-ബിജെപി രാജ്യവ്യാപകമായി കുത്തിപ്പൊക്കുന്ന വർഗ്ഗീയ വിപത്തിനെതിരെ ഡിസംബർ 6-നും സംയുക്ത പരിപാടികൾ നടന്നു. അന്നേ ദിവസം കൊൽക്കത്തയിൽ റാലിയും പൂർവ്വ മേദിനിപൂർ ജില്ലയിലെ തംലൂക്കിൽ പൊതുയോഗവും നടന്നു.

അസ്സമിൽ ഡിസംബർ 10-ന് ഗുവാഹതിയിൽ സംസ്ഥാനതല പ്രതിഷേധറാലി നടന്നു. ബീഹാറിലെ മുസ്സഫർപൂരിൽ വമ്പിച്ച സംയുക്ത ധർണ്ണ നടന്നു. തുടർന്ന് 12 ഇന ആവശ്യങ്ങളടങ്ങിയ അവകാശപത്രിക ജില്ലാ മജിസ്ട്രേറ്റിന് സമർപ്പിച്ചു.

മദ്ധ്യപ്രദേശിലെ സാഗറിൽ എസ്‌യുസിഐ(സി) ജില്ലാ സംഘാടക കമ്മിറ്റി ഡിസംബർ 14-ന് പ്രതിഷേധ ധർണ്ണ സംഘടിപ്പിച്ചു. മുംബൈയിൽ ഡിസംബർ 19-ന് എസ്‌യുസിഐ(സി), സിപിഐ, സിപിഐ(എം), സിജിപിഐ എന്നീ പാർട്ടികൾ ചേർന്ന്, പെഷവാറിൽ സ്കൂൾവിദ്യാർത്ഥികൾ കൂട്ടക്കുരുതിക്കിരയായതിൽ അനുശോചിച്ചുകൊണ്ട് മെഴുകുതിരി കത്തിച്ച് പ്രകടനം നടത്തി. പാറ്റ്നയിലും ഈ വിഷയത്തിൽ ഒരു സംയുക്ത മൗനജാഥ ഡിസംബർ 20-ന് നടന്നു. യുപിയിലെ മൊറാദാബാദിൽ ഇടതുപക്ഷപാർട്ടികളുടെ സംയുക്ത റാലി ഡിസംബർ 14-ന് നടന്നു. ■

## മഹാനായ അയ്യൻകാളി നയിച്ച കാർഷിക പണിമുടക്കത്തിന്റെ നൂറാം വാർഷികാചരണം

### കണ്ണൂർ ജില്ലാ കമ്മിറ്റി രൂപീകരിച്ചു

മഹാനായ നവോത്ഥാന നായകൻ അയ്യൻകാളിയുടെ നേതൃത്വത്തിൽ 1913–14 കാലത്ത് നടന്ന കാർഷിക പണിമുടക്കത്തിന്റെ നൂറാം വാർഷികാചരണത്തോടനുബന്ധിച്ച് കണ്ണൂരിൽ ജില്ലാതല ആചരണകമ്മിറ്റി രൂപീകരിച്ചു. 2014 ഡിസംബർ 14ന് കണ്ണൂർ ജില്ലാ ലൈബ്രറി കൗൺസിൽ ഹാളിൽ ചേർന്ന യോഗത്തിലാണ് ജില്ലയിലെ വിവിധ സാമൂഹിക സാംസ്കാരിക മേഖലകളിലെ വ്യക്തിത്വങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള 50 അംഗ ജില്ലാക്കമ്മറ്റി രൂപീകൃതമായത്. യോഗത്തിൽ സംസ്ഥാന ആചരണ കമ്മിറ്റി കൺവീനർ ജി.എസ്.പത്മകുമാർ മുഖ്യപ്രഭാഷണം നടത്തി. പ്രൊഫ. കെ.പി.സജി അദ്ധ്യക്ഷത വഹിച്ചു. കെ.കെ.സുരേന്ദ്രൻ സ്വാഗതം പറഞ്ഞു. ജനുവരി 17,18,19 തീയ്യതികളിൽ കണ്ണൂരിൽ വച്ച് നവോത്ഥാന ശക്തി എക്സിബിഷനും അതിനോടനുബന്ധിച്ച് സെമിനാറുകളും സംഘടിപ്പിക്കാൻ തീരുമാനിച്ചു.

അഡ്വ. സി.വി.നാരായണൻ, എൻ.ശശിധരൻ, ഡോ. ഡി.സുരേന്ദ്രനാഥ്, അഡ്വ.ഇ.പി.ഹംസക്കുട്ടി, രാജൻ കോരമ്പേത്ത്, ഒ.എം.ദിവാകരൻ, ഷാജി പാണ്ട്യാല, സി.രവീന്ദ്രൻ മാസ്റ്റർ (ഉപദേശസമിതിയംഗങ്ങൾ), പ്രൊഫ.കെ.പി.സജി (ചെയർമാൻ), കെ.കെ.സുരേന്ദ്രൻ (കൺവീനർ), പി.പി.മോഹനൻ, സത്യൻ ആരമ്പൻ, പി.മുരളീധരൻ മാസ്റ്റർ, കണ്ണൂർ രത്നകുമാർ, സുഭാഷ് അയ്യോത്ത്, മുണ്ടേരി ബാലകൃഷ്ണൻ, ഓമന മോഹൻദാസ്, കെ.ജയശ്രീ, ടി.ചന്ദ്രൻ, എം.കെ.ജയരാജൻ, അഡ്വ. ഇ.സനൂപ് (വൈസ്ചെയർമാന്മാർ), അഡ്വ. പി.സി.വിവേക്, നാസിക് അൽമിയാൻ, യു.കെ.അഭിലാഷ്, പി.വി.പ്രേമരാജൻ, രമ്യൻ ഏച്ചൂർ, വി.ആർ.രാമചന്ദ്രൻ, പോൾ.റ്റി.സാമുവൽ, ബാബുരാജൻ മാസ്റ്റർ, അഡ്വ. ശ്രീജയ ശശിധരൻ, പി.സി.സുധ, മേരി എബ്രഹാം (ജോയിന്റ് കൺവീനർമാർ), അനൂപ് ഏരിമറ്റം(ട്രഷറർ), അഡ്വ. സി.പി.സുനിൽകുമാർ, അഡ്വ. ഷിജിൻ നമ്പ്യാർ, രാജു മാത്യു, കുഞ്ഞമ്പു കല്യാശ്ശേരി, എം.പങ്കജാക്ഷൻ മാസ്റ്റർ, പപ്പൻ തായക്കര, സി.ടി.ബാബുരാജ്, സി.സന്തോഷ്, ടി.സി.ബാലകൃഷ്ണൻ, എം.സന്തോഷ് കുമാർ, പി.പ്രകാശ്, കെ.കെ.ഉത്തമൻ, രജിത് കുമാർ, കെ.വി.ഷിജു, പി.രാജേഷ്, പി.വിജേഷ്, എൻ.വി.അജയകുമാർ എന്നിവരടങ്ങിയതാണ് കമ്മിറ്റി. ■

# ബരാക് ഒബാമ ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അതിഥിയല്ല

## നമ്മുടെ ഭരണഘടനാ മൂല്യങ്ങളെ അപമാനിക്കലാവും ഈ അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ഏജന്റിന്റെ സാന്നിദ്ധ്യം

— **ഡോ.എൻ.എ.കരിം**

*(പ്രസിഡന്റ്, ആൾ ഇൻഡ്യ ആന്റി ഇംപീരിയലിസ്റ്റ് ഫോറം, കേരള ചാപ്റ്റർ)*

ബി.ജെ.പി വീണ്ടും കേന്ദ്രത്തിൽ അധികാരത്തിൽ വന്നിരിക്കുന്നു. നന്നേ നേർത്തതെങ്കിലും പൊതുവേ ഉദാരജനാധിപത്യത്തിന്റെ മുഖാവരണവും ധരിച്ചാണ് വാജ്പേയ് ഗവണ്മെന്റ് അധികാരത്തിൽ വന്നതെങ്കിൽ 2002–ൽ ഗുജറാത്തിൽ താൻ നടത്തിയ വംശഹത്യയുടെ ബീഭത്സമുഖവും ചോരപുരണ്ട കൈകളും ഒരുവിധം കഴുകി വൃത്തിയാക്കിയാണ് നരേന്ദ്ര മോദി 2014–ലെ പൊതുതെരഞ്ഞെടുപ്പിൽ *ഗുജറാത്ത്മോഡൽ വികസന*ത്തിന്റെയും *പട്ടേൽമാതൃക*യിലുള്ള ആഭ്യന്തരഭരണത്തിന്റെയും വാജ്പേയ് മട്ടിലുള്ള സദ്ഭരണത്തിന്റെയുമൊക്കെ അവ്യക്ത സുന്ദരമായ വാഗ്ദാനങ്ങൾ നൽകി അധികാരത്തിലേറിയത്.

നാഗ്പൂരിലെ ആർ.എസ്.എസ് കേന്ദ്രമായ ജണ്ഡേവാലയിലെ ഇപ്പോഴത്തെ നേതൃത്വവുമായി ഉണ്ടാക്കിയ വ്യക്തമായ ധാരണയിലും അംബാനി സഹോദരന്മാർ തുടങ്ങിയ പഴയ കോർപ്പറേറ്റ് കുടുംബങ്ങളുടെയും ഗൗതം അദാനി തുടങ്ങിയ മോദിയുടെ പുത്തൻ കോർപ്പറേറ്റ് കൂട്ടുകാരുടെയും പരിപൂർണ്ണ പിന്തുണയിലുമാണ് കഴിഞ്ഞ വർഷത്തെ തെരഞ്ഞെടുപ്പിൽ ബി.ജെ.പിയും സംഘപരിവാറും യോജിച്ച് മത്സരിച്ച് വിജയിച്ചത്. മൻമോഹൻസിംഗ്–സോണിയ സഖ്യത്തിന്റെ രണ്ട് ദശകകാലത്തെ യു.പി.എ ഭരണം അതിന്റെ നവലിബറൽ പരിഷ്കാരങ്ങളും വൻ അഴിമതികളും കൊണ്ട് ജനജീവിതം ദുസ്സഹമാക്കിയിരുന്നു. ജനങ്ങളിൽനിന്ന് ഒറ്റപ്പെട്ട അവരുടെ പിന്തുണകൊണ്ട് തങ്ങൾക്കിനി വലിയ പ്രയോജനമില്ലെന്ന് മനസ്സിലാക്കിയാണ് കോർപ്പറേറ്റ് കുത്തകകൾ അവരെ ഉപേക്ഷിച്ച് ബി.ജെ.പിയെ വളർത്തിക്കൊണ്ടുവരുവാൻ തീരുമാനിച്ചത്. ആർ.എസ്.എസിന്റെയും സംഘപരിവാറിന്റെയും കോർപ്പറേറ്റ് ശക്തികളുടെയും കൂട്ടായ സഹകരണത്തോടെ നടത്തിയ തെരഞ്ഞെടുപ്പ് പ്രചാരണവും അതിന്റെ നേട്ടങ്ങളും അവരെപ്പോലും അത്ഭുതപ്പെടുത്തുന്നതായിരുന്നു.

അധികാരത്തിലേറിയ പ്രധാനമന്ത്രി മോദി ആർ.എസ്.എസിന് അവരുടെ ദീർഘകാല പരിപാടികളെല്ലാം യഥേഷ്ടം നടത്തുന്നതിന് പൂർണ്ണ സ്വാതന്ത്ര്യവും സർക്കാരിന്റെ പിന്തുണയും നൽകിക്കൊണ്ട് തന്റെ അമേരിക്കൻ മോഡൽ മുതലാളിത്ത–സാമ്രാജ്യത്വ–സാമ്പത്തിക–രാഷ്ട്രീയ പരിഷ്കാരങ്ങൾ നടപ്പാക്കുന്ന ജോലി ഏകാഗ്രചിത്തനായി ഏറ്റെടുത്തു. അതിന്റെ ഉദ്ഘാടനമാണ് ന്യൂയോർക്കിലെ മാഡിസൺ ഗാർഡൻസ് സ്ക്വയറിൽ അമേരിക്കയിലെ ഇൻഡ്യൻ പ്രൊഫഷണലുകളായ ബി.ജെ.പി അനുഭാവികളുടെയും ഇൻഡ്യൻ കോർപ്പറേറ്റുകളുടെയും അവരുടെ അമേരിക്കൻ പങ്കാളികളുടെയും ആഭിമുഖ്യത്തിൽ നടന്നത്. അതിന്റെ ആവർത്തനമായിരുന്നു ആസ്ത്രേലിയയിലെ സിഡ്നി സ്റ്റേഡിയത്തിൽ കണ്ടത്. അതിന്റെ ഇൻഡ്യൻ അനുബന്ധമായിരുന്നു കഴിഞ്ഞ സ്വാതന്ത്ര്യദിനത്തിൽ ചുവപ്പുകോട്ടയുടെ കൊത്തളത്തിൽ നടന്ന പതിവു പതാകയുയർത്തൽ ചടങ്ങും മോദിയുടെ പ്രസംഗവും. സ്വാതന്ത്ര്യപൂർവ്വകാലം മുതൽ നാം വളർത്തിക്കൊണ്ടുവന്ന സോഷ്യലിസ്റ്റ് ആസൂത്രിത വികസന മോഹങ്ങളുടെ പ്രതീകമായിരുന്ന ആസൂത്രണക്കമ്മീഷൻ അടച്ചുപൂട്ടുന്ന പ്രഖ്യാപനമായിരുന്നു മോദിയുടെ പ്രസംഗത്തിൽ പ്രധാനം.

ഇതിനകം ഗൗതം അദാനിക്ക് ആസ്ത്രേലിയയിൽ ഖനനവ്യവസായത്തിന് 1 ബില്യൺ ഡോളർ മോദി ഉദാരമായി നൽകി. എന്നാൽ അതിൽക്കൂടുതൽ തുക വിദ്യാഭ്യാസം, പൊതുജനാരോഗ്യം എന്നീ രണ്ട് വകുപ്പുകളുടെ ബജറ്റ് വിഹിതത്തിൽനിന്ന് വെട്ടിക്കുറയ്ക്കുകയും ചെയ്തു.

ഇതാ, അടുത്തുവരുന്ന റിപ്പബ്ലിക് ദിന പരേഡിൽ മുഖ്യാതിഥിയായി അമേരിക്കൻ പ്രസിഡന്റ് ബരാക് ഒബാമ വരുന്നു. വലിയ വാഗ്ദാനങ്ങൾ നൽകിയാണ് ഒബാമയെ കൊണ്ടുവരുന്നത്. ന്യൂക്ലിയർ വ്യാപാരത്തിലെ ദാതാക്കളുടെ നഷ്ടപരിഹാര ബാദ്ധ്യത തേർഡ്പാർട്ടി ഇൻഷ്വറൻസ് ആക്കി മാറ്റാൻ ഇൻഡ്യ ഇതിനകം സമ്മതിച്ചുകഴിഞ്ഞു. പശ്ചിമേഷ്യയിലെ അമേരിക്കയുടെയും ഇസ്രായേലിന്റെയും എല്ലാ നിലപാടുകൾക്കും മോദിയും രാജ്നാഥ്സിംഗും നിരുപാധിക പിന്തുണ പ്രഖ്യാപിച്ചുകഴിഞ്ഞു. ഒരുപക്ഷെ, ഇസ്രായേലിന്റെ പ്രധാനമന്ത്രിയായിരിക്കും മോദി അധികാരത്തിലുണ്ടെങ്കിൽ അടുത്ത റിപ്പബ്ലിക് ദിനത്തിലെ മുഖ്യാതിഥി. അവശേഷിച്ച രാജ്യരക്ഷാ–റെയിൽവേ–ബാങ്കിംഗ്–ഇൻഷ്വറൻസ് തുടങ്ങിയ മേഖലകളിലെ വിദേശ നിക്ഷേപത്തിന്റെയും സ്വകാര്യ നിക്ഷേപകരുടെയും പങ്ക് അപകടകരമാം വിധം വർദ്ധിപ്പിക്കുവാൻ നടപടികൾ തുടങ്ങിക്കഴിഞ്ഞു. പരിമിതമായ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിയമം കൂടുതൽ പരിമിതപ്പെടുത്തുവാൻ പോകുന്നു. കഴിഞ്ഞ ഗവണ്മെന്റിന്റെ *ഭൂമിയെടുക്കൽ നിയമ*ത്തിൽ 50–ൽപ്പരം തെറ്റുകളുണ്ടെന്ന് പറഞ്ഞ് ധനകാര്യമന്ത്രി അരുൺ ജെയ്റ്റ്ലി അത് പാടെ തിരുത്തിയെഴുതാൻ പോകുന്നു. ആദിവാസികളുടെ വനാവകാശ നിയമം വൻകിട ഖനന വ്യവസായികൾക്കുവേണ്ടി നീക്കംചെയ്യാൻ പോകുന്നു. പ്രത്യേക സെസ്സ് പിരിക്കുന്ന വിദ്യാഭ്യാസം നോക്കാൻ ആളില്ലാതെ അനാഥമായി കിടക്കുകയും സെസ്സ് പിരിവ് വഴിമാറ്റി ചെലവിടുകയും ചെയ്യുന്നു. ശുചിത്വഭാരതം പ്രഖ്യാപിച്ച മോദി ആരോഗ്യ സംരക്ഷണത്തിനുള്ള വിഹിതം ഗണ്യമായി വെട്ടിക്കുറയ്ക്കുകയും ചെയ്തിരിക്കുന്നു. അധികാരത്തിലിരുന്ന ഏതാനും ദിവസങ്ങൾകൊണ്ടാണ് ഇത്രയും വേഗം ഇത്രയധികം ജനദ്രോഹ നയങ്ങൾ പുതിയ മോദി ഗവണ്മെന്റ് ചെയ്തിരിക്കുന്നത്. കള്ളപ്പണം തങ്ങൾ അധികാരത്തിൽവന്നാൽ വീണ്ടെടുത്ത് അതിന്റെ ഓഹരി ഓരോ കുടുംബത്തിനും 15 ലക്ഷം ഉറുപ്പിക എന്ന തോതിൽ വിതരണം ചെയ്യുമെന്ന ഏറ്റവും വലിയ ആദ്യത്തെ തെരഞ്ഞെടുപ്പ് വാഗ്ദാനത്തിൽനിന്ന്, സുപ്രീംകോടതിയുടെ കൂടെക്കൂടെയുള്ള നിർദ്ദേശങ്ങൾ അവഗണിച്ച്, പൂർണ്ണമായും തലയൂരിക്കഴിഞ്ഞു.

ഗാന്ധിജിയുടെയും നെഹ്രുവിന്റെയും അല്ലാത്ത ഒരു പുതിയ ഇൻഡ്യ സൃഷ്ടിക്കുകയാണ് മോദി ഭരണകൂടത്തിന്റെ ആത്യന്തികമായ പരിപാടി. അതിന് സമാന്തരമായി സംഘപരിവാറിന്റെ മതപരിവർത്തനം, പുസ്തകങ്ങൾ നിരോധിക്കൽ, പാഠപുസ്തകങ്ങൾ മാറ്റിയെഴുതൽ, ചരിത്രങ്ങളും പുരാണങ്ങളും തമ്മിൽ സംയോജിപ്പിക്കൽ, പാഠ്യപദ്ധതികൾ തിരുത്തിയെഴുതൽ തുടങ്ങിയ സാംസ്കാരിക കലാപരിപാടികളും നടക്കുന്നുണ്ട്.

മനുഷ്യരാശിയോട് മറക്കാൻ കഴിയാത്ത ക്രൂരതകൾ അവരുടെ ചരിത്രത്തിന്റെ ആദ്യകാലം മുതൽ ഈ ആധുനിക വർഷങ്ങൾ വരെ കാണിച്ചിട്ടുള്ള അമേരിക്കയുടെ ഇന്നത്തെ രാഷ്ട്രീയ കാര്യദർശിയായ പ്രസിഡന്റ് ഒബാമയല്ല, ഇൻഡ്യൻ ഭരണഘടന നിലവിൽ വന്ന ദിനത്തിന്റെ വാർഷികാഘോഷങ്ങളിൽ മുഖ്യാതിഥിയായി വരേണ്ടത്. ജനങ്ങൾ സാർവ്വദേശീയ സഹകരണവും സമഭാവവും സമാധാനവും സർവ്വതോമുഖമായ വികസനവും മനുഷ്യപുരോഗതിയും ആഗ്രഹിക്കുന്നു. സ്വന്തം സാമ്രാജ്യത്വ താൽപ്പര്യങ്ങൾക്കുവേണ്ടി മറ്റ് രാജ്യങ്ങളെ ക്രൂരമായി ആക്രമിച്ച് ഭരണമാറ്റം നടത്തുകയും സദ്ദാം ഹുസൈനെപ്പോലുള്ള കരുത്തന്മാരായ ദേശീയ നേതാക്കന്മാരെ കൊല്ലുകയും ലോകത്തിലെ ഏറ്റവും വലിയ കവലച്ചട്ടമ്പികളായ ഇസ്രായേലിന്റെ യുദ്ധങ്ങളെയും പാലസ്തീനെതിരായ സാമ്രാജ്യത്വ യുദ്ധങ്ങളെയും നിരുപാധികം അനുകൂലിക്കുകയും ചെയ്യുന്ന അമേരിക്കയുടെ സൈനിക–വ്യവസായ സമുച്ചയത്തിന്റെ സി.ഇ.ഒ ആയ ഒബാമ ഈ മംഗളദിനത്തിന് ഒരിക്കലും അനുയോജ്യനായ ഒരു അതിഥിയല്ല. സിറിയയെ ലോകഭൂപടത്തിൽനിന്ന് ഇല്ലാതാക്കുന്നതിനുവേണ്ടി അമേരിക്കയും കൂട്ടരും ഇപ്പോഴും നടത്തിക്കൊണ്ടിരിക്കുന്ന യുദ്ധത്തിൽ ഇതിനകം 76,000–ൽപ്പരം ആബാലവൃദ്ധം ജനങ്ങളാണ് കൊല്ലപ്പെട്ടതെന്ന് സാമ്രാജ്യത്വ കണക്കുകൾ തന്നെ ഈയിടെ വെളിപ്പെടുത്തി.

മനുഷ്യവംശ–വർഗ്ഗ–വിഭാഗീയ നയങ്ങളുടെ അടിസ്ഥാനത്തിൽ വിദ്വേഷങ്ങൾ വളർത്തുകയും യുദ്ധങ്ങൾ നടത്തുകയും കൂട്ടക്കൊലകൾക്ക് പണവും ആയുധങ്ങളും നൽകുകയും ചെയ്യുന്ന അമേരിക്കൻ പ്രതിനിധി പരമാധികാര–ജനാധിപത്യ–മതേതര–സോഷ്യലിസ്റ്റ് റിപ്പബ്ലിക്കിന്റെ ഈ 64–ാമത്തെ വാർഷികത്തിലേക്ക് വരരുതെന്നത് ഇൻഡ്യയിലെ ജനങ്ങളുടെ തീരുമാനമാണ്. എന്തുകൊണ്ടെന്നാൽ, ഇത് അവർക്ക് അപമാനമാണ്. അമേരിക്കൻ സാമ്രാജ്യത്വം തുലയട്ടെ. ■

## വാരണാസിയിൽ മോദിക്ക് വോട്ടുചെയ്തതാര്?

**ക**ഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ വാരണാസി മണ്ഡലത്തിൽനിന്ന് ബിജെപിയുടെ പ്രധാനമന്ത്രി സ്ഥാനാർത്ഥിയായ നരേന്ദ്രമോദി വൻഭൂരിപക്ഷത്തിന് വിജയിച്ചു. എന്നാൽ ആരാണ് അദ്ദേഹത്തിന് വോട്ടുചെയ്തത്? യഥാർത്ഥ സമ്മതിദായകരോ അതോ വ്യാജവോട്ടർമാരോ? ഇവിടെ വോട്ടുചെയ്തവരിൽ 3,11,057 പേർ വ്യാജന്മാരാണെന്ന് ഇതുവരെ കണ്ടെത്തിയതായി തെരഞ്ഞെടുപ്പ് കമ്മീഷൻ ഞെട്ടിപ്പിക്കുന്ന ഒരു വെളിപ്പെടുത്തൽ നടത്തിയിരിക്കുന്നു. പരിശോധനപൂർത്തിയാകുമ്പോഴേക്ക് വ്യാജന്മാരുടെ എണ്ണം 6,47,085 ആകുമെന്നാണ് ജില്ലാ ഭരണകൂടം കണക്കുകൂട്ടുന്നത്. വോട്ടേഴ്സ് ലിസ്റ്റ് പുനഃപരിശോധിച്ചപ്പോൾ ഇത്രയധികം വ്യാജന്മാരെ കണ്ടെത്തിയതിന്റെ ആഘാതത്തിലാണ് തെരഞ്ഞെടുപ്പ് കമ്മീഷനും. ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ഭവനങ്ങൾ സന്ദർശിച്ച്, യഥാർത്ഥ വോട്ടർമാരെ കണ്ടെത്തിക്കൊണ്ടിരിക്കുകയാണ്. ഈ പ്രക്രിയ പാതിവഴിയിലായപ്പോഴേക്കും ഇത്രയധികം വ്യാജന്മാരെ കണ്ടെത്തിക്കഴിഞ്ഞു. (അവലംബം:കൊഹ്റാം ന്യൂസ് നെറ്റ്വർക്ക്, നവഭാരത് ടൈംസ്, നവംബർ 25, 2014) ■

## കുറ്റവാളികളുടെ മന്ത്രിസഭ

**അ**ഴിമതിയിലും കുംഭകോണങ്ങളിലും ആറാടിയ കോൺഗ്രസ്സ് ഭരണത്തിനുശേഷം അഴിമതിരഹിത ഭരണം വാഗ്ദാനം ചെയ്തുകൊണ്ട്, കഴിഞ്ഞ മൂന്നുപതിറ്റാണ്ടിനിടയിലെ എറ്റവും വലിയ ഭൂരിപക്ഷവുമായി മോദി അധികാരത്തിൽ വന്നു. അധികാരത്തിൽ വന്നയുടനെ, ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാജ്യത്തെ രാഷ്ട്രീയകുറ്റകൃത്യങ്ങൾക്ക് തടയിടാനെന്ന പേരിൽ രാഷ്ട്രീയക്കാർക്കെതിരെയുള്ള കേസുകളിൽ വേഗം തീർപ്പാക്കണമെന്ന് കോടതികളോട് ആഹ്വാനം ചെയ്തു. എന്നാൽ, മോദി ഗവൺമെന്റിൽ, ക്രിമിനൽ കേസുകളിൽ പ്രതിയായിട്ടുള്ളവരുടെ എണ്ണം കഴിഞ്ഞ സർക്കാരിലുണ്ടായിരുന്നതിന്റെ ഇരട്ടിയാണ്. രാഷ്ട്രീയ ശുദ്ധീകരണത്തെക്കുറിച്ച് വായ്ത്താരി മുഴക്കിക്കൊണ്ട് മോദി നിയമിച്ച മന്ത്രിമാർ നേരിടുന്നത്, കൊലപാതകശ്രമം, നിയമം ലംഘിച്ചുള്ള അക്രമം, ഭീഷണിപ്പെടുത്തൽ, തട്ടിപ്പ് തുടങ്ങിയ ചാർജ്ജുകളാണ്. മന്ത്രിസഭ വികസിപ്പിച്ചപ്പോൾ 21 പുതിയ മന്ത്രിമാരിൽ 7 പേർ വിചാരണ നേരിടുന്നവരാണ്. ആകെയുള്ള 66 പേരിൽ മൂന്നിലൊന്നും ഇത്തരക്കാർ തന്നെ. ബലാൽസംഗം, കലാപം തുടങ്ങിയ ഗുരുതരമായ കുറ്റകൃത്യങ്ങൾ ആരോപിക്കപ്പെട്ടവർ ചുരുങ്ങിയത് 5 പേരെങ്കിലുമുണ്ട്.

ഈ മന്ത്രിസഭയുംവച്ചുകൊണ്ട് മോദിയെങ്ങനെയാണ് അഴിമതി അവസാനിപ്പിക്കുമെന്ന വാഗ്ദാനം പാലിക്കുക? കുറ്റവാളികളെ കാബിനറ്റിൽ കുത്തിനിറച്ച്, സമ്പന്നരും കറപുരണ്ടവരുമായ രാഷ്ട്രീയക്കാർക്ക് എളുപ്പത്തിൽ വോട്ടുനേടാനും വിജയിക്കാനുമൊക്കെ വഴിയൊരുക്കുന്ന ഒരു പുതിയ രാഷ്ട്രീയ സംസ്കാരം സ്ഥാപിച്ചെടുക്കാനായിരിക്കുമോ അദ്ദേഹത്തിന്റെ ശ്രമം? അതോ ക്രിമിനൽ കേസുകളിൽ പ്രതിയായിട്ടുള്ളവർക്ക് അല്ലാത്തവരേക്കാൾ ഇരട്ടി വിജയസാദ്ധ്യതയുണ്ടെന്നും ഇന്ത്യയിൽ ഇത്തരക്കാരെ സ്ഥാനാർത്ഥികളാക്കാനാണ് രാഷ്ട്രീയക്കാർ താൽപര്യം കാണിക്കുന്നതെന്നുമുള്ള എഡിആർ ഗ്രൂപ്പിന്റെ പഠനമാണോ മോദിയെ ഇതിന് പ്രേരിപ്പിച്ചത്? ആയിരിക്കാം. എന്തായാലും, ഇത് അപരാധികളുടെ മന്ത്രിസഭ തന്നെ. (അവലംബം: ഹിന്ദുസ്ഥാൻ ടൈംസ് – 11.11.14). ■

## ഇന്ത്യ പുരോഗതിയിലേക്ക് !

**രാ**ജ്യത്തിന്റെ അഭിവൃദ്ധി, വികസനം തുടങ്ങിയവയെക്കുറിച്ചൊക്കെ വലിയകോലാഹലങ്ങൾ നടക്കുന്നതിനിടെ വസ്തുതകൾ പറയുന്നത് മറ്റൊരു ചിത്രമാണ്. 'ഹംഗർ ഫാക്ട്സ്'ന്റെ വെബ്സൈറ്റ് പറയുന്നത് ലോകത്താകെയുള്ള 82 കോടി പട്ടിണിക്കാരിൽ മൂന്നിലൊന്ന് ഇന്ത്യയിലാണ് എന്നത്രെ. പട്ടിണികൊണ്ട് വർഷംതോറും 25 ലക്ഷം ഇന്ത്യക്കാർ മരിക്കുന്നുണ്ട്. ഓരോ മിനിട്ടിലും മൂന്ന് നവജാതശിശുക്കൾ വീതം മരിക്കുന്നു. 5 വയസ്സിൽ താഴെയുള്ള 13,55,000 കുട്ടികളാണ് 2013ൽ മരിച്ചത്. ലോകത്തെതന്നെ ഏറ്റവും ഉയർന്ന സംഖ്യയാണിത്. ഓരോ 10 മിനിട്ടിലും പ്രസവത്തോടുകൂടി ഓരോ അമ്മമാർ വീതം മരണമടയുന്നുണ്ട്. നിസ്സാരമായി ചികിത്സിച്ച് ഭേദമാക്കാവുന്ന രോഗങ്ങൾ മൂലമാണ് ഭൂരിപക്ഷം കുഞ്ഞുങ്ങളും മരിക്കുന്നതെന്ന് യൂണിസെഫിന്റെ ശിശുമരണസംബന്ധമായ കണക്കുകൾ പറയുന്നു. പട്ടിണി, ദാരിദ്ര്യം, പോഷകാഹാരക്കുറവ്, പ്രാഥമിക ചികിത്സയുടെ അഭാവം എന്നിവ മൂലമാണ് ഇതൊക്കെ സംഭവിക്കുന്നത്. ഒരു അമേരിക്കക്കാരൻ ഒരു വർഷം 1046 കിലോ ഭക്ഷണം കഴിക്കുമ്പോൾ ഒരു ഇന്ത്യക്കാരൻ ശരാശരി കഴിക്കുന്നത് 178 കിലോ മാത്രമാണ്.78 ശതമാനം ഇന്ത്യക്കാരും സ്വന്തം ചെലവിലാണ് ചികിത്സ നേടുന്നതെന്ന് ലണ്ടനിലെ ലാൻസെറ്റ് എന്ന ഏജൻസിയുടെ പഠനം പറയുന്നു.രാജ്യത്തിന്റെ ഭക്ഷ്യോൽപ്പാദനം കൂടുന്നുണ്ടെങ്കിലും ഭൂരിപക്ഷം ഇന്ത്യക്കാർക്കും അത് ലഭ്യമല്ല.0.94ശതമാനം മാത്രം ആരോഗ്യപരിപാലനത്തിനായി ചെലവഴിച്ച് ജനങ്ങളെ മരിക്കാനനുവദിക്കുന്ന ഇന്ത്യൻ ഗവണ്മെന്റിന്റെ ജനക്ഷേമ താൽപ്പര്യം അപാരം തന്നെ. (ബംഗാളി ദിനപ്പത്രം ബർത്തമാൻ 17. 11. 2014). ■

## കേരളത്തെ മദ്യലോബിക്ക് തീറെഴുതരുത് പ്രതിഷേധ സംഗമം

**ജ**നങ്ങളുടെ സമ്മർദ്ദത്തെത്തുടർന്ന് പ്രഖ്യാപിക്കപ്പെട്ട മദ്യനയത്തിൽനിന്നും പിൻവാങ്ങിയ സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് കേരള സംസ്ഥാന മദ്യവിരുദ്ധ ജനകീയ സമരസമിതിയുടെ ആഭിമുഖ്യത്തിൽ ചങ്ങനാശ്ശേരിയിൽ പ്രതിഷേധ പ്രകടനവും യോഗവും നടന്നു. പ്രതിഷേധ സംഗമം ഡോ.ഡി.സുരേന്ദ്രനാഥ് ഉദ്ഘാടനം ചെയ്തു. മദ്യവിരുദ്ധ ജനകീയ സമരസിതി സംസ്ഥാന കൺവീനർ മിനി കെ.ഫിലിപ്പ്, ജില്ലാ പ്രസിഡന്റ് പി. കെ.കൃഷ്ണൻ, ജില്ലാ സെക്രട്ടറി ഇ.വി.പ്രകാശ്, മാത്യു ചിങ്ങവനം, കെ.എസ്.ശശികല, ആശാരാജ് തുടങ്ങിയവർ പ്രസംഗിച്ചു. ■

## അന്ധവിശ്വാസപ്രചാരണം:

# നിയമനിർമ്മാണത്തിലുപരി ശാസ്ത്രീയാവബോധം സമൂഹത്തിൽ സൃഷ്ടിക്കുകയാണ് വേണ്ടത്.

**-ജസ്റ്റിസ് ദാമ ശേഷാദ്രി നായിഡു**

സമൂഹത്തിൽ വർദ്ധിച്ചുവരുന്ന അന്ധവിശ്വാസങ്ങളും ദുർമന്ത്രവാദ പ്രവണതകളും നിയന്ത്രിക്കുവാനായി നിയമനിർമ്മാണത്തോടൊപ്പം ശാസ്ത്രീയാവബോധം പകർന്നു നൽകുന്ന പ്രവർത്തനങ്ങൾ ഒഴിച്ചുകൂടാനാവാത്തതാണെന്ന് ഹൈക്കോടതി ജഡ്ജി ദാമ ശേഷാദ്രി നായിഡു അഭിപ്രായപ്പെട്ടു.

ബ്രേക്ത്രൂ സയൻസ് സൊസൈറ്റിയും ഡെമോക്രാറ്റിക് ലോയേഴ്സ് ഫോറവും സംയുക്തമായി ബാർ കൗൺസിൽ ഹാളിൽ സംഘടിപ്പിച്ച 'അന്ധവിശ്വാസ പ്രചാരണത്തിനും ദുർമന്ത്രവാദത്തിനുമെതിരെ നിയമനിർമ്മാണം ആവശ്യമാണോ?' എന്ന സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ശീലങ്ങൾ വളരെ ശക്തിയുള്ളവയാണ്. നല്ല ശീലങ്ങൾ ചെറുപ്പത്തിലെ അഭ്യസിച്ചാൽ നല്ല കാഴ്ചപ്പാടുകൾ രൂപപ്പെടും. വിദ്യാർത്ഥി ആയിരിക്കുമ്പോൾ തന്നെ ശാസ്ത്രീയവബോധം പകർന്നു നൽകുന്ന രീതിയിൽ വിദ്യാഭ്യാസത്തെ ചിട്ടപ്പെടുത്തണമെന്നും അദ്ദേഹം ഊന്നിപ്പറഞ്ഞു.

ശാസ്ത്രീയ സമീപനം ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കണമെന്ന് നമ്മളോട് ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്നു. എന്നാൽ പലപ്പോഴും ഭരണഘടനാ സ്ഥാനങ്ങൾ അലങ്കരിക്കുന്നവർ ഈ വസ്തുത മറന്നാണ് പ്രവർത്തിക്കുന്നത്. മതേതരത്വം ഉയർത്തിപ്പിടിക്കുന്ന ഭരണഘടനയുടെ സത്ത തന്നെ നിരാകരിക്കപ്പെടുകയാണെന്നും തുടർന്നു സംസാരിച്ച ജസ്റ്റിസ് കെ.സുകുമാരൻ അഭിപ്രായപ്പെട്ടു.

ജോതിഷം ഇന്ത്യയിൽ ഉദിച്ചതല്ല. അത് ശാസ്ത്രവുമല്ല. അതുകൊണ്ടുതന്നെ ദേശസ്നേഹത്തിന്റെ പേരിൽ ഈ കപടശാസ്ത്രത്തെ മുറുകെപ്പിടിക്കേണ്ടതില്ലെന്നും കൊച്ചിൻ യൂണിവേഴ്സിറ്റി മുൻ വൈസ്ചാൻസലർ ഡോ.കെ.ബാബു ജോസഫ് ചൂണ്ടിക്കാണിച്ചു.

അഡ്വ.ബി.കെ.രാജഗോപാൽ, പ്രൊഫ.സൂസൻ ജോൺ, ജി.എസ്.പത്മകുമാർ, ഫ്രാൻസിസ് കളത്തുങ്കൽ, അഡ്വ.ടി.ജെ.ഡിക്സൺ, അഡ്വ. ഇ.എൻ.ശാന്തിരാജ്, പി.പി. എബ്രഹാം, കെ.എസ്.ഹരികുമാർ, പി.പി.സജീവ്കുമാർ, ഷാൻ കെ.ഒ, ജോണി ജോസഫ്, എ.ബ്രഹ്മകുമാർ, സാൽവിൻ കെ.പി തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.




ബ്രേക്ത്രൂ സയൻസ് സൊസൈറ്റിയും ഡെമോക്രാറ്റിക് ലോയേഴ്സ് ഫോറവും ചേർന്ന് ഹൈക്കോടതി ബാർ കൗൺസിൽ ഹാളിൽ സംഘടിപ്പിച്ച സെമിനാർ ജസ്റ്റിസ് ദാമ ശേഷാദ്രി നായിഡു ഉദ്ഘാടനം ചെയ്യുന്നു. ജസ്റ്റിസ് കെ.സുകുമാരൻ, ഫ്രാൻസിസ് കളത്തുങ്കൽ, ഡോ.ബാബു ജോസഫ്, ജി.എസ്.പത്മകുമാർ, അഡ്വ.ബി.കെ.രാജഗോപാൽ, അഡ്വ. ടി.ജെ.ഡിക്സൺ എന്നിവർ വേദിയിൽ

ബ്രേക്ത്രൂ സയൻസ് സൊസൈറ്റി അഖിലേന്ത്യാ വ്യാപകമായി അന്ധവിശ്വാസങ്ങൾക്കെതിരെ നടത്തുന്ന ക്യാമ്പയിന്റെ ഭാഗമായാണ് സെമിനാർ സംഘടിപ്പിച്ചത്. ■

# ഇന്ത്യൻ ശാസ്ത്ര കോൺഗ്രസ്സിലെ പൗരാണിക ഇന്ത്യയിലെ ശാസ്ത്രം സംസ്കൃതത്തിലൂടെ എന്ന സിമ്പോസിയത്തിന്റെ ഉള്ളടക്കവും രീതിയും ശാസ്ത്രത്തിന്റെ രീതിക്കും നീതിബോധത്തിനും നിരക്കാത്തത്

## ശാസ്ത്രഗവേഷകരും ശാസ്ത്ര പ്രവർത്തകരും പുറപ്പെടുവിക്കുന്ന പ്രസ്താവന

തിരുവനന്തപുരം, 6.01.2015

**2015** ജനുവരി 3 മുതൽ 7 വരെ മുംബൈ യൂണിവേഴ്സിറ്റിക്കുള്ളിൽ വച്ചുനടക്കുന്ന 102-ാമത് ഇന്ത്യൻ സയൻസ് കോൺഗ്രസ്സിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി നോബൽ സമ്മാന ജേതാക്കൾ ഉൾപ്പെടെയുള്ള പ്രമുഖരായ പല ശാസ്ത്രജ്ഞരും പങ്കെടുക്കുന്നുവെന്നതും, ജൈവ വൈവിധ്യ സംരക്ഷണം, ശുദ്ധ ഊർജ്ജം, ബഹിരാകാശ സാങ്കേതികവിദ്യ, നാനോ സയൻസ്, പോഷകാഹാരവും ആരോഗ്യപരിരക്ഷയും തുടങ്ങിയ ശാസ്ത്ര-സാങ്കേതിക-സാമൂഹിക രംഗങ്ങളിലെ സുപ്രധാന വിഷയങ്ങൾ ചർച്ചചെയ്യുന്നുവെന്നതും സന്തോഷകരമാണ്.

എന്നാൽ ശാസ്ത്ര കോൺഗ്രസ്സിന്റെ ഭാഗമായി ജനുവരി 4 ഞായറാഴ്ച *പൗരാണിക ഭാരതീയ ശാസ്ത്രം സംസ്കൃതത്തിലൂടെ* എന്ന വിഷയത്തിൽ നടന്ന സിമ്പോസിയത്തിലും അതിന്റെ നടപടിക്രമങ്ങളിലും ഞങ്ങൾ അതിയായ ഉത്കണ്ഠ രേഖപ്പെടുത്തുന്നു. പൗരാണിക ഭാരതത്തിലെ വൈമാനിക സാങ്കേതിക വിദ്യ, യോഗവിദ്യയിലെ ന്യൂറോ സയൻസ് പ്രക്രിയ മനസ്സിലാക്കുന്ന വിധം തുടങ്ങിയ വിഷയങ്ങളിൽ നടന്ന സിമ്പോസിയമാണ് ഞങ്ങളിൽ ആശങ്ക ഉളവാക്കിയിരിക്കുന്നത്.

ഈ സെഷനിൽ വിഷയാവതരണം നടത്തിയവരാരും അതാത് മേഖലകളിലെ അറിയപ്പെടുന്ന ശാസ്ത്രജ്ഞരല്ല. പൗരാണിക ഇന്ത്യയുടെ ശാസ്ത്രസംഭാവനകളെക്കുറിച്ച് വിപുലമായ പഠനം നടത്തിയിട്ടുള്ള ശാസ്ത്രജ്ഞരും അവതാരകരുടെ കൂട്ടത്തിൽ ഇല്ലായിരുന്നു.

വിഷയാവതാരകരിലൊരാളായ ക്യാപ്റ്റൻ ബോഡസ് കോൺഗ്രസ്സിൽ പങ്കെടുക്കുന്നതിന് വളരെ മുമ്പുതന്നെ പൗരാണിക ഇന്ത്യയിലെ വിമാനങ്ങൾ ഒരു രാജ്യത്തുനിന്നും മറ്റൊരു രാജ്യത്തേക്കും ഒരു ഗ്രഹത്തിൽ നിന്നും മറ്റു ഗ്രഹങ്ങളിലേക്കും സഞ്ചരിച്ചിരുന്നു, ആധുനിക വിമാനങ്ങൾ മുന്നോട്ടു മാത്രം നീങ്ങുമ്പോൾ അക്കാലത്തെ വിമാനങ്ങൾ യഥേഷ്ടം മുന്നോട്ടും പിന്നോട്ടും ഇടത്തോട്ടും വലത്തോട്ടും നീങ്ങുവാൻ ശേഷിയുള്ളവയായിരുന്നു തുടങ്ങിയ അവകാശവാദങ്ങൾ പ്രകടിപ്പിച്ചിരുന്നു.

പ്രഭാഷകർ അവതരിപ്പിച്ച ഏതാനും അഭിപ്രായ പ്രകടനങ്ങൾ ചുവടെ കൊടുക്കുന്നു:

ഇന്ത്യയിലെ പൗരാണിക ശാസ്ത്ര കണ്ടെത്തലുകളെ സംസ്കൃത സാഹിത്യങ്ങൾ ആഴത്തിൽ പഠിച്ചുകൊണ്ട് ജർമ്മൻകാർ സ്വായത്തമാക്കി. അങ്ങനെ അവർ നമ്മുടെ പുരാതന അറിവുകളിൽ നൈപുണ്യം നേടി. പൗരാണിക ശാസ്ത്രത്തിൽ ഇന്നിപ്പോൾ നാം അവരേക്കാൾ നൈപുണ്യം സമ്പാദിക്കേണ്ടിയിരിക്കുന്നു.

ഐൻസ്റ്റീനെ മനസ്സിലാക്കുവാൻ ഒരാൾ വേദം വായിച്ചിരിക്കണം. വേദത്തിന്റെ ഏതു ഭാഗത്താണ് ആപേക്ഷികതാ സിദ്ധാന്തം പരാമർശിച്ചിട്ടുള്ളതെന്നോ വേദകാലഘട്ടത്തിൽ ആപേക്ഷികത പോലുള്ള ആശയങ്ങൾ ചരിത്രപരമായി എങ്ങനെ സാധ്യമാകുമെന്നോ ഉള്ള യാതൊരു സൂചനയുമില്ലാത്ത അങ്ങേയറ്റം യുക്തിരഹിതമായ വാദഗതിയാണിത്.

ചടങ്ങിലെ ചെയർപേഴ്സൺ, അവതരിപ്പിക്കപ്പെട്ട വിഷയത്തിൽ ചോദ്യങ്ങൾ ഉന്നയിക്കുവാൻ അനുവദിച്ചില്ല എന്നതാണ് ഞെട്ടലുളവാക്കുന്നതും അങ്ങേയറ്റം വിചിത്രവുമായ കാര്യം. ശാസ്ത്രീയ ചിന്തയുടെ അടിസ്ഥാനമെന്നതുതന്നെ ചോദ്യം ചെയ്യുകയെന്നതാണ്. എന്നാൽ ശാസ്ത്ര കോൺഗ്രസ്സിൽ അത് അനുവദിച്ചില്ല.

കഴിഞ്ഞ രണ്ട് സഹസ്രാബ്ദങ്ങളിലായി വ്യാപിച്ചുകിടക്കുന്ന നമ്മുടെ വൈവിധ്യപൂർണ്ണവും വർണ്ണശബളവുമായ സാംസ്കാരിക ചരിത്രത്തിൽ നമുക്കേവർക്കും അഭിമാനമുണ്ട്. തത്ത്വശാസ്ത്രം, കല, സംഗീതം, സാഹിത്യം, ജ്യോതിശാസ്ത്രം, ഗണിതശാസ്ത്രം, വൈദ്യശാസ്ത്രം തുടങ്ങിയ മേഖലകളിലെ പൗരാണിക ഭാരതത്തിന്റെ സംഭാവന വിശ്വപ്രസിദ്ധമാണ്. അന്യസംസ്കാരങ്ങളെ സ്വാഗതം ചെയ്യാനും അതിന്റെ അന്തഃസത്ത ഉൾക്കൊള്ളാനും നമ്മുടെ പൂർവ്വികർ പ്രദർശിപ്പിച്ച വിശാലമനസ്കതയും തുറന്ന സമീപനവുമാണ് സമ്പന്നമായൊരു സാംസ്കാരിക പൈതൃകത്തിന് നിദാനമായത്. 1920-ലെ ശാസ്ത്ര കോൺഗ്രസ്സിൽ അന്നത്തെ ചെയർമാനായിരുന്ന ആചാര്യ പ്രഫുല്ല ചന്ദ്ര റേ *ആധുനിക ശാസ്ത്രത്തിന്റെ പിറവി ഇന്ത്യയിൽ* എന്ന വിഷയത്തിൽ നടത്തിയ പ്രഭാഷണവും, 1948-ൽ *ഇന്ത്യയിലെ വൈദ്യശാസ്ത്രത്തിന്റെ യുക്തിഭദ്രത* എന്ന വിഷയത്തിൽ സർ രാംനാഥ് ചോപ്ര നടത്തിയ പ്രഭാഷണവും, 1960-ൽ *ശാസ്ത്രത്തിൽ സമൂഹത്തിന്റെ സ്വാധീനം* എന്ന വിഷയത്തിൽ പ്രൊഫ. പി. പരീജ നടത്തിയ പ്രഭാഷണവും ഇന്ത്യയിലെ പൗരാണിക ശാസ്ത്ര സംഭാവനകളെ വസ്തുനിഷ്ഠമായി വിലയിരുത്തിയിട്ടുണ്ട്. പൗരാണിക ഭാരതത്തിലെ ശാസ്ത്ര നേട്ടങ്ങളെ അർഹമായ അംഗീകാരം നൽകി അവർ ആദരിക്കുകയും ചെയ്തിരുന്നു.

ശാസ്ത്രജ്ഞരുടെ ഗൗരവപൂർവ്വമായ ഒത്തുചേരലിനെ പൗരാണിക ഭാരതത്തെക്കുറിച്ച് തെറ്റായതും സങ്കുചിത ദേശീയവാദപരവുമായ അവകാശവാദങ്ങൾ അവതരിപ്പിക്കുന്നതിനുവേണ്ടി ദുരുപയോഗം ചെയ്യുകയും പണ്ടുകാലത്തെ മഹാ മനീഷികളുടെ ശരിയായ സംഭാവനകൾക്കുമേൽ കളങ്കം ചാർത്തുകയും ചെയ്യുന്ന ഈ നടപടിയിൽ ഞങ്ങൾ രോഷവും നടുക്കവും രേഖപ്പെടുത്തുന്നു. നിരീക്ഷണങ്ങളുടെയും പരീക്ഷണങ്ങളിലൂടെ ലഭിക്കുന്ന തെളിവുകളുടെയും അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെടുന്ന ശാസ്ത്ര സിദ്ധാന്തങ്ങളിലൂടെയാണ് പ്രകൃതിയിലെ പ്രതിഭാസങ്ങളെ മനസ്സിലാക്കുന്നതും വിശദീകരിക്കുന്നതും. ആപേക്ഷികതാ സിദ്ധാന്തം, ക്വാണ്ടം ബലതന്ത്രം, മോളിക്യൂലാർ ബയോളജി തുടങ്ങിയ ആധുനിക ശാസ്ത്ര ശാഖകൾ ഇപ്രകാരം വികസിച്ചുവന്നവയാണ്. പര്യാപ്തമായ സൈദ്ധാന്തിക അടിത്തറയില്ലാതെ വൈമാനിക ശാസ്ത്രം, പ്ലാസ്റ്റിക് സർജറി, സ്റ്റെംസെൽ ചികിത്സ, ക്ലോണിംഗ് തുടങ്ങിയ ശാസ്ത്ര-സാങ്കേതിക നേട്ടങ്ങൾ ഒരിക്കലും കൈവരിക്കാനാവില്ല.

വ്യോമയാന ശാസ്ത്രത്തിലും ന്യൂറോ സയൻസിലും ജീവശാസ്ത്രത്തിലും ഇന്നു കൈവരിച്ചിട്ടുള്ള അഭിമാനാർഹമായ നേട്ടങ്ങൾ ആധുനിക ശാസ്ത്രത്തിന്റെ അടിത്തറയിലാണ് വികസിച്ചുവന്നത്. ശാസ്ത്ര-സാങ്കേതിക രംഗത്തെ അത്തരം ഗവേഷണങ്ങൾ പൗരാണിക ഇന്ത്യയിൽ നിലനിന്നിരുന്നുവെന്ന് വാദിക്കുന്നത് അസംബന്ധമാണ്, ചരിത്രത്തിനും ശാസ്ത്രത്തിന്റെ നീതിബോധത്തിനും നിരക്കാത്തതാണ്. ഇത്തരം അവകാശവാദങ്ങൾ അന്ധമായ ദേശീയവികാരം ഇളക്കിവിടുമെന്നതിനാൽ അവ അപകടകരവുമാണ്. തെറ്റായ വസ്തുതകൾ തെറ്റായ വീക്ഷണത്തേക്കാൾ അപകടകരമാണെന്ന ഡാർവിന്റെ വാക്കുകൾ ഓർക്കുക.

ഈ അപകടകരമായ പ്രവണതയ്ക്കെതിരെ ലോകമെമ്പാടുമുള്ള 220 ശാസ്ത്രജ്ഞരുടെയും അക്കാദമിക രംഗത്തെ പ്രമുഖരുടെയും അഭിപ്രായം സ്വരൂപിക്കുവാൻ മുൻകൈയെടുത്ത നാസയിലെ ശാസ്ത്രജ്ഞൻ ഡോ.രാംപ്രസാദ് ഗാന്ധിരാമനെ ഹൃദയപൂർവ്വം ഞങ്ങൾ അഭിനന്ദിക്കുന്നു.

ശാസ്ത്രത്തിന്റെ സുനിശ്ചിതവും അനന്യവുമായ പ്രക്രിയയിൽ വെള്ളം ചേർക്കുവാനുള്ള മാപ്പർഹിക്കാത്ത നീക്കങ്ങളെ അപലപിച്ച പ്രൊഫ. പി.എം. ഭാർഗ്ഗവ, ഡോ. രാജേഷ് കൊച്ചാർ തുടങ്ങിയ ശാസ്ത്രജ്ഞരുടെ അഭിപ്രായങ്ങളോട് പൂർണ്ണ മനസ്സോടെ ഞങ്ങളും പങ്കുചേരുന്നു.

**ഡോ. ബാബു ജോസഫ്**
(കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാല മുൻ വൈസ് ചാൻസലർ)

**ഡോ. മോൺസി വി. ജോൺ**
( റിട്ട. പ്രൊഫ. ഡിപ്പാർട്ടുമെന്റ് ഓഫ് ഫിസിക്സ്, സെന്റ് തോമസ് കോളേജ്, കോഴഞ്ചേരി)

**സി. രാമചന്ദ്രൻ**
(റിട്ട. സയന്റിസ്റ്റ്, വി.എസ്.എസ്.സി)

**പ്രൊഫ. വിൻസന്റ് മാളിയേക്കൽ**
(നിർമ്മല കോളേജ്, മൂവാറ്റുപുഴ )

**പ്രൊഫ. സൂസൻ ജോൺ**

**പ്രൊഫ. കെ. അരവിന്ദാക്ഷൻ**

**ജി.എസ് പത്മകുമാർ**
(സംസ്ഥാന പ്രസിഡന്റ്, ബ്രേക്ത്രൂ സയൻസ് സൊസൈറ്റി, കേരള ചാപ്റ്റർ)

**പ്രൊഫ. പി. എൻ. തങ്കച്ചൻ**
(സംസ്ഥാന സെക്രട്ടറി, ബ്രേക്ത്രൂ സയൻസ് സൊസൈറ്റി, കേരള ചാപ്റ്റർ) ■

# കെ.എസ്.ആർ.ടി.സി.യെ തകർക്കരുത്

കേരളത്തിലെ പ്രമുഖ പൊതുമേഖല സ്ഥാപനമായ കെ.എസ്.ആർ.ടി.സിയെ തകർക്കാനുള്ള സർക്കാർ നീക്കം ഉപേക്ഷിക്കണമെന്ന് കെഎസ്ആർടിസി വർക്കേഴ്സ് ഫെഡറേഷൻ ആവശ്യപ്പെട്ടു. ഡീസൽ വില ഗണ്യമായ തോതിൽ കുറയുകയും ശബരിമല അടക്കമുള്ള സർവ്വീസുകളിൽ നിന്നും കാര്യമായ വരുമാന വർദ്ധനവ് ഉണ്ടാകുകയും ചെയ്ത സാഹചര്യത്തിലും ശമ്പളം സമയത്തിനു നൽകാതെ തൊഴിലാളികളെ പ്രതിഷേധത്തിലേയ്ക്കും പ്രക്ഷോഭത്തിലേയ്ക്കുമാണ് തള്ളിവിട്ടത്. പെൻഷൻ ലഭിക്കാതെ ദുരിതക്കയത്തിലായ പെൻഷൻകാരിൽ 16 പേർ ഇതിനകം ആത്മഹത്യയിൽ അഭയം പ്രാപിച്ചു കഴിഞ്ഞു. എന്നിട്ടും പെൻഷൻ ബാധ്യത സർക്കാർ ഏറ്റെടുക്കണമെന്ന പെൻഷൻകാരുടെ ആവശ്യം അംഗീകരിക്കുവാൻ സർക്കാർ തയ്യാറാകുന്നില്ല. സൂപ്പർ ഡീലക്സ്, സൂപ്പർ എക്സ്പ്രസ്സ്, സൂപ്പർ ഫാസ്റ്റ്, ഫാസ്റ്റ് പാസ്സഞ്ചർ സർവ്വീസുകൾ നടത്തുവാൻ കെഎസ്ആർടിസിയെ മാത്രം അനുവദിച്ചുകൊണ്ടുള്ള ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ വിധി നടപ്പിലാക്കാതെ നീട്ടിക്കൊണ്ടു പോകുന്നത് സ്വകാര്യ ബസ്സ് മുതലാളിമാരെ സഹായിക്കുന്നതിനാണ്. ഡിസംബർ 22-ന് സിഐറ്റിയു, ഐഎൻടിയുസി സംഘടനകളുമായി ഉണ്ടാക്കിയ ഒത്തുതീർപ്പു വ്യവസ്ഥകളിലെ പ്രധാനപ്പെട്ട ഒരു കാര്യം 25% ഷെഡ്യൂളുകൾ വെട്ടിക്കുറക്കുമെന്നുള്ളതാണ്. ഇത് കെഎസ്ആർടിസിയെ തകർക്കുന്നതിന്റെ ഭാഗമായിട്ടുള്ള ഒന്നാണ്. പുതിയ ബസ്സുകൾ ബോഡി ചെയ്ത് ഇറക്കാതെയും പുതിയ ഷെഡ്യൂളുകൾ ആരംഭിക്കാതെയും യാത്രാക്ലേശം വർദ്ധിപ്പിക്കുന്നത് സ്വകാര്യവത്ക്കരണത്തിന് അനുകൂലമായ മനോഘടന ജനങ്ങളിൽ ഉണ്ടാക്കുന്നതിനു വേണ്ടിയാണ്.

സർക്കാർ കെടുകാര്യസ്ഥതയും അഴിമതിയും സ്വജനപക്ഷപാതവും അവസാനിപ്പിക്കുകയും ലാഭ നഷ്ട പരിഗണനകൾ കൂടാതെ പൊതുഗതാഗത രംഗം ശക്തിപ്പെടുത്തുവാൻ തയ്യാറാകുകയുമാണ് വേണ്ടത്. അതിനായി കെഎസ്ആർടിസി-യെ സർക്കാർ ഡിപ്പാർട്ട്മെന്റാക്കി മാറ്റണം. സേവ് കെഎസ്ആർടിസി എന്നപേരിൽ സിഐറ്റിയു യൂണിയൻകാർ കളക്ഷൻ 6 കോടിയിലെത്തിക്കുവാൻ വേണ്ടി എന്ന പേരിൽ നടത്തുന്ന പ്രചാരണം വെറും തട്ടിപ്പു മാത്രമാണ്. ഇത് കെഎസ്ആർടിസിയുടെ തകർച്ചക്ക് ഉത്തരവാദികൾ തൊഴിലാളികൾ ആണെന്നുള്ള മാനേജ്മെന്റിന്റെയും സ്വകാര്യവത്ക്കരണ ശക്തികളുടേയും കള്ള പ്രചരണത്തെ സഹായിക്കുകമാത്രമേയുള്ളൂ. കെഎസ്ആർടിസിയെ സംരക്ഷിക്കണമെന്ന് ആത്മാർത്ഥമായ ആഗ്രഹമുണ്ടെങ്കിൽ മുഴുവൻ തൊഴിലാളി സംഘടനകളേയും ബഹുജനങ്ങളേയും അണി നിരത്തി സർക്കാറിന്റെ നയങ്ങൾക്കെതിരെ ശക്തമായ പ്രക്ഷോഭണങ്ങൾ വളർത്തിയെടുക്കുകയാണ് വേണ്ടത്. അതിനു തയ്യാറാകാതെ വിഭാഗീയമായ പ്രവർത്തനമാണ് സിഐറ്റിയു യൂണിയൻ നടത്തുന്നത്. ഇതര സംഘടനകളോടൊന്നും ആലോചിക്കാതെയും സഹകരിപ്പിക്കാതെയും തിരുവനന്തപുരം ജില്ലയിൽ മാത്രം നടത്തിയ പണിമുടക്ക് ഇതിന് തെളിവാണ്. ജനങ്ങളുടെ പൊതുസ്വത്തായ കെഎസ്ആർടിസി-യെ സംരക്ഷിക്കുവാനുള്ള പ്രക്ഷോഭ രംഗത്ത് അണി നിരക്കുവാൻ മുഴുവൻ തൊഴിലാളി സംഘടനകളോടും ബഹുജന സംഘടനകളോടും വർക്കേഴ്സ് ഫെഡറേഷൻ അഭ്യർത്ഥിച്ചു.

കോട്ടയത്ത് ചേർന്ന വർക്കേഴ്സ് ഫെഡറേഷന്റെ ജനറൽ ബോഡിയോഗത്തിൽ എസ്.സീതിലാൽ (പ്രസിഡന്റ്), വി.കെ.സദാനന്ദൻ, ഡി.സുന്ദരേശൻ, വി.രാമചന്ദ്രൻ(വൈസ് പ്രസിഡന്റ്സ്) ജി.മധുസൂദനൻ പിള്ള (ജനറൽ സെക്രട്ടറി) പി.എം. ദിനേശൻ, കെ.ജി.സുരേഷ്കുമാർ, സുനിൽ പീറ്റർ (സെക്രട്ടറിമാർ) എം.എൻ. അനിൽ (ട്രഷറർ) എന്നിവരടക്കം 21 അംഗ സംസ്ഥാന കമ്മിറ്റിയെ തെരഞ്ഞെടുത്തു. ■

# ഡോ. മീനാകുമാരി കമ്മീഷൻ റിപ്പോർട്ടിനെതിരെ തീരദേശത്തുടനീളം പ്രതിഷേധം അലയടിക്കുന്നു

പരമ്പരാഗത-യന്ത്രവത്കൃത മത്സ്യത്തൊഴിലാളികളേയും അനുബന്ധ തൊഴിലാളികളേയും തൊഴിൽ രഹിതരാക്കി പട്ടിണിയിലേക്ക് തള്ളിവിട്ടുകൊണ്ട് സ്വദേശ-വിദേശ കുത്തകകൾക്ക് കടലിനെ തീറെഴുതുന്ന ഡോ.മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് തള്ളിക്കളയണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എഐയുറ്റിയുസിയുടെ നേതൃത്വത്തിലുള്ള കേരള മത്സ്യസംസ്കരണ തൊഴിലാളി യൂണിയന്റെയും (കെഎംഎസ്റ്റിയു) കേരള മത്സ്യബന്ധന തൊഴിലാളി യൂണിയന്റെയും (കെഎംബിറ്റിയു) സംയുക്താഭിമുഖ്യത്തിൽ ആലപ്പുഴ എറണാകുളം ജില്ലകളിലെ വിവിധ സ്ഥലങ്ങളിൽ പ്രതിഷേധ സംഗമങ്ങൾ നടത്തുകയും റിപ്പോർട്ടിന്റെ കോപ്പി കത്തിക്കുകയും ചെയ്തു.

കേന്ദ്ര ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ജനറലായ ഡോ.ബി.മീനാകുമാരി അദ്ധ്യക്ഷയായിട്ടുള്ള കമ്മീഷന്റെ കണ്ടെത്തലുകളായി അവതരിപ്പിച്ചിരിക്കുന്ന നിർദ്ദേശങ്ങൾ മത്സ്യബന്ധനം ഉപജീവനമായി സ്വീകരിച്ചിരിക്കുന്ന ലക്ഷോപലക്ഷം തൊഴിലാളികളുടെ ജീവിതത്തെ കടുത്ത പ്രതിസന്ധിയിലാക്കുന്നതാണ്. മത്സ്യബന്ധന മേഖലയിൽ വൻ വിപ്ലവം സൃഷ്ടിക്കുവാൻ വേണ്ടി എന്നു പറഞ്ഞു കൊണ്ടു വന്നിട്ടുള്ള ഈ നിർദ്ദേശങ്ങൾ കണ്ണടപാടെ അംഗീകരിക്കുകയാണ് പ്രധാന മന്ത്രി നരേന്ദ്രമോദി ചെയ്തത്. "നീല വിപ്ലവം" നടത്തി ആഴക്കടൽ മത്സ്യസമ്പത്ത് പരമാവധി ചൂഷണം ചെയ്ത് രാജ്യത്തിന് നേട്ടമുണ്ടാക്കാൻ ഈ റിപ്പോർട്ട് സഹായകമാകുമെന്ന പ്രതീതി സൃഷ്ടിക്കാനാണ് അധികാരികൾ ശ്രമിക്കുന്നത്.

പരമ്പരാഗത രീതിക്കൊപ്പം ആധുനിക യന്ത്രവത്കൃത മത്സ്യബന്ധന രീതികളും അവലംബിച്ചുകൊണ്ട് തൊഴിൽ മേഖലയിൽ നില നിൽക്കുവാൻ പെടാപ്പാടു പെടുന്ന മത്സ്യത്തൊഴിലാളികളെ അപകടത്തിലാക്കുന്ന നിർദ്ദേശങ്ങളാണ് ഡോ.മീനാകുമാരി കമ്മീഷൻ റിപ്പോർട്ടിലുള്ളത്. നിലവിൽ 200 മീറ്ററിന് അപ്പുറമുള്ള ആഴക്കടലിൽ 30-40, 50-60 അടി വരെ നീളമുള്ള യന്ത്രവത്കൃത യാനങ്ങളിൽ തൊഴിലാളികൾ തനതു രീതിയിൽ മത്സ്യബന്ധനം നടത്തിവരികയാണ്. മത്തി, അയല, നത്തോലി, ചൂര, നെയ്മീൻ തുടങ്ങിയ മീനുകളും വിവിധയിനം ചെമ്മീനുകളും ഈ മേഖലയിൽ നിന്നും ധാരാളമായി ലഭിച്ചുകൊണ്ടിരിക്കുയാണ്. അങ്ങനെയുള്ള ഈ മേഖല ഒരു കരുതൽ മേഖലയാക്കി മാറ്റിക്കൊണ്ട് മത്സ്യബന്ധനത്തിന് നിയന്ത്രണം കൊണ്ടുവരാൻ കമ്മീഷൻ ശുപാർശ ചെയ്യുന്നു. മറുവശത്ത് ആഴക്കടൽ മത്സ്യബന്ധനം അപാര സാദ്ധ്യതകൾ ഉള്ളതാണെന്നും അതിന് ഫാക്ടറി കപ്പലുകൾ എന്ന പേരിൽ അറിയപ്പെടുന്ന 1178 കൂറ്റൻ യാനങ്ങൾക്ക് ആദ്യഘട്ടത്തിൽ ലൈസൻസ് നൽകണമെന്നും ശുപാർശ ചെയ്യുന്നു. ഇത്തരം യാനങ്ങളിൽ ഉന്നത സാങ്കേതിക വൈദഗ്ദ്ധ്യമുള്ള വിദേശ തൊഴിലാളികളെ കുറഞ്ഞത് 1.50 ലക്ഷം രൂപ പ്രതിമാസ ശമ്പളത്തിൽ നിയമിക്കണമെന്നും പറയുന്നു. ഈ യാനങ്ങൾക്ക് ട്രോളിംഗ് നിരോധനകാലത്തു പോലും യാതൊരു നിയന്ത്രണങ്ങളും റിപ്പോർട്ടിൽ പറയുന്നുമില്ല.

ആഗോള വത്ക്കരണ നയങ്ങളുടെ ഭാഗമായി പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ തൊഴിലിടങ്ങളിൽ നിന്നും പിഴുതെറിഞ്ഞ് പകരം വമ്പൻ സ്വദേശ-വിദേശ കുത്തകകൾക്ക് കടൽസമ്പത്ത് കൊള്ളയടിക്കുവാനുള്ള അവസരമൊരുക്കുകയാണ് ഈ റിപ്പോർട്ട്. പരമ്പരാഗത യന്ത്രവത്കൃത മത്സ്യത്തൊഴിലാളികളുടെ ജീവിതം മെച്ചപ്പെടുത്തുവാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളണമെന്നും തീരദേശത്ത് ആവശ്യത്തിന് മത്സ്യസംഭരണ കേന്ദ്രങ്ങൾ സ്ഥാപിച്ച് സർക്കാർ മത്സ്യം സംഭരിക്കണമെന്നും പ്രതിഷേധ സംഗമത്തിൽ തൊഴിലാളികൾ ആവശ്യപ്പെട്ടു. വിവിധ കേന്ദ്രങ്ങളിൽ മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് കത്തിച്ച് കടലിൽ ഒഴുക്കിക്കൊണ്ടു നടന്ന പ്രതിഷേധ സംഗമങ്ങളിൽ നൂറു കണക്കിന് തൊഴിലാളികളാണ് ആവേശപൂർവ്വം പങ്കു കൊണ്ടത്.

തൃക്കുന്നപ്പുഴയിൽ നടന്ന പ്രതിഷേധ സംഗമം എഐയുറ്റിയുസി സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം എസ്.സീതിലാൽ ഉദ്ഘാടനം ചെയ്തു. കെഎംഎസ്റ്റിയു ജില്ലാ കമ്മിറ്റിയംഗം മൈനാ ഗോപിനാഥ് അദ്ധ്യക്ഷത വഹിച്ചു. എസ്‌യുസിഐ(സി) ജില്ലാ കമ്മിറ്റിയംഗം എ.ശിവൻകുട്ടി, കെഎംഎസ്റ്റിയു ജില്ലാ വൈസ് പ്രസിഡന്റ് കെ.ജെ.ഷീല. ജില്ലാകമ്മിറ്റിയംഗം ഗീതാ ഭായി എന്നിവർ പ്രസംഗിച്ചു. പ്രതിഷേധ പ്രകടനത്തിനും സംഗമത്തിനും ശാന്തി, രാധ, സീന, സീത, ലളിത, ശാന്തി തൃക്കുന്നപ്പുഴ, ഷീബ, ഷാഹിദ, സന്ധ്യ എന്നിവർ നേതൃത്വം നൽകി.

പുറക്കാട് ജംഗ്ഷനിൽ നടന്ന പ്രതിഷേധ സംഗമം കെഎംഎസ്റ്റിയു ജില്ലാ പ്രസിഡന്റ് രേവമ്മാ ചന്ദ്രൻ ഉദ്ഘാടനം ചെയ്തു. ജില്ലാ കമ്മിറ്റിയംഗം വി.ഉഷാകുമാരി അദ്ധ്യക്ഷത വഹിച്ചു. എംഐയുറ്റിയുസി ജില്ലാ സെക്രട്ടറി സ.പി.ആർ.സതീശൻ, ഷാനി നൂറാണി, സുഭദ്രാ മുകുന്ദൻ, രമണി, ബിന്ദു തോട്ടപ്പള്ളി, സുമ എന്നിവർ പ്രസംഗിച്ചു. നൂറുകണക്കിന് പീലിംഗ് തൊഴിലാളികൾ പ്രകടനമായി എത്തി റിപ്പോർട്ട് കത്തിച്ചതിനു ശേഷമായിരുന്നു പ്രതിഷേധ സംഗമം. അമ്പലപ്പുഴ കച്ചേരിമുക്കിലും വൻപിച്ച പ്രകടനവും യോഗവും നടന്നു. കെഎംഎസ്റ്റിയു ജില്ലാ സെക്രട്ടറി ആർ.അർജ്ജുനൻ ഉദ്ഘാടനം ചെയ്തു. എഐയുറ്റിയുസി സംസ്ഥാന കമ്മിറ്റി അംഗം അഡ്വ.എം.എ.ബിന്ദു, യു.ശോഭന, സി.വി.പീതാംബരൻ എന്നിവർ ചേർന്ന് റിപ്പോർട്ട് കത്തിച്ചു. രാധ, ലത, പ്രീത തുടങ്ങിയവർ നേതൃത്വം നൽകി.

പുന്നപ്രയിൽ നടന്ന പ്രതിഷേധ സംഗമം വിയാനി ഇടവക വികാരി ഫാ.തമ്പി കല്ലുപുരയ്ക്കൽ ഉദ്ഘാടനം ചെയ്തു. യൂണിയൻ ജില്ലാ ജോയിന്റ് സെക്രട്ടറി കെ.പി.സുബൈദ അദ്ധ്യക്ഷത വഹിച്ചു. എഐയുറ്റിയുസി ജില്ലാ വൈസ് പ്രസിഡന്റ് കെ.ആർ.ശശി പ്രസംഗിച്ചു. നൂറുകണക്കിന് സ്ത്രീ തൊഴിലാളികൾ അണി നിരന്ന പ്രതിഷേധ പ്രകടനത്തെ തുടർന്ന് മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് കത്തിച്ചു.

എറണാകുളം ജില്ലയിൽ ചെല്ലാനത്ത് കേരള മത്സ്യബന്ധന തൊഴിലാളി യൂണിയന്റെ നേതൃത്വത്തിൽ കടലിൽ ഇറങ്ങി നിന്നുകൊണ്ട് റിപ്പോർട്ട് കത്തിച്ചാണ് പ്രതിഷേധിച്ചത്. എഐയുറ്റിയുസി സംസ്ഥാന വൈസ് പ്രസിഡന്റ് പി.എം.ദിനേശൻ ഉദ്ഘാടനം ചെയ്തു. അഡ്വ.ഗാസ്പർ കളത്തുങ്കൽ, കെ.കെ.വിക്രമൻ, കെ.കെ.തിലകൻ, ബേബി, കെ.പ്രതാപൻ എന്നിവർ പ്രസംഗിച്ചു. വർഗ്ഗീസ്കുട്ടി മുണ്ടു പറമ്പിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ റോജി ആറാട്ടുകുളം സ്വാഗതം പറഞ്ഞു. ഡോ.മീനാകുമാരി കമ്മീഷൻ നിർദ്ദേശങ്ങൾ തീരദേശ മേഖലയിൽ സൃഷ്ടിച്ച ഭീഷണിയുടേയും ആശങ്കയുടേയും പ്രതിഫലനങ്ങളായിരുന്നു പ്രതിഷേധ സംഗമങ്ങളിലുടനീളം കാണുവാൻ കഴിഞ്ഞത്. ■

# വിളപ്പിൽശാല കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ശോചനീയാവസ്ഥ പരിഹരിക്കുക

വിളപ്പിൽശാല കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ശോചനീയാവസ്ഥ പരിഹരിക്കണമെന്നാവശ്യപ്പെട്ട് ആശുപത്രി സംരക്ഷണ സമരസമിതി 2014 ഡിസംബർ 15-ന് മുഖ്യമന്ത്രിക്ക് ഭീമഹർജി സമർപ്പിച്ചു. സമിതി പ്രസിഡന്റ് സി.ജ്ഞാനദാസ്, സെക്രട്ടറി ജി.ശിവാനന്ദൻ, എസ്.ബുർഹാൻ, എൽ.ഹരിറാം, ജി.ആർ.സുഭാഷ് എന്നിവരടങ്ങിയ പ്രതിനിധി സംഘമാണ് പതിനായിരത്തി എഴുനൂറ്റിതൊണ്ണൂറ് ആളുകൾ ഒപ്പിട്ട ഭീമഹർജി സമർപ്പിച്ചത്.

ശരാശരി ഒരു ലക്ഷമാളുകളുടെ ആശ്രയകേന്ദ്രമായി നിലകൊള്ളുന്ന ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ജനറൽ മെഡിസിൻ, ജനറൽ സർജറി, ഗൈനക്കോളജി, പീഡിയാട്രിക്സ്, അനസ്തേഷ്യാ സ്പെഷ്യലിസ്റ്റുകളുൾപ്പെടെ കുറഞ്ഞത് 7 സ്ഥിരം ഡോക്ടർമാർ, 12 സ്റ്റാഫ് നഴ്സ്, വിവിധ വിഭാഗങ്ങളിൽ സ്ഥിരം ജീവനക്കാർ, 24 മണിക്കൂർ സേവനം, ലബോറട്ടറി, എക്സ്-റേ, ഇസിജി, അൾട്രാസൗണ്ട് സ്കാൻ, ഓപ്പറേഷൻ തിയേറ്റർ, പ്രസവശുശ്രൂഷ, സിസേറിയൻ, നവജാത ശിശുപരിചരണം, ജീവൻരക്ഷാ മരുന്നുകൾ, ആംബുലൻസ് തുടങ്ങിയ സൗകര്യങ്ങൾ നിർബ്ബന്ധമായും ഉണ്ടായിരിക്കണമെന്ന് സർക്കാർ ഉത്തരവ് (ജി.ഒ(എംഎസ്) 568/08) അനുശാസിക്കുന്നുണ്ട്. പക്ഷെ, ഈ അടിസ്ഥാനസൗകര്യങ്ങളുടെ അഭാവം ജനങ്ങളുടെ ജീവനുതന്നെ വലിയ ഭീഷണിയായി മാറിയ സാഹചര്യത്തിലാണ് മനുഷ്യസ്നേഹികളായ ഒരുകൂട്ടമാളുകൾ ചേർന്ന് ആശുപത്രി സംരക്ഷണ സമര സമിതിക്ക് രൂപനൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചത്.

ഭീമഹർജി സമർപ്പണത്തിനു മുന്നോടിയായി സെക്രട്ടേറിയറ്റിനുമുന്നിൽ നടന്ന ധർണ്ണ വിളപ്പിൽശാല ജനകീയ സമിതി പ്രസിഡന്റ് എസ്.ബുർഹാൻ ഉദ്ഘാടനം ചെയ്തു. ആശുപത്രി സംരക്ഷണ സമര സമിതി പ്രസിഡന്റ് സി.ജ്ഞാനദാസ് അദ്ധ്യക്ഷത വഹിച്ചു. പ്ലാച്ചിമട സമരനേതാവ് വിളയോടി വേണുഗോപാൽ, എൽ.ഹരിറാം, ജി.ശിവാനന്ദൻ, ജി.ആർ.സുഭാഷ്, എസ്.മിനി, എസ്.ശ്രീകുമാർ, സദാനന്ദൻ, എ.ഷൈജു, എസ്.ജയകുമാർ, നൂർ മുഹമ്മദ്, മുളയറ മധു തുടങ്ങിയവർ പ്രസംഗിച്ചു. ■



വിളപ്പിൽശാല ആശുപത്രി സംരക്ഷണ സമരസമിതി സെക്രട്ടേറിയറ്റിനുമുന്നിൽ നടത്തിയ ധർണ്ണ എസ്.ബുർഹാൻ ഉദ്ഘാടനം ചെയ്യുന്നു

Date of Posting 9 th & 10 th of every month at RMS, Trivandrum.
Date of publishing 01/01/2015
P.R. No. KL/TV(N)/452/2015-2017
R. N. 24773/1992

# UNITY
MALAYALAM MONTHLY

Vol 41 No.9
Price : Rs 5.00
January 2015

## ഇടതുപക്ഷ ഐക്യമുന്നണി കണ്ണൂർ ജില്ലാ കൺവൻഷൻ




**ത**ലശ്ശേരിയിൽ ഡിസംബർ 13 ന് നടന്ന ഇടതുപക്ഷ ഐക്യമുന്നണി കണ്ണൂർ ജില്ലാ കൺവൻഷൻഷനോടനുബന്ധിച്ചുള്ള പൊതുസമ്മേളനം എൽയുഎഫ് സംസ്ഥാന ചെയർമാൻ കെ.എസ്.ഹരിഹരൻ ഉദ്ഘാടനം ചെയ്തു. എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് ജി.എസ്.പത്മകുമാർ മുഖ്യപ്രഭാഷണം നടത്തി. എംസിപിഐ(യു) സംസ്ഥാന കമ്മിറ്റിയംഗം സഖാവ് പി.പി.സാജു, കെ.കെ.സുരേഷ്, പോൾ ടി.സാമുവൽ തുടങ്ങിയവർ പ്രസംഗിച്ചു. ആർഎംപി കണ്ണൂർ ജില്ലാ സെക്രട്ടറി സഖാവ് പി.പി.മോഹനൻ അദ്ധ്യക്ഷത വഹിച്ചു.

കൺവൻഷനിൽ സഖാവ് പി.പി.മോഹനൻ ചെയർമാനായും സഖാവ് പോൾ ടി.സാമുവൽ കൺവീനറുമായി എൽയുഎഫ് ജില്ലാ ഘടകം രൂപീകരിച്ചു. ■

## മോദി ഇന്ത്യയെ തൊഴിലവകാശങ്ങളുടെ ശവപ്പറമ്പാക്കുന്നു - എ.ഐ.യു.റ്റി.യു.സി

**2015** ജനുവരി 1, കൊച്ചി, തൊഴിലെടുത്ത് ജീവിക്കുന്നവരെ ഉൽപാദനവർദ്ധനവിന്റ പേരിൽ നാനാവിധത്തിൽ വേട്ടയാടുകയും പിഴിഞ്ഞൂറ്റുകയും ചെയ്യുന്ന നയമാണ് മോദി സർക്കാർ നടപ്പാക്കുന്നതെന്ന് ആൾ ഇന്ത്യ യുണൈറ്റഡ് ട്രേഡ് യൂണിയൻ സെന്റർ (എഐയുറ്റിയുസി) സംസ്ഥാന പ്രസിഡണ്ട് സി.കെ.ലൂക്കോസ്, സെക്രട്ടി വി.കെ.സദാനന്ദൻ എന്നിവർ പ്രസ്താവിച്ചു.

രാജ്യത്തെ സുപ്രധാന തൊഴിൽനിയമങ്ങൾ പൊളിച്ചെഴുതുന്നതിനെതിരെ മുഴുവൻ ട്രേഡ് യൂണിയനുകളും ഒന്നിച്ചുകൊണ്ട് രാജ്യവാപകമായ പ്രക്ഷോഭണം നടത്തിക്കൊണ്ടിരിക്കുന്ന അവസരത്തിൽതന്നെയാണ് തൊഴിൽരംഗത്ത് വൻദുരന്തം സൃഷ്ടിക്കുന്ന "ചെറുകിട വ്യവസായ (തൊഴിൽനിയന്ത്രണങ്ങളും സേവനവ്യവസ്ഥകളും) ബിൽ" കൊണ്ടുവരുന്നത്. മൂലധനശക്തികളുടെ സേവനാർത്ഥം തൊഴിലാളികൾക്കെതിരെ ഏതറ്റംവരെ പോകാനും മോദി തയ്യാറാണെന്നാണ് ഇത് കാണിക്കുന്നത്. ഈ ബിൽ നിയമമാകുന്നതോടെ രാജ്യത്തുള്ള 1,75,710 ഫാക്ടറികളിൽ 71.31 ശതമാനവും നിലവിലുള്ള 14 പ്രധാന തൊഴിൽനിയമങ്ങളിൽനിന്നും പുറത്താകും. ഫാക്ടറീസ് ആക്ട്, ഐ.ഡി.ആക്ട്, മിനിമം വേജസ് ആക്ട്, ബോണസ് ആക്ട്, പി.എഫ്.ആക്ട്, ഇ.എസ്.ഐ ആക്ട് തുടങ്ങിയ നിയമങ്ങൾ ബാധകമാവാത്ത സ്ഥാപനങ്ങളിൽ ജോലി ചെയ്യേണ്ടിവരുന്ന തൊഴിലാളികൾ ഇരുണ്ട മദ്ധ്യകാല അവസ്ഥയ്ക്ക് തുല്യരാകും. ഒരു മാസത്തെ വേതനം നൽകി പിരിച്ചുവിടാൻ തൊഴിലുടമയ്ക്ക് അധികാരം നൽകുന്നതോടെ തൊഴിൽസ്ഥിരത പൂർണ്ണമായും അപ്രത്യക്ഷവുമാകും - അവർ ചൂണ്ടിക്കാട്ടി.

അഖിലേന്ത്യാതലത്തിൽ നടന്നുവരുന്ന സംയുക്ത ട്രേഡ് യൂണിയൻ പ്രക്ഷോഭണം കൂടുതൽ ശക്തമാക്കുകയും, ഇന്ത്യൻ തൊഴിലാളിവർഗ്ഗത്തെ കടുത്ത സമരങ്ങൾക്ക് വേണ്ടി തയ്യാറാക്കുകയുമാണ് അടിയന്തിര കടമയെന്നും അവർ പ്രസ്താവനയിൽ പറഞ്ഞു. ■

## എഐഡിഎസ്ഒ സംസ്ഥാന പഠനക്യാമ്പ്




ക്യാമ്പ് ഉദ്ഘാടന സമ്മേളനത്തിൽ എഐഡിഎസ്ഒ അഖിലേന്ത്യാ ജനറൽ സെക്രട്ടറി സഖാവ് അശോക് മിശ്ര പ്രസംഗിക്കുന്നു. വേദിയിൽ: സഖാക്കൾ സി.കെ.ലൂക്കോസ്, വി.വേണുഗോപാൽ, ഇ.എൻ.ശാന്തിരാജ്, ബിനുബേബി എന്നിവർ

**എ**ഐഡിഎസ്ഒ സംസ്ഥാന പഠന ക്യാമ്പ് ആലപ്പുഴ പറവൂർ സെന്റ് ജോസഫ് സ്കൂളിൽ ഡിസംബർ 26,27,28 തീയതികളിൽ സംഘടിപ്പിക്കപ്പെട്ടു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കേന്ദ്രകമ്മിറ്റിയംഗവും സംസ്ഥാന സെക്രട്ടറിയുമായ സഖാവ് സി.കെ.ലൂക്കോസ് ഉദ്ഘാടനം ചെയ്തു. ഫാസിസത്തിന്റെ വിപത്ത് സമകാലീന സമൂഹത്തെ വരിഞ്ഞുമുറുക്കുമ്പോൾ, സമൂഹത്തെ രക്ഷിക്കാൻ, സഖാവ് ശിബ്ദാസ്ഘോഷ് ചിന്തകളുടെ പാഠങ്ങളുടെ അടിസ്ഥാനത്തിൽ സംസ്കാരത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും രംഗത്ത് നാം പടുത്തുയർത്തുന്ന ഉജ്ജ്വലമായ പ്രതിരോധ പ്രസ്ഥാനത്തിനുമാത്രമേ കഴിയൂ എന്ന് അദ്ദേഹം പറഞ്ഞു.

എഐഡിഎസ്ഒ അഖിലേന്ത്യാ ജനറൽ സെക്രട്ടറി സഖാവ് അശോക്മിശ്ര, എസ്‌യുസിഐ (സി) സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് വി.വേണുഗോപാൽ എന്നിവരും ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുത്തു. എഐഡിഎസ്ഒ സംസ്ഥാന പ്രസിഡന്റ് ഇ.എൻ.ശാന്തിരാജ് അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറി ബിനുബേബി സ്വാഗതവും സെക്രട്ടേറിയറ്റംഗം കെ.പി.സാൽവിൻ കൃതജ്ഞതയും പറഞ്ഞു.

വിദ്യാഭ്യാസ സാംസ്കാരിക പ്രശ്നങ്ങളോട് ഒരു ശാസ്ത്രീയ സമീപനം, മഹാനായ തൊഴിലാളിവർഗ്ഗ നേതാവ് സഖാവ് ശിബ്ദാസ്ഘോഷ് എന്നീ പുസ്തകങ്ങൾ അവതരിപ്പിച്ച് ഗ്രൂപ്പ് ചർച്ചകൾ നടന്നു. ഈ ചർച്ചകളെ ക്രോഡീകരിച്ചുകൊണ്ട് എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് ജി.എസ്.പത്മകുമാർ ക്ലാസ്സെടുത്തു.

ഉറൂബിന്റെ ഉമ്മാച്ചു എന്ന പുസ്തകത്തെ അധികരിച്ചു നടന്ന സെഷനിൽ എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് ജെയ്സൺ ജോസഫ് ക്ലാസ്സെടുത്തു.

എഐഡിഎസ്ഒ രൂപീകരിക്കപ്പെട്ടതിന്റെ അറുപതാം വാർഷികാചരണം ക്യാമ്പിനോടനുബന്ധിച്ച് നടന്നു. പറവൂർ ജംഗ്ഷനിൽ കൊടിയുയർത്തുകയും അവിടെ സജ്ജീകരിച്ച രക്തസാക്ഷി മണ്ഡപത്തിൽ പുഷ്പാർച്ചന നടത്തുകയും ചെയ്തു. തുടർന്നു നടന്ന പൊതുസമ്മേളനത്തിൽ എഐഡിഎസ്ഒ അഖിലേന്ത്യാ സെക്രട്ടറി സഖാവ് അശോക് മിശ്ര മുഖ്യപ്രഭാഷണം നടത്തി.

സംഘടനാവിഷയങ്ങളെ അധികരിച്ചു നടന്ന ചർച്ചകളിൽ സഖാക്കൾ സജീവമായി പങ്കെടുത്തു. സഖാവ് വി.വേണുഗോപാൽ സഖാക്കളുടെ ചോദ്യങ്ങൾക്കും സംശയങ്ങൾക്കുമുള്ള മറുപടി നൽകി.

വിദ്യാഭ്യസമേഖല നേരിടുന്ന പ്രശ്നങ്ങ അധികരിച്ചു നടന്ന ചർച്ചകളെ ക്രോഡീകരിച്ച് സേവ് എജ്യൂക്കേഷൻ കമ്മിറ്റി സംസ്ഥാന കൺവീനർ എം.ഷാജർഖാൻ പ്രസംഗിച്ചു.

എഐഡിഎസ്ഒയുടെ മേൽ സമർപ്പിതമായിരിക്കുന്ന ഉത്തരവാദിത്വങ്ങളെക്കുറിച്ചും അറുപതുവർഷത്തെ പ്രവർത്തനം വഴി സംഘടന നേടിയെടുത്തിയിരിക്കുന്ന സ്ഥാനത്തെക്കുറിച്ചും അഖിലേന്ത്യാ സെക്രട്ടറി സഖാവ് അശോക്മിശ്ര സമാപന സമ്മേളനത്തിൽ സഖാക്കളെ ഓർമ്മിപ്പിച്ചു. അഖിലേന്ത്യാതലത്തിൽ രൂപപ്പെട്ടിരിക്കുന്ന വിദ്യാഭ്യാസ സംരക്ഷണപ്രസ്ഥാനത്തിൽ രാജ്യത്തെ ആയിരക്കണക്കിനായ വിദ്യാഭ്യാസവിചക്ഷണരും വിദ്യാഭ്യാസസ്നേഹികളും അണിനിരന്നുകൊണ്ടിരിക്കുകയാണെന്നും ആ പ്രസ്ഥാനത്തെ വളർത്തിയെടുക്കാൻ സംസ്ഥാനത്തും എഐഡിഎസ്ഒ തനതായ മുൻകൈ എടുക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. സഖാവ് ശിബ്ദാസ്ഘോഷിന്റെ പാഠങ്ങളിൽനിന്നും ഒരു ഉദ്ധരിണി അവതരിപ്പിച്ചുകൊണ്ട് ആവേശകരമായ തന്റെ പ്രസംഗം അദ്ദേഹം അവസാനിപ്പിച്ചു.

എഐഡിഎസ്ഒയുടെ മുൻ സംസ്ഥാന സെക്രട്ടറിയും എസ്‌യുസിഐ(സി) സംസ്ഥാന കമ്മിറ്റിയംഗവുമായ സഖാവ് ജ്യോതികൃഷ്ണൻ സമാപനസന്ദേശം നൽകി. ക്യാമ്പിന്റെ വിവിധ സെഷനുകൾക്ക് എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടേറിയറ്റംഗങ്ങളായ കെ.ബിമൽജി, എസ്.ശ്രീകുമാർ, പി.കെ.പ്രഭാഷ്, വി.ഡി.സന്തോഷ്, എ.റജീന എന്നിവരും സംസ്ഥാന കമ്മിറ്റിയംഗങ്ങളായ എ.ഷൈജു, ആർ.മാളു, എം.കെ.ഷഹസാദ്, അലീന എസ്, രശ്മി രവി, അപർണ്ണ ആർ, റഹീം, അകിൽ മുരളി തുടങ്ങിയവരും നേതൃത്വം നൽകി.

ഹെലൻകെല്ലറെയും അവരുടെ അദ്ധ്യാപികയെയും കുറിച്ചുള്ള 'ദി മിറക്കിൾ വർക്കർ' എന്ന സിനിമയും ക്യാമ്പിൽ പ്രദർശിപ്പിച്ചു. ക്യാമ്പിനോടനുബന്ധിച്ച് എല്ലാ ദിവസവും വ്യായാമവും ഗെയിംസും കലാപരിപാടികളും നടന്നിരുന്നു. ■

## ഇടതുപക്ഷ ഐക്യമുന്നണിയുടെ ആലപ്പുഴ കളക്ട്രേറ്റ് മാർച്ചും ധർണ്ണയും



കളക്ട്രേറ്റ് മാർച്ച് എസ്‌യുസിഐ(സി) സംസ്ഥാന കമ്മിറ്റിയംഗം സഖാവ് എസ്.സീതിലാൽ ഉദ്ഘാടനം ചെയ്യുന്നു

**ഔ**ഷധ വിലനിയന്ത്രണം പുനഃസ്ഥാപിക്കുക, എല്ലാ അവശ്യമരുന്നുകൾക്കും വിലനിയന്ത്രണം ഏർപ്പെടുത്തുക, ഉൽപ്പാദനചിലവിന്റെ അടിസ്ഥാനത്തിൽ വില നിശ്ചയിക്കുക, പൊതുജനാരോഗ്യരംഗം ശക്തിപ്പെടുത്തുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ഇടതുപക്ഷ ഐക്യമുന്നണി ആലപ്പുഴ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഡിസംബർ 17 ന് കളക്ട്രേറ്റ് മാർച്ചും ധർണ്ണയും നടത്തി.

ഔഷധ രംഗത്തെ കുത്തകകളുടെ താൽപ്പര്യാർത്ഥം നിലവിലുള്ള വിലനിയന്ത്രണം കൂടി നീക്കുകയും മരുന്നുകൾക്ക് അതി ഭീമമായ വിലക്കയറ്റം സൃഷ്ടിച്ച് നിർദ്ധനരോഗികളെ മരണത്തിന് എറിഞ്ഞുകൊടുക്കുകയും ചെയ്യുന്ന നരേന്ദ്രമോദി സർക്കാരിന്റെ ജനദ്രോഹ നടപടിക്കെതിരെ സമരപാതയിൽ ഒന്നിക്കുവാൻ കളക്ട്രേറ്റ് മാർച്ച് ഉദ്ഘാടനം ചെയ്ത എസ്‌യുസിഐ(സി) സംസ്ഥാന കമ്മിറ്റിയംഗം എസ്.സീതിലാൽ ജനങ്ങളോട് അഭ്യർത്ഥിച്ചു. ഇടതുപക്ഷ ഐക്യമുന്നണി ജില്ലാ ചെയർമാനും എംസിപിഐ(യു) സംസ്ഥാന കമ്മിറ്റിയംഗവുമായ സഖാവ് ഇ.റ്റി.ശശി അദ്ധ്യക്ഷത വഹിച്ചു. എംസിപിഐ(യു) സംസ്ഥാന കമ്മിറ്റിയംഗം സ.എസ്.യശോദാദേവി, എസ്‌യുസിഐ(സി) ജില്ലാ കമ്മിറ്റി അംഗങ്ങളായ സഖാക്കൾ കെ.പി.മനോഹരൻ, എം.എ. ബിന്ദു, എഐയുറ്റിയുസി ജില്ലാ സെക്രട്ടറി സ.പി.ആർ.സതീശൻ, എഐഎംഎസ്എസ് ജില്ലാ സെക്രട്ടറി കെ.ജെ.ഷീല എന്നിവരും പ്രസംഗിച്ചു.

ജനറൽ ആശുപത്രിക്കുമുമ്പിൽ വിശദീകരണയോഗം നടത്തിയ ശേഷമാണ് കളക്ട്രേറ്റ് മാർച്ച് ആരംഭിച്ചത്. സഖാക്കൾ എൻ.കെ.ശശികുമാർ, റ്റി.കോശി, എ.ആർ.ഓമനക്കുട്ടൻ, എൻ.ആർ അജയകുമാർ, പി.കെ.ശശി എന്നിവർ നേതൃത്വം നൽകി. ■

Edited, Printed & Published by C. K. Lukose, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C).
Printed at Cochin Printech Pvt Ltd, Kochi.